# അവബോധത്തിലേയ്ക്ക്

ഭാഗം ഒന്ന്

## ചിന്താപഥം

സക്കറിയാസ് നെടുങ്കനാൽ

സ്കൈ
ബുക് പബ്ലിഷേഴ്സ്

# സക്കറിയാസ് നെടുങ്കനാൽ

പ്രകൃതിസൗന്ദര്യത്തിൽ കുളിച്ചുനിൽക്കുന്ന വാഗമൺ മലകളുടെ അടിവാരത്ത് ജനനം. നാട്ടുഭാഷകളുടെയും കണക്കിന്റെയും അടിസ്ഥാന അറിവുകൾക്കപ്പുറത്ത് ഒന്നുംതന്നെ പത്തിരുപതു കൊല്ലത്തെ സ്കൂൾ, കോളെജ് വിദ്യാഭ്യാസംകൊണ്ട് കിട്ടിയതായി തോന്നിയിട്ടില്ല. ബാക്കിയുള്ളതൊക്കെ ലോകം കണ്ടും പണിയെടുത്തും കറങ്ങിനടന്നപ്പോൾ കൈവന്നവ. അതിലേറ്റവും വിലപ്പെട്ടതായി കരുതുന്നത്, മതവിശ്വാസങ്ങളുൾപ്പെടെയുള്ള സ്വയം വിവേചിച്ചറിയാത്ത പുറന്തോടുകളെ ഉരിഞ്ഞുകളയാനുള്ള ധൈര്യമാണ്. ഇത്തരം ആചാരങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് വിടുതൽ നേടിയതിനുശേഷം മാത്രമാണ് ഭയപ്പെടാതെ ചിന്തിക്കാനും പെരുമാറാനുമുള്ള പക്വത കൈവന്നത്. നമുക്കു ചുറ്റുമുള്ളവയെ അംഗീകരിക്കാനും ആസ്വദിക്കാനുമാവുക ഈ പക്വതയുടെ ഭാഗമാണെന്നും ജീവിക്കുകയെന്ന കല അതിലടങ്ങിയിരിക്കുന്നുവെന്നും പഠിച്ചുകൊണ്ടിരിക്കുന്നു.

അടിവാരത്തിനടുത്തുള്ള പെരിങ്ങുളത്ത് താമസം. ഏറ്റവും ഇഷ്ടമുള്ള മണ്ണിൽപ്പണി കഴിഞ്ഞുള്ള സമയത്ത് വായനയുമെഴുത്തും അല്പം സംഗീതവും.

ഭാര്യ: റ്റെസ്സ് മനയത്ത്; മക്കൾ: ഗീത്, സൂര്യോ.

വിലാസം: പെരിങ്ങുളം പോസ്റ്റ് - 686582, കോട്ടയം ജില്ല.

tel. 9961544169 / 04822271922
e-mail: znperingulam@gmail.com
web: www.znperingulam.blogspot.com

# സമർപ്പണം

അന്യനുവേണ്ടി സ്വന്തം ജീവൻ
ത്യജിക്കുന്നതിലും വലിയ സ്നേഹമില്ല.
അത്രയും വലിയ സ്നേഹത്തിനു
മാതൃകയായിത്തീർന്നിരിക്കുന്ന

**ഇറോം ഷർമിളയ്ക്ക് !**

(Malayalam)
**Avabodhathilekku**
(Philosophy of Life)
Author: **Zacharias Nedunkanal**

Published by the author through
**SKY BOOK PUBLISHERS**
Mavelikara - 690 101,
Alappuzha Dist, Kerala, India.
Tel : 0479 - 3291414, 2307424S

First impression : November 2011

Printed at : Print House, Pala
Cover Design : Thomas Sebastian Anithottathil
Distribution: SKY BOOK PUBLISHERS

Price: ₹ 100/-

ISBN: 978-81-903895-3-2

# മുന്നുര

ഉള്ളടക്കം ഒരു പുസ്തകത്തിൽ ഒതുക്കാമെന്ന വിചാരം ചില സാങ്കേതിക കാരണങ്ങളാൽ തിരുത്തേണ്ടിവന്നു. അതുകൊണ്ട്, **അവബോധത്തിലേയ്ക്ക്** എന്ന കൃതി **ചിന്താപഥം, ഭാവ്യതാപഥം** എന്നീ ഉപശീർഷകങ്ങളോടെ ഒന്നും രണ്ടും ഭാഗങ്ങളായി പ്രസിദ്ധീ കരിക്കുകയാണ്. ആദ്യത്തേത്, ചിന്താപഥം, അധികം വിശദീകരണം ആവശ്യപ്പെടുന്നില്ല. ജീവിതത്തെ സമ്പുഷ്ടവും സന്തുഷ്ടവുമാക്കി ത്തീർക്കാൻ ഏവരും സ്വാഭാവികമായി ആഗ്രഹിക്കുകയും അതിനായി ചിന്താശക്തിയെ കഴിവതും ഉപയോഗിക്കുകയും ചെയ്യുമല്ലോ. ഇവിടെയുള്ള വിചിന്തനങ്ങൾ ചിന്താലോകത്തിലേയ്ക്കുള്ള ചില എത്തിനോട്ടങ്ങളാണ്. ചിന്താലോകത്തിന്റെ ഉപാധി സത്യ(truth) മായതിനാൽ, പ്രത്യക്ഷമല്ലെങ്കിൽക്കൂടി, ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള സത്യാന്വേഷണമാണ് ഇവിടെ നടത്തിയിരിക്കുന്നതെന്ന് പറയാം.

ഭാവ്യതാപഥം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്പം വിവരിച്ചു പറയേണ്ടിയിരിക്കുന്നു. ആയിത്തീരാനുള്ള സാദ്ധ്യതയാണ് ഭാവ്യത. തന്റെ ഇരുപത്തെട്ടാമത്തെ വയസ്സിൽ എം.പി.പോൾ എന്ന മലയാള ത്തിന്റെ പ്രഗത്ഭപുത്രൻ പ്രപഞ്ചം, നിയതി, സത്ത എന്നീ വിഷയങ്ങളെ ക്കുറിച്ചുള്ള അതിഗഹനമായ കണ്ടെത്തലുകൾ അതിസരളമായി കുറിച്ചിട്ടതോടൊപ്പം ഇങ്ങനെയുമുണ്ടായിരുന്നു: ഒരു വസ്തുവിന്റെ സത്തയേക്കാൾ മൗലികവും നിത്യവുമായ ഒരു തത്ത്വമാണ് അതിന്റെ ഭാവ്യത. കാരണം, എന്തെങ്കിലും ഉണ്ടാകുന്നതിന് മുമ്പ് അതുണ്ടാവാൻ പാടുള്ളതായിരിക്കണം. സംഭാവ്യമായതേ ഭവമാകൂ. പക്ഷേ, ഭാവ്യമായ തെല്ലാം ഭവിക്കണമെന്നില്ല. അവബോധം സംഭാവ്യമാണെന്നതിനുള്ള

ഉദാഹരണങ്ങൾ ബുദ്ധൻ, യേശു, രമണമഹർഷി, നാരായണഗുരു തുടങ്ങിയവരുടെയും അത്രയൊന്നും അറിയപ്പെടാത്ത മറ്റ് പലരുടെയും ജീവിതമാതൃകകളിലൂടെ നമുക്കു മുന്നിലുണ്ട്. അവരുടേതിനു സമാനമായ ഔന്നത്യമൊന്നും മോഹിക്കാതെതന്നെ അവബോധത്തിന്റെ പ്രകാശകിരണങ്ങൾ ഏറ്റുവാങ്ങാനാവുന്ന സൗഭാഗ്യത്തിലേയ്ക്കുള്ള ചില ചൂണ്ടുപലകകൾ ഈ കൃതിയുടെ ഭാവ്യതാപഥത്തിൽ കാണാനാവുമെന്നു താല്പര്യപ്പെടുകയാണ്. ജീവിതസൗന്ദര്യം വികസ്വരമാവുകയെന്നാൽ, വിചാരമണ്ഡലത്തിൽ കണ്ടെത്തുന്ന സത്യത്തിലൂടെ കടന്നുചെന്ന് വാസ്തവികമണ്ഡലത്തിൽ അവബോധമെന്ന സത്തയിലേയ്ക്ക് നാം പ്രവേശിക്കുകയെന്നാണ്. അത് സംഭവിക്കുന്നില്ലെങ്കിൽ, എത്ര വിപുലമായ സത്യാന്വേഷണവും, ജീവിതം തന്നെയും, നിഷ്ഫലമായിരിക്കും.

സക്കറിയാസ് നെടുങ്കനാൽ
പെരിങ്ങുളം (via പൂഞ്ഞാർ)
കോട്ടയം ജില്ല - 686582

Tel. 9961544169 / 04822 271922
e-mail: znperingulam@gmail.com

# പകരക്കുറിപ്പ്

ഗ്രന്ഥലോകത്തോ അല്ലാതെയോ പ്രശസ്തി നേടിയ ഒരാളുടെ അവതാരികയുണ്ടെങ്കിൽ പുസ്തകം വിറ്റഴിയാൻ സാദ്ധ്യതയേറും എന്നൊരു ധാരണയുണ്ട്. ഗ്രന്ഥകർത്താവിന്റെ കഴിവിനെ ഉള്ളതിലും അല്പംകൂടി പൊലിപ്പിച്ചും, കൃതിയുടെയുള്ളടക്കത്തെ വ്യാജം ചേർത്ത് പുകഴ്ത്തിയും, വിപണിയെ സഹായിക്കാൻ മടിക്കാത്ത അവതാരകർ ഉണ്ടെന്നതും സത്യമാണ്. അവതാരിക വായിച്ചതുകൊണ്ട് വാങ്ങിപ്പോയ പല പുസ്തകങ്ങളും നിരാശതക്ക് കാരണമായിത്തീർന്നയനുഭവം ചിലർക്കെങ്കിലും ഉണ്ടായിട്ടുണ്ടാവണം. ഈ പുസ്തകത്തിന്റെ കാര്യത്തിൽ അങ്ങനെ സംഭവിക്കരുതെന്നുള്ള ആഗ്രഹത്താൽ, ആരോടെങ്കിലും എഴുതിവാങ്ങിയ ഒരവതാരിക ഒഴിവാക്കുകയാണ്. പകരം, വായനക്ക് ഒരുത്തേജനമായി ഈ കുറിപ്പ് ചേർക്കുന്നു.*

ദൈവത്തെ ഒന്ന് ഇന്റർവ്യൂ ചെയ്യാനായിരുന്നെങ്കിൽ എന്നോർത്തു കിടന്ന് മയങ്ങുമ്പോഴാണ് ആ സ്വരം കേട്ടത്: "കടന്നുവരൂ, നമ്മോടൊരഭിമുഖത്തിനുള്ള താത്പര്യം തോന്നുന്നുണ്ടല്ലേ?"

കർത്താവേ, അപ്പുറത്ത് സാക്ഷാൽ ദൈവംതമ്പുരാൻ!

"അങ്ങേയ്ക്ക് സമയമുണ്ടെങ്കിൽ", ഞാനൊന്ന് പരുങ്ങി.

"അനന്തതയാണ് നമ്മുടെ സമയം. അതെല്ലാറ്റിനും തികയും." ഒരു നറുപുഞ്ചിരിയോടെ ദൈവം പറഞ്ഞു. "നിനക്കെന്താണ് നമ്മോട് ചോദിക്കാനുള്ളത്?"

"ഞങ്ങൾ മനുഷ്യരെപ്പറ്റി അങ്ങേയ്ക്കെന്തൊക്കെയാണ് തീർത്തും പുകിലായി തോന്നുന്നത്?", അവസരത്തിനൊത്തുയർന്ന്, ഞാനെന്റെ ആദ്യ ചോദ്യം തൊടുത്തുവിട്ടു.

ദൈവം മൊഴിഞ്ഞു: "അതേ, മക്കളേ, കുഞ്ഞുങ്ങളായിരിക്കുമ്പോൾ, വിരസതകൊണ്ട് നിങ്ങൾ വളരാൻ തിടുക്കം കൂട്ടും. എന്നാൽ, വളർന്നു കഴിഞ്ഞോ, വീണ്ടും കുഞ്ഞുങ്ങളെപ്പോലെയാകാൻ കൊതിക്കും. പണമുണ്ടാക്കാൻ ആരോഗ്യം പണയപ്പെടുത്തും; എന്നിട്ട്, കളഞ്ഞുകുളിച്ച ആരോഗ്യം വീണ്ടെടുക്കാനായി ഉണ്ടാക്കിയ പണമെല്ലാം ചെലവാക്കും.

ഭാവിയെപ്പറ്റി ആകാംക്ഷയോടെ ചിന്തിച്ചിരുന്ന് ജീവിതത്തിൽ അതു മിതുമില്ലാത്തവരായി അവസാനിക്കും. ഒരിക്കലും മരിക്കില്ലെന്നപോലെ കഴിഞ്ഞുകൂടിയിട്ട്, ഒട്ടും ജീവിച്ചില്ലല്ലോയെന്ന ദുഃഖത്തോടെ മരിക്കും."

ഒരിടവേളക്ക് ശേഷം പതുക്കെ, എന്റെ രണ്ടാം ചോദ്യം: "പിതാവെന്ന നിലയ്ക്ക്, എന്തൊക്കെ പാഠങ്ങളാണ് അങ്ങ് ഞങ്ങൾക്ക് തരാനാഗ്രഹി ക്കുന്നത്?"

എങ്ങും വ്യാപിക്കുന്ന അതിവാത്സല്യത്തോടെ ദൈവം പറഞ്ഞു തുടങ്ങി:

"സ്നേഹിക്കാൻ പഠിക്കൂ. നിങ്ങളിൽനിന്നു പുറത്തേയ്ക്കൊഴുകുന്ന ഒരു പ്രകാശധാരയായിരിക്കട്ടെ അത്. മറ്റൊരാളെപ്പറ്റി എല്ലാമറിഞ്ഞിട്ടും അയാളെ ഇഷ്ടപ്പെടുന്നതാണ് യഥാർത്ഥ സ്നേഹം. ഇങ്ങോട്ട് സ്നേഹം വാങ്ങാൻ ആർക്കുമാവില്ല. സ്നേഹിക്കപ്പെടാനനുവദിക്കുക മാത്രമേ സാദ്ധ്യമാകൂ. നിങ്ങൾക്കെന്തുണ്ട് എന്നതല്ല, നിങ്ങളെന്തായിരിക്കുന്നു എന്നതാണ് പരമപ്രധാനം. താരതമ്യവും അനുകരണവും ഒരിക്കലും ഗുണം ചെയ്യില്ല; ജീവിതാന്ത്യത്തിൽ നാം ചോദ്യം ചെയ്യുക വ്യക്തിയെ യാണ്, കൂട്ടത്തെയല്ല. ഏറ്റവും കൂടുതൽ സമ്പാദിച്ചവനല്ല, ഏറ്റവും കുറച്ചാവശ്യമുള്ളവനാണ് സന്തുഷ്ടൻ. അന്യരിൽ ഒരു മുറിവു ണ്ടാക്കാൻ ഒരു നിമിഷം മതി; അത് കരിയാനോ, വർഷങ്ങൾ വേണ്ടി വരും. ഒരേ വസ്തുവിനെ ഒരിക്കലും രണ്ടുപേർ ഒരേതരത്തിൽ കാണുന്നില്ല. അതുകൊണ്ട്, വിട്ടുവീഴ്ചകൾ വളരെ വേണ്ടിവരും. അന്യർ നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുന്നു എന്നതുപോലെ പ്രധാനമാണ്, അവനവനോട് സ്വന്തം തെറ്റുകൾ ക്ഷമിക്കാനാവുകയെന്നതും."

ശ്രദ്ധിച്ചുകേട്ടിരുന്ന എന്നെ വാരിപ്പൊതിയുന്ന ശാന്തിയിൽ, എത്ര നേരമെന്നറിയാതെ ഞാൻ കണ്ണടച്ചിരിക്കുകയായിരുന്നു.

ആ നേരമെല്ലാം, *ഇരുപത്തിനാല് മണിക്കൂറും ഞാനിവിടെയുണ്ട്; എന്നെ ഒന്ന് വിളിക്കുക മാത്രമേ നീ ചെയ്യേണ്ടതുള്ളൂ* എന്ന കരുണാ മയമായ സ്വരം അവിടെ മാറ്റൊലിക്കൊണ്ടിരുന്നു.

**ആ സ്വരം വീണ്ടും വീണ്ടും പിടിച്ചെടുക്കാനുള്ള ഒരെളിയ യത്നമാണ് ഈ പുസ്തകം.**

സക്കറിയാസ് നെടുങ്കനാൽ

---

*Aruna Kapur of Kolkata കുഷ്വന്ത് സിംഗിന് അയച്ചുകൊടുത്ത ഒരു കുറിപ്പിന്റെ (High on Waves) സ്വതന്ത്രാവിഷ്ക്കാരം.

Gods and Godmen of India, Kushwant Singh, Harper Collins, New Delhi.

# ഉള്ളടക്കം

## ഭാഗം ഒന്ന് - ചിന്താപഥം


| | | |
|---|---|---|
| 1. | അറിഞ്ഞതിൽനിന്നുള്ള മോചനം | 11 |
| 2. | ബുദ്ധന്റെ ചിരി | 20 |
| 3. | ആത്മാവുള്ളവരുടെ രഹസ്യങ്ങൾ | 24 |
| 4. | മനുഷ്യചേതനയും ആകാശവും | 32 |
| 5. | അഹന്തയുടെ അഭാവമാണ് ആത്മീയത | 37 |
| 6. | സന്തോഷത്തിന്റെ പാഠഭേദങ്ങൾ | 43 |
| 7. | സ്നേഹത്തിന്റെ അദ്വൈതം | 47 |
| 8. | ദാമ്പത്യസുഗന്ധം | 55 |
| 9. | ആകാശഗോളങ്ങൾ പഠിപ്പിക്കുന്നത് | 61 |
| 10. | ആത്മപ്രകാശത്തിന്റെ നിമിഷം | 64 |
| 11. | അനന്തതയുടെ ചുരുളുകൾ | 67 |
| 12. | ലയം | 75 |
| 13. | അവബോധത്തിലേയ്ക്ക് | 78 |
| 14. | അറിവിന്റെ അടരുകൾ | 83 |
| 15. | $E = mc^2$ ജീവിതത്തിൽ | 91 |
| 16. | കാഴ്ച്ചയുടെ പൊരുൾ | 100 |
| 17. | വിശ്വാസത്തിന്റെ സ്രോതസ്സുകൾ | 106 |
| 18. | മായയുടെ പ്രതിഭാസങ്ങൾ | 114 |
| 19. | അറിയുമോ, ഈ യേശുവിനെ? | 119 |
| 20. | ത്രിത്വസങ്കല്പം യുക്തിയിലൂടെ | 137 |
| 21. | സ്വപ്നവും നിർവചനവും | 140 |
| 22. | വിപസനയുടെ പാഠങ്ങൾ | 144 |
| 23. | നിർവാണവും നിർവൃതിയും | 153 |
| 24. | കലയും വിലയും | 157 |
| 25. | അനുബന്ധം | 161 |

## ഭാഗം ഒന്ന്

# ചിന്താപഥം

# 1

# അറിഞ്ഞതിൽനിന്നുള്ള മോചനം

ഇലക്ട്രോണുകൾ പ്രകാശവുമായി എപ്രകാരം പ്രതിപ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച സിദ്ധാന്തമായ Quantum Electrodynamics വികസിപ്പിച്ചെടുത്തതിനു നൊബേൽസമ്മാനം ലഭിച്ച റിച്ചാർഡ് ഫെയ്ൻമൻ (Richard P. Feynman) ഒരിക്കൽ പറഞ്ഞു: "ഒരു ശരാശരി വ്യക്തിയോട് എനിക്കിത് വിശദീകരിക്കാൻ കഴിഞ്ഞാൽ, നൊബേൽ സമ്മാനത്തിനുള്ള അർഹതയെനിക്കില്ല." മനസ്സിലാക്കാനായാൽ തന്നെ, സാധാരണക്കാരാരും അംഗീകരിക്കുമെന്നു കരുതാനാവാത്തവയാണ് സുഖദുഃഖങ്ങളെപ്പറ്റിയും അറിവിനെയും സ്നേഹത്തെയും പറ്റിയുമൊക്കെ ജിദ്ദു കൃഷ്ണമൂർത്തി അവതരിപ്പിച്ച ആശയങ്ങൾ. അത്രയേറെ അസാധാരണങ്ങളാണവ. മധുരം ഗായതിയിലെ ഒരു കഥാപാത്രത്തെക്കൊണ്ട് ഒ.വി.വിജയൻ പറയിപ്പിക്കുന്നുണ്ട്, എല്ലാ അറിവും ഭാരമാണ്, അതേസമയം മോചനവും എന്ന്. നന്ദിനി പറഞ്ഞു: "അറിവിലേയ്ക്കുള്ള പ്രവേശം സുഗമമല്ല; മകളേ, ധ്യാനിക്കൂ." നേരേമറിച്ചാണ് ജെ. കൃഷ്ണമൂർത്തി തറപ്പിച്ചുപറയുന്നത്: അറിഞ്ഞതിൽനിന്ന് വിടുതൽ നേടുകയാണ് സ്വതന്ത്രവും ആനന്ദകരവുമായ ജീവിതത്തിനാധാരം. "അറിഞ്ഞതിൽനിന്നുള്ള മോചനത്തിനായി ഓരോ വ്യക്തിയും കിണഞ്ഞു ശ്രമിക്കണം; ഒരു വഴിയേ അതിനായിട്ടുള്ളൂ, ധ്യാനം."

ചിന്തകരും ഗുരുക്കന്മാരും എഴുത്തുകാരും ഇതുവരെ ആവർത്തിച്ചു കൊണ്ടിരുന്നതുതന്നെയാണ് എഴുത്തുകാരിൽത്തന്നെ ഒരപവാദ മായിരുന്ന ഒ.വി. വിജയനും അറിവിനെക്കുറിച്ച് മുന്നോട്ടുവച്ചത്. എന്നാൽ കൃഷ്ണമൂർത്തി മറ്റെല്ലാ ആധുനിക ചിന്തകരിൽനിന്നും വേറിട്ടു നിൽക്കുന്നു. 1920 മുതൽ 1986ൽ തന്റെ 91 വയസ്സുവരെ അദ്ദേഹം ലോകത്തെല്ലായിടത്തുംതന്നെ പ്രഭാഷണങ്ങൾ നടത്തി. ഏത് മതവും അതിരുകളെയും ദേശീയവികാരങ്ങളെയും ഉൾക്കൊള്ളുമെന്നതിനാൽ, എല്ലാ മതങ്ങൾക്കും അതീതമായ ഒരു മനോവികാസത്തിലെത്തിയാലേ മനുഷ്യന് അവന്റെ ദുഃഖം, ഭയം, ഹിംസാത്മകത, സ്വാർത്ഥത എന്നിവ യിൽനിന്ന് മോചനം കൈവരൂ എന്നദ്ദേഹം വിശ്വസിച്ചു. അദ്ദേഹം പറഞ്ഞതെല്ലാം സ്വന്തം ഉൾക്കാഴ്ച്ചകളിൽ നിന്നായിരുന്നു എടുത്തിരു ന്നത്. അതിങ്ങനെ സംഗ്രഹിക്കാം: അഖണ്ഡബോധം നിശ്ചലമാണ്; അതിനു സ്ഥലകാലമില്ല. അതുകൊണ്ടതിന് അതിരുകളുമില്ല.

തന്റെ ഡയറിക്കുറിപ്പുകളിൽ അദ്ദേഹം സ്വയം വെളിപ്പെടുത്തുന്നത് ശ്രദ്ധിക്കുക: തനിക്കും മരങ്ങൾക്കും മലകൾക്കും പുഴകൾക്കുമിടയിൽ അകലമില്ലെന്നുള്ള അപൂർവ്വാനുഭവം എപ്പോഴുമുണ്ടായിരുന്നു. അത് വളർത്തിയെടുത്തതായിരുന്നില്ല. തനിക്കും മറ്റുള്ളവർക്കുമിടയിലും മതിലുണ്ടായിരുന്നില്ല. അവർ ചെയ്യുന്നതോ പറയുന്നതോ തന്നെ വേദനി പ്പിച്ചിരുന്നില്ല. മുഖസ്തുതികൾ തന്നെ സ്പർശിച്ചതേയില്ല. ഉൾവലിയു കയോ ഒഴിഞ്ഞുമാറുകയോ ചെയ്യാതെ നദിയിലെ ജലംപോലെ ഒഴുകു ന്നവനായിരുന്നു. ധ്യാനാത്മകമായ, സ്പർശനാതീതമായ ഒരു നിലപാട് അദ്ദേഹത്തിനു സഹജമായിരുന്നു എന്ന് ചുരുക്കം.

എല്ലാ അറിവും ആവർത്തനമാണ്. അതായത്, അവയെല്ലാം ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ പരമ്പരാഗതമായതിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നതാണ്. അതിലൊന്നാണ്, സ്വന്തം നിലനില്പിനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യത്യസ്ത വ്യക്തികളാണ് നാമോരോരുത്തരും എന്നത്. എല്ലാ മനുഷ്യബന്ധങ്ങൾക്കും അവയെ ബാധിക്കുന്ന അസം ബന്ധങ്ങൾക്കും കാരണം ഈ ചിന്തയാണ്. മുൻകാല സംഭവങ്ങളുടെ ഓർമ്മകളാണ് ഏത് ചിന്തയെയും സൃഷ്ടിക്കുന്നതും പൊലിപ്പിക്കുന്നതും. അതുകൊണ്ട്, അറിവിന്റെ വഴിത്താരയിൽ പ്രഥമപ്രധാനം ഓർമ്മയാണ്. അനുഭവം, ഓർമ്മ, ചിന്ത, അറിവ്, പ്രവൃത്തി എന്നിങ്ങനെ കറങ്ങിത്തിരി യുന്നു ജീവിതം. ഇതെല്ലാം സമയവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, ഓർമ്മകളെ ചുറ്റിപ്പറ്റിയുള്ള ചിന്തയാണ് സമയബോധത്തിന് ആധാരം. കുറേ മുമ്പ് നടന്ന സംഭവത്തെ ഇന്നത്തെ പ്രവൃത്തിക്കുതകുംവിധം

വ്യാഖ്യാനിച്ച് അതിലൂടെ നാളയെ രൂപപ്പെടുത്തുക എന്നതായിത്തീരുന്നു മനുഷ്യന്റെ ജീവിതചക്രം.

കാലവും ഭയവും ഭവിതവ്യതയുടെ സങ്കീർണ്ണതയെ സൃഷ്ടിക്കും. അതാണ് സംഘർഷങ്ങൾ. സംഘർഷങ്ങൾ നഷ്ടബോധത്തിലേയ്ക്കും നഷ്ടബോധം അശാന്തിയിലേയ്ക്കും നയിക്കും. ഇപ്പോൾ ഞാൻ ഇതാണ്, ഇങ്ങനെയാണ്. എന്നാൽ, അതു പോരാ, എനിക്ക് അങ്ങനെയായിത്തീരണം എന്ന മാനസിക നിലപാടാണ് അശാന്തിയുടെ അടിവേര്. ഇത് മനുഷ്യന്റെ ആരംഭം മുതൽ അവനെ പിടികൂടിയിട്ടുള്ള രോഗമാണെന്ന് കാണുന്നു. ദൈവം പറഞ്ഞു, അറിവിന്റെ വൃക്ഷത്തിൽ നിന്ന് നീ കായ് പറിച്ചു തിന്നരുത് എന്ന്. എന്നാൽ മനുഷ്യൻ ആ കനിതന്നെ ആഗ്രഹിച്ചു, അത് പറിച്ചുതിന്നുകയും ചെയ്തു. പിന്നെയിങ്ങോട്ടുള്ളതാണല്ലോ നമ്മുടെ ചരിത്രം. ആ ചരിത്രത്തിലെ വികൃതികളാണ് നമ്മുടെ ജീവിതങ്ങൾ. അറിഞ്ഞതിൽനിന്നുള്ള മോചനം മനുഷ്യനെ അവന്റെ ഏറ്റവും വലിയ സന്തുഷ്ടിയിലേയ്ക്ക് നയിക്കും എന്ന് ജിദ്ദു കൃഷ്ണമൂർത്തി ആവർത്തിച്ചുപറയുമ്പോൾ, അത് മനുഷ്യചരിത്രത്തിലെ ആദ്യപാഠത്തിലേയ്ക്ക് തിരിച്ചുപോകാനുള്ള ഒരാഹ്വാനമാണ്.

ബൈബിളിലെ ഉല്പത്തിക്കഥയിലെന്നതുപോലെ മറ്റ് പല മതസംസ്കൃതികളിലും മാനവബോധത്തിന്റെ ഭാഗമായി പ്രത്യക്ഷപ്പെടുന്ന പിശാച് എന്ന ദുർശക്തി ഒരസ്തിത്വമല്ല, മറിച്ച്, അസ്തിത്വത്തിന്റെ അഭാവമാണ്. അതായത്, സുബുദ്ധിയുടെ അഭാവം. സുബുദ്ധിയുടെ അഭാവത്താലാണ് മനുഷ്യൻ തനിക്ക് ആവശ്യമില്ലാത്തവയൊക്കെ ആഗ്രഹിക്കുന്നത്. സ്വന്തം പ്രതിച്ഛായ, അന്യന്റെ പ്രതിച്ഛായ, ഇവ തമ്മിലുള്ള സംഘർഷം, അതിന് പരിഹാരം കണ്ടെത്താനായി സ്വന്തം പ്രതിച്ഛായയെ മെച്ചപ്പെടുത്താനുള്ള ത്വര, ഇതൊക്കെയാണ് മനുഷ്യനെ നയിക്കുന്ന ഘടകങ്ങൾ. ഏത് പ്രതിച്ഛായയെയും സൃഷ്ടി ക്കുന്നത് അനുഭവങ്ങളും അവയുടെ ഓർമ്മകളും അവയിലൂടെ കരുപ്പിടിപ്പിക്കുന്ന അറിവുകളുമാണ്. അടുത്തും അകലെയുമുള്ള അനുദിനസംഭവങ്ങളെ തേടിപ്പിടിച്ചും വിശകലനം ചെയ്തും മനസ്സു നിറക്കുക എന്ന വ്യായാമത്തിനായിട്ടാണല്ലോ ഇന്ന് മിക്കവരും അവരുടെ സമയത്തിന്റെ ഭൂരിഭാഗവും വിനിയോഗിക്കുന്നത്. ഇങ്ങനെ വളർന്നുകൊണ്ടിരിക്കുന്ന സഞ്ചിതസ്മരണകൾ ജീവിതത്തിൽ ഒരു താങ്ങും പാലവുംപോലെ പ്രവർത്തിക്കുന്നു. ഓരോരുത്തരും തങ്ങളുടേതായി ഉണ്ടാക്കിയെടുക്കുന്ന പ്രതിബിംബത്തിനുള്ള ഊടും പാവുമാണ് ഓർമ്മകൾ. വ്യക്തികളുടെ കാര്യത്തിൽ മാത്രമല്ല, ഓരോ സംഘടന യുടെയും കൂട്ടായ്മയുടെയും പിന്നിൽ പ്രവർത്തിക്കുന്നതും പഴയ ഓർമ്മകളും അവയെയുപയോഗിച്ച്

നെയ്തെടുക്കുന്ന ബിംബങ്ങളുമാണ്. ഇവയുടെയെല്ലാം ഭാരംകൊണ്ടു നിവർന്നു നടക്കാനാവാതെ നാം പെട്ടെന്ന് പടുവൃദ്ധരായിത്തീരുന്നു.

ഇതിനൊക്കെ പരിഹാരമായി എന്തെങ്കിലുമുണ്ടോ? ഉണ്ട്, അതാണ് ശ്രദ്ധ എന്ന് കൃഷ്ണമൂർത്തി പറയുന്നു. ഭൂതകാലത്തിന്റേതായതൊന്നും ഓർമ്മയിൽ സൂക്ഷിക്കേണ്ടയാവശ്യം തോന്നാത്ത അവസ്ഥക്കാണ് അദ്ദേഹം ശ്രദ്ധയെന്നു പറയുന്നത്. ചിത്തവൃത്തിയുടെ നിരോധം – നിർമ്മമനാവസ്ഥ (no-mind) – എന്നതാണ് ധ്യാനംകൊണ്ട് കൃഷ്ണ മൂർത്തി വിവക്ഷിക്കുന്നത്. പല ഗുരുക്കന്മാരും നിർദ്ദേശിക്കുന്ന തരത്തിലുള്ള എകാഗ്രതക്കുള്ള തത്രപ്പെടലും മന്ത്രോച്ചാരണവുമൊന്നും അദ്ദേഹം ധ്യാനത്തിനായി നിഷ്കർഷിക്കുന്നില്ല. നമുക്കുപകരിക്കാത്ത അറിവുകളെയും ഓർമ്മകളെയും നിർവ്വിശ്ശങ്കം വിട്ടുകളയുക എന്നതിലൂടെ ഒരാൾക്ക് മനസ്സിനെ ശുദ്ധമാക്കി സൂക്ഷിക്കാം. ഓർമ്മയി ല്ലാത്തിടത്തു വിശദീകരണങ്ങൾ വേണ്ടിവരുന്നില്ല. ഇപ്പോൾ നാം കാണുന്നവയിൽനിന്നുതന്നെ തൽക്ഷണം ജീവിതത്തിനാവശ്യമായ ഉൾക്കാഴ്ച കൈവരുന്നു. അങ്ങനെയാവുമ്പോൾ, എല്ലാം എപ്പോഴും നൂതനമായിരിക്കും. എന്നാൽ, സാധാരണയാർക്കും ഇത് സ്വാഗതാർഹ മാവില്ല. കാരണം, പരിചയമുള്ളവയിൽ ഊന്നിനിൽക്കാനാണ് ഏവർക്കുമിഷ്ടം. പഴയ ചട്ടക്കൂടുകൾ, ചിന്താരീതികൾ, മുൻകരുതലുകൾ, വിലക്കുകൾ എന്നിങ്ങനെ. അതാണെളുപ്പം. അറിയപ്പെടുന്നവയിലാണ് സുരക്ഷിതത്വം. ഈ സുരക്ഷിതത്വത്തിനു വേണ്ടിയാണ് അനുഭവിക്കുന്ന തെല്ലാം നമ്മൾ ഓർമ്മയിൽ സൂക്ഷിക്കുന്നത്. മതങ്ങളും അവയോടു സാധർമ്മ്യമുള്ള തത്ത്വസംഹിതകളും നിർബന്ധബുദ്ധ്യാ അടിച്ചേൽപ്പി ക്കുന്ന വിശ്വാസങ്ങളും ഇക്കൂടെക്കൂട്ടാം. ഇവയെല്ലാം വിലയേറിയ അറിവുകളാണെന്നു തെറ്റിദ്ധരിച്ച്, അവയുടെ വലിയ ഭാരം ചുമക്കുക എന്നതാണ്, പറഞ്ഞതുപോലെ, മനുഷ്യനെ ബൗദ്ധികവും ശാരീരിക വുമായ അകാലവാർദ്ധക്യത്തിനിരയാക്കുന്നത്. ഒന്നുംതന്നെ ഓർമയിൽ വയ്ക്കേണ്ടതില്ല, അല്ലെങ്കിൽ, ഓർമ്മയിൽ വയ്ക്കേണ്ടവയുടെ വ്യാപ്തിയെ അങ്ങേയറ്റം കുറയ്ക്കുക എന്ന തീരുമാനം ഉൾക്കരുത്താ വശ്യപ്പെടുന്നയൊന്നാണ്. അങ്ങനെയൊരു ശീലം പരിപോഷിപ്പിച്ചെടു ക്കാനുള്ള വെല്ലുവിളിയാണ് കൃഷ്ണമൂർത്തി തന്റെ പ്രഭാഷണങ്ങളി ലൂടെ നടത്തിയിരുന്നത്.

എന്താണ് സ്നേഹം? വളരെ ദുഷിച്ചുപോയ ഒരു വാക്കാണിത്. നാം സ്നേഹമെന്ന് കരുതുന്നവയിൽ എന്തൊക്കെ സത്യത്തിൽ സ്നേഹമല്ല എന്നൊരാത്മശോധന ഇടക്കൊക്കെ നല്ലതാണ്. ദൈവസ്നേഹം, മനുഷ്യ രോടുള്ള സ്നേഹം, പ്രകൃതിയോടുള്ള സ്നേഹം എന്നിങ്ങനെ എവി

ടെയും നാം സ്നേഹത്തെപ്പറ്റി വാചാലരാവുന്നു. പക്ഷേ, എന്താണത്? ഒരു വികാരം? ഒരാശയം? മേല്പ്പറഞ്ഞിടത്തെല്ലാം നമ്മുടെതന്നെ ചിന്തയിൽ കുരുത്ത, നമ്മൾ മനസ്സിൽ സ്വയമോ അന്യസ്വാധീനങ്ങളിലൂടെയോ രൂപപ്പെടുത്തിയ ഒരു സങ്കല്പത്തോടാണ് വാസ്തവത്തിൽ നമുക്ക് അടുപ്പം തോന്നുന്നത്. ആത്യന്തികമായി അത് നമ്മോടുതന്നെയുള്ള ഇഷ്ടമാണ്. അതായത്, ഇവിടെയെല്ലാം നിഗൂഢമായി നമ്മൾ നമ്മെത്തന്നെ സ്നേഹിക്കുന്നു. മറ്റൊരു വ്യക്തിയോടുള്ള പ്രണയത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. ആ വ്യക്തിയെ ചുറ്റിപ്പറ്റി നമുക്കുതകും വിധം കാല്പനികവും യുക്തിപരവും ബൗദ്ധികവും വികാരപരവുമായ ഗുണവിശേഷങ്ങളോടുകൂടിയ ഒരു ബിംബത്തെ സൃഷ്ടിച്ചിട്ട് അതിനെ സ്നേഹിക്കുക, അല്ലെങ്കിൽ, സുന്ദരമായി പറഞ്ഞാൽ, പ്രണയിക്കുക! മുകളിൽ പറഞ്ഞ 'സ്നേഹ' പ്രക്രിയകളിലെല്ലാം അല്പമെങ്കിലും വിദ്വേഷവും അക്രമവും ഒളിഞ്ഞിരിപ്പുണ്ടാവും. നമ്മൾ ഇഷ്ടപ്പെടുന്നവർക്കുവേണ്ടി, നമ്മൾ സ്വന്തമെന്നു കരുതുന്ന സ്വത്തുക്കൾക്കായി, നമ്മുടെ ദേശത്തിനുവേണ്ടി, എന്തിന്, നമ്മൾ ആരാധിക്കുന്ന പരമകാരുണികനായ ദൈവത്തിന്റെ പേരിൽപോലും, എന്തും ചെയ്യാൻ, അന്യരെ കൊല്ലാൻവരെ, നാം സന്നദ്ധരാകുന്നു. ഇങ്ങനെ സ്നേഹത്തോടൊത്ത് ഭയവും അസൂയയും ഉൽക്കണ്ഠയും പകയും, അന്യരെയും അന്യമായതും അധീനപ്പെടുത്താനുള്ള ത്വരയും ഉണ്ടെങ്കിൽ അതെങ്ങനെ സുഖകരമാകും? അതെങ്ങനെ ആനന്ദത്തെ തരുന്ന ഒരു പ്രവൃത്തിയാകും?

സുഖകരമല്ലാത്തതാണ് ദുഃഖം. അതായത്, സുഖത്തിന്റെ അഭാവം. സ്വയംനിർമ്മിത ബിംബങ്ങൾ ഉടയുമ്പോൾ വന്നുചേരുന്ന മാനസികാഘാതമാണ് ദുഃഖം. ദുഃഖാനുഭവങ്ങളുണ്ടാകുമ്പോൾ, വീണ്ടും പരിക്കുപറ്റാതിരിക്കാൻ നാം നമുക്കുചുറ്റും വേലികെട്ടുന്നു. ഇത്തരം വേലികൾ മനുഷ്യരെ ഒറ്റപ്പെടുത്തുന്നു. കൂടുതൽ വ്യഥയാണ് ഫലം. സ്നേഹവും ദുഃഖവും ഒരുമിച്ച് സ്ഥിതിചെയ്യുമോ? ചെയ്യില്ലെന്നതാണ് സത്യമെങ്കിലും, ഏവരും കരുതുന്നത് അത് സാദ്ധ്യമാണെന്നാണ്, സ്നേഹമുള്ളതുകൊണ്ടാണ് താൻ ദുഃഖമനുഭവിക്കുന്നത് എന്നാണ്. ഒരുദാഹരണം: കണ്ണിലെ കൃഷ്ണമണിപോലെ ആവുന്നത്ര കരുതലോടെ, ഏത് ത്യാഗത്തിനും മടിക്കാത്ത വാത്സല്യത്തോടെ വളർത്തിയെടുക്കുകയും പഠിപ്പിച്ചു മിടുക്കനാക്കുകയും ചെയ്ത പുന്നാരമോൻ നമ്മോടാലോചിക്കാതെ പോയി ഒരു പെണ്ണിനെ കൂട്ടുപിടിച്ച് കൊണ്ടുവരുന്നു. അവളാകട്ടെ, നമ്മളുടെ അഭിരുചികൾക്ക് ചേരാത്ത ശീലങ്ങളും തഴക്കങ്ങളുമുള്ളവൾ. മകന്റെ സമയവും സമ്പാദ്യങ്ങളുമെല്ലാം അവളനുഭവിക്കുന്നു.

നാളിതുവരെ അവൻ വച്ചുപുലർത്തിയിരുന്ന മൂല്യങ്ങളും ഇഷ്ടാനിഷ്ട ങ്ങളും പോലും അവളുടെ മനോധർമ്മത്തിനൊത്ത് മാറ്റിമറിക്കപ്പെടുന്നു. ഇതൊക്കെയനുഭവിക്കുന്ന അപ്പനുമമ്മയ്ക്കും ദുഃഖം തോന്നുന്നെങ്കിൽ അതിൽ അസാധാരണമായി ഒന്നുമില്ല. എന്നാൽ ആ ദുഃഖം നിർവീര്യ മാക്കാവുന്നതാണോ? അതേയെങ്കിൽ, എങ്ങനെ?

ഇവിടെ പലതും തിരിച്ചറിയേണ്ടതുണ്ട്. ഒന്നാമത്, തങ്ങളുടെ വാത്സ ല്യത്തിനും കഷ്ടപ്പാടുകൾക്കും മക്കളിൽനിന്ന് പ്രതിസ്നേഹവും കടപ്പാടും പ്രതീക്ഷിക്കുന്നത് വിശേഷിച്ച് പൗരസ്ത്യനാടുകളിൽ ഒരു തഴക്കമാണെങ്കിലും അത് ന്യായീകരണമില്ലാത്ത, അപക്വമായ ഒരേർ പ്പാടാണ്. ഖലീൽ ജിബ്രാൻ എഴുതിയിട്ടുള്ളതുപോലെ, കുഞ്ഞുങ്ങൾ നമ്മിലൂടെ ജനിക്കുന്നെങ്കിലും അവർ നമ്മുടേതല്ല. എങ്കിൽ, പക്വപ്രായ മായ ശേഷം, അവരുടെ പ്രവൃത്തികളുടെ നന്മതിന്മകളെ തീരുമാനിക്കാൻ മാതാപിതാക്കൾക്ക് എന്താണർഹത? നമ്മൾ നമ്മുടെ ജീവിതം സ്വയം ചിട്ടപ്പെടുത്തിയതുപോലെ അവർ അവരുടേതും ചിട്ടപ്പെടുത്തട്ടെ. എന്റെ സുഖവും ദുഃഖവും മറ്റൊരാളുടെ ചെയ്തികളെ ആശ്രയിക്കാൻ വിടുന്നത് എന്റെ പക്വതയില്ലായ്മകൊണ്ടാണ്. അനുവദനീയമല്ലാത്ത, എന്റെ അസ്തിത്വവുമായി ചേർച്ചയില്ലാത്ത, ഒരു പ്രതിച്ഛായയെ എന്റേതായി സൃഷ്ടിച്ച്, അതിനെ വച്ചുപൂജിക്കുന്നു എന്നതാണ് എനിക്ക് വന്നുചേർന്ന ദുരിതം. എന്റെ പ്രതിച്ഛായക്ക് കോട്ടം സംഭവിക്കുന്നു എന്നതാണ് എന്റെ ദുഃഖത്തിനു പിന്നിലെ കാരണം. അത് സ്നേഹത്തിൽനിന്നുണ്ടാകുന്ന വേദനയല്ല, മറിച്ച്, സ്വാർത്ഥതയുടെ സ്വാഭാവികമായ തിരിച്ചടിയാണ്. നേരെചൊവ്വേ നോക്കാൻ ഞാൻ ഭയപ്പെടുന്ന അല്ലെങ്കിൽ വിസമ്മതി ക്കുന്ന പ്രശ്നങ്ങൾ എന്നിൽ നിലനിൽക്കുന്നതാണ് ഇതിനെല്ലാം പിറകിൽ. അത്രയും അംഗീകരിക്കാനാവുമ്പോൾ എന്റെ മനസ്സ് ശാന്തമാ കേണ്ടതാണ്.

യഥാർത്ഥത്തിൽ, തെറ്റിദ്ധരിച്ച സ്നേഹമാണ് ദുഃഖത്തിന് കാരണ മാകുന്നത്. നാം സ്നേഹത്തെയും ദുഃഖത്തെയും ഒരുമിച്ച് കാണുന്നു, തമ്മിൽ ബന്ധിപ്പിക്കുന്നു. അതുകൊണ്ടാണ് നമ്മൾ സ്നേഹിക്കുന്ന യൊരാൾ മരിക്കുമ്പോൾ നാം ദുഃഖിക്കുന്നത്. അയാളുടെ ജീവിതാന്ത്യമല്ല, നമ്മുടെ നഷ്ടമാണ് നമ്മെ ദുഃഖിപ്പിക്കുന്നത്. മരിച്ചയാൾ അല്ലെങ്കിൽ നമ്മൾ സ്നേഹിക്കുന്നയാൾ സ്നേഹത്തിന്റെ ബലത്തിൽ നമ്മുടെ കൈവശവസ്തുവാണോ? ആണെന്നാണ് ശീലങ്ങൾ നമ്മെ പഠിപ്പിച്ചതും നാം ചിന്തിച്ചുപോരുന്നതും. അത് മനുഷ്യന്റെ സഞ്ചിതമായ ഓർമ്മകളുടെ ഭാഗമാണ്. സ്നേഹം നമ്മുടെ മനസ്സിലുള്ള ഒരു ബിംബത്തോടുള്ള (എന്റെ മകൻ, എന്റെ മകൾ, എന്റെ പ്രേയസി, എന്റെ സുഹൃത്ത്,

മാതാപിതാക്കൾ, പോരാ, എന്റെ ദൈവം പോലും) മമതയല്ലെങ്കിൽ, അതൊരു നിമിത്തത്തിന്റെ, പ്രേരണയുടെ, അല്ലെങ്കിൽ ആഗ്രഹത്തിന്റെ ഫലമായി ജനിച്ച വികാരമല്ലെങ്കിൽ, സ്നേഹത്തിൽ നിന്ന് ദുഃഖം ഉളവാകേണ്ടതില്ല. സ്നേഹം നമുക്ക് വിഷയസുഖമോ ആശ്രി തത്വമോ തരുന്നെങ്കിൽ അതിനർത്ഥം അത് കളങ്കിതമാണെന്നാണ്. കടമയുടെ പേരിൽ എന്തെങ്കിലും ചെയ്യുന്നത് സ്നേഹമല്ല, കർത്തവ്യ മാണ്. അതായത്, ഏതെങ്കിലും വിധത്തിലുള്ള മോഹമോ പ്രേരണയോ ഉള്ളിടത്ത് സ്നേഹമില്ലെന്ന് തീർച്ചപ്പെടുത്താം, മാനുഷികതലത്തി ലായാലും ദൈവികതലത്തിലായാലും. തീർത്തും മാനുഷിക ബല ഹീനതയായ മുഖസ്തുതിപ്രിയവും ശിപാർശാദൗർബല്യവും ആരോപി ച്ചുണ്ടാക്കുന്ന ഒരു ദൈവബിംബത്തെ ആരാധിക്കുന്ന വിചിത്ര രീതികൾ കാണണമെങ്കിൽ വെറും അഞ്ചു മിനിട്ട് നേരം ശാലോം റ്റി.വി. നോക്കുക. എല്ലാ മതമന്ദിരങ്ങളിലേയ്ക്കും ധ്യാന-തീർത്ഥാടനകേന്ദ്രങ്ങളിലേയ്ക്കും ഭക്തരെയാകർഷിക്കുന്നത് ഈവിധ പ്രീണന തല്പരത യല്ലെന്നുണ്ടോ?

ദുഃഖങ്ങളിൽനിന്ന് വിടുതൽ നേടാൻ കൃഷ്ണമൂർത്തി മുന്നോട്ടു വയ്ക്കുന്ന വളരെ പ്രധാനമായ ഒരാശയമിതാണ്: തന്റെ പ്രജ്ഞ വ്യതിരിക്തമല്ല, മറിച്ച്, മനുഷ്യരാശിയുടെ മുഴുവൻ പ്രജ്ഞയാണ് എന്ന് ഓരോരുത്തരും തിരിച്ചറിയുക. അത്തരമൊരു അബോധത്തിലെത്തിച്ചേ രുക ശരാശരിക്കാർക്കുള്ളതല്ല. പരിമിതമായ പ്രജ്ഞയോടൊപ്പം ഓരോ രുത്തർക്കും ജൈവലോകത്തിന്റെ സഞ്ചിതപ്രജ്ഞയിൽ ഭാഗഭാഗിത്വ മുണ്ട്. തനതും വേറിട്ടതുമായ ഒരസ്തിത്വം പ്രകൃതിയിൽ ഒന്നിനും സാദ്ധ്യമല്ല. വേറിട്ടുനിൽക്കൽ മിഥ്യാബോധമാണ്. അത് യുക്തിരഹിതവും അനാരോഗ്യകരവുമാണ്. ഈ തിരിച്ചറിവുണ്ടായാൽ, മുമ്പില്ലാതിരുന്ന ഒരുത്തരവാദിത്വബോധം ഉടലെടുക്കുന്നു. അതോടെ, വ്യക്തിഗതമായ പരിധി കളിൽനിന്നുള്ള സ്വാതന്ത്ര്യത്തിലേയ്ക്ക് വഴി തുറക്കപ്പെടുന്നു. മരണത്തിനുപോലും അപ്പോൾ തികച്ചും വ്യത്യസ്തമായ ഒരർത്ഥതല മുണ്ടാകുന്നു. മറ്റു വാക്കുകളിൽ, ജീവിതത്തിന് അർത്ഥമുണ്ടാകുമ്പോൾ മരണത്തിന് അതിന്റെ ദുഃഖാർത്ഥം നഷ്ടപ്പെടുന്നു.

എന്റെയസ്തിത്വം എന്നാൽ എന്താണ്? അത് മുഴുവൻ വെറും ഓർമ്മയാണ് എന്നതാണ് വാസ്തവം. "ഞാൻ" എന്ന ബോധം ഒരോർമ്മ യുടേതാണ്. വ്യക്തിത്വവും അതിന്റെ ഘടനകളും ഓർമ്മയിൽ നിന്നുണ്ടാ കുന്നതാണ്. അതുപോലെ തന്നെയാണ് "നീ" എന്നതും. ഇവയൊക്കെ നമ്മിൽ വന്നുവീണുമുളച്ചിട്ടുള്ള വിശ്വാസങ്ങളുടെ വിത്തുകളാണ്. അവയിൽ സത്യമുണ്ടെന്ന് നാം വെറുതേ ധരിച്ചുപോകുന്നതാണ്. എന്റെ പേര്, എന്റെ രൂപം, എന്റെ കഴിവുകൾ, എന്റെ വീട്, എന്റെ ബന്ധങ്ങൾ,

സമ്പാദ്യങ്ങൾ ഒക്കെ ചേർന്നതാണ് "ഞാൻ". എന്നാൽ ഇവയൊക്കെ എന്നെ എകാകിതനാക്കുന്നു. അതുകൊണ്ട് ഞാൻ ബന്ധങ്ങളെ അന്വേഷിക്കുന്നു; ഓർമ്മകളിലൂടെ അവയെ പരിപോഷിപ്പിക്കുന്നു. അങ്ങനെ, എന്റെ ജീവിതകാലത്ത് കൈവന്ന എല്ലാ ഓർമ്മകളുമായുള്ള എന്റെ ബന്ധമാണ് എന്റെ അസ്തിത്വം. ഈ ബന്ധങ്ങളിൽ നിന്ന് വിശ്വാസങ്ങൾ ജനിക്കുന്നു. അവയെ നഷ്ടപ്പെടുമെന്ന ഭയത്താൽ, അവയെ സൂക്ഷ്മ നിരീക്ഷണത്തിനു വിധേയമാക്കാൻ ഞാൻ തയ്യാറാകുന്നില്ല. അറിഞ്ഞതിനെ വിട്ടുപോകുക എനിക്ക് മരണതുല്യമാകുന്നു. സംഭരിച്ചതൊന്നും കൈയൊഴിയാൻ എനിക്കാവില്ല എന്നെനിക്കറിയാം. എന്റെ ഓർമ്മയുടെ ഭാണ്ഡക്കെട്ടുമായി ഞാൻ പുനർജനിക്കുമെന്നുവരെ ഞാൻ വിശ്വസിക്കുന്നു. കാരണം, എനിക്കായി നീക്കിവച്ചിരിക്കുന്ന ഒരു തുണ്ട് ജീവന്റെ മിഥ്യയിലാണ് ഞാൻ കഴിഞ്ഞുകൂടുന്നത്. ബന്ധങ്ങൾ അവയുടെ നഷ്ടത്തെപ്പറ്റി ഭയമുണ്ടാക്കുന്നതിനാൽ, ഇന്നലത്തെ അനുഭവങ്ങൾ, സുഖാനുഭൂതികൾ, ഭയാശങ്കകൾ എന്നിവയുമായി "ഞാൻ" നെട്ടോട്ടമോടുകയാണ്, എവിടേക്കെന്നറിയാതെ!

ഏത് വിശ്വാസവും ശാശ്വതമായതിനെക്കുറിച്ചുള്ള കാലത്തിനും പരിണാമത്തിനുമതീതമായ എന്തെങ്കിലും ഉണ്ടോ എന്നതിനെക്കുറിച്ചുള്ള അന്വേഷണത്തെ തടസ്സപ്പെടുത്തുന്നു. നിഷ്പക്ഷമായ അന്വേഷണത്തിന് ഒരാൾ പരിപൂർണ്ണമായും സ്വതന്ത്രനായിരിക്കണം. നൂറുകണക്കിന് ന്യൂസ് ചാനലുകളും ദിനപത്രങ്ങളും വിളമ്പുന്ന ഊതിപ്പെരുപ്പിച്ച സംഭവപരമ്പരകൾ കണ്ടിരിക്കാനും വായിക്കാനും അവയെ അയവിറക്കി വാചാലരാകാനും എന്തൊരുഷാറാണ് ഇന്ന് ജനത്തിന്! അക്കൂടെ ഓരോരോ മതാന്ധർ നിറുത്താതെ പ്രഘോഷിക്കുന്ന അബദ്ധജടിലമായ കോപ്രായങ്ങളും. ഇവയെല്ലാം ലോകത്തെവിടെയും അങ്ങേയറ്റത്തെ ക്രമരാഹിത്യത്തിനു കാരണമാകുന്നുണ്ട്. ഇവയിൽനിന്നൊക്കെ മുക്തരാവുക അങ്ങേയറ്റത്തെ ഇച്ഛാശക്തികൊണ്ടേ സാദ്ധ്യമാകൂ. ഒരു സിദ്ധാന്തവുമില്ലാതെ, ഒരു പരിശീലനവുമില്ലാതെ, യാതൊരു നിയന്ത്രണവുമില്ലാതെ സ്വതന്ത്രമായി നിരീക്ഷിക്കാൻ കഴിയുന്ന ഒരു മനസ്സാണ് ഏറ്റവും വിലപ്പെട്ട നിധി. അപ്പോൾ നിയന്താവും നിയന്ത്രിതവും ഇല്ലാതാവും. അപ്പോൾ സംഘർഷമില്ല. കാണുന്നവനും കാണപ്പെടുന്നതും തമ്മിൽ ഭിന്നതയില്ലാത്ത അവസ്ഥയാണത്. അതുതന്നെയാണ് ധ്യാനം. ലോകത്തിന്റെ വ്യഗ്രതകളിൽ നിന്ന് മുക്തമായ മനസ്സിൽ ധന്യമായ മൗനം വന്നുനിറയുന്നു. കഠിനാദ്ധ്വാനം ആവശ്യപ്പെടുന്ന മാനസ്സിക കസർത്തുകളും സാധനയും ഒരിക്കലും ധ്യാനത്തിലേക്ക് നയിക്കുകയില്ല. ഓർമ്മകളും ചിന്തകളും ചെയ്യുന്നതുപോലെ അവയൊക്കെ ഉള്ളിലെയിടത്തെ നശിപ്പിക്കുക

യേയുള്ളൂ. പഠിച്ചതും അനുഭവിച്ചതുമെല്ലാം മറന്നുകളയുന്നതാണ്, യാതൊന്നും തടയാനില്ലാത്ത സ്വച്ഛന്ദതയുടെയനു ഭവമാണ്, ധ്യാനം. അത് അറിഞ്ഞതിൽ നിന്നെല്ലാമുള്ള മോചനമാണ്.

ഇതോടു ചേർത്തു വായിക്കാവുന്ന ഒരു ശ്ലോകശകലമാണ് ശ്രീനാരായണഗുരുവിന്റെ ദൈവദശകത്തിലെ ഈ ഭാഗം:

*ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-*
*ട്ടെണ്ണും പൊരുളൊടുങ്ങിയാൽ,*
*നിന്നിടും ദൃക്കുപോലുള്ളം*
*നിന്നിലസ്പന്ദമാകണം.*

(ശ്രീനാരായണ ഗുരുദേവകൃതികൾ,
ജി. ബാലകൃഷ്ണൻ നായർ, വാ. 1, താ. 24)

വ്യാഖ്യാനം: ചുറ്റും സംഭവിക്കുന്നവയെ വെറും കാഴ്ചകളായി കണക്കാക്കി, ഒന്നൊന്നായി അവയെ മനസ്സിൽ നിന്ന് മാറ്റാനാവണം. അങ്ങനെ ദൃശ്യങ്ങളുടെ കാഴ്ചക്കാരൻ (സാക്ഷി) മാത്രമായി സ്വയ മറിഞ്ഞ്, എല്ലാറ്റിന്റെയും സത്തയെന്തോ, അതുമായി ഏകീഭാവം വന്നു ചേരണം.

❑

# 2

# ബുദ്ധന്റെ ചിരി

ഗാനം സ്വരബദ്ധമാണെങ്കിലും അതിന് സാക്ഷാത്കരിക്കപ്പെടാൻ മൗനത്തിന്റെയിടവേളകൾ ആവശ്യമാണ്. അതുതന്നെയാണ് ഒരു ബുദ്ധനോ ഒരു യേശുവോ ആകുന്നതിന്റെയും കാതൽ. ബുദ്ധനാകുക എന്നതൊരു വഴിയല്ല, അതൊരു ലക്ഷ്യവുമല്ല, മറിച്ച്, ഒരു യോഗമാണ്. അതു സംഭവിച്ചുകൊണ്ടിരിക്കുന്നയൊന്നാണ്. സംഭവിച്ചു കഴിഞ്ഞതുമാണ്. അതനുഭവിക്കുകയെന്നത് അങ്ങേയറ്റം ധൈര്യമാവശ്യപ്പെടുന്ന ഒരു പ്രക്രിയയാണ്. അതനുഭവിച്ചുകൊണ്ടിരിക്കുന്നയാൾക്ക് ഒരു പുസ്തകത്തിന്റെയും കുറിപ്പിന്റെയുമാവശ്യമില്ല. അതേപ്പറ്റിയൊന്നും പറയാനുമുണ്ടാവില്ല. പറയാനോങ്ങുന്തോറും അതു ക്ലിഷ്ടമായിത്തീരുകയേയുള്ളൂ. കാരണം, അത് തീർത്തും വ്യക്തിപരമായ ഒരനുഭവമാണ്. ബുദ്ധത്വത്തിലേക്ക് ഒരു സ്വാഭാവിക ചായ്വില്ലാത്തവരോട് അതേപ്പറ്റി പറഞ്ഞിട്ടും ഫലമൊന്നുമില്ല.

ബുദ്ധാനുഭവം സംതൃപ്തിയുടേതാണ്. ചുറ്റും എന്ത് കേൾക്കുന്നു, എന്ത് സംഭവിക്കുന്നു എന്നത് അവിടെ ബാധകമാകുന്നില്ല. കാരണം, സ്വന്തമായ അളവുകോലുകൾ എറിഞ്ഞുകളഞ്ഞവനാണ് ബുദ്ധൻ. വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്നതിനാൽ, തിന്മയെന്നയിരുട്ട് അയാളെ ബാധിക്കുന്നില്ല. താനെന്താണോ, അതായിരിക്കുന്നതിൽ ഭയമില്ലാത്തവനാണ് ബുദ്ധൻ. അയാൾക്ക് മുടികറുപ്പിച്ച് ചെറുപ്പമാകേണ്ടതില്ല; മുഖംമൂടി ധരിച്ച് മാന്യനാകേണ്ടതില്ല. അയാളുടെ മൂല്യം അന്യരുടെ വിലയിരുത്തലിലും വിധിയിലുമല്ല. To a Budha, what the others think of him is none of his business.

ആചാരങ്ങളോ അനാചാരങ്ങളോ, പദവിയോ അംഗീകാരങ്ങളോ വേണ്ടാത്ത സർവസ്വതന്ത്രനാണ് ബുദ്ധൻ. ഒരുവനെ ഇതെല്ലാമാക്കുന്ന, ഈ നിലയിലെത്തിക്കുന്ന, മൗനം എന്നാലെന്താണ്? അവബോധത്തിന്റെ സാന്നിധ്യത്തിൽ മാത്രമേ മൗനം ധനാത്മകമാകുന്നുള്ളൂ. അല്ലെങ്കിൽ, അതു മനുഷ്യനെ ശിഥിലീകരിച്ചുകളയും. ശവശരീരത്തിന്റെ മൗനം നിങ്ങളെ ശവമാക്കുന്നു. എന്നാലൊരു പൂവിന്റെ മൗനം നിങ്ങളെ ഒരു പൂവാക്കും എന്ന് ഓഷോ പറയുന്നു. അതു സൗന്ദര്യത്തിന്റെ സവിശേഷതയാണ്. സമയബോധമുദിപ്പിക്കാതെ സുഗന്ധം പരത്തുക എന്നതാണത്.

ബുദ്ധന് മരിച്ചിടത്തും അടക്കിനും പോകാനാവില്ല. മരിച്ചവർ മരിച്ചവരെ അടക്കട്ടെ എന്നാണു യേശുവും പറഞ്ഞത്! അയാൾ കല്യാണത്തിന്റെ കവടിയാട്ടങ്ങളെ അവഗണിക്കുന്നു. മാമ്മോദീസ, ആദ്യകുർബാന തുടങ്ങിയവയുമായി ബന്ധപ്പെട്ട പൊറാട്ട്നാടകങ്ങളെപ്പറ്റിയോർത്തു ചിരിക്കുന്നു.

നമുക്കേവർക്കും പറ്റുന്ന തെറ്റെന്താണ്, ഏറ്റം വലിയ തെറ്റ്? നമ്മൾ സ്നേഹത്തെപ്പറ്റി ധാരാളം പഠിക്കുന്നു, സ്നേഹിക്കുന്നില്ല; പ്രേമത്തെപ്പറ്റി വാദിക്കുന്നു, പ്രേമിക്കുന്നില്ല; മൗനത്തെപ്പറ്റി വായിക്കുന്നു, മുനി (മൗനമുള്ളവൻ) യാകുന്നില്ല; ദൈവശാസ്ത്രചർച്ചകൾ കേട്ടിരിക്കുന്നു, ദൈവികതയോടടുക്കുന്നില്ല; ജീവിതത്തെപ്പറ്റി നിറുത്താതെ വിശകലനം ചെയ്യുന്നു, ജീവിക്കാൻ മറക്കുന്നു! അറിവല്ലാ ആവശ്യം, അവബോധമാണ്. അവബോധമെന്നാൽ, വെളിച്ചത്തിൽ കുളിച്ചുനിൽക്കുക എന്നാണ്. നിഷ്ക്കളങ്കത അതിന്റെ പാരമ്യത്തിൽ, കളങ്കമില്ലാത്തയവസ്ഥ മാത്രമല്ല, കളങ്കമറിയാത്ത അവസ്ഥയുമാണ്. അതാണ് ശിശുവിന്റേത് -- നന്മതിന്മകളെ വേർതിരിക്കേണ്ടാത്ത സ്ഥിതിവിശേഷം. ഉടനെ നാം യേശുവിനെയോർക്കുന്നു. അവബോധത്തിലെത്തിയവർ എന്നയർത്ഥത്തിൽ, ബുദ്ധനെന്നും യേശുവെന്നും പറഞ്ഞാൽ ഒന്നുതന്നെയാണ്.

തിരഞ്ഞെടുപ്പില്ലാത്ത അവസ്ഥയാണ് ശൈശവം. ഭൗതിക ജീവിതത്തിൽ ശൈശവം ക്ഷണികമാണ്. എന്നാൽ ആ സ്ഥിതിവിശേഷം അന്ത്യംവരെ നീട്ടിക്കൊണ്ടുപോകുകയാണ് ബുദ്ധൻ ചെയ്യുന്നത്. ഇന്ന് നമ്മുടെയിടയിൽ ഏത് കുഞ്ഞും കഴിവതും വേഗം നന്മതിന്മകളുടെ മരത്തിൽ കയറാൻ പഠിച്ചെടുക്കും. കാരണം, അങ്ങനെയാണ് നാമവരെ വളർത്തുക. എന്നാൽ, ശൈശവത്തെ ശീലമാക്കിയവനാണ് ബുദ്ധൻ. അവന് ഇഹലോകപരലോകവ്യത്യാസമില്ല.

മതങ്ങളെല്ലാം മത്സരിച്ച് മനുഷ്യരിൽ പരലോകചിന്തകൾ കുത്തിനിറയ്ക്കുകയാണ്. അതു മ്ലേച്ഛവും മനംമടുപ്പിക്കുന്നതുമാണ്. ഈ ലോകം

വിലയില്ലാത്തതോ കഷ്ടതരമോ ആകുമ്പോഴാണ് പരലോകത്തെ സൃഷ്ടിക്കേണ്ടിവരുന്നത്. പരലോകമെന്ന കാമന ഭയചകിതരുടെയും തെണ്ടികളുടെയും പൊരുളില്ലാത്ത സ്വപ്നമാണ്. നാളെയ്ക്കുവേണ്ടി വിശ്വാസിയെക്കൊണ്ട് ഇന്ന് സഹിപ്പിക്കുക എല്ലാ മതത്തിലേയും രഹസ്യ രസതന്ത്രമാണ്.

ജീവിതത്തെ സഹനത്തിലൂടെ തള്ളിനീക്കിയവരാണ് വിശുദ്ധർ എന്ന് പള്ളിയും ഭക്തിക്കാരും പഠിപ്പിക്കുന്നത് ശുദ്ധ ഭോഷ്ക്കാണ്. ആത്മ വിശുദ്ധി അത്തരം വിഡ്ഢിത്തമല്ല. അവബോധത്തിൽ കാമനകളില്ല, സങ്കല്പങ്ങളില്ല എന്നതുപോലെ സഹനത്തിനായുള്ള അഭിലാഷങ്ങളു മില്ല.

മിക്ക മതത്തിലും വിശ്വാസിക്ക് ദൈവമൊരു വ്യക്തിയാണ്, എന്നാൽ, ജ്ഞാനിക്ക് അതൊരു സാന്നിദ്ധ്യമാണ്. വ്യക്തിയെന്ന വാക്കുതന്നെ ഒന്നുചേരൽ അനുവദിക്കുന്നില്ല. individuum - indivisible ഒറ്റക്കുള്ള നില്പിനെ കുറിക്കാനുള്ളതാണ്. ജ്ഞാനം, നേരേമറിച്ച്, അറിയുന്നയാളും അറിയപ്പെടുന്നതും ഒന്നാകലാണ്.

അവബോധത്തിലെത്താമോ, ബുദ്ധനാകുക സാധ്യമാണോ എന്നറി യാൻ ഒരു വഴിയുണ്ട്. ഈ നിമിഷം എനിക്ക് സുഖം തരുന്നുണ്ടോ എന്ന ന്വേഷിക്കുക. റ്റി.ജെ.എസ്. ജോർജ് എഴുതിയ *ഘോഷയാത്ര*യിൽ അവ സാനമൊരു ചോദ്യമുണ്ട്. ആകുന്നതെല്ലാം വെട്ടിപ്പിടിച്ചയാൾക്കും സ്വന്ത മെന്നുപറയാൻ എന്താണുള്ളത്? പ്രവാസികളോടുള്ള ഈ ചോദ്യത്തിന് അദ്ദേഹംതന്നെ നിർദേശിക്കുന്ന ഉത്തരമിങ്ങനെ: ഒരു നാട്, ഒരു ഭാഷ, ഒരു മനസ്സാക്ഷി. പക്ഷേ, ഭൂരിപക്ഷത്തിനും ഇവയൊക്കെ കൈവന്നിരു ന്നെങ്കിൽ എന്ന ഒരു തേങ്ങൽമാത്രം ബാക്കിയാവുന്നു എന്നതാണ് സത്യം. കാരണം, കുറേക്കാലം തങ്ങിയ പുറംനാട്ടിൽനിന്നു തിരികെ പ്പോരാൻ മനസ്സുറയ്ക്കുന്നവർതന്നെ വിരളം. തിരിച്ചെത്തുന്നവരിലധി കവും ഇവ മൂന്നും നഷ്ടപ്പെട്ടവരോ, ഇവയൊന്നും ആവശ്യമില്ലെന്ന് തീരുമാനിച്ചവരോ ആണ്. അത് പോകട്ടെ, നാട്ടിൽതന്നെ ജീവിത മൽപ്പിടുത്തം നടത്തി ലാഭം കൊയ്യുന്നവരിൽ എത്രപേർക്ക് ശാശ്വത സുഖമെന്തെന്നറിയാം? നശ്വരമായ ഈ ജീവിതത്തിൽ ശാശ്വതമായത് കണ്ടെത്താനാവില്ലെന്നത് പകൽപോലെ വ്യക്തമാണ്. എന്നാലും നശ്വരമായത് നശ്വരമാണെന്ന തിരിച്ചറിവ് എപ്പോഴുമെന്നോണം മനുഷ്യരിൽനിന്ന് മറഞ്ഞിരിക്കുന്ന ഒരു സത്യമാണ്. ബുദ്ധിസ്ഥിരതയിലേ ക്കുള്ള തുടക്കം പക്ഷേ, അതിലാണ്. നശ്വരതയെ അംഗീകരിക്കാനാവു മ്പോൾ അല്പസുഖങ്ങൾ നമുക്ക് തൃപ്തിയേകാൻ കെല്പുള്ളവയായി ത്തീരുന്നു. എത്ര നിസ്സാരമാണെന്നു തോന്നിപ്പിക്കുന്നതും മഹത്തര

മാണെന്നും ഓരോ നിമിഷവും ആസ്വദിക്കുകയെന്നതു മാത്രമാണ് കലയേയും ബുദ്ധിയേയും ബന്ധിപ്പിക്കുന്നതെന്നും കണ്ടെത്തുന്നവർ ആർത്തികൾക്കടിമയാവില്ല. ഏത് സുഖത്തെയും കൊല്ലുന്ന ദുർഗുണ മാണ് ആർത്തി. ദരിദ്രർ ധനികരെക്കാൾ ശുദ്ധഹൃദയരും ശുഭാപ്തി യുള്ളവരും സന്തുഷ്ടരുമായിരിക്കുന്നത് അവരിലെ ബുദ്ധഗുണം മൂലമാണ്.

താൻ ചെയ്തുകൊണ്ടിരിക്കുന്നത്, ചെന്നെത്തിയ അവസ്ഥ, സുഖദായകമാണോ എന്ന് സ്വയം ചോദിക്കാൻതന്നെ മിക്കവരും ഭയപ്പെ ടുന്നു. കവിതാരചന സുഖംതരുന്നോ എന്ന ചോദ്യത്തിന് കവി കുഞ്ഞി രാമൻനായർ അക്കിത്തത്തിന് കൊടുത്ത ഉത്തരം അതീവ സുന്ദരമായി രുന്നു. ഈ കഥയും റ്റി.ജെ.എസ്. ജോർജ് പറയുന്നുണ്ട്.

"*ഈ ചോദ്യം പലവട്ടം ഞാൻ പനിനീർപ്പൂവിനോട് ചോദിച്ചതാണ്, ധനുമാസത്തിലെ കുയിലിനോട് ചോദിച്ചതാണ്, ചന്ദ്രോത്സവത്തിലെ കടലിനോടു ചോദിച്ചതാണ്: ഈ വിരിയൽ സുഖമാണോ? ഈ രാഗ ലഹരി സുഖമാണോ? ഈ വേലിയേറ്റം സുഖമാണോ? എപ്പോഴും ഒരേ ഉത്തരം: അതേ, ഇതു സുഖമാണ്, ഇതു മാത്രമാണ് സുഖം!*"

കവി കുഞ്ഞിരാമൻനായരോട് പനിനീർമൊട്ടു പറഞ്ഞതുതന്നെ യാണ് വയലിലെ ലില്ലിപ്പൂവ് യേശുവിനോടു പറഞ്ഞത്. അതു ശ്രവിക്കാൻ കഴിയുകയെന്നതാണ് ബുദ്ധത്വം. അതുകൊണ്ട് ബുദ്ധന്മാർ എപ്പോഴും ഉള്ളിൽ ചിരിച്ചുകൊണ്ടിരിക്കുന്നു.

❑

# 3

# ആത്മാവുള്ളവരുടെ രഹസ്യങ്ങൾ

ആരോ ബുദ്ധനോട് ചോദിച്ചു: "ഏറ്റവും വലിയ അത്ഭുതമെന്താണ്?" അദ്ദേഹം പറഞ്ഞു, "പരാവൃത്തി". ഈ വാക്കിനർഥം "ഉണരൽ" അല്ലെങ്കിൽ "തിരിച്ചുവരവ്" എന്നാണ്. ഏതൊരു ബുദ്ധപ്രേമിയും ഇഷ്ടപ്പെടുന്ന ചില വാക്യങ്ങളാണ് ഇനി കുറിക്കുന്നത്. ഉള്ളിലേയ്ക്ക് നോക്കുക, ആയിരം കാതങ്ങളകലെയുള്ള മേഘങ്ങളെ നിങ്ങൾക്ക് കാണാനാവും. ആല്മരങ്ങളിലെ പ്രാചീനസംഗീതം നിങ്ങൾക്ക് കേൾക്കാനാവും. ഈ പ്രാചീനസംഗീതം അനശ്വരമാണ്. സ്വനമില്ലാത്ത സ്വനമാണത്. അത് കേൾക്കണമെങ്കിൽ 'ഉണരൽ' ആവശ്യമാണ്. മൗനമാണ് അതിലേയ്ക്കുള്ള ഏക വഴി. പ്രണയം, അതിലേയ്ക്കുള്ള വാതിലും. കാരണം, ആത്മീയതയോട് ഏറ്റവുമടുത്തുനിൽക്കുന്നതാണ് പ്രണയം. അതിൽ, ഒരു ജീവാത്മാവ് മറ്റൊന്നുമായും, അതേത്തുടർന്ന്, മറ്റെല്ലാവുമായും ലയബദ്ധമായിത്തീരുന്നു.

അസ്തിത്വമുള്ള എന്തുമായി ഇഴുകിച്ചേരുക എന്നു പറഞ്ഞാൽ പ്രേമബദ്ധരായ രണ്ടു വ്യക്തികൾക്ക് സംഭവിക്കുന്നതിനു സമാനമായ ഒരു പ്രക്രിയയാണെന്ന് പറയുമ്പോൾ ആശ്ചര്യപ്പെടുന്നവർ പ്രണയിച്ചിട്ടില്ലെന്നു തീർച്ചയാണ്. പ്രണയത്തെപ്പറ്റി പാടാത്ത കവികളില്ല. എഴുതാത്ത കഥകളില്ല. തങ്ങൾ പ്രണയത്തിലാണെന്ന് ധരിച്ചുവശായി, അതിനായി മരിക്കുന്നവർ എന്നുമുണ്ടായിരുന്നു. എന്നാൽ, പ്രണയിക്കുക അത്രയൊന്നും എളുപ്പമുള്ള ഒരു കാര്യമേയല്ല. രണ്ട് കമിതാക്കൾ ഒന്നായിത്തീരുക; പയ്യെപ്പയ്യെ ശരീരത്തിന്റേതുൾപ്പെടെയുള്ള ആകർഷണത്തെ ആത്മാവിന്റെ സ്വരുമ അതിക്രമിക്കുക. അതുപോലെയാണ് ഒരാൾ

അസ്തിത്വത്തിൽ ലയിക്കാൻ പഠിക്കുമ്പോൾ സംഭവിക്കുന്നതും. ഭൗതികവും പദാർത്ഥപരവുമായത് അപ്രത്യക്ഷമായിട്ട്, തൽസ്ഥാനത്ത് ആത്മാവിന്റേതായ ഒരവബോധം തെളിഞ്ഞുവരുന്നു. അതിൽനിന്ന് ഒന്നും മാറ്റിനിറുത്തപ്പെടുന്നില്ല. കാരണം, അസ്തിത്വം ഒരു സമഗ്രതയാണെന്ന് കണ്ടെത്തിയ ഒരാൾക്കേ ഇത്തരമൊരു പ്രണയത്തിലെത്താനാവൂ.

രണ്ട് വ്യക്തികൾക്കിടയിൽ തളിരിടുന്ന പ്രണയമായാലും, അതിൽ സാവധാനം മറ്റെല്ലാരും, മറ്റെല്ലാവും ഉൾച്ചേരുന്നില്ലെങ്കിൽ, അത് ശുദ്ധവും പൂർണവുമായ പ്രണയമല്ല, അതുകൊണ്ട് അത് നിലനിൽക്കില്ല എന്നത് തീർച്ചയാണ്. ആദ്യകാഴ്ചയിലെ മതിഭ്രമമല്ല ഇതെന്ന് വ്യക്തമാണല്ലോ. ഇവിടെ പരാമർശിക്കുന്ന പ്രണയമെന്ന പ്രക്രിയ ഒരദ്ഭുതമാണ്. കാരണം, അഹത്തെ മറികടന്ന് അപ്പുറത്തേയ്ക്ക് ചെല്ലുകയും അവിടെ അതുതന്നെ ചെയ്യാൻ വെമ്പുന്ന മറ്റൊരാളാൽ സ്വീകരിക്കപ്പെടുകയുമാണ് അതിൽ സംഭവിക്കുന്നത്. സ്വന്തമസ്തിത്വത്തെ കൈമാറുകയാണത്. രണ്ട് ചതുരങ്ങളിൽ നിന്ന് ഒരു വൃത്തമുണ്ടാകുക എന്നതുപോലെ, അസാദ്ധ്യമായത് സാദ്ധ്യമാവുകയാണത്. അതുകൊണ്ട്, ഇരുഭാഗത്തും ഒരേപോലെയുള്ള പ്രതികരണം ഉണ്ടാകാതെ ഇത്തരം പ്രണയം സംഭവിക്കില്ല. അന്യോന്യമുപയോഗിക്കലോ കീഴടക്കലോ ശുദ്ധ പ്രണയത്തിൽ ചിന്തനീയമേയല്ല. പരസ്പരബഹുമാനത്തോടെയുള്ള പൂർണമായ ഉൾച്ചേർച്ചയാണത്. അസ്തിത്വപ്രേമമെന്നാൽ ഒരു പടികൂടി കടന്ന്, അസ്തിത്വമുള്ളതെല്ലാവുമായി ഇങ്ങനെയൊരു സൗഹൃദം സ്ഥാപിക്കലാണ്. വെറുതെയല്ല അതിത്ര വിരളമായിരിക്കുന്നത്. അതിന് കഴിഞ്ഞിട്ടുള്ളവരിൽ ഒരു ബുദ്ധനുണ്ട്, ഒരു യേശുവുണ്ട്, ഒരു മഹാവീറുണ്ട്, ഒരു ഫ്രാൻസീസും രമണമഹർഷിയുമുണ്ട്; ഒരു കൊച്ചുത്രേസ്യയും ക്ലാരയുമുണ്ട്. അങ്ങനെ ചുരുക്കം ചിലർ. എന്തുകൊണ്ടാണ് അസ്തിത്വത്തെ പ്രണയിക്കുന്നവർ ഇത്ര കുറഞ്ഞുപോകുന്നതെന്നു ചിന്തിക്കേണ്ടത് ഒരത്യാവശ്യമാണ്. കാരണം, മനുഷ്യാസ്തിത്വത്തിന്റെ സവിശേഷത തന്നെ പ്രണയിക്കാനുള്ള അതിന്റെ കഴിവാണ്. എങ്കിൽ അതെന്തെന്നും എങ്ങനെയെന്നും നാം അറിയേണ്ടതുണ്ട്. ഈയൊരറിവാണ് ആത്മാവ്. *ആത്മാവുള്ളവരുടെ രഹസ്യങ്ങൾ* എന്ന് ശീർഷകമെഴുതിയത് അതുകൊണ്ടാണ്.

ഈയർത്ഥത്തിൽ, ആത്മാവില്ലാത്തവർ ഭൂരിപക്ഷമായതെന്തുകൊണ്ട് എന്ന് സ്വാഭാവികമായും ചോദിച്ചുപോകും. അതിന് ഞാൻ കണ്ടെത്തിയ വിശദീകരണം ഏതാണ്ടിങ്ങനെ കുറിക്കട്ടെ. വേദനകളും ക്ലേശങ്ങളും ജീവിതത്തിന്റെ സഹജഭാഗമാണെന്ന ചിന്ത ചെറുപ്പം മുതൽ അടിച്ചേൽപ്പിക്കപ്പെടുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ പിറന്നു വീഴു

ന്നതുതന്നെ ഒരഗാധഗർത്തത്തിലേയ്ക്കാണ്. അന്ധവിശ്വാസങ്ങളുടെ ഒരു തമോഗർത്തം. ഏറ്റം നിഷ്കളങ്കരായ കുഞ്ഞുങ്ങളിലും ജന്മപാപ ത്തിന്റെയും കർമപാപത്തിന്റെയും ഭയം അടിച്ചേൽപ്പിച്ചാണ് ഓരോ സമൂഹവും മതവും അതിന്റെ അധികാരത്തെ അവരുടെമേലുറപ്പിക്കു ന്നത്. ഇഹലോകപരലോകങ്ങളെന്ന വേർതിരിവാണ് ആത്മാവിനെ കൊല്ലാനുള്ള വേറൊരു വഴി. ഈ ലോകത്തിലെ പോരായ്മകൾക്ക് ഒത്തൊരുമിച്ച് പരിഹാരം തേടുന്നതിനുപകരം, ഇവിടുത്തെ സഹന ങ്ങൾക്ക് പ്രതിഫലമായി മറ്റൊരു ജീവിതത്തെ ചൂണ്ടിക്കാണിച്ചാണ് മതങ്ങൾ മനുഷ്യരെ പാട്ടിലാക്കുന്നത്. അതോടെ ഈ ജീവിതവും അതുമായി ബന്ധപ്പെട്ടതൊക്കെയും എങ്ങനെയെങ്കിലും കടത്തിവിടേണ്ട ഒരിടവേള മാത്രമായി തരംതാഴ്ത്തപ്പെടുന്നു. ഇവിടെയുള്ളതെല്ലാം അപ്രധാനമായിത്തീരുന്നു. എന്തിനാണ് മനുഷ്യർ മതത്തിന്റെയും പാരമ്പ ര്യത്തിന്റെയും പേരിൽ ഇതൊക്കെ ചെയ്യുന്നത്? ഒരേയൊരു കാരണ മേയുള്ളൂ, അതിതാണ്: ആത്മാവുള്ളവരെ ഭരിക്കാനാർക്കുമാവില്ല.

വളരെ വലിയ യുക്തിവൈരുദ്ധ്യമായി തോന്നാം; പക്ഷേ, പരലോക മെന്ന കണ്ടുപിടുത്തത്തിലുള്ള അന്ധതനിറഞ്ഞ ഈ ഊന്നലാണ് മേൽപ്പറഞ്ഞ ആത്മാവിന്റെ തലത്തിൽനിന്ന് മനുഷ്യനെ താഴേയ്ക്ക് തള്ളിയിടുന്നത്. ഈ ജീവിതത്തിലുടനീളം ഒരു രമണീയ സാന്നിദ്ധ്യമായി രിക്കേണ്ട പരാശക്തിയെ വിധികർത്താവും ശിക്ഷകനും സമ്മാനദായകനു മായി ഉയർത്തി മാറ്റിനിർത്തുന്നതുതന്നെയാണ് ദൈവവുമായി താദാത്മ്യം പ്രാപിക്കുന്നതിനുള്ള ഏറ്റവും വലിയ തടസ്സമായിത്തീരുന്നത്. അതോടെ ദൈവാരാധന അടിമകളുടെ കടമയായി തരംതാഴുന്നു. അസ്തിത്വംതന്നെ ഏതോ മുൻജന്മപാപത്തിനുള്ള ശിക്ഷയും വിധിയോ ടുള്ള അടിമത്തവുമായി കരുതപ്പെടുന്നു. പിന്നെയതിലെങ്ങനെ ഒരാൾക്ക് സൗന്ദര്യം കാണാനാവും? അതിലെങ്ങനെ നിർവൃതികൊള്ളാനാവും? എങ്ങനെയതിനെ പ്രണയിക്കാനാവും? ദൈവികത, ആത്മീയത, ധാർമികത, വിശുദ്ധി എന്നിവയെപ്പറ്റിയെല്ലാം 'റെഡിമെയ്ഡ്' ആശയങ്ങൾ തലമുറകളായി കൈമാറപ്പെടുകയാണ്. അവയിലെന്തിനെയെങ്കിലുംപറ്റി എന്തെങ്കിലും സ്വന്തമായി കണ്ടെത്താനുള്ള അവസരങ്ങൾ നിർബന്ധ ബുദ്ധിയോടെ നശിപ്പിക്കപ്പെടുകയാണ്. നിർബന്ധിത വേദപഠന ക്ലാസ്സു കൾ, വചനോത്സവങ്ങൾ, അഭിഷേകധ്യാനങ്ങൾ എന്നിവയിലൂടെ യൊക്കെ എല്ലാ സത്യാന്വേഷണങ്ങളും തടയപ്പെടുകയാണ് ചെയ്യുന്നത്. മനുഷ്യചേതനക്ക് സ്വാതന്ത്ര്യം അനുവദിക്കരുത് എന്ന പിടിവാശിയോടെ ഇളം മനസ്സുകളിൽ ഏതാനും അപക്വവിശ്വാസങ്ങൾ ഇടിച്ചുറപ്പിക്കാനാണ് ഇത്തരം വേദികളിൽ മതത്തിന്റെ തൊഴിലാളികൾ കിണഞ്ഞു പരിശ്ര

മിക്കുന്നത്. അറിഞ്ഞോ അറിയാതെയോ, ആത്മീയതയുടെ പേരിൽ, ആത്മാവില്ലാത്ത അനുയായികളെ സൃഷ്ടിക്കുന്ന പരിപാടികളാണിവ. അതോടെ അവരെ നിയന്ത്രിക്കാനെളുപ്പമാണ്. കർക്കശമായും ഏക പക്ഷീയമായും തിരഞ്ഞെടുത്ത ഏതാനും മതാചാരങ്ങളിൽ അവരെ കെട്ടിയിടാം. ദശാംശം ചോദിച്ചു പീഡിപ്പിക്കാം. വേണ്ടിവരുമ്പോൾ, വിമോ ചനസമരംപോലുള്ള സ്വാർത്ഥഭ്രമങ്ങൾക്കായി അവരെ സംഘടിപ്പിക്കാം. പരലോകത്തിനുവേണ്ടി എന്നുപറഞ്ഞ് എന്തും സഹിക്കാൻ പ്രേരി പ്പിക്കാം. ഈ വരികൾ വായിക്കുന്ന ഉറച്ച വിശ്വാസികൾ മുഖം ചുളിപ്പിക്കു മെന്നറിയാം. എന്നാൽ, സുഹൃത്തുക്കളേ, ഇതൊന്നും ഒരവിശ്വാസിയു ടെയോ അല്പവിശ്വാസിയുടെയൊ, ജൽപനങ്ങളല്ല, മറിച്ച്, സ്വയം തടിച്ചു കൊഴുക്കാനും ആൾബലം കൂട്ടാനുംവേണ്ടി ഏത് മതവും കാർക്കശ്യ ത്തോടെ കാത്തുസൂക്ഷിക്കുന്ന ഇരട്ടത്താപ്പുകളിലേയ്ക്ക് വിരൽചൂണ്ടുക മാത്രമാണ്. മേല്പ്പറഞ്ഞതൊക്കെ പ്രോത്സാഹിപ്പിച്ചു പ്രസംഗിക്കുന്ന, എന്നാൽ സ്വകാര്യതയിൽ, ഇതൊക്കെ ശുദ്ധയബദ്ധങ്ങളാണെന്ന് സമ്മതിക്കുന്ന, നിരവധി വൈദികരെ എനിക്കറിയാം. പിന്നെയെന്തിന് അസത്യം പറയുന്നു എന്ന് ചോദിച്ചാൽ, അതാണ് ജനത്തിനു വേണ്ടത് എന്നാണവരുടെ നിസ്സംഗത നിറഞ്ഞ മറുപടി. ഉള്ളിന്റെയുള്ളിൽ തോന്നു ന്നത് പറഞ്ഞാൽ അവരുടെ ജോലി മാത്രമല്ല, ഇതുവരെ കെട്ടിപ്പടുത്ത അവരുടെ പ്രതിച്ഛായയും നഷ്ടപ്പെടുമെന്ന ഭയവും അവരിൽ ചില രെങ്കിലും മറച്ചുപിടിക്കുന്നില്ല.

ഇങ്ങനെ, ഇഹത്തിലെ വേദനകളെയും ഭയങ്ങളെയും കച്ചവടച്ച രക്കും പരലോകസമ്മാനം നേടിത്തരുന്ന ഭാഗ്യക്കുറികളുമാക്കുകവഴി പ്രബലപ്പെട്ട മതങ്ങൾ അരങ്ങേറുന്നതിന് എത്രയോ മുമ്പ്, ഭാരതീയ ചിന്തയിൽ കുരുത്ത ഒരു മഹത്സന്ദേശമുണ്ട്. അതിതാണ്: അസ്തിത്വം ഭാഗികമായും മൊത്തത്തിലും സുന്ദരവും ആഹ്ലാദജന്യവുമാണ്. അത് പരിപൂർണമാണ്. *ഓം, പൂർണമദ: പൂർണമിദം / പൂർണാത് പൂർണമുദ ച്യതെ / പൂർണസ്യ പൂർണമാദായ / പൂർണമേവാവശിഷ്യതേ.*

അസ്തിത്വത്തിന്റെ മഹാവിസ്മയത്തിലേയ്ക്കുള്ള വാതിൽ തുറക്കാനുള്ള താക്കോലാണിത്. മാണ്ഡൂക്യോപനിഷത്തിലെ ഈ ബീജശ്ലോകത്തിന്റെ അന്തരാർത്ഥങ്ങൾ മനസ്സിലാക്കുന്നവർക്ക്, മതങ്ങൾ കെട്ടിപ്പടുക്കുന്ന അന്ധകാരത്തിന്റെ തടങ്കലിൽ പിന്നെ ഒരു നിമിഷം പോലും നരകിക്കേണ്ടിവരില്ല. എങ്കിൽ അതിനൊരു ശ്രമം അനുപേക്ഷ ണീയമാണല്ലോ.

ആദ്യം ശ്ലോകത്തിന്റെ വാച്യാർത്ഥം. അതിതാണ്. അവിടെയുള്ളത് (അദൃശ്യമായത്) പൂർണമായതുകൊണ്ട് ഇതും (ഇവിടെയുള്ളത്, ദൃശ്യമായത്) പൂർണമാണ്. കാരണം, പൂർണത്തിൽ നിന്ന് പൂർണമായതേ ഉണ്ടാകൂ. പൂർണത്തിൽ നിന്ന് പൂർണമെടുത്താലും, ഉള്ളത് പൂർണം തന്നെയാണ്.

പൂർണം എന്ന ഒറ്റ വാക്കാണ് ഉപനിഷത്തുകളുടെ ഈ അടിസ്ഥാന മന്ത്രത്തിന്റെ കാതൽ. സംസ്കൃതം ഒരു കാവ്യഭാഷയാണ്. അതായത്, വളരെ അയവുള്ള ഒരു ഭാഷ. ആധുനികഭാഷകൾ വാക്കുകളുടെ അർത്ഥ ധ്വനികളിൽ ക്ളിപ്തതക്കും നിഷ്ഠക്കുംവേണ്ടി ശാഠ്യം പിടിക്കുമ്പോൾ, സംസ്കൃതപദങ്ങൾക്ക് അർത്ഥങ്ങളുടെ ഒരു വർണരാജി തന്നെയുണ്ട്. നമ്മുടെ ഋഷികൾ ഈ വാക്കുകൊണ്ടുദ്ദേശിച്ചതെന്താണെന്ന് *The Ultimate Philosophy* എന്നൊരു കൃതിയിൽ ഒരു സെൻഗുരു പടിപടിയായി വിശദീകരിച്ചുതരുന്നത് നോക്കുക.

1. *പൂർണത്വം.* ഇതാണ് ഏറ്റം സ്ഥൂലമായ അർത്ഥം. പൂർണത്വ മെന്നാൽ പൂർണമല്ലാത്തതിൽനിന്ന് എത്തിച്ചേർന്ന അവസ്ഥയാണ്. അതിനപ്പുറത്ത് ഒന്നുമില്ലതാനും. നമ്മുടെ അസ്തിത്വം, പക്ഷേ, ജൈവ മാണ്. അതൊരൊഴുക്കാണ്, ഒരു പരിണാമപ്രക്രിയയാണ്. അതുകൊണ്ട്, ആത്മതലത്തിൽ, പൂർണത്തിന് ഈയർത്ഥം ചേരില്ല.

2. *സാകല്യത* എന്നതാണ് പൂർണത്തിനുള്ള മറ്റൊരർത്ഥം. ആകെ ത്തുകയെന്ന ഇതിലെ ആശയം ഗണിതശാസ്ത്രപരമാണ്. ഒരു യന്ത്രത്തിന്റെ ഭാഗങ്ങൾ ചേരുംപടി ചേർത്താൽ സാകല്യതയായി, രണ്ടും രണ്ടും ചേർന്നാൽ നാലാകുമ്പോലെ. എന്നാൽ ജൈവികത യന്ത്രമോ ഗണിതമോ അല്ല. യന്ത്രത്തിന്റെ ഒരു ഭാഗം കേടായാൽ അതു മാറ്റി വയ്ക്കാം. അതിന്റെ ഭാഗങ്ങൾക്ക് തനിമയാവശ്യമില്ല. എന്നാൽ, അസ്തി ത്വത്തിൽ എല്ലാറ്റിനും അതാതിന്റെ തനിമയുള്ളതിനാൽ, അതിനെ വെറുതേ സാകല്യമെന്ന് പറഞ്ഞുനിറുത്താനാവില്ല.

3. *സമ്പൂർണത.* പൂർണമെന്ന് ഏറ്റം ഹൃദ്യമായി പറയാവുന്നത് ഈ വാക്കിലൂടെയാണ്. കാരണം, സമ്പൂർണത ആകെത്തുകയിലും അധിക മാണ്. ഈ അധിക വസ്തുവാണ് ജീവചൈതന്യത്തിന്റെ രഹസ്യം. നിഗൂഢമായതുകൊണ്ടാണ് അത് രഹസ്യമായിരിക്കുന്നത്. അസ്തിത്വം വെറുമൊരു സമുച്ചയമല്ല. ഓരോ ഭാഗത്തിനും അനിവാര്യതയുണ്ട്. ഓരോ പുൽക്കൊടിയും ഓരോ മണൽത്തരിയും മറ്റേതുംപോലെ തനിമയാർ ന്നതും അനിവാര്യവുമാണ്. ഓരോന്നും വിലയുറ്റതാണ്. അങ്ങനെയാണ് അസ്തിത്വം മൊത്തത്തിൽ ഒരു ചൈതന്യസമഗ്രതയായിത്തീരുന്നത്.

ഈ അർത്ഥത്തിലാണ് 'പൂർണമദ: പൂർണമിദം' എന്ന് പറയുന്നത്. ഇതിൽ 'അദ:' = അപ്പുറത്ത് ഉള്ളത്, അദൃശ്യമായത്, നിഗൂഢമായത്. 'ഇദം' = അഭിവ്യക്തവും ദൃശ്യവുമായത്, പരിമിതിയുള്ളതായി കാണപ്പെടുന്നത്. എന്നാൽ, അത് പൂർണമായിരിക്കുന്നതുപോലെ ഇതും പൂർണമാണെന്ന് വേദാന്തജ്ഞാനികൾ ശാഠ്യംപിടിക്കുമ്പോൾ, നാം കുഴങ്ങുന്നു. ഈ സമസ്യയെ മറികടക്കുക എന്നതാണ് ബോധോദയം.

ഇക്കാര്യത്തിൽ ചില നല്ലയുപമകൾ നമ്മുടെ സഹായത്തിനുതകും. വേദഭാഷയിലെ 'തത്' അനന്തമായ ഈശ്വരീയതക്ക് വേണ്ടി ഉപയോഗിക്കുന്ന വാക്കാണെന്നു മറ്റൊരു ലേഖനത്തിൽ കുറിച്ചിട്ടുണ്ട്. സമ്പൂർണതയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, നാമുൾപ്പെടുന്ന 'ഇദം' സമ്പൂർണമാണെന്ന് എങ്ങനെ പറയാനാകും? ഒരു വിത്തിന്റെയുപമ ഇവിടെ സഹായകരമാകും. ഒരു കായിൽ, ഒരു മരമല്ല, ഇനിയങ്ങോട്ട്, അതിൽനിന്നുണ്ടാകാൻപോകുന്ന കോടിക്കണക്കിനു മരങ്ങളും ഉൾക്കൊള്ളുന്നുവെന്നു പറഞ്ഞാൽ അതു വെറും സത്യമാണ്. ഈ സത്യം മനസ്സിൽവച്ചുകൊണ്ട്, നമ്മുടെയോ, അയൽപക്കത്തെയോ ഒരു കുഞ്ഞിന്റെ നിഷ്ക്കളങ്ക മുഖത്തേയ്ക്കു നോക്കുക. അതിന്റെ അപ്പന്റെയും അമ്മയുടെയും മാത്രമല്ല, പല തലമുറകൾ പിന്നിലുള്ളവരുടെ അംഗവിന്യാസങ്ങളും, ആത്മഭാവങ്ങളും പോലും ആ ഇളം ശരീരവും അതിലെ ബോധവും വളർച്ചയിലുടനീളം ഒന്നിനൊന്നു തെളിമയോടെ പ്രത്യക്ഷീകരിച്ചുകൊണ്ടിരിക്കുന്ന ആ വിസ്മയം നമ്മെ വശീകരിക്കുന്നില്ലെങ്കിൽ പിന്നെയെന്താണ് നാം കാണുന്നത്? കണ്ണിൽപ്പെടാനില്ലാത്ത രണ്ട് സൂക്ഷ്മകോശങ്ങളിൽ ഒളിച്ചുവച്ചിരുന്ന ഭൂതവും ഭാവിയും മുഴുവൻ ആ കുഞ്ഞിൽ സ്വരുമിപ്പിക്കുന്ന ആ അനന്തബോധത്തിന്, ചിന്തിക്കാതെ തന്നെ, നാം അടിപ്പെട്ടുപോകുന്ന അവബോധത്തിന്റെ ഒരവസ്ഥ വന്നു ചേരണം. ആനന്ദമെന്തെന്ന് അപ്പോഴേ നാമറിയൂ.

ഏത് പ്രാണിയിലും - ഏത് കുരുവിലും, ഏതണ്ഡത്തിലും, ഏത് ബീജത്തിലും - ഒളിഞ്ഞിരിക്കുന്ന ഈ ശക്തി അനന്തബോധമല്ലാതെ പിന്നെയെന്താണ്? ഇതേയർത്ഥത്തിൽ, നാമോരോരുത്തരിലും പൂർണതക്കുള്ള സാധ്യത ഒളിഞ്ഞിരിപ്പുണ്ട്. മണ്ണും വെളിച്ചവും മാടിവിളിക്കുമ്പോൾ വിത്ത് മുളയ്ക്കുമ്പോലെ, മൗനവും ധ്യാനവുമൊത്തുചേരുമ്പോൾ, നമുക്കുള്ളിൽ മുകുളമായി ഒളിഞ്ഞിരിക്കുന്ന ബോധം സമ്പൂർണതയിലേയ്ക്ക് വികസിക്കുന്നു. അതു സംഭവിക്കുന്നില്ലെന്നാൽ, മണ്ണും വെളിച്ചവും കിട്ടാതെ കുരു കുശുത്തുചീഞ്ഞ് നശിച്ചുപോകുമ്പോലെ, മനുഷ്യജീവന് ആത്മാവിനെ നഷ്ടപ്പെടുക എന്നാണർത്ഥം. നമ്മൾ പഠനവിഷയമാക്കിയ ശ്ലോകത്തിന്റെ ആദ്യ

പാദത്തിന്റെ സ്ഥിരീകരണം മാത്രമാണ് മറ്റ് മൂന്നും. ഒരിക്കൽ പ്രകടിപ്പിച്ച ആശയം അടുത്ത വാക്യത്തിൽ മറ്റ് വാക്കുകളുപയോഗിച്ച് ആവർത്തിക്കുക ബൈബിളിലും കാണാവുന്ന ഒരു ശൈലിയാണ്.

അപ്പോൾ, ശ്ലോകത്തിൽ ബാക്കിയാവുന്നത് *ഓം* ആണ്. 'ഓം' കൊണ്ടാണ് ഉപനിഷത്തുകളെല്ലാം ആരംഭിക്കുന്നത്. വെറുതേയെടുത്താൽ, 'ആം', 'ആമ്മേൻ' തുടങ്ങിയവപോലെ ഒരംഗീകാരശബ്ദമാണിതും. എന്നാൽ ആദിശബ്ദമായാണ് വേദാന്തം ഓങ്കാരത്തെ കാണുന്നത്. മനുഷ്യചരിത്രത്തിലെ ഏറ്റം പുരാതന ഗ്രന്ഥങ്ങളിലൊന്നായ ഋഗ്വേദം പറയുന്നത്, ആദിയിലുണ്ടായിരുന്നത്, അതായത്, ആദിയില്ലാതെ എന്നുമുണ്ടായിരുന്നത് എന്തോ, അതാണ് ബ്രഹ്മം എന്നാണ്. തെറ്റിദ്ധരിക്കാവുന്ന ഒന്നാണ് ഈ ശബ്ദം. അത് യഹൂദരുടെ യാവെ, മുസ്ലിമിന്റെ അല്ലാഹു, ക്രിസ്ത്യാനിയുടെ സ്വർഗസ്ഥനായ പിതാവ് എന്നീ അമൂർത്ത സങ്കല്പങ്ങളുമായി താരതമ്യമനുവദിക്കുന്നയൊന്നല്ല, മറിച്ച്, ദൃശ്യാദൃശ്യമായതിലെല്ലാം വ്യാപിച്ചിരിക്കുന്ന ശക്തിചൈതന്യമെന്തോ, അതാണ് ബ്രഹ്മം. ഈ ബ്രഹ്മചൈതന്യത്തെയാണ് ഓം പ്രതിനിധീകരിക്കുന്നത്. ഏത് ആദ്യപ്രകമ്പനത്തിൽനിന്നാണോ ഈ പ്രപഞ്ചസംവിധാനം അല്ലെങ്കിൽ ബ്രഹ്മാണ്ഡം രൂപംകൊണ്ടത്, അതായും വേദാന്തത്തിൽ 'ഓം' നിലകൊള്ളുന്നു.

വളരെ പൗരാണികമായ ഒരു ചിന്തയാണിത്. സൃഷ്ടിക്കു പിന്നിലെ ശക്തിയായ *വചനം* എന്നയർത്ഥത്തിൽ *Logos* എന്ന വാക്ക് ആദ്യമുപയോഗിച്ചത് ഗ്രീസുകാരനായ ഹെരാക്ളിറ്റസാണ്. പ്ലേറ്റോ അതിന് The Idea of Ideas എന്ന താത്ത്വികാർത്ഥം കൊടുത്തു. ഈ അർത്ഥം കടമെടുത്താണ് യഹൂദ ചിന്തകൻ Philo Judaeus, Logos = Wisdom of God എന്നാക്കിയത്. അദ്ദേഹവും 'സ്രഷ്ടാവിന്റെ ഇച്ഛാശക്തി' എന്നാണ് അതുകൊണ്ടുദ്ദേശിച്ചത്. ഇത് മനസ്സിൽ വച്ചുകൊണ്ടാണ്, പുതിയ നിയമത്തിലെ ഒരു സുവിശേഷകൃതിയുടെ രചയിതാവ്, യോഹന്നാൻ *ആദിയിൽ ഉണ്ടായിരുന്നത് വചനമായിരുന്നു, ആ വചനം ദൈവത്തിന്റേതായിരുന്നു, എല്ലാവും ആ വചനത്തിൽ നിന്നുണ്ടായി* എന്നെഴുതിയത്. എന്നാൽ അതിനൊക്കെ എത്രയോ മുമ്പ്, ആർഷഭാരതത്തിൽ നമ്മുടെ പൂർവസൂരികൾ വളരെ വ്യക്തമായിത്തന്നെ ഇങ്ങനെയെഴുതിവച്ചു: *ഭൂതം ഭവത് ഭവിഷ്യദിതി സർവമോങ്കാര ഏവ.* അർത്ഥം: ഉണ്ടായിരുന്നതും ഉള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സർവ്വവും ഓങ്കാരമത്രേ (മാണ്ഡൂക്യോപനിഷത്ത്). ഈ വേദാന്തപാഠത്തെ ആധുനിക ഭൗതികശാസ്ത്രവും സ്വന്തമാക്കിയിരിക്കുന്നു എന്നത് അദ്ഭുതകരംതന്നെ. Quantum Physics അനുസരിച്ച്, ഊർജ്ജസ്പന്ദനമാണ് അസ്തിത്വമുള്ള എല്ലാറ്റിന്റെയും മൂലഘടകം.

പ്രപഞ്ചമായ പ്രപഞ്ചമെല്ലാം electromagnetic energyയുടെ ഭാവാന്തരങ്ങൾ മാത്രമാണ്. ഫോട്ടോൺ കണങ്ങളുടെ തരംഗരൂപേണയുള്ള സഞ്ചാരമായ പ്രകാശവും അതിലുൾപ്പെടുന്നു. 'വെളിച്ചമുണ്ടാകട്ടെ' എന്നാണ് സൃഷ്ടികർമ്മത്തെപ്പറ്റി ബൈബിൾ മനോഹരമായി സംഗ്രഹിച്ചു പറഞ്ഞിരിക്കുന്നത്. നമുക്കുള്ളിലും ഈ വെളിച്ചത്തിന്റെ ഒരംശം ചിതറിവീണു പടരുമ്പോൾ, അസ്തിത്വത്തെ അതിന്റെയെല്ലാ ഭാവങ്ങളിലും പ്രണയിക്കാൻ നമുക്കും കൊതിക്കാം. നാലപ്പാട്ട് ബാലാമണിയമ്മയുടെ വാക്കുകൾ ചെവിയിൽ മുഴങ്ങുന്നു: *'പ്രപഞ്ചത്തോടോ ജീവജാലങ്ങളോടോ ഒരൊറ്റ വ്യക്തിയോടുതന്നെയോ മനുഷ്യാത്മാവ് താദാത്മ്യംകൊള്ളുമ്പോഴാണ് ജീവിതത്തിലെ മഹാനുഭൂതികളെല്ലാമുണ്ടാകാറ്.'*

അത്തരമൊരു ഐശ്വര്യസ്പർശത്തിന്റെ ലക്ഷണങ്ങളിൽ ചിലത് ഇവയാണ്: സൃഷ്ടിവൈവിധ്യങ്ങൾ നമുക്ക് ഒന്നിനൊന്നു ആകർഷകമായിത്തീരും. വെറും അനുദിനചര്യകൾപോലും ആനന്ദം പകരും. അന്യരുടെയഭിപ്രായങ്ങൾ നമ്മെ സ്വാധീനിക്കില്ല; അംഗീകാരങ്ങൾക്കും സ്തുതികൾക്കുമായി നാമൊന്നും ചെയ്യാതാകും. താരതമ്യങ്ങൾ നമ്മെ അലട്ടുകയില്ല. ഒന്നിനും സ്വയമളവുകോലാകാൻ നാമനുവദിക്കില്ല. നന്മതിന്മകളെപ്പറ്റി തീർപ്പുകല്പിക്കുക നമ്മുടെ വിഷയമേയല്ലാതാകും. പരിപൂർണ നിഷ്കളങ്കതയുടെ സുസ്ഥിതിയാണത്. *'വെളിച്ചത്തിൽ കുളിച്ചു നിൽക്കുക'* എന്നാണിതിനെ ഒരു സെൻമാസ്റ്റർ വിളിച്ചത്. കളങ്കമില്ലായ്മ മാത്രമല്ലത്; ഒരു ശിശുവിന്റേതുപോലെ, കളങ്കമെന്തെന്നു പോലും അറിയാത്ത അവസ്ഥയുമാണത്. അവസാനമായി, നന്മയായതും സുന്ദരമായതും, അവയുടെയുറവിടം എവിടെയായാലും, നമ്മെ സന്തുഷ്ടരാക്കും. കാരണം, അസ്തിത്വത്തിന്റെ സമ്പൂർണമായ ഐക്യത്തിൽ, എല്ലാം എല്ലാവരുടേതുമാകാതെ തരമില്ലല്ലൊ.

❑

# 4

# മനുഷ്യചേതനയും ആകാശവും

സംസ്കൃതത്തിൽ, കം = ശരീരം; ഖം = ആകാശം. മനുഷ്യശരീരം നിർമ്മിച്ചിരിക്കുന്നത് എന്തെല്ലാംകൊണ്ടാണ് എന്ന ചോദ്യത്തിന് ജീവശാസ്ത്രജ്ഞന്റെ ഉത്തരമാവില്ല ആയുർവേദം തരുന്നത്. ആധ്യാത്മികസാധനയിലൂടെയുള്ള ആയുർവേദത്തിന്റെ കണ്ടെത്തലുകൾ വിസ്മയാവഹമാണ്. അതനുസരിച്ച്, ശരീരം പഞ്ചഭൂതനിർമ്മിതിയാണ്. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നിവയാണ് പഞ്ചമഹാഭൂതങ്ങൾ. ഇവയിൽ ആദ്യത്തെ നാലിന്റെയും തന്മാത്രകളെ കണ്ടെത്താം. എന്നാൽ ഇടം (space) എന്നർത്ഥമുള്ള ആകാശത്തിന്റെ കാര്യത്തിൽ അങ്ങനെയൊന്നില്ല. സ്ഥൂലശരീരത്തിന് സ്ഥിതിചെയ്യാൻ ഇടം വേണമെന്നയർത്ഥത്തിലല്ല, മറിച്ച്, ശരീരത്തിന്റെ ആന്തരിക ഘടനയിൽത്തന്നെ ആകാശമുൾക്കൊള്ളുന്നുണ്ട് എന്നുതന്നെയാണ് ആയുർവേദപാഠം. ഈ ആകാശം എന്നാൽ എന്തെന്ന് ഒരിടത്തും എഴുതിക്കണ്ടിട്ടില്ല.

ആദ്യത്തെ നാലും മൂലകങ്ങളാണ്. അവയിലോരോന്നായി വിട്ടുപോകുമ്പോളാണ് ശരീരം മരണമടയുന്നത്. ആദ്യം വായു (ജീവാംശം), പിന്നെ അഗ്നി (ചൂട്), പിന്നെ ജലം. ബാക്കിയുള്ളത്, അതായത്, ഭൂമി (മണ്ണ്) മണ്ണോടുതന്നെ ചേരുന്നു. അപ്പോൾ ആകാശമോ? അത് ഈശ്വരാംശമായിരിക്കണം. മരണത്തെ അതിജീവിക്കുന്ന ഏകഘടകം മനുഷ്യനിലെ ആത്മാവ് (ദൈവാംശം) ആണെന്ന വിശ്വാസമാണല്ലോ, മരണം ശൂന്യതയിലേയ്ക്കുള്ള കവാടമല്ലെന്നു വാദിക്കാൻ മതങ്ങളെ പ്രേരിപ്പിക്കുന്നത്.

ഹിന്ദുപൂജയിൽ അർച്ചനയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ പഞ്ചഭൂതങ്ങളുടെ പ്രതീകങ്ങളാണെന്നും, അവ ധൂപം (വായുവിന്റെ), ദീപം (അഗ്നിയുടെ), പുഷ്പം (ഭൂമിയുടെ) എന്നിവയാണെന്നും തിരുവനന്തപുരത്തെ ഏകലവ്യാശ്രമമഠാധിപതി സ്വാമി അശ്വതിതിരുനാൾ ചൂണ്ടിക്കാണിക്കുന്നു. പൂജയിലെ തീർത്ഥം ജലംതന്നെ. എന്നാൽ, ആകാശത്തിന്റെ സ്ഥാനത്ത് പൂജയിൽ എന്തർപ്പിക്കപ്പെടുന്നു എന്നദ്ദേഹമൊട്ടു പറയുന്നുമില്ല.

ഇത് മന്ത്രം (വാക്ക്) ആയിക്കൂടെ? കാരണം, ഓങ്കാരത്തിന്റെ പ്രതീകമായിട്ടാണ് വിളക്കിനെയുപയോഗിക്കുന്നത്.* ഓം = ശബ്ദപ്രതീകം; വിളക്ക് = സ്ഥൂലപ്രതീകം. വിളക്കിലെ മൂന്നു തിരികളുടെയർത്ഥം ഇങ്ങനെയാണ്: ഒന്ന്, ശിവന്റെ ദേവിയായിരുന്നുകൊണ്ട് ലോകരക്ഷ ചെയ്യുന്ന പാർവതി: രണ്ട്, ബ്രഹ്മാവിന്റെ ദേവിയായിരുന്ന് വിദ്യ നൽകുന്ന സരസ്വതി; മൂന്ന്, വിഷ്ണുവിന്റെ പത്നിയായിരുന്ന് ഐശ്വര്യം നൽകുന്ന ലക്ഷ്മീദേവി.

മനുഷ്യചേതനയിൽ ആകാശത്തിന്റെ പൊരുളെന്തെന്നാണ് ഇവിടെ ചിന്തിക്കുന്നത്. ദീപം അഗ്നിയുടെ പ്രതീകമാകുന്നതിലൂടെ ചൂട് മാത്രമല്ല, പ്രകാശവും പ്രതിനിധീകരിക്കപ്പെടുന്നു. ആകാശം (ദ്യോവ്) പ്രകാശവുമാണ്, സംസ്കൃതഭാഷയിൽ. മരണത്തോടെ ഇതുമാത്രമാണ് ബാക്കിയാവുന്നതെങ്കിൽ, മനുഷ്യചേതനയുടെ സാരാംശം അതുതന്നെയായിരിക്കണം. എന്നാൽ, പലരുമറിയാത്തയൊന്നുണ്ട് - ജീവിച്ചിരിക്കുമ്പോൾത്തന്നെ ഉള്ളിൽനിന്ന് ആകാശം പുറന്തള്ളപ്പെടാം. അതായത്, സ്ഥൂലതയധികമാവുന്നതിലൂടെ. ഭൗതികമായതെല്ലാം സ്ഥൂലമാണ്, ഇടത്തെ നശിപ്പിക്കുന്നതാണ്. ഭൗതികതയിലാണ്ടുപോകുകയെന്നതും പിണ്ഡത്തിന് മുന്തൂക്കമുള്ളവരായി മാറുകയെന്നതും ഒന്നുതന്നെയാണ്.

ഇത്രയൊക്കെ അർത്ഥപുഷ്ടിയോടെ, പഞ്ചഭൂതങ്ങളിലൊന്നായി ആകാശത്തെ ഉൾപ്പെടുത്തിയ ഋഷികളുടെ ഉൾക്കണ്ണിന്റെ ശോഭ എത്ര പ്രശംസിച്ചാലും പോരാ.

---

*ഭാരത- ഹൈന്ദവസംസ്കാരത്തിൽ വിളക്ക് ഒരാത്മീയപ്രതീകമാണ്. ഭാരതവത്ക്കരണമെന്നൊക്കെ പേരുകൊടുത്ത്, ക്രിസ്ത്യാനികൾ വിളക്കിനെ പള്ളിയിലേയ്ക്കും കെട്ടിയെടുത്തു. എന്നാൽ, അതിന്റെ സംശുദ്ധിയിൽ സൂക്ഷിക്കുന്നതിന് പകരം, അവരതിനെ 'മാമ്മോദീസ' മുക്കി അഗ്രത്തിലൊരു കുരിശും വിളക്കിച്ചേർത്തു. അതും പോരാഞ്ഞ്, സൈഥര്യലേപനമെന്നോണം, സർക്കസ് കളിച്ചു തലകുത്തിനിൽക്കുന്ന ഒരു പ്രാവിനെയും (പരിശുദ്ധാത്മാവ്!) കുരിശിനു മുകളിൽ സ്ഥാപിച്ചു. പ്രാചീനമായ ഓരോരോ പ്രതീകങ്ങളെടുത്ത് ഇങ്ങനെ തോന്നുംപടി *ക്രിസ്തീയ*മാക്കുന്നതിലെ കലാശൂന്യതയും അശ്ലീകരണവും അറപ്പുളവാക്കുന്നതാണ്.

ആകാശമാണ് മനുഷ്യനിൽ ഇടമുണ്ടാക്കി മറ്റു ഭൂതങ്ങളെ വെറും പിണ്ഡാവസ്ഥയിൽ നിന്നുയർത്തുന്നത്. ആകാശത്തിന്റെ ഈ ചേരുവയില്ലെങ്കിൽ, ഫലം ഗുരുത്വമാണ്, താങ്ങാനാവാത്ത കനം. ലോലതക്കാധാരം ഇടമാണ്. അതാണ് ജീവനെ നമുക്ക് താങ്ങാവുന്നതാക്കുന്നത്. ഈ അഞ്ചിൽ ബാക്കിയൊക്കെ സ്ഥൂലമായിരിക്കുമ്പോൾ, ആകാശം മാത്രം സൂക്ഷ്മമാണ്. വ്യക്തിയിലെ ലാളിത്യം, നൈർമല്യം, കരുണ എന്നിവയൊക്കെ ആകാശത്തിന്റെ അർത്ഥവിതാനങ്ങളിൽ പെടുന്നു. സത്തയിൽ ആകാശത്തിന്റെയനുപാതം കുറയുമ്പോൾ കാണുന്നതിലേയ്ക്കെല്ലാം മനുഷ്യൻ ആകർഷിക്കപ്പെടുന്നു. ശമിക്കാത്തയാഗ്രഹങ്ങളായും അവയെ തൃപ്തിപ്പെടുത്താനുള്ള വസ്തുവകകളായും അവ വ്യക്തിയിൽ വന്നുനിറഞ്ഞ് ശ്വാസംമുട്ടിക്കുന്നു. അവ സൃഷ്ടിക്കുന്ന സ്ഥൂലത എല്ലാവിധ അസുഖങ്ങൾക്കും മുന്നോടിയായിത്തീരുന്നു.

സുഖമെന്നാൽ നല്ലയാകാശം എന്നാണർത്ഥം. അസുഖം അല്ലെങ്കിൽ ദു:ഖം ദു:സഹമായ ആകാശവും. സുഖദു:ഖങ്ങൾ ഒരു ബിന്ദുവിലൊതുങ്ങിനിൽക്കില്ല. രണ്ടും ചുറ്റുമുള്ളയിടങ്ങളിലേയ്ക്ക് വ്യാപിക്കും; പ്രകാശവും ഇരുട്ടുംപോലെ. ബാലാമണിയമ്മയുടെ *വാതിൽ തുറക്കുന്നേൻ, വീട്ടിന്നകത്തേയ്ക്കു / വാനിൻവെളിച്ചമേ, നീയൊഴുകൂ* എന്ന പ്രാർത്ഥനയും, *ഓം വിശ്വേശ്വരായ നമ:* എന്ന മന്ത്രവും മഹാകാശത്തെ നമുക്കുള്ളിലേയ്ക്ക് (ഘടാകാശത്തിലേയ്ക്ക്) ക്ഷണിക്കുകയാണ് ചെയ്യുന്നത്.

ബ്രഹ്മസത്ത എന്നയർത്ഥത്തിൽ, മനുഷ്യാസ്തിത്വത്തിന്റെ മുഖ്യഘടകമായി ആകാശത്തെ മനസ്സിലാക്കണമെന്ന ഈ ആശയത്തെ അതേപടി സ്ഥിരീകരിക്കുന്ന ഒരു ലേഖനം, ഇത്രയും എഴുതിക്കഴിഞ്ഞ ശേഷം, ഈയിടെയാണ് കാണാനിടയായത്. അതൊരു വലിയ സന്തോഷമായിരുന്നു. ഭഗവത്ഗീതയിൽനിന്നുദ്ധരിച്ച്, പല ആധുനിക ശാസ്ത്രീയ വീക്ഷണങ്ങളെയും ഖണ്ഡിച്ചുകൊണ്ട്, ശ്രീ E.C.G. സുദർശനാണ് പ്രസ്തുത ലേഖനമെഴുതിയിരിക്കുന്നത്. Spaceനെപ്പറ്റിയാണ് അതിൽ ചർച്ച. ഇതുവരെ ശൂന്യമെന്ന് ധരിച്ചിരുന്ന space ശൂന്യമല്ലെന്നും, അത് ബ്രഹ്മസാന്ദ്രമാണെന്നുമാണ് അദ്ദേഹം വാദിക്കുന്നത്. ഭൗതികശാസ്ത്രത്തിന്റെ വിഷയം സ്ഥൂലപദാർത്ഥമായതിനാൽ, പരീക്ഷണത്തിന് വിഷയമാകാത്തതൊന്നും സ്ഥിതിചെയ്യുന്നില്ലായെന്നു വാശിപിടിക്കുന്ന ശാസ്ത്രത്തിന് ആകാശം ശൂന്യമാണ്. അവിടെയാണതിന് തെറ്റുപറ്റിയത്. അറിയാനാകാത്തതിനെ ശൂന്യമെന്ന് വിളിച്ച് ഇല്ലായ്മയാക്കുന്ന രീതി ഒട്ടും ശാസ്ത്രീയമല്ല, ബുദ്ധിസഹമല്ല. വിദ്യുദ്കാന്തതരംഗങ്ങളും

ഗുരുത്വാകർഷണവും ആണവോർജ്ജവുമൊക്കെ പദാർത്ഥപരമാണ്. ഇവയൊക്കെ ഇടത്തിലൂടെ (ആകാശത്തിലൂടെ) വിദൂരത്ത് ബലം പ്രയോഗിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ, ഈ ആകാശം ശൂന്യമായിരിക്കാനിടയില്ല. കാരണം, പദാർത്ഥത്തിന്റെ സഞ്ചാരപഥം ശൂന്യമാവില്ല. ഈ ബലങ്ങളെല്ലാം ഒന്നിന്റെതന്നെ വിവിധ രൂപങ്ങളാണോയെന്നതും സ്ഥിരീകരിക്കപ്പെടാത്ത കാര്യമാണ്. വെറുമൊരു സാങ്കല്പികപ്രതിഭാസമായ സമയവും, ശൂന്യമെന്ന് ഭൗതികശാസ്ത്രം പറയുന്ന ആകാശവും കറുത്ത ദ്രവ്യത്തിന്റെ (dark matter) ഗുരുത്വാകർഷണത്താൽ വളയുമെന്ന ഐൻസ്റ്റൈന്റെ വാദവും മനസ്സിലാക്കാനാവുന്നില്ല. കാരണം, ഇല്ലാത്തത് എങ്ങനെ വളയും? ഇങ്ങനെ പോകുന്നു സുദർശന്റെ വാദഗതികൾ.

തൊട്ടറിയാവുന്നവ മാത്രമാണ് ദ്രവ്യം എന്ന സങ്കുചിത ചിന്തയായിരിക്കാം ഈ കീറാമുട്ടിയുടെ പിന്നിൽ. ആകാശവും ദ്രവ്യത്തിന്റെ മറ്റൊരു രൂപമാണെന്ന് എന്തുകൊണ്ട് കരുതിക്കൂടാ എന്നാണ് സുദർശൻ ചോദിക്കുന്നത്. ഗീതയിൽ നിന്ന് അദ്ദേഹം കണ്ടെത്തുന്ന വിശകലനങ്ങൾ ശ്രദ്ധേയമാണ്. ഗീത പഠിപ്പിക്കുന്നത് ശാസ്ത്രമല്ലെങ്കിലും, മനുഷ്യമനസ്സിലേയ്ക്ക് ജ്ഞാനപ്രകാശം പരത്തുന്ന കണ്ടെത്തലുകൾ അതിലുണ്ട്. ഉദാ. ബ്രഹ്മമെന്ന മാദ്ധ്യമം വിശ്വമാകെ വ്യാപിച്ചിരിക്കുന്നുവെന്ന് ഗീത പറയുന്നുണ്ട്. പരമമായ ശക്തിയെന്നാണ് വ്യംഗ്യം. അദൃശ്യമായ ഈ ബ്രഹ്മത്തിൽനിന്നാണ് പ്രപഞ്ചം ഉളവായിരിക്കുന്നത്. അല്ലെങ്കിൽ, ബ്രഹ്മത്തിന്റെയൊരംശമായി ദൃശ്യപ്രപഞ്ചത്തെ മനസ്സിലാക്കാം. ബ്രഹ്മമെന്ന വാക്കുതന്നെ വികാസമുള്ളത് എന്നാണല്ലോ.

ഗീതയോടൊപ്പം വിശ്വത്തെ മുഴുവൻ ബ്രഹ്മത്തിന്റെ സ്പന്ദനമായി കാണാനാവുക എന്നതിലേയ്ക്ക് വെളിച്ചം വീഴ്ത്താൻ സുദർശൻ ഇങ്ങനെ ശ്രമിക്കുന്നു: *ബ്രഹ്മസ്പന്ദനത്തിന്റെ പ്രതിസ്പന്ദനമാണ് പദാർത്ഥപരമായ പ്രപഞ്ചം. ഒരു കണികയുടെ സ്പന്ദനം നീണ്ടുനിൽക്കുന്നത്, ചുറ്റുമുള്ള ബ്രഹ്മവുമായിട്ടത് അനുരണനം (resonance) നടത്തുന്നതിനാലാണ്. ആ സ്പന്ദനം ബ്രഹ്മത്തിലുളവാക്കുന്ന പ്രതിസ്പന്ദനമാണ് ഗുരുത്വാകർഷണം. വിദ്യുദ്കാന്ത–ആണവ ബലങ്ങളെല്ലാം ഇതിന്റെ പ്രതിഭാസങ്ങൾതന്നെ. ഈ സൂക്ഷ്മസ്പന്ദനങ്ങളുടെ സാന്ദ്രതയിലാണ് ആകാശഗോളങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്പന്ദനത്തിന്റെ സ്വാഭാവിക ഗുണങ്ങളാണ് വികസ്വരത, സമത, ഉൾവലിവ് (രജസ്, സത്ത്, തമസ്സ്). എല്ലാറ്റിന്റെയും സ്രോതസ്സ് വിശ്വചേതനയായ ആദിബ്രഹ്മം (ഓം) തന്നെ. ബ്രഹ്മത്തിന്റെ അതിസാന്ദ്രതയിൽ നിന്നുത്ഭവിക്കുന്ന അനുരണനമാണ് ചതുർമാനങ്ങളുള്ള ആകാശമായി, സകല സൃഷ്ടിയുടെയും ഇടമായി, ഭവിക്കുന്നത്. അതെങ്ങനെ ശൂന്യമാകും?*

ഈ ബ്രഹ്മ(പ്രപഞ്ച)സ്പന്ദനം വളർന്നുവികസിച്ച്, എരിഞ്ഞടങ്ങി, വീണ്ടും ഉത്ഭവിച്ച് ആവർത്തിച്ചുകൊണ്ടിരിക്കുന്നതിനെയാണ് സൃഷ്ടി സംഹാരങ്ങളായി ഋഷികൾ മനസ്സിലാക്കിയത്. അപ്പോൾ, space ഇല്ലായ്മ യല്ല, സത്താണ്. മനുഷ്യസത്തയിൽ അടങ്ങിയിട്ടുള്ളതായി ആയുർവേദം പഠിപ്പിക്കുന്ന പഞ്ചഭൂതങ്ങളിലൊന്ന് ഈ ആകാശം തന്നെയാണ്. ഈയാശയം ശാസ്ത്രത്തിന് അംഗീകരിക്കാനാവില്ല. കാരണം, അതിന് space ശൂന്യമാണ്.

ഉള്ളതിന് ഇല്ലായ്മയില്ല. ഇല്ലാത്തതിന് ഉണ്മയുമില്ല. ഇതാണ് എല്ലാ അറിവിന്റെയും ഉള്ള്. അത് ശാസ്ത്രത്തെയും മറികടക്കുന്നതാണ്.

❑

# 5

# അഹന്തയുടെ അഭാവമാണ് ആത്മീയത

ഏതാനും അടിസ്ഥാനതത്ത്വങ്ങൾ അംഗീകരിക്കാതെ ഒരു വിഷയവും വിശകലനം ചെയ്യാനാവില്ലല്ലോ. അതുകൊണ്ട്:

1. ദൈവം എല്ലാ വിപരീതങ്ങൾക്കും അതീതനായിരിക്കണം.
2. ദൈവത്തോടടുക്കുക എന്നതാണ് ആത്മീയത.
3. അഹന്ത ആത്മാവിന്റെ ശത്രുവാണ്.

ഈ അടിത്തറയിൽ നിലയുറയ്ക്കുന്നവർക്ക് ഇനി മുകളിലേയ്ക്ക് കയറാം. എന്താണ് നന്മ, എന്താണ് നന്മയല്ലാത്തത് എന്നത് വ്യക്തിപരമായ കാഴ്ചപ്പാടനുസരിച്ചുള്ള വിലയിരുത്തലാണ്. രണ്ടുതരത്തിലുള്ള മനുഷ്യരുണ്ട്. പുറത്തേയ്ക്ക് നോക്കുന്നവരും ഉള്ളിലേയ്ക്ക് നോക്കുന്നവരും. ആദ്യത്തെ കൂട്ടർക്ക് അംഗീകാരമാണാവശ്യം. അവർ വളരെയെളുപ്പം ഭൂരിപക്ഷാഭിപ്രായത്തിനു വഴങ്ങും. ഇവർക്ക് നന്മതിന്മകൾ എന്നത് തങ്ങളുടെ ബാഹ്യലോകത്ത് എന്ത് സംഭവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. കാര്യങ്ങളുടെ അന്ത:സത്തയിൽ അവർക്ക് താത്പര്യമില്ല. സ്വന്തം സുസ്ഥിതിയാണവർക്ക് നന്മ. മറ്റെല്ലാം തിന്മയും.

മറിച്ച്, ഉള്ളിലേയ്ക്ക് കാഴ്ചയുള്ളവർക്ക് പ്രധാനം വ്യക്തതയും ശാന്തിയുമാണ്. വ്യക്തതക്ക് തടസ്സം വരുത്തുന്നത് അവർ തിന്മയായി കാണുന്നു. അന്യരുടെ അംഗീകാരത്തിന് ഇവിടെ പ്രസക്തിയില്ല. അവരുടെ മനോഗുണം വിരക്തിയാണ്. എന്ത് സംഭവിച്ചാലും അതിന് മുകളിൽ നിൽക്കാനാവുമെന്ന മനോധൈര്യം അതോടൊത്തു പോകുന്നതാണ്. എന്നാൽ ഈ വിരക്തിയും അഹന്തക്കൊരു മൂടുപടമായിത്തീരാം.

തനിക്കു മനസ്സിലാകുകയും മനസ്സിന് തൃപ്തി തരികയും ചെയ്യാത്തതിനെ നിരസിക്കാനുള്ള പ്രവണതയാണത്. വിരക്തിക്ക് പലപ്പോഴും പരിത്യാഗത്തിന്റെ പരിവേഷമണിയാം. പരിത്യാഗം നിരസിക്കലിന് തുല്യമാവുമ്പോൾ അവിടെ ദൈവം സന്നിഹിതനല്ല. കാരണം, ദൈവം, ആത്മീയത എന്നീ ആശയങ്ങളിൽ നിരസിക്കലല്ല, ഉൾക്കൊള്ളലാണു ണ്ടാവുക. സകലതിനെയും ആശ്ലേഷിക്കുന്ന സമഗ്രതയാണ് ദൈവികത. പൂർണതയ്ക്ക് മറ്റൊരു വ്യാഖ്യാനവും ചേരില്ല. ദ്വൈതത്തെ പിന്താങ്ങുന്നതൊക്കെ ദൈവത്തിൽനിന്നകലെയാണ്. സമസ്ത മാനങ്ങളും ഉൾക്കൊള്ളാനാകുക എന്നതുപോലെതന്നെ തന്റേതായ യാതൊരു മാനവും ആവശ്യമില്ലെന്ന് വരുന്നതും ദൈവമനസ്സിനോടടുക്കുകയാണ്.

പരിഹാസമാണ് ആത്മീയതക്ക് വന്നുഭവിക്കാവുന്ന മറ്റൊരപകടം. പരിഹാസം ആന്തരികശൂന്യതയുടെ ലക്ഷണമാണ്. എന്നാൽ കർമ്മനിരതയും നർമ്മബോധവും ആന്തരികാന്വേഷണത്തിനു വിഘാതമാകണമെന്നില്ല. ബാഹ്യമായ പ്രതിഫലനങ്ങൾ വേഗം തെറ്റിദ്ധരിപ്പിക്കും. ഉദാ. ഉൾക്കാഴ്ചയുള്ള ധനികനും പരിത്യാഗിയായി ജീവിക്കാനാകുമെന്ന് എത്രപേർ അംഗീകരിക്കുന്നുണ്ട്? അതേസമയം, എകാന്തവാസിയായ സന്ന്യാസി സ്വാർത്ഥനും ദുരാഗ്രഹിയുമായിക്കൂടെന്നില്ല. യഥാർത്ഥ സുകൃതം, ഭൗതികമായ മൂടുപടങ്ങൾക്ക് പിന്നിലും നന്മയുണ്ടെന്ന തിരിച്ചറിവാണ്. ഒരാളുടെ വിശ്വസ്തത ആന്തരികഫലത്തോടാണോ ബാഹ്യഫലത്തോടാണോ എന്നതാണ് ഇവിടെയൊക്കെ ശരിയായ മാനദണ്ഡം.

ദൈവികമായ കാഴ്ചപ്പാട് ശരി, തെറ്റ് എന്നിവയ്ക്കതീതമാണ്. അത്തരമൊരു മാനസികാവസ്ഥയിൽ ചെന്നെത്തുക ശരാശരി മനുഷ്യനുള്ളതല്ല. കാരണം, വേദനാജനകമായ സത്യങ്ങളെ ഒഴിവാക്കാനാണ് അധികമാളുകളും അവരുടെ സമയത്തിലധികവും ചെലവിടുന്നത്. സത്യമെന്തോ, അതിനെ, അത് നോവിക്കുന്നതായാലും, നിഷ്പക്ഷമായി സ്വാഗതം ചെയ്യാനാകുകയെന്നതാണ് ആത്മീയ ഉൾക്കാഴ്ചയുടെ പൊരുൾ. ആത്മീയതക്കുതകുന്ന ഉൾക്കാഴ്ചയുടെ സമുച്ചയത്തിൽ എന്തെല്ലാമുൾക്കൊള്ളുന്നുവെന്ന് ദീപക് ചോപ്ര (How to know God) വ്യക്തമാക്കുന്നത് ഇങ്ങനെയാണ്.

1. എല്ലാം നന്നായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

2. 'ആകസ്മിക സംഭവങ്ങൾ' കൂടുതലുന്നതമായ ജ്ഞാനത്താൽ നിയന്ത്രിക്കപ്പെടുന്നു.

3. ക്രമരഹിതമായ അവസ്ഥയെന്നത് നമ്മുടെ മിഥ്യാധാരണയാണ്. സംഭവങ്ങൾക്ക്, നാം കാണാത്ത, പൂർണമായ ക്രമമുണ്ട്.

4. കാരണമില്ലാതെ ഒന്നും സംഭവിക്കുന്നില്ല. (ഇക്കൂടെ എന്റേതായി, ഇതുകൂടി ചേർക്കുന്നു: അദ്ഭുതം എന്നൊന്നില്ല; ഉണ്ടെങ്കിൽ, സംഭവിക്കുന്നതെല്ലാം അദ്ഭുതങ്ങളാണ്.)

ഈ ആശയങ്ങളെല്ലാം ഓരോന്നായും സമഗ്രമായും ഒരുവന്റെ സാമാന്യഭാവമായിത്തീരുക എന്നതാണ് ദൈവാവബോധമെന്നു പറയുന്നത്. പ്രാർത്ഥിച്ചും ധ്യാനിച്ചും ഈ സ്ഥിതിയിൽ എത്താമെന്ന് പറയുന്നത് ഒരു ഭാഷാശൈലിയെന്നു മാത്രം കരുതിയാൽ മതി. ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ല. കാരണം, ദൈവത്തെ രീതിശാസ്ത്രത്തിലൂടെ കണ്ടെത്താനാവില്ല. നമ്മെ സംബന്ധിച്ചിടത്തോളം, അതൊരു സാന്നിധ്യമാണ്; ആ സാന്നിധ്യം നമ്മിൽ സംഭവിക്കുന്നത് നാംപോലും അറിയാതെയായിരിക്കും. അതുണ്ടായിക്കഴിഞ്ഞവർ ഉച്ചരിക്കുന്ന ഏത് വാക്കിനും ഏറ്റം മഹത്വമാർന്ന ഒരർത്ഥം കൈവരും. അവർക്ക്, ഒരില പഴുത്തുവീഴുന്നത് പൂർണതയുടെ പ്രകടനമായി കാണാനാവും. അനിവാര്യതകളിൽ, പ്രശ്നങ്ങൾക്കു പകരം, അവർ ഉത്തരങ്ങൾ കണ്ടെത്തിത്തുടങ്ങും. അവിടെവരെ എത്താത്തവർക്കോ, ഇതൊക്കെ വ്യർത്ഥഭാഷണമാണ്.

മനുഷ്യചേതനയുടേതായി വ്യക്തിശരീരങ്ങളെ സ്വാധീനിക്കുന്ന മനസ്സിന്റെ ഒരു സാധാരണ മണ്ഡലവും അതിനതീതമായ സാർവലൗകികമായ ഒരു മണ്ഡലവുമുണ്ട്. വ്യക്തിത്വം ആദ്യത്തേതിനോടും ഈ പ്രപഞ്ചം മൊത്തത്തിൽ രണ്ടാമത്തേതിനോടും ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിപരമായ സ്വത്വം അവനവന്റെ ചെറിയ ലോകത്തിന്റെ സൗകര്യാർത്ഥം ഓരോരുത്തരും നിർമിക്കുന്ന ഒരാശയം മാത്രമാണ്. എന്നിട്ടതിനെ കാതലുള്ള പ്രപഞ്ചസത്യങ്ങളിലൊന്നായി കാണുക എന്നതാണ്, മായ എന്ന പദംകൊണ്ടർത്ഥമാക്കുന്നത്. ആത്യന്തികമായി അത് മിഥ്യയാണ്. നമ്മുടേതെന്ന് നാം അഭിമാനിക്കുന്ന വ്യക്തിത്വം ഒരു പുറംപൂച്ചാണ്. മായ ആ വ്യക്തിത്വത്തിന്റെ ഒളിച്ചുകളിയും. ഭക്തിമാർഗമുൾക്കൊള്ളുന്ന മതങ്ങളിലെല്ലാം മറ്റു മാനുഷഭാവങ്ങളോടൊപ്പം വ്യക്തിഭാവവും ഈശ്വരനിൽ ആരോപിക്കുക സർവസാധാരണമാണ്. ഈയിടെ ഒരു ഷാലോം പ്രഭാഷകൻ വിളിച്ചുപറയുന്നത് കേട്ടു: പരിശുദ്ധാരൂപിയേ, ത്രിത്വത്തിൽ മൂന്നാമനേ, അങ്ങയെ ഒരു വ്യക്തിയായി അറിയാനും സ്നേഹിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ എന്ന്! ദൈവജ്ഞരെന്നു സ്വയം കരുതുന്ന ഇത്തരക്കാരെ അവരുടെ ദൈവശാസ്ത്ര മിമിക്രികളുമായി വെറുതെ വിടുക.

എന്താണ് മായ എന്ന് വിശദീകരിക്കുക പ്രയാസമാണ്. പൊതുജനത്തിന്റെ സംസാരഭാഷയിൽ ധാരാളം പദങ്ങൾക്ക് അവയുടെ ശുദ്ധമായ

അർത്ഥം മാറി മറ്റൊന്ന് പറ്റിച്ചേർന്നിട്ടുണ്ട്. താത്ത്വികമായ വിചാരങ്ങളിൽ അർത്ഥവ്യതിയാനത്തോടെ ഒരു വാക്കുപയോഗിക്കുക എന്നയപകടം പതിയിരിപ്പുണ്ട്. അതിലൊന്നാണ് 'മായ'.

ഭാരതീയ ചിന്തയിൽ ഈ ശബ്ദം അതിപ്രധാനമായ ഒരാശയത്തെ ഉൾക്കൊള്ളുന്നുണ്ട്. പ്രപഞ്ചാസ്തിത്വത്തെയും പരിപൂർണ്ണത തന്നെയായ ഈശ്വരനെന്ന ശബ്ദത്തിലുൾക്കൊണ്ടിരിക്കുന്ന പരമസത്തയെയും ഒരുമിച്ചു മനസ്സിലാക്കാൻ ശ്രമിക്കുന്ന യുക്തി ഋഗ്വേദഭാഷയിൽ ഇങ്ങനെ ഒരു ശ്രമം നടത്തുന്നു.

"That which is the finest essence - that is the soul of this whole reality. That is Atman. And that is you." (Translated by Fritjof Capra in his book, The Tao of Physics)

നിരന്തരമായ ഈശ്വരാവബോധത്തിൽ എത്താത്തവർക്ക് ഇത് യുക്തിവൈരുദ്ധ്യമാണ്. അപൂർണമായതിനെ സമ്പൂർണതയുടെ ഭാഗമായി കരുതുക യുക്തിവൈരുദ്ധ്യം തന്നെയാണ്. എന്നാൽ, ഈ വൈരുദ്ധ്യം നമ്മുടെ മനസ്സിലാണെന്ന് പറയാനാണ് 'മായ' എന്ന പദം സൃഷ്ടിക്കപ്പെട്ടത്. അതായത്, അനുഭവപ്രപഞ്ചത്തെ ആത്മത്തിന്റെ ഭാഗമായല്ലാതെ, അതിൽനിന്ന് വ്യത്യസ്തമായി കരുതുന്ന മനസ്സിന്റെ അവസ്ഥയെയാണ് 'മായ' കൊണ്ട് വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നത്.

"Maya does not mean that the world is an illusion, as is often wrongly stated. The illusion lies in our point of view, if we think that the shapes and structures, things and events, around us are realities of nature, instead of realizing that they are concepts of our measuring and categorizing minds. Maya is the illusion of taking these concepts for realitiy, of confusing the map with the territory." (The Tao of Physics, p.100)

ഉപനിഷത്തുകളുടെ ഭാഷയിൽ രണ്ട് അടിസ്ഥാനപദങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് 'തത്' ആണ്. അത് പരമമായ സത്തയെ ദ്യോതിപ്പിക്കാനുപയോഗിക്കുന്നു. രണ്ടാമത്തേത് 'മായ'യാണ്. പരമസത്തയെ വാക്കിനുള്ളിലാക്കുന്നതോടെ, അതുമായി കലരുന്ന പ്രച്ഛന്നതയെ ദ്യോതിപ്പിക്കുന്നു, 'മായ'. പരാശക്തിക്ക് പേരിടരുതെന്ന് എല്ലാ പ്രാചീനമതങ്ങളും പറയുന്നെങ്കിലും വീണ്ടും വീണ്ടും മനുഷ്യരതു തന്നെ ചെയ്യും. അവർക്ക് വേണ്ടത് കൈയിലൊതുങ്ങുന്ന ഒരീശ്വരനെ യാണ്! ആരംഭവും അവസാനവുമില്ലാത്ത പരമസത്തയിൽ, പരിധിക്കു പര്യായമായ വ്യക്തിത്വം ആരോപിക്കുന്നതിൽക്കവിഞ്ഞ അയുക്തിയില്ല. അങ്ങനെയെങ്കിൽ, ഭക്തിയുടെ പേരിലാണെങ്കിലും, ദൈവം പിതാവും

പുത്രനും പല *രൂപങ്ങളെടുക്കുന്ന* അരൂപിയുമൊക്കെയാണെന്ന് സങ്കല്പിക്കുക പരിതാപകരംതന്നെ.

നമുക്ക് മനുഷ്യവ്യക്തിയിലേയ്ക്ക് തിരിച്ചുപോകാം. വ്യത്യസ്തനായി, വേർതിരിഞ്ഞു നിൽക്കുന്നയാളാണ് വ്യക്തി. പ്രാകൃത ജനസമൂഹങ്ങളിൽ വ്യക്തിബോധം ഒട്ടുംതന്നെയില്ലായിരുന്നു. പൊതുനന്മയിൽ കവിഞ്ഞതൊന്നും അവിടെ പ്രബലമായിരുന്നില്ല. ഇന്നും പല ആദിവാസിസമൂഹങ്ങളിലും ഇതാണ് സ്ഥിതി. പരിഷ്കൃത മനുഷ്യർ സംസ്കാരമെന്ന് ഓമനിച്ചുവിളിക്കുന്ന ഏച്ചുകെട്ടുകൾ കണ്ടുപിടിച്ചതിന്റെകൂടെയാണ് വ്യക്തിവിചാരവും വികസിച്ചുവന്നത്. പാശ്ചാത്യ ഭാഷകളിൽ person അല്ലെങ്കിൽ തത്തുല്യമായ മറ്റൊരു വാക്കാണ് വ്യക്തി എന്നതിനുപയോഗിക്കുന്നത്. അവയുടെ മൂലശബ്ദം 'persona' ആണ്. അതിനർത്ഥം മുഖാവരണമെന്നാണ്. അഭിനയകലയിൽ character എന്ന ആശയത്തോടാണ് ഇതിനു ബന്ധം. ലത്തീനിൽ per എന്നാൽ 'അതിലൂടെ', 'sonare' എന്നാൽ ശബ്ദിക്കുക. അഭിനേതാക്കൾ ഏതിലൂടെ സംസാരിക്കുന്നോ, അതാണ് persona (മുഖംമൂടി). ഗ്രീസിൽ ഓരോ കഥാപാത്രവും തനിക്കു ചേരുന്ന മുഖംമൂടി ധരിച്ചാണ് നാടകം കളിച്ചിരുന്നത്. ഈ മൂലാർത്ഥം പിന്നീട് "പരസ്പരം ബന്ധപ്പെടാൻ മനുഷ്യർ ധരിക്കുന്ന, അല്ലെങ്കിൽ ധരിക്കേണ്ട മുഖാവരണം" എന്ന സാമൂഹിക ആശയത്തിലേയ്ക്ക് വ്യാപിച്ചു. ഇന്ന് നമ്മൾ personality അല്ലെങ്കിൽ വ്യക്തിത്വം എന്ന് പറയുമ്പോൾ ഈ അർത്ഥപരിണാമം അറിഞ്ഞിരിക്കണം.

വ്യക്തിത്വം കൃത്രിമമാണെന്നാണ് പറഞ്ഞുവരുന്നത്. മനുഷ്യബന്ധങ്ങളിൽ ഓരോ ഇടപെടലിലും നമ്മൾ ഓരോരോ മുഖംമൂടികൾ ധരിക്കുന്നുണ്ട്. എത്ര കിണഞ്ഞു പരിശ്രമിച്ചാലും എല്ലാവരോടും ഒരേപോലെ പെരുമാറാൻ കഴിയുന്നവർ വിരളമാണ്; അത്രമാത്രം സത്യസന്ധതയും സ്വാവബോധവും ഉള്ളവർ ഇല്ലെന്നു തീർത്തു പറയാനാവില്ലെങ്കിലും. നൂറിൽ തൊണ്ണൂറ്റിയൊൻപതു പേരും ഒരു സ്ഥിരമുഖമില്ലാത്തവരാണ്. ആരോടിടപെടുന്നു എന്നതിനനുസരിച്ച്, നാം മുഖാവരണം മാറ്റുന്നു. സ്വന്തം മുഖം മറച്ചുവെച്ചുള്ള ഒരൊളിച്ചുകളിയാണത്. ഇതേ ഒളിച്ചുകളി ഈശ്വരനുമുമ്പിലും നടത്താൻ വേണ്ടിയാണ് ഈശ്വരനിലും വ്യക്തിത്വമുണ്ടെന്നു വരുത്തുന്നത്. എന്നിട്ട് അത് ആത്മീയതയായി തെറ്റിധരിക്കുന്നു.

ഈ പരിചിന്തനങ്ങളിൽ കാര്യമുണ്ടെങ്കിൽ, വ്യക്തിത്വമെന്ന കപടതയുടെ നിരാകരണത്തിലൂടെയല്ലാതെ ദൈവവുമായോ, മറ്റ് മനുഷ്യരുമായിപോലുമോ സത്യസന്ധമായ ബന്ധം സാധ്യമേയല്ല.

പ്രാർത്ഥനയും ധ്യാനവും തമ്മിലുള്ള വ്യത്യാസവും ഇതിലൂടെ മനസ്സിലാക്കാം. മതങ്ങൾ പ്രാർത്ഥനയെ പ്രോത്സാഹിപ്പിക്കുന്നു. ഒരു വ്യക്തിയായി, അല്ലെങ്കിൽ മദ്ധ്യസ്ഥനോ മദ്ധ്യസ്ഥയോ ആയി നമുക്ക് മുമ്പിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഇഷ്ടമൂർത്തിയുമായുള്ള ബന്ധപ്പെടലാണത് എന്നാണ് പൊതുവായ ധാരണ. എപ്പോഴുംതന്നെ ഇത് അനുഗ്രഹങ്ങൾക്കായുള്ള യാചനയല്ലാതെ മറ്റൊന്നുമല്ലതാനും. ഇന്നത്തെ ഭക്തിക്കച്ചവടത്തിന്റെ സൂപ്പർമാർക്കറ്റുകളിൽ അത്ഭുതങ്ങളിൽ കുറഞ്ഞതൊന്നും വിശ്വാസികൾക്ക് വേണ്ടായെന്നായിട്ടുണ്ട്!

എന്നാൽ, ഈശ്വരസ്പർശത്തിനായി ഉപനിഷത്തുക്കളും ബുദ്ധനും നിർദ്ദേശിക്കുന്നത് ധ്യാനമാണ്. പ്രകൃതിയുടെ അല്ലെങ്കിൽ ഈശ്വരന്റെ മുമ്പിൽ ഞാനും നീയും ഇല്ലാതാകുന്നതാണ് ധ്യാനം. ഞാനും നീയും അഹത്തിന്റെ ഭാവങ്ങളാണ്. അഹങ്ങൾ തമ്മിൽ ഒരു ബന്ധവും സാധ്യമല്ല. ഒരഹം മറ്റൊരഹത്തിന്റെ വിപരീതധ്രുവമാണ് എന്നതാണതിനു കാരണം. ധ്യാനത്തിൽ സംഭവിക്കുന്നതെന്താണ്? എല്ലാ മുഖാവരണങ്ങളുമുപേക്ഷിച്ച്, അസ്തിത്വവുമായി ഒന്നുചേരുന്നതിനാണ് ധ്യാനമെന്നു പറയുന്നത്. അതുമാത്രമേ ആനന്ദം തരൂ. അതൊരു പൂവിന്റെ, പ്രണയിക്കുന്ന ആളിന്റെ, സാന്നിധ്യം തൊട്ട് ദൈവസാന്നിധ്യം വരെയാകാം. ഇവിടെയെല്ലാം അടുപ്പം അല്ലെങ്കിൽ തന്മയീഭാവം സാദ്ധ്യമാകുന്നത് സ്വയം മറക്കുന്നതിലൂടെയാണ്. നമ്മുടെ വ്യക്തിത്വം എപ്പോൾ വീണ്ടും തെളിയുന്നുവോ, അപ്പോൾ ബന്ധം തകരുന്നു. അസ്തിത്വം ഒന്നേയുള്ളൂ എന്നറിയുകയാണ് ധ്യാനത്തിന്റെ ഫലം. നിലനിൽക്കുന്ന ആനന്ദം അങ്ങനെ മാത്രമേ ലഭ്യമാകൂ.

'ഞാൻ' നിലനിൽക്കുവോളം ഒരാൾക്ക് മറ്റൊരാളെ പ്രണയിക്കാനാവില്ല. 'ഞാൻ' എന്ന ഭാവേന, ഒരിക്കലും നമുക്ക് വിശുദ്ധിയുടെ സൗരഭ്യം കൈവരില്ല. 'ഞാൻ' എന്ന ബോധത്തോടെ ഒരാൾക്ക് ഒരിക്കലും ഒരു പൂവിന്റെ അദ്ഭുതം അനുഭവിക്കാൻപോലുമാവില്ല. അഹന്തയും ആത്മീയതയും വൈരുദ്ധ്യങ്ങളാണെന്ന് പറയുന്നതും അതിനാൽ ത്തന്നെ.

❑

# 6

# സന്തോഷത്തിന്റെ പാഠഭേദങ്ങൾ

രണ്ട് ദശാബ്ദത്തോളം കണ്ടും വായിച്ചും മനസ്സിൽ പതിഞ്ഞ ഒരു വാക്യം: *സന്തോഷം തഴക്കത്തിന്റെ പരിണതിയല്ല, മറിച്ച്, ഈ നിമിഷത്തിന്റേതാണ്.** മദ്ധ്യസ്വിറ്റ്സർലന്റിലെ ഹേഗൻഡോർഫ് എന്ന ഗ്രാമത്തിലെ ഒരു നടപ്പുവഴിയിൽ സ്ഥാപിച്ചിരിക്കുന്ന കല്പ്പലകയിൽ കൊത്തിയിരിക്കുന്നതാണിത്. അതിന്റെയൊരു വിശദീകരണംപോലെ തോന്നി ലുഡ്വിഗ് മാർക്യുസേയുടെ സന്തോഷത്തിന്റെ തത്ത്വശാസ്ത്രം (Philosophie des Glücks - Ludwig Marcuse) എന്ന തടിച്ച കൃതിയുടെ ഉള്ളടക്കം. ഇതുമായി ബന്ധപ്പെടുത്തി ഏതാനും പരിചിന്തനങ്ങൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു.

മനോതൃപ്തി തേടിയുള്ള മനുഷ്യന്റെ പ്രയാണചരിത്രത്തിൽ പടിഞ്ഞാറുദിച്ച പ്രധാന ചിന്തകരുടെയെല്ലാം ശ്രമഫലങ്ങൾ കുറുക്കിവച്ചിരിക്കുന്നു, ഈ പുസ്തകത്തിൽ. പഴയനിയമത്തിലെ ഇയോബും എക്ലെസ്യാസ്റ്റെസും (സഭാപ്രസംഗകൻ) മുതൽ, എപിക്യുരസ്, സെനെക്ക, അഗസ്റ്റിൻ, സ്പിനോസ, മാർക്സ്, നീറ്റ്ഷെവരെയുള്ളവരുണ്ട് അക്കൂടെ. ഇവരിൽ അഗസ്റ്റിൻ ആദ്ധ്യാത്മികതയിലൂടെയും, സ്പിനോസ തത്ത്വചിന്തയിലൂടെയും ഏതാണ്ടൊരു ഹൃദയാഹ്ലാദം കണ്ടെത്തിയെന്നു കരുതാം. കിഴക്കുനിന്നുള്ള ദാർശനികരെയോ ജ്ഞാനികളെയോ, നമ്മുടെ ഉപനിഷത്തുകളെയോ മാർക്യുസേ അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. അത് ഈ കൃതിയുടെയൊരു വലിയ പോരായ്മയാണ്.

---

* *"Glück ist keine Sache der Gewöhnheit, sondern des Augenblicks."* J. W. von Göthe

വലിയ ചിന്തകരെല്ലാംതന്നെ, ഉപസംഹാരത്തിൽ ഗ്രന്ഥകാരൻ പറയുന്നതനുസരിച്ച്, നിലനിൽക്കുന്ന സന്തോഷം ഈ ജീവിതത്തിലില്ല എന്ന മതത്തിലെത്തിച്ചേരുന്നു. മനുഷ്യന് താൽക്കാലിക ആനന്ദമേ കണ്ടെത്താൻ സാധിക്കൂ എന്നാണോ അതിനർത്ഥം?

ജീവിതത്തിനർത്ഥമില്ലെന്ന് അനുഭവിച്ചറിയുന്നതോടെ അതവസാനിപ്പിക്കാൻ ധൈര്യം കാണിക്കുന്നവർ എന്നുമുണ്ട്. ഈ അർത്ഥമില്ലായ്മയുടെ ഉറവിടം അവനവന്റെ കാഴ്ചപ്പാടിലോ അന്യരുടെ കാഴ്ചപ്പാടിലോ ആകാം. അന്യരുടെ മുമ്പിൽ വിലയിടിയുന്നത് ആത്മാഹൂതിക്ക് വരെ മതിയായ കാരണമാക്കുന്നവർ ഇന്ന് നമ്മുടെ നാട്ടിൽ വളരെയുണ്ട്. മനുഷ്യനിർമ്മിതമായ ധാർമ്മികചട്ടക്കൂടിനെ ഭേദിക്കാനുള്ള വഴിയോ തന്റേടമോ ഉണ്ടായിരുന്നെങ്കിൽ ഇക്കൂട്ടരിൽ ചിലരെങ്കിലും തുടർന്ന് ജീവിക്കാൻ തീരുമാനിക്കുമായിരുന്നു.

ഈ ജീവിതത്തിൽ സന്തോഷത്തിലേക്കുള്ള വഴികൾ തടയപ്പെടുന്നവർക്കായി മിക്ക മതങ്ങളും ചൂണ്ടിക്കാണിക്കുന്നത് പരലോകത്തെയാണ്. ഹൈന്ദവചിന്തയിൽ അതിന്റെ സ്ഥാനത്ത് പുനർജന്മങ്ങളുടെ പരിസമാപ്തിയിൽ കൈവരേണ്ട ബ്രഹ്മസാക്ഷാത്ക്കാരമാണുള്ളത്. മനുഷ്യരാശിയിൽ ഭൂരിഭാഗവും ഈലോകജീവിതത്തിലുള്ള പരിമിതമായ ഏതാനും സന്തോഷസാദ്ധ്യതകളിലേക്ക് ജീവിതസാഹചര്യങ്ങൾ ചുരുങ്ങി നിരാശതക്ക് വിധിക്കപ്പെട്ടവരാണ്. അത്തരക്കാരെ വലയിൽ കുരുക്കാനാണ് ലോകമതങ്ങൾ പരസ്പരം മത്സരിക്കുന്നത്. കഷ്ടപ്പാടുകളെ ആത്മശുദ്ധീകരണത്തിനായി ദൈവം അയയ്ക്കുന്ന ഉപാധികളായി സ്വീകരിക്കണമെന്ന ഭക്തിശാസ്ത്രമാണവ നിരന്തരം ഓതിക്കൊണ്ടിരിക്കുന്നത്. ഫലമോ, എല്ലാമുക്കിലും കവലയിലും വഴിതടയാ നെന്നോണം കുരിശുപള്ളികളും, അവയെയനുകരിച്ചു പെരുകുന്ന മണ്ഡപങ്ങളും, മിനററ്റുകളും. ഒരു ധാർമികോത്തരവാദിത്തവും പേറാതെ ഏക്കറുകൾ വ്യാപിച്ചുനിൽക്കുന്ന തീർഥാടനസൗധങ്ങളും കേരളത്തിൽ തഴച്ചു പൊങ്ങിക്കൊണ്ടിരിക്കുന്നു. അക്കൂടെ, തൽപ്പരകക്ഷികളുടെ ചാനലുകൾ ശബ്ദമലിനീകരണം പെരുപ്പിക്കുന്നു. അങ്ങേയറ്റം അന്ധമായ വിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കഥകൾ കുത്തിനിറച്ച മാസികകൾ കേരളത്തിലെ ക്രിസ്തീയഭവനങ്ങളിലും മഠങ്ങളിലും പള്ളിമുറികളിലും നിരന്നുകിടക്കുന്നു! ഇതെല്ലാമായിട്ടും പക്ഷേ, പാവം വിശ്വാസികൾ സ്വർണത്തിന്റെയും ലോട്ടറിഭാഗ്യത്തിന്റെയും ഉപഭോഗാർത്തിയുടെയും പിന്നാലെയാണുതാനും!

പരാമൃഷ്ടകൃതിയിൽ, തന്റെ തിരച്ചിൽ ശുഭപര്യാപ്തിയിലെത്തിക്കുന്നത് സെന്റ് അഗസ്റ്റിൻ മാത്രമാണ്. യുവത്വാവസാനംവരെ ആഗ്രഹിച്ച

തെല്ലാം - സമ്പത്ത്, പാണ്ഡിത്യം, ഉന്നതസ്ഥാനം, സ്ത്രീകൾ, സമുദായത്തിന്റെ തുംഗശ്രേണിയിലുള്ളവരുമായി സൗഹൃദം എന്നതൊക്കെ - നേടി സംതൃപ്തിയനുഭവിച്ചിരുന്ന അദ്ദേഹത്തെ തന്റെ സന്തോഷം ക്ഷണികമാണെന്ന വിചാരം വിടാതെ കാർന്നുതിന്നുകൊണ്ടിരുന്നു. ആഗ്രഹിക്കുന്നവയെല്ലാം കൈവന്നാൽ ഒരുവൻ സന്തുഷ്ടനാകുമോ എന്നദ്ദേഹം സ്വയം ചോദിച്ചു. ഇല്ലെന്നുള്ള ഉത്തരവും പറഞ്ഞു. കാരണമോ, വെറും ക്ഷണനിമിഷംകൊണ്ട് എല്ലാം നഷ്ടപ്പെടാം. സ്വന്തം അമ്മയോടദ്ദേഹം ഈ ചോദ്യം ചോദിച്ചു. വെറും സാധാരണക്കാരിയായിരുന്ന മോനിക്ക പറഞ്ഞു, നീ ആഗ്രഹിക്കുന്നതും കിട്ടുന്നതും നന്മയാണെങ്കിൽ, നിന്റെ സന്തോഷം സ്ഥിരമായിരിക്കും. അത് അഗസ്റ്റിന്റെ മനസ്സിൽ തറച്ചു. അദ്ദേഹത്തിന്റെ ശിഷ്ടജീവിതം സ്ഥിരമായവയ്ക്കുവേണ്ടിയുള്ള അന്വേഷണമായിരുന്നു.

അറിഞ്ഞോ അറിയാതെയോ, ധാരാളംപേർ എന്നും ഈ അന്വേഷണത്തിലാണ്. പക്ഷേ, നശ്വരമായ ജീവിതത്തിൽ ശാശ്വതമായതു കണ്ടെത്തുക അസാദ്ധ്യമാണ്. ശാശ്വതമായ ഒന്നുമില്ലെന്ന കണ്ടെത്തൽ തന്നെ ശാശ്വതമായ ഒരറിവായി പരിണമിക്കാം. കാരണം, ഈയറിവ് ബുദ്ധിക്കു സ്ഥിരതനൽകുന്നു. അതൊരു തുടക്കമാണ്. നശ്വരതയെ ജീവിതത്തിന്റെ സ്വഭാവമായി അംഗീകരിക്കാനാവുന്നതോടെ അൽപസുഖങ്ങൾപോലും നമുക്ക് തൃപ്തിയേകാൻ കെല്പുള്ളവയായി മാറുന്നു. സംതൃപ്തിയെന്നത് ഈ നിമിഷത്തിന്റെ പൂർത്തീകരണമാണെന്ന ഉൾക്കാഴ്ച കൈവരുന്നു. ഗ്വെതെയും അതാണല്ലോ പറഞ്ഞത്, സംതൃപ്തി അല്ലെങ്കിൽ ആഹ്ലാദം സമയബന്ധിതമല്ല, അത് ഈ നിമിഷത്തിന്റേതാണ് എന്ന്. കൊച്ചുകൊച്ചു സന്തോഷങ്ങൾ അവയിൽത്തന്നെ മഹത്തരമാണെന്നും ഓരോ നിമിഷവും ആസ്വദിക്കാനാകുകയെ ന്നതാണ് കലയേയും ബുദ്ധിയേയും തമ്മിൽ ബന്ധിപ്പിക്കുന്നതെന്നും അനുഭവത്തിലൂടെ അറിയുന്നവർ യാതൊരുവിധത്തിലുള്ള ആർത്തിക്കും അടിമകളാകുന്നില്ല. ഏത് സുഖത്തെയും കെടുത്തുന്ന ഇരുട്ടാണ് ആർത്തി. ദരിദ്രർ ധനികരേക്കാൾ ശുദ്ധഹൃദയരും ശുഭാപ്തിയുള്ളവരും സന്തുഷ്ടരുമാണെന്ന അനുഭവത്തിനു പിന്നിലെ സത്യമിതായിരിക്കാം. അമിതമായ ആഗ്രഹങ്ങളില്ലാത്തവന് എത്രചെറുതും അത്യധികം വിലയുള്ളതാണെന്ന ഉൾബോധമുണ്ടാകുന്നു. ഓരോ നിമിഷവും സുഖദായകമാക്കാം എന്നവൻ അനുഭവിച്ചറിയുന്നു.

അതോടെ, ഭാവിഭൂതങ്ങൾക്ക് പ്രാധാന്യമില്ലാതാകുന്നു. മനുഷ്യൻ പ്രപഞ്ചത്തിന്റെ മദ്ധ്യവും ലക്ഷ്യവും ആണെന്ന മതത്തിന്റെ പിടിവാശികൾ ജല്പനങ്ങളായി തരംതാഴുന്നു. ഇതെഴുതുന്നയാളിന്റെ കൈക്കുറി

പ്പുകൾ അയാളുടെ വളർത്തുമൃഗങ്ങൾക്കോ, മുറ്റത്തെ ചെടികൾക്കോ യാതൊരർത്ഥവും ഉണ്ടാക്കുന്നില്ലെന്നതുപോലെ, ദൈവത്തിന്റെ ഡയറി ക്കുറിപ്പുകളായ പ്രാപഞ്ചികഗതിവിഗതികൾ മനസ്സിലാക്കാൻ മനുഷ്യനും കെല്പില്ല എന്ന എളിമയിലാണ് ഈ വീണ്ടുവിചാരം നമ്മെ കൊണ്ടെ ത്തിക്കുന്നത്. ഈയൊരൊറ്റ നിമിഷത്തിനുള്ളിൽ എന്നിൽ സംഭവിക്കു ന്നതെന്തെല്ലാമെന്നുപോലും ഞാനറിയുന്നില്ല. മനുഷ്യബുദ്ധി മനസ്സിലാ ക്കുന്നതോ അതിതുച്ഛം. ഏതു മേഖലയിലാണെങ്കിലും അറിവിലുള്ള മനുഷ്യന്റെ പിടിവാശികളൊക്കെ വെറും മിഥ്യയാണ്.

ബൈബിളിലെ ഏറ്റവും ബൗദ്ധികപരിവേഷമുള്ള മനോഹര കൃതി യാണ് സഭാപ്രസംഗകൻ (Ecclesiastes). ഗ്രീക്തത്ത്വചിന്തയുടെ സ്വാ ധീനം ഇതിലുണ്ട്. ഈ ലോകത്തിലെ വ്യാപാരങ്ങളെല്ലാം, സുഖവും ദു:ഖവും, മിഥ്യ മാത്രമാണെന്ന നിഗമനമാണ് അതിന്റെ ഗ്രന്ഥകാരന്റേത്. നാമെന്തൊക്കെ ചെയ്താലും ശരി, സംഭവിക്കാനുള്ളത് അതാതിന്റെ സമയത്ത് സംഭവിച്ചിരിക്കും എന്നത് മനോഹരമായിട്ടാണ് ഈ പുസ്ത കത്തിൽ കുറിച്ചിരിക്കുന്നത്. അതിലെ A time to be born, a time to die; a time to plant, a time to pluck . . . a time for every purpose under the heaven എന്ന ഭാഗം ഒരു സുന്ദരഗാനത്തിൽ The Byrds എന്ന ഗ്രൂപ് 1965ൽ അനശ്വരമാക്കിയിട്ടുണ്ട്. താത്പര്യമുള്ളവർക്ക് രസകരമായ ചിത്രീകരണ ങ്ങളോടെ അതാസ്വദിക്കാൻ ഇതാ ഒരു ലിങ്ക്:

http://www.youtube.com/watch?v=fHvf20Y6eoM&feature=player_
embedded#at=102

അസ്തിത്വത്തെപ്പറ്റി ചുഴിഞ്ഞാലോചിച്ച അൽബേർ കമ്യുവിനെപ്പോ ലുള്ളവർ, അത് ഭയാനകമാണെന്നും ആത്മഹത്യയാണ് മനുഷ്യന് ചെ യ്യാവുന്ന ഉത്തമകൃത്യമെന്നുമൊക്കെ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അത് കേട്ടു മടുത്താണ്, തലനാരിഴകീറുന്ന താത്ത്വികവിശകലനങ്ങളേക്കാൾ ഗുണകരം കാവ്യാത്മകമായ ധ്യാനമാണെന്ന് സാർത്രിനെപ്പോലുള്ളവർ വാദിച്ചത്.

❑

# 7

# സ്നേഹത്തിന്റെ അദ്വൈതം

ഉണ്ണിക്കാരോടാ കൂടുതലിഷ്ടം, അച്ഛനോടോ അമ്മയോടോ? ഉത്തരം പറയാൻ കുഞ്ഞ് ബുദ്ധിമുട്ടുമെന്നുപോലും അറിയില്ലാത്തവർ വാത്സല്യം നടിച്ച് പിഞ്ചോമനകളോട് ഇങ്ങനെ ചോദിക്കുന്നത് കേട്ടിട്ടുണ്ട്. കുഞ്ഞിന് ഏറ്റവുമിഷ്ടം അച്ഛനോടോ അമ്മയോടോ അല്ല, അവനോടു/അവളോടു തന്നെയാണ്. ഏത് കുഞ്ഞിനും അതിന്റെ നിലനിൽപ്പിനു വേണ്ടിയുള്ള താണ് അച്ഛനുമമ്മയും. കുഞ്ഞ് വളർന്ന് മുത്തച്ഛനായാലും, അവനവനോടുള്ള ഈ അതുല്യ പ്രതിപത്തി അവസാനിക്കുന്നില്ല. ഏതു ജീവിയുടെ കാര്യത്തിലും കാര്യങ്ങൾ ഇങ്ങനെയൊക്കെത്തന്നെയാണ്. ആത്യന്തികമായി എല്ലാ ബന്ധങ്ങളും സ്വന്തം സുഖത്തെ തേടുന്നതിനുള്ള വഴികളാണ്.

സ്വയംപര്യാപ്തതയും സന്തോഷവും തടവില്ലാതെ തുടരാനാകുമായിരുന്നെങ്കിൽ ഏകനായി/ഏകയായി കഴിയാൻ ആർക്കും വൈമനസ്യം തോന്നുകയില്ലായിരുന്നു. എന്നാൽ അതല്ല സ്ഥിതി. അഹത്തിന്റെ അഴിക്കൂടിനുള്ളിൽ അടയ്ക്കപ്പെട്ടവനായി എത്ര വലിയ സ്വാർത്ഥതയിലും ഒരാൾക്ക് തുടരാനാവില്ല. അവൻ / അവൾ ഒരു കൂട്ടിനായി, ദ്വൈതത്തിനായി, മോഹിച്ചുതുടങ്ങും. അതു വേറൊരു വ്യക്തിയാകണമെന്നില്ല. സംതൃപ്തി തരുന്ന ഒരു വീടാകാം, പറമ്പാകാം, ജോലിയാകാം; പെട്ടിനിറയെ പണമോ അലമാരനിറയെ പുസ്തകങ്ങളോ ആകാം; ഒരു വണ്ടിയോ ആഡംബര വിഷയങ്ങളെന്തെങ്കിലുമോ ആകാം; അധികാരമോ അംഗീകാരമോ ആകാം. ഇവയിലേതായാലും, അത്, തന്റെ ഏകാകിതയിൽനിന്ന്, തനിച്ചായിപ്പോകുന്നതിൽനിന്ന്, ഒരാളെ മോചിപ്പിക്കാനുള്ള ഉപാധിയായി വർത്തിക്കുകയാണ് ചെയ്യുന്നത്.

തനിക്കു വെളിയിലുള്ള എന്തോ ഒന്ന് തന്റേതാണെന്ന വിശ്വാസം സൃഷ്ടിക്കണം. അതായത്, ഏകനായിരിക്കുന്നത്, മനുഷ്യരാരും ഇഷ്ടപ്പെടുന്ന അവസ്ഥയല്ലായെന്നു ചുരുക്കം.

വർഷങ്ങളോളം തനിയെ നടന്ന അനുഭവം എനിക്കുണ്ട്. കൂട്ടെന്നോ സൗഹൃദമെന്നോ പറയാൻ ആരുമില്ലാതെ, ബോംബെയിലെ ഒരു കുടുസുമുറിക്കുള്ളിലെ എകാകിതയെ മറികടക്കാൻ ഞാൻ പുസ്തകങ്ങളെ കൂട്ടുപിടിച്ചു. ഭാഗ്യത്തിന്, നല്ല പുസ്തകങ്ങളുള്ള ഒരു വായനശാല അടുത്തുണ്ടായിരുന്നു. ഓരോ വിഷയമെടുത്ത് പഠിച്ചുതുടങ്ങി. വൈകുന്നേരങ്ങളിൽ തനിയെ മറൈൻഡ്രൈവിലൂടെ അസ്തമനസൂര്യനെതിരെ നടന്നു; തനിച്ചല്ല, പ്രകൃതി എന്നോടൊത്താണെന്ന് അല്പനേരത്തേക്കെങ്കിലും തോന്നാൻ. ഇന്നും തനിച്ചാണെന്നു തോന്നുമ്പോൾ, ഇതുപോലൊക്കെ ഞാൻ ചെയ്യുന്നു. ചുറ്റിക്കറങ്ങാൻ സ്ഥലവും സൗകര്യങ്ങളുമുണ്ടാകാം, ഇഷ്ടമുള്ള ആൾക്കാർ അടുത്തുണ്ടാകാം. എന്നാലും ചില മനസ്സുകൾ നിർബന്ധബുദ്ധ്യാ എകാകിതയെ തേടുന്നതായി മറ്റുള്ളവർക്ക് തോന്നിയേക്കാം. അവിടെയും ഏകാന്തത അതിനുവേണ്ടിയല്ല, മറിച്ച്, ഇഷ്ടവ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കാൻവേണ്ടിയാണ്. അത് വായനയാകാം, സംഗീതമോ സാഹിത്യമോപോലൊരു കലാവൃത്തിയാകാം, മൗനധന്യമായ സാധനയാകാം. സൂക്ഷ്മനിരീക്ഷണത്തിൽ, പരോക്ഷമായ ഒരു ദ്വൈതാനുഭവം ഇതിലെല്ലാം അന്തർലീനമായി അന്വേഷിക്കപ്പെടുന്നുണ്ട്. എഴുത്തുകാരന്റെ പുസ്തകവും പാട്ടുകാരന്റെ ഗാനവും കൃഷിക്കാരന്റെ അദ്ധ്വാനഫലവും സാധകന്റെ ധ്യാനവുമെല്ലാം എകാകിതയെ മറികടക്കാൻവേണ്ടി അദ്വൈതത്തിലേയ്ക്കുള്ള കൈനീട്ടലാണ്. ലാഘവബുദ്ധികളായ പെണ്ണുങ്ങൾ പകലന്തിയോളം റ്റി.വി. വച്ചുനീട്ടുന്ന വിഴുപ്പെല്ലാം അകത്താക്കുന്നതും ലാളന കൂടിപ്പോയ യുവജനം കമ്പ്യൂട്ടറിന്റെ മുമ്പിലിരുന്ന് കണ്ണ് കളയുന്നതും അവരുടെ എകാകിതയെ കൂടുതൽ മെച്ചമായതൊന്നും ആകർഷിക്കാനില്ലാതെ വരുമ്പോളാണ്.

എന്റെ അസ്തിത്വത്തെ, ജീവനപ്രക്രിയയെ, ഏതെങ്കിലും വിധത്തിൽ ധന്യമാക്കുന്ന, എനിക്കുപുറത്തുള്ള ഈ രണ്ടാമതൊന്ന് മറ്റൊരു വ്യക്തിയായിരിക്കുകയും അയാൾ എന്റെ നാണംകെട്ട അഹന്തയുടെ നറുങ്ങാണിത്തത്തെ കീഴ്പ്പെടുത്താൻ പോരുന്നതുമായാൽ, അവിടെ സ്നേഹം തളിരിടുന്നുവെന്നു പറയാം. വേറൊരാൾക്ക് ഞാൻ എന്നോടൊപ്പം തുല്യതയനുവദിക്കുമ്പോൾ, സ്വാർത്ഥതയുടെ സ്ഥാനത്ത് സ്നേഹം ശക്തിയാർജ്ജിക്കുന്നു. രണ്ടായിരുന്നവർ, ഏകത്വത്തിന്റെ വിരസതയിൽനിന്ന് മോചനം തേടി, പരസ്പരധാരണയിൽ ഒന്നുപോലെ ആയിത്തീരുന്നു. ഈ അവസ്ഥയെ *അദ്വൈത*മെന്ന് വിളിക്കാം. അതായത്,

രണ്ടിൽ നിന്ന് രണ്ടല്ലാത്ത ഒരവസ്ഥയിലേക്കുള്ള മാറ്റം. പക്ഷേ, ഉപയോഗമല്ല, അംഗീകാരമാണ് ഇവിടെ പ്രഥമം. വിധേയപ്പെടുത്താനുള്ള വ്യഗ്രതക്കുപകരം, വിധേയപ്പെടാനുള്ള തയ്യാർ, അതാണ് സ്നേഹത്തിൽ സംഭവിക്കുന്നത്. ഈ മികവു പുലർത്താത്ത ഏതുബന്ധവും സ്വാർത്ഥതയുടെ പര്യായം മാത്രമായിരിക്കും. സ്വന്തം അപര്യാപ്തതയുടെ വിടവ് അപരനുമായുള്ള പാരസ്പര്യത്തിലൂടെ നികത്തിയെടുക്കുന്ന ഈ പ്രക്രിയയാണ് സ്നേഹമെന്നു മനസിലാക്കാം. പക്ഷേ, സൂക്ഷിക്കേണ്ടതുണ്ട്: നിത്യോപയോഗത്തിൽ, എനിക്കവളോട്/അവനോടു സ്നേഹം തോന്നുന്നു എന്നു പറയുന്നതും ഒരു സ്വാർത്ഥലാഭത്തിനുള്ള അവസരം തെളിഞ്ഞുവരുന്നുവെന്നു കരുതുന്നതും തമ്മിൽ വലിയ അന്തരം ഉണ്ടാകണമെന്നില്ല.

സ്നേഹത്തിന്റെ കാതലെന്തെന്ന് ഏറ്റവും ലളിതമായ ഭാഷയിൽ പറഞ്ഞത് യേശുവാണ്. സ്നേഹത്തിന്റെ മന:ശാസ്ത്രം ഏറ്റവും കൃത്യമായി കുറിച്ചത്, അക്ഷരാർഥത്തിൽ ആദ്യത്തെ ക്രിസ്ത്യാനിയായ പൗലോസാണ്. കൊറീന്ത്യർക്കു പൗലോസെഴുതിയ കത്തിന്റെ പതിമ്മൂന്നാമദ്ധ്യായം ക്രിസ്തുപ്രബോധനത്തിന്റെ കാതലാണ്. പുതിയ നിയമത്തിന്റെ മാത്രമല്ല, മനുഷ്യചൈതന്യത്തിന്റെതന്നെ പൊരുളെന്തെന്നു മറ്റാർക്കും സാധിക്കാത്ത ഭാഷയിൽ അദ്ദേഹം സംക്ഷിപ്തമായി അതിൽ കുറിച്ചുവച്ചു. അതിഹൃദ്യമായ ഈ വേദഭാഗം പൗലോസിന്റെ തന്നെ വാക്കുകളിൽ പകർത്തട്ടെ: "*ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും, എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്. എനിക്ക് പ്രവചനവരമുണ്ടായിരിക്കുകയും സകല രഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും, സകല വിജ്ഞാനവും മലകളെ മാറ്റാൻ തക്ക വിശ്വാസവും എനിക്കുണ്ടായാലും, സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല. സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു, സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല.*"

എവിടെനിന്നായിരിക്കാം ഈയറിവ് പൗലോസിനു കിട്ടിയത്? യേശുവിനെ അദ്ദേഹം നേരിട്ടറിഞ്ഞിട്ടില്ലെന്നു വേണം കരുതാൻ. എന്നാൽ തീർച്ചയായും ആ ഗുരുവിൻെറ കൂട്ടുകാരോട് ആവർത്തിച്ചു തിരക്കിയും അന്വേഷിച്ചും പോൾ യേശുവിനെ അഗാധമായി മനസിലാക്കിയിട്ടു

ണ്ടാവണം. സ്നേഹമെന്തെന്ന് ഇത്ര നന്നായി പഠിപ്പിച്ച മറ്റൊരു ക്രിസ്ത്യാനി ഇല്ലതന്നെ. ആ സ്നേഹത്തിന്റെ ലക്ഷണങ്ങൾ അദ്ദേഹം വിവരിക്കുന്നത് കേൾക്കുമ്പോൾത്തന്നെ, അവാച്യമായ ഒരാത്മചൈതന്യത്തിന്റെ പ്രഭ നമ്മെ വലയംചെയ്യും. അഹങ്കാരം, ആത്മപ്രശംസ, അസൂയ, കോപം, വിദ്വേഷം എന്നിവയൊന്നും തീണ്ടാത്ത വികാരമേതോ അതാണ് സ്നേഹം. അത് ദയയും ദീർഘക്ഷമയുമാകുന്നു. ഭാഷ, ജ്ഞാനം, യുക്തിവിചാരം തുടങ്ങിയ കഴിവുകളെയെല്ലാം അതിശയിക്കുന്ന പരിപൂർണതയിലേയ്ക്കുള്ള കുതിച്ചുചാട്ടമാണത്. തന്നെപ്പോലെ മറ്റൊരാളെ കാണാനാവുക, സ്വയം അളക്കാനുപയോഗിക്കുന്ന കോലുകൊണ്ടുതന്നെ മറ്റൊരാളെയും അളക്കാൻ തയ്യാറാകുകയെന്ന ഒത്തുതീർപ്പില്ലാത്ത ഈ മാനദണ്ഡമാണ് മനുഷ്യശ്രേഷ്ഠതയുടെ മാറ്റുരച്ചുനോക്കാൻ യേശു ഉപയോഗിച്ചത്.

എന്നാൽ ആരും ചോദിച്ചുപോകും: അനുദിന ജീവിതപ്രക്രിയകളിൽ മേൽപ്പറഞ്ഞ വിധത്തിലുള്ള സ്നേഹം എത്രമാത്രം പ്രായോഗികമാണ്? യേശുവിനോ പോളിനോ, അല്ലെങ്കിൽ ബുദ്ധനെയോ മഹാവീരനെയോ പോലെ മറ്റേതെങ്കിലും വിശ്വപ്രേമിക്കോ എത്രമാത്രം വിപുലമായി ഇത്തരം സ്നേഹവ്യാപാരങ്ങൾ സാധ്യമായിട്ടുണ്ടാവണം? തൊട്ടടുത്തവരോടോ തിരഞ്ഞെടുത്ത ചിലരോടോ, പരിധികളില്ലാത്ത തുറവ് പരിപോഷിപ്പിക്കാനായാലും, സമൂഹത്തിലേവരോടും അങ്ങനെയിടപെടാൻ ആർക്കെങ്കിലുമാകുമോ? ഇല്ലെന്നു പറയേണ്ടിവരും. കള്ളപ്പരിഷകളെന്നും കുറുക്കനെന്നും വെള്ളപൂശിയ കുഴിമാടമെന്നുമൊക്കെ താൻ കളിയാക്കി വിളിച്ചവരെയും യേശു തന്റെ അനുയായികളെയെന്നപോലെതന്നെ സ്നേഹിച്ചിരുന്നുവെന്നു പറയുക വിഡ്ഢിത്തമാണ്. അങ്ങനെയെങ്കിൽ, ഉപരിപ്ലവമല്ലാത്ത സ്നേഹത്തിനു പാത്രമായിത്തീരാൻ ചില നിബന്ധനകളൊക്കെയുണ്ടെന്നു സമ്മതിക്കേണ്ടിവരും. എത്രയെഴുതിയാലും വീണ്ടും ബാക്കികിടക്കുന്ന വിഷയമാണ്, അഗാധമായ സ്നേഹം. ഏകത്തിൽ നിന്ന് ദ്വൈതത്തിലേയ്ക്കും, അവിടെനിന്ന് അദ്വൈതത്തിലേയ്ക്കുമുള്ള പരിണാമത്തിന്റെ ഉച്ചസ്ഥായിയാണ് പ്രണയം. കലയുടെയും സാഹിത്യത്തിന്റെയും എല്ലാ വിതാനങ്ങളിലും സ്നേഹവും പ്രണയവും പരാമർശിക്കപ്പെടുന്നുണ്ട്. മിക്ക മതങ്ങളുടെയും വിശുദ്ധഗ്രന്ഥങ്ങളിൽ പ്രണയത്തെ അങ്ങേയറ്റം പ്രകീർത്തിക്കുന്ന ഭാഗങ്ങളുണ്ട്. അനന്യമായ ഈ അനുഭവത്തിന്റെ അന്തരാർത്ഥങ്ങളിലേയ്ക്ക് ഒന്നെത്തിനോക്കാം. സ്നേഹിക്കുക എന്നത് ആത്മസത്തയുടെ പൊതുഗുണമാണെങ്കിലും, പ്രണയമെന്ന അനുഭവം അനുരാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇനി കുറിക്കുന്നത് പ്രണയത്തെപ്പറ്റിയാണ്.

ബൗദ്ധികവും ആത്മീയവും വൈകാരികവും ശാരീരികവുമായ മനുഷ്യാനുഭവങ്ങളെ കീഴടക്കാനുള്ള ശക്തി പ്രണയത്തിനുണ്ട്. രണ്ടു പേർ പ്രണയബദ്ധരാവുമ്പോൾ ബൗദ്ധികതലത്തിൽ എന്ത് സംഭവിക്കുന്നു എന്നുമാത്രമേ ഈ ലേഖനത്തിൽ അന്വേഷിക്കുന്നുള്ളൂ.

1. *ഞാനാര്* എന്ന ചോദ്യത്തിനുത്തരം കിട്ടിയതിലുള്ള ചാരിതാർത്ഥ്യം. അതാണ് യഥാർത്ഥ പ്രണയത്തിന്റെ ആദ്യഫലം. എന്നാലതിന് മുമ്പുതന്നെ *നീയാര്* എന്ന തിരിച്ചിലിനുള്ള ഫലവും കൈവന്നിരിക്കും. എന്തെന്നാൽ, നീതന്നെ ഞാൻ, ഞാൻതന്നെ നീ എന്നാണല്ലോ, മൗനഭാഷയിലെങ്കിലും, പ്രണയിക്കുന്നവർ അന്യോന്യം പറയുന്നത്. അവർ അർത്ഥമാക്കുന്നത് മറ്റൊന്നുമല്ല – നിന്നെപ്പറ്റിയുള്ള എന്റെ അറിവിനുള്ളിൽ എന്നെപ്പറ്റി എനിക്കുള്ള ബോധ്യങ്ങളെല്ലാം ഉൾക്കൊള്ളിക്കാൻ എനിക്കാകുന്നുണ്ട്. ഞാൻ ചെറുതും, നീ എന്നെയുംകൂടി ഉൾക്കൊള്ളാനാവുംവിധം വലുതുമാണെന്ന കണ്ടെത്തലിൽ ഞാൻ സന്തുഷ്ടിയനുഭവിക്കുന്നു.

2. നീ എന്റേതാണോ എന്നാവർത്തിച്ചു ചോദിച്ച് കൊതിയൂറുമ്പോഴും ഞാൻ നിന്റേതാണല്ലോ എന്ന നിർവൃതിയിൽ ആ കൊതിക്ക് അടക്കംവരുന്നു. അതായത്, ചോദ്യത്തോടൊപ്പംതന്നെ അതിനുള്ള ഉത്തരവും ഉണ്ടായിരിക്കുന്ന സുകൃതം. ആനന്ദമാണ് അതിന്റെ ഫലം. ശക്തിപ്രകടനങ്ങളൊന്നുമില്ലാതെ മനസ്സാഗ്രഹിക്കുന്നത് തനിയെയെന്നോണം സംഭവിക്കുന്നുവെന്ന അറിവിൽക്കവിഞ്ഞ സന്തോഷമെന്ത്?

3. *നീതന്നെ ഞാൻ* എന്ന പ്രഖ്യാപനത്തിൽ നീയാരെന്നും, എന്നെ സംബന്ധിച്ചിടത്തോളം എന്തെന്നും ഗ്രഹിക്കാനായതിലുള്ള ആഹ്ലാദം ഉൾക്കൊള്ളുന്നുവെന്നു സൂചിപ്പിച്ചല്ലോ. എത്ര തുച്ഛമായാലും, ഈ അറിവിൽ ആരാധനയുടെ അംശമുണ്ട്. കാരണം, എന്നെയുംകൂടി ഉൾക്കൊള്ളാനാവുന്ന ഒരു സത്തയാണ് നീ എന്ന ഗ്രാഹ്യമതിലുണ്ട്. ഞാൻ നിന്നിലലിഞ്ഞ് ഇല്ലാതാകുന്ന ശൂന്യതയിൽ നീ നിറഞ്ഞുകൊള്ളുമെന്ന വിശ്വാസം എന്നിലുറച്ചിരിക്കുന്നു എന്നാണതിനർത്ഥം. നീ എന്റെയുംകൂടി അസ്തിത്വത്തെ സംവഹിക്കുന്നു എന്ന ഈ ബോദ്ധ്യമാണ് പ്രണയത്തിലെ ആത്മനിർവൃതിക്ക് കാരണം.

4. മറിച്ച്, *ഞാൻതന്നെ നീ* എന്ന് പ്രണയപാരമ്യത്തിൽ ഒരാൾ ഉരുവിടുന്നത് സങ്കൽപ്പിക്കുക. ഉടനേ, കപടവും അയുക്തവും അപകടം മണക്കുന്നതുമായ എന്തോ അതിൽ അടങ്ങിയിട്ടില്ലേയെന്ന സംശയമുദിച്ചേക്കാം. കാരണം, ഞാനെന്നിൽത്തന്നെ ഒരിക്കലും പൂർണമല്ലെന്നുള്ള ഒരാത്മബോധം ഏവരിലും കുടികൊള്ളുന്നുണ്ടാവണം. അതുതന്നെയാണ് എനിക്കു വെളിയിൽ എന്റെ പൂർത്തീകരണത്തെ തേടാൻ പ്രേരക

മായിത്തീരുന്ന ഘടകം. ന്യൂനവും അപൂർണവുമായതിലേയ്ക്ക് മറ്റൊന്നിനെ യോജിപ്പിക്കുക സ്നേഹമാവില്ല, സ്വാർത്ഥതയാണ്. എന്തെന്നാൽ, സ്നേഹം കൊടുക്കലാണ്, എടുക്കലല്ല. മറ്റൊന്നിനെ എനിക്ക് മാത്രമായി ആഗ്രഹിക്കുക സ്നേഹത്തിനു വിപരീതമാണ്. സ്നേഹമാകട്ടെ വിപുലീകരണമാകേണ്ടതുണ്ട്.

ചുരുക്കത്തിൽ, നിസ്വാർത്ഥമായ എല്ലാ സ്നേഹബന്ധത്തിന്റെയും അടിസ്ഥാനം അദ്വൈതത്തിലേയ്ക്കുള്ള അഭിവാഞ്ചയാണ്. വ്യതിരിക്തമായ രണ്ട് അസ്തിത്വഘടകങ്ങൾ ഉണ്മയുടെ തലത്തിൽ ഒന്നായിത്തീരുന്നതിനെയാണ് അദ്വൈതംകൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരാളുമായി ചേർന്നുവളരുക, അങ്ങനെ ഇരുവരുടെയും പൂർത്തീകരണം സാദ്ധ്യമാക്കുക എന്ന അദ്ഭുതമാണത്. സ്വായത്തമായ ഹൃദയനൈർമല്യത്തിന്റെ തോതനുസരിച്ചും, സ്വയമില്ലാതാകാനുള്ള കഴിവനുസരിച്ചും മാത്രമേ ഈയദ്ഭുതം സംഭവിക്കൂ. ആദ്യാകർഷണത്തിന്റെ മഞ്ഞളിപ്പ് മാറുമ്പോൾ, 'പ്രണയബദ്ധർ' എന്ന് സ്വയം സങ്കൽപ്പിച്ചു കഴിഞ്ഞിരുന്നവർ വഴിപിരിയുന്നതിനു കാരണം വ്യക്തമാണ്. അഹന്തയെന്ന കട്ടുറുമ്പ് അവരുടെ സ്വർഗത്തിലേയ്ക്ക് നുഴഞ്ഞുകയറിയിരിക്കുന്നു. അല്പസ്വല്പ പിടിവാശികൾ പ്രബലപ്പെട്ടുതുടങ്ങുന്നു. താൻപോരിമകാരണം വിട്ടുവീഴ്ചകൾ അസാദ്ധ്യമായിത്തീരുന്നു. അതോടെ, സമ്പന്നമായ അദ്വൈതത്തിൽനിന്ന് അവർ പൊരുളില്ലാത്ത ദ്വൈതത്തിലേയ്ക്ക് പിന്നാക്കം തളർന്നുവീഴുന്നു!

സാമൂഹിക- മന:ശാസ്ത്രവിഷയങ്ങളിൽ ആഴമായ പഠനങ്ങൾ നടത്തിയിട്ടുള്ള എറിക് ഫ്രൊം (Eric Fromm), സ്നേഹിക്കുക എന്ന കല (Die Kunst des Liebens) എന്നൊരു വിഭാഗത്തിൽ, പ്രേമത്തെപ്പറ്റി നടത്തുന്ന നിരീക്ഷണങ്ങൾ ശ്രദ്ധാർഹമാണ്. അദ്ദേഹമെഴുതുന്നു: "*പ്രേമത്തിൽ നിന്നുണ്ടാകുന്ന താല്പര്യത്തിന് അല്പായുസേ ഉണ്ടാകൂ. പരിചിതരായിക്കഴിഞ്ഞാൽ വേർപാട് അനിവാര്യമാകുന്നു. ശരീരങ്ങളുടെ സംഗമത്തിലൂടെ വേർപാടിന്റെയനുഭവത്തെ കുറേ നാളേയ്ക്കു മറികടക്കാനായേക്കും. ശിശുസഹജമായ ഒരാശ്രിതബന്ധവും ഉണ്ടായേക്കാം. ഒരു ഭാഗത്തുനിന്നെങ്കിലും എകാകിതയെ മറികടക്കാൻ വെറുപ്പ്, അജ്ഞത, ദേഷ്യം തുടങ്ങിയ വികാരങ്ങളും പങ്കുവഹിച്ചേക്കാം. കാമാതുരമായി തുടങ്ങിയ സ്നേഹത്തിന്റെ വ്യതിയാനമാണിത്. ഇത്തരം ബന്ധങ്ങൾ ക്രമേണ ശിഥിലമാകും. ലൈംഗികത ഏകാന്തതയുടെ ഭയത്തിൽ നിന്നുളവാകാം. ലൈഗികതയുത്തേജിപ്പിക്കുന്ന പല വികാരങ്ങളിൽ ഒന്നുമാത്രമാണ് സ്നേഹം. പലരിലും ഇവ രണ്ടും കെട്ടുപിണഞ്ഞാണ് കിടക്കുന്നത്. മറ്റു ചില സവിശേഷതകൾകൂടി കാമാതുരമായ സ്നേഹത്തിനുണ്ട്. സ്നേഹിക്കുന്ന രണ്ടു വ്യക്തികൾ അവരുടെ*

*വ്യക്തിത്വത്തിൽ കേന്ദ്രീകരിക്കപ്പെടുമ്പോൾ ബാഹ്യലോകത്തോട് സ്നേഹമില്ലാത്തവരായിത്തീരാം. ഇതൊട്ടും ആരോഗ്യകരമല്ല. അപ്പോൾ, സ്നേഹിക്കൽ വേർപാടിനെ അതിജീവിക്കാനുള്ള ഒരു വിദ്യയായി തരംതാഴുന്നു. അവരുടെ ഐക്യം തീർത്തും ഭ്രമാത്മകമാണ്. ഒരാളുമായി മാത്രമേ തനിക്ക് സ്നേഹം സ്ഥാപിക്കാൻ കഴിയൂ എന്ന് വരുമ്പോൾ അത് ഉപരിപ്ലവമായിത്തീരുന്നു."*

കാമാതുരമായ സ്നേഹം സത്യസന്ധമെങ്കിൽ അതിന് ഒരു ലക്ഷ്യമേയുള്ളൂ - അവന്റെയും അവളുടെയും സത്ത പരസ്പരം ലയിച്ചു ചേരുക എന്നതാണത്. സർവ്വ മനുഷ്യർക്കും ആത്യന്തികമായി ഒരേ യൊരു സത്തയാണുള്ളത്, അതിന്റെ വിഭിന്നതകൾ മാത്രമാണ് നമ്മ ളെല്ലാം എന്നംഗീകരിച്ചാൽ, ഒരാളിലേയ്ക്ക് മാത്രം സ്നേഹമെല്ലാം അടിഞ്ഞുകൂടാനാവില്ല. അതേ സമയം, വൈയക്തികമായി സവിശേഷ രീതിയിൽ ഇഷ്ടപ്പെടുന്നയാളോട് പ്രതിബദ്ധതയോടെ സ്വയം സമർപ്പി ക്കുക, സർവാശ്ലേഷിയായ സ്നേഹത്തിൽനിന്നുള്ള പിന്മാറ്റമാകില്ല എന്നും കരുതാം.

പ്രഗത്ഭരായ ചിന്തകരെല്ലാം പ്രണയത്തെപ്പറ്റി അഗാധമായവ പറ ഞ്ഞിട്ടുണ്ട്.

"*നിങ്ങളെന്താണോ അതല്ല, നിങ്ങളെന്തായിത്തീരുന്നുവോ, അതാണ് പ്രണയം.*" (Cervantes)

"*നിങ്ങൾ എന്തിനെയെങ്കിലും സ്നേഹിക്കുന്നെങ്കിൽ, അതിനെ സ്വതന്ത്രമാക്കുക. അത് തിരികെവരുന്നില്ലെങ്കിൽ, അത് നിങ്ങൾക്കുള്ള തല്ല. മറിച്ചായാലോ, അതിനെ അനന്തകാലത്തേയ്ക്കും പ്രണയിക്കുക.*" (Gaude Hurten)

"*മനുഷ്യനെ ദയാവാനാക്കുവാനും അവനു ആത്മോത്കർഷം നൽകാനും അനുരാഗത്തിനാകണം. പ്രണയത്തിലകപ്പെട്ടവർ ആദ്യം സ്വന്തം ജീവിതത്തെ രൂപപ്പെടുത്തിയെടുക്കാൻ യത്നിക്കണം. എന്നിട്ടുവേണം കാമിനിയുടെ/കമിതാവിന്റെ സ്വഭാവത്തെ രൂപപ്പെ ടുത്താൻ.*" (Alexei Arbuzov)

"*നന്മക്കും തിന്മക്കുമപ്പുറത്തുള്ള എന്തോ ആണ് പ്രണയത്തിൽ സംഭവിക്കുന്നത്.*" (Friedrich Nietzsche)

ഇത്ര മനോഹരമായ പ്രണയാനുഭവം എന്തുകൊണ്ടാണ് ഒട്ടു മിക്കപ്പോഴും ഹ്രസ്വായുസായി പൊലിഞ്ഞുപോകുന്നത്? ഒരു യുക്തിയേ എനിക്കു തോന്നുന്നുള്ളൂ. സ്നേഹമെന്നയനുഭവം ദ്വൈതങ്ങൾക്ക് അദ്വൈതത്തിലേയ്ക്കുള്ള തേങ്ങലാണ്. എന്നാൽ അതൊരു ഉഭയ പ്രക്രി

യയായിരിക്കണം. കൊടുക്കാനുള്ളിടത്തും വാങ്ങാനാളില്ലാതെ വന്നാൽ കൊടുക്കൽ അർത്ഥനിരാസമായി കലാശിക്കും. ദ്വൈതത്തിന്റെ ഇരുവശങ്ങളിലും സ്നേഹാഭിവാഞ്ഛയുണ്ടാകാതെ സ്നേഹിക്കൽ പൂർണതയിലെത്തുകയില്ല. പ്രണയത്തിന്റെ സാധ്യതകളെ സംഭാവ്യമാക്കുക അനിവാര്യമായും ഒരു സഹകരണപ്രസ്ഥാനമാണ്. പ്രണയിതാവും പ്രണയിനിയുമില്ലാതെ, അല്ലെങ്കിൽ, രണ്ടു പ്രണേതാക്കളില്ലാതെ പ്രണയിക്കൽ സംഭാവ്യമല്ല. ഇരുഭാഗത്തും അതിസൂക്ഷ്മമായ ജാഗ്രതയില്ലെങ്കിൽ വെറും നിസ്സാരകാരണങ്ങളാൽ ആദ്യത്തെ ആർദ്രത ക്രമേണ മങ്ങുകയും നഷ്ടബോധം മാത്രം ബാക്കിയാവുകയും ചെയ്യും.

ഈ പരിചിന്തനങ്ങൾ നമ്മെ ഒരു വലിയ സത്യത്തിലേയ്ക്ക് കൊണ്ടെത്തിക്കുന്നു. അശിക്ഷണത്തിന്റെയും തൻകാര്യപ്രസക്തിയുടെ അല്പത്വത്തിന്റെയും കുറവുകളെ മറികടക്കാനാകുന്നവർക്ക്, നിഷ്ക്കളങ്കതയുടെ ശൈശവാവസ്ഥയിലേയ്ക്ക് എത്തിച്ചേരാനുള്ള സാധ്യതകൾ എപ്പോഴുമുണ്ട്. ഓരോ ബോധാങ്കുരവും ഈ മഹത്വത്തിലേയ്ക്കാണ് വളർന്നു വികസിക്കേണ്ടത്. ആത്മാവിന്റെ അന്ത്യാർത്ഥം തേടുന്നവരോട് ഉപനിഷദ്ഗുരുക്കന്മാരുടെ അവസാന വാക്കാണ് "തത്ത്വമസി", (പിരിച്ചെഴുതുമ്പോൾ "തത് ത്വം അസി". "അത് നീയാകുന്നു" എന്നാണു മലയാളത്തിൽ എപ്പോഴും എഴുതി കാണാറുള്ളതെങ്കിലും, "നീ അതാകുന്നു" എന്ന് ഭാഷാന്തരം ചെയ്യുകയാണ് കൂടുതൽ യുക്തിഭദ്രമെന്നു ഞാൻ കരുതുന്നു.) തത് എന്നാൽ അതാ അവിടെയുള്ളത്, അതായത്, പരമാത്മാവ് - ഉണ്മ അതിന്റെ പരിപൂർണതയിൽ. 'ത്വം' വേദഭാഷയിൽ ജീവാത്മാവാണ്. നിന്നെത്തന്നെ അറിയൂ, പരിപൂർണതയിലേയ്ക്കുള്ളതെല്ലാം നിന്നിലുണ്ട്, വേണമെങ്കിൽ നിനക്ക് 'അത്' ആയിത്തീരാം എന്നാണ് വ്യക്തമായ ഭാഷയിൽ തത്ത്വമസിയുടെ പൊരുൾ. നിർമ്മലമായ പ്രണയം വിശ്വസ്നേഹത്തിലേയ്ക്കും സംശുദ്ധമായ അദ്വൈതത്തിലേയ്ക്കുമുള്ള കാൽവെപ്പാണ്.

❑

# 8

# ദാമ്പത്യസുഗന്ധം

*ആരുടെ കൂടെ ജീവിക്കണമെന്നാഗ്രഹിക്കുന്നുവോ, ആ ആളെ കെട്ടരുത്. ആരില്ലാതെ നിനക്ക് ജീവിക്കാനാവില്ലെന്നറിയുന്നോ, അയാളെ വിവാഹം കഴിക്കുക. ഇതിലേതു ചെയ്താലും, അവസാനം നിന്റെ അനുഭവം പരിതാപകരമാകും* എന്നൊരിടത്ത് വായിച്ചു. ഭൂരിഭാഗം മനുഷ്യരും ഇത് ശരിയെന്നുതന്നെ പറയും. എന്തുകൊണ്ടാണ് ഇങ്ങനെ പരിതപിക്കേണ്ടിവരുന്നത്? ഒരേയാളെ അയാളുമായി ഒരു സ്ഥിരബന്ധത്തിലായ ശേഷവും അതിന് മുമ്പും കാണുന്നതിൽ വ്യത്യാസമുണ്ടെന്നാണ് ഇതിനർത്ഥം. അതെന്തായാലും, അതിപരിചയം വിരസത സൃഷ്ടിക്കുമെന്നതു മാത്രമാണോ ഇതിനുള്ള വിശദീകരണം? ഒരാളുടെ വ്യക്തിസ്വാതന്ത്ര്യം വിവാഹത്തോടെ പാരതന്ത്ര്യമാകുന്നെങ്കിൽ അതിന് കാരണം ഒരാളുടെ ഭാഗത്തുമാത്രമാകില്ലെന്ന് അനുമാനിക്കാം.

എത്രനാൾ കണ്ടാലും മടുപ്പ് തോന്നിക്കാത്തതാണ് സൗന്ദര്യം. അതാകട്ടെ എവിടെയും എപ്പോഴുമുണ്ട്. അത് കാണാനുള്ള കഴിവാണ് സൗന്ദര്യബോധം. ഇക്കാര്യം താത്ത്വികശോഭയോടെ ഇങ്ങനെ എഴുതിയിട്ടുണ്ട്, കവി:

*ക്ഷണേ ക്ഷണേയ നവതാ മുപൈതി, തദേവ രൂപം രമണീയതായാ:*
അർത്ഥം: ഓരോ ക്ഷണത്തിലും പുതുമ തോന്നിപ്പിക്കുന്ന രൂപമേതോ, അതാണ് സുന്ദരം. ഈയർത്ഥത്തിൽ, സൗന്ദര്യബോധം വളരെ വ്യത്യസ്തമായ അളവിലുള്ളവർ തമ്മിൽ ബന്ധിതരായാൽ ജീവിതം നരകമാകും എന്നു പറയാം. പതുക്കെ പറയേണ്ട ഒരു രഹസ്യമല്ലിത്. സൗന്ദര്യമെന്നാൽ ശരീരത്തിന്റേതു മാത്രമല്ല; അതിൽ കൂടുതലായി ആന്തരിക

മാണത്; വ്യക്തിത്വത്തിന്റേതാണത്, എന്നൊക്കെ എവിടെയും പറഞ്ഞു കേൾക്കാറുണ്ട്. പക്ഷേ, സ്വന്തം പങ്കാളിയിലത് കണ്ടെത്താൻ കഴിയാതെ വരുമ്പോൾ, ദാമ്പത്യം മടുപ്പിച്ചുതുടങ്ങും. വിവാഹസർട്ടിഫിക്കറ്റിനേക്കാൾ, എഴുതപ്പെടാത്ത ചില നിയമങ്ങളാണ്, ബന്ധത്തെ ഉറപ്പിച്ചുനിറുത്തുക. ഇവയേതൊക്കെയെന്നു നോക്കുന്നത്, യുവദമ്പതികൾക്ക് തൽക്കാലം ആവശ്യമല്ലെങ്കിലും, എന്നെപ്പോലെയുള്ള അർദ്ധവൃദ്ധർക്ക് താത്പര്യമുള്ള വിഷയമാകാം.

അല്പമൊക്കെ പക്വമായ പ്രായത്തിൽ കല്യാണം കഴിച്ച എനിക്ക് പങ്കാളിയിൽ ചില നിശ്ചിതഗുണങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന ആഗ്രഹം ഏറെയായിരുന്നു. ഇങ്ങോട്ട് പ്രതീക്ഷിക്കുന്നവ അങ്ങോട്ടു കൊടുക്കാനുമുള്ള കടമ അംഗീകരിക്കേണ്ടതുകൊണ്ട്, ഇത്തരം നിബന്ധനകൾ സ്ത്രീക്കും പുരുഷനും (ഭാര്യ, ഭർത്താവ് എന്ന വാക്കുകൾക്ക് ഭരിക്കുന്നവൻ, ഭരിക്കപ്പെടുന്നവൾ എന്നർത്ഥമുള്ളതിനാൽ അവ ഇവിടെ ഉപയോഗിക്കുന്നില്ല.) ബാധകമാകണമല്ലോ. ഏതായാലും, ഞാനാഗ്രഹിച്ചവയിൽ പ്രധാനം ഇവയായിരുന്നു.

1. **ലാളിത്യം**: ചിന്തയിലും പ്രവൃത്തിയിലും ഉടയാടയിലും എന്ന് നീട്ടിപ്പറയാം. എന്നുവച്ചാൽ, ഒരു തരത്തിലുമുള്ള ഏച്ചുകെട്ടലുകളുടെയും ആവശ്യമില്ലായ്മ. ഉള്ളതൊക്കെ അന്യരുടെ മുമ്പിൽ പ്രദർശിപ്പിക്കേണ്ടതില്ല എന്നതുപോലെതന്നെ ലാളിത്യത്തിന്റെ ഭാഗമായി ശ്രദ്ധിക്കേണ്ടതാണ്, ഇങ്ങോട്ടുള്ള അന്യരുടെ പ്രദർശനങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുക എന്നതും. അതിനർത്ഥം, ആവശ്യമില്ലാത്ത പരാമർശങ്ങൾ, അന്വേഷണങ്ങൾ, ബോദ്ധ്യപ്പെടുത്തലുകൾ എന്നിവക്കായി സമയവ്യയം വരുത്തുന്നവരെ തീർത്തും നിരുത്സാഹപ്പെടുത്തുക എന്നും കൂടിയാണ്.

2. **ബുദ്ധിപരമായ പെരുമാറ്റം**: ബുദ്ധിപ്രാഭവത്തിന്റെയളവല്ല ഇവിടെയുദ്ദേശിക്കുന്നത്. മറിച്ച്, ആവശ്യം വരുന്നിടത്ത്, ബുദ്ധിയുപയോഗിക്കാനുള്ള കഴിവാണ്. ഉദാഹരണത്തിന്, ഉള്ള കുറവുകൾ ചൂണ്ടിക്കാണിക്കുമ്പോൾ, തിരുത്താനായില്ലെങ്കിൽത്തന്നെ, അവ അംഗീകരിക്കാനാവുക.

3. **സത്യസന്ധത**. തനിക്കില്ലാത്തതുണ്ടെന്നും, ഉള്ളതില്ലെന്നും നടിക്കാതിരിക്കുക, നല്ലതായാലും, തിയ്യതായാലും.

4. **ആത്മാവിന്റെയടുപ്പം മാത്രമല്ല, ശരീരത്തിന്റെ അടുപ്പത്തെപ്പറ്റിയും ആരോഗ്യകരമായ ധാരണയുണ്ടായിരിക്കുക**. ശരീരത്തിന്റെ പ്രവണതകളെയും പ്രവർത്തനത്തെയുംപറ്റി എന്നപോലെ, ലൈംഗിക

തയുടെ സൗന്ദര്യവും വശ്യതയും മനുഷ്യന് ലഭിച്ചിട്ടുള്ള വരദാനങ്ങളായി കാണാനും അവയെ പരിപോഷിപ്പിക്കാനുമുള്ള തുറവ്.

5. **വാക്കാലെയും പ്രവൃത്തിയിലൂടെയും ഇഷ്ടം വളർത്തിയെടുക്കാനുള്ള ആന്തരികബോധം**. പങ്കാളിയിൽ നല്ലത് വാഴ്ത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള എളിമ. പറയേണ്ട ഒരു നല്ല വാക്ക് വിട്ടുകളയുന്നത് ദാമ്പത്യത്തിൽ തീരാനഷ്ടമാണ്. വളമിടാതെ, ഇഷ്ടംപോലും വളരുകയില്ല എന്ന തിരിച്ചറിവില്ലാത്തവർ ദാമ്പത്യത്തിൽ മുരടിപ്പ് അനുഭവിക്കേണ്ടിവരുമെന്നത് തീർച്ചയാണ്.

അംഗീകാരമാണ് ഏറ്റവും വലിയ ദാമ്പത്യവളം. അതില്ലാത്തിടത്ത് നിസ്സംഗത, ശൈത്യം, മടുപ്പ് എന്നിവ അനിവാര്യമാണ്. സ്വന്തം കുറവുകളെ തിരുത്തുന്നതിലും പ്രധാനമാണ്, പങ്കാളിയിലുള്ള ഗുണങ്ങളെ അംഗീകരിക്കാൻ സന്മനസ്സു കാണിക്കുക എന്നത്. അതിലൂടെ ഒരദ്ഭുതം തന്നെ സംഭവിച്ചെന്നിരിക്കും. പ്രശസ്തരായ ചിലരുടെ അനുഭവങ്ങൾ നോക്കുക. "*ഞാനൊരാളുമായി അടുപ്പത്തിലായി. ഈ പ്രായത്തിലും ആകർഷകമായി എനിക്ക് ചിലതൊക്കെ ഉണ്ടെന്നയറിവ് വല്ലാത്തതായിരുന്നു. അതെന്നെ പിടിച്ചുകുലുക്കി. എന്റെ യൗവനം മടങ്ങിയെത്തി.*" (കമല സുറയ്യ). ഏവരും സമ്മതിച്ചുകൊടുത്തിരുന്ന അനന്യമായ തന്റേടവും സവിശേഷമായ മേധാവൈഭവവുമുണ്ടായിരുന്ന മാധവിക്കുട്ടിക്ക് പ്രായമായശേഷം ആരോ ഒരാളിൽനിന്ന് കിട്ടിയ വേറെയേതോ അംഗീകാരത്തെപ്പറ്റിയാണവർ ഇവിടെ സൂചിപ്പിക്കുന്നത്. ഭാഷയുടെ രീതിയിൽ നിന്ന്, അത് ശരീരത്തെ സ്പർശിച്ചുള്ള എന്തെങ്കിലും ആയിരിക്കാമെന്ന് അനുമാനിക്കാം. തന്റെ ശരീരം അത്രയൊന്നും ആകർഷണീയമല്ലെന്നു കരുതുന്നവർക്കുപോലും, അതേപ്പറ്റി, എത്ര ചെറുതായാലും, നല്ലൊരു സൂചന പങ്കാളിയിൽ നിന്നു ലഭിച്ചാൽ, വലിയൊരു നിധി കിട്ടിയതിനു തുല്യമായിരിക്കുമത്. ഇത്തരം അംഗീകാരങ്ങൾ, പ്രായവ്യത്യാസമില്ലാതെ, ഔഷധിപോലെ പ്രവർത്തിച്ചു തുടങ്ങും. സ്വന്തം ശരീരത്തെപ്പറ്റി പൊതുവെയോ, ഏതെങ്കിലും അവയവത്തെപ്പറ്റിയോ ഒരിക്കലും മനസ്സിലുദിക്കാത്ത നല്ല വശങ്ങൾ കണ്ടെത്തുകയും അത് തുറന്നുപറയുന്നതിൽ സന്തോഷമനുഭവിക്കുകയും ചെയ്യുന്ന കൂട്ടുകാരനോട്/കൂട്ടുകാരിയോട് തീരാത്ത നന്ദിയും അടുപ്പവും ആർക്കും തോന്നും.

ഒറ്റയിരുപ്പിനു വായിച്ചുതീരുന്ന ഒരു നോവലിൽ, (*ഒരു സങ്കീർത്തനം പോലെ*, പെരുമ്പടവം ശ്രീധരൻ) ദോസ്തേയിസ്കി പറയുന്നുണ്ട്: *വഴി നീളെ മോഹിപ്പിക്കുന്ന മൃഗതൃഷ്ണ കടന്ന് ഞാനെത്തിയതെവിടെ? അന്നയുടെയടുത്ത്. ഇതിനു മുമ്പ് ആരുമെന്നെയിങ്ങനെ സ്നേഹിച്ചിട്ടില്ല, നിഷ്കപടമായും അലങ്കാരങ്ങളില്ലാതെയും, എന്റെ കുറ്റങ്ങളറിഞ്ഞ്,*

*എന്റെ ചീത്ത വാസനകളറിഞ്ഞ്.* അതേ സമയം അന്ന ഓർക്കുന്ന തിങ്ങനെ: *ഇന്നലത്തെ ആളല്ലിത്. ഇന്നലെ വേദനിപ്പിച്ചതിന് പിഴമൂളും പോലെയാണ് ഇന്ന് ഇയാൾ എന്നെ സ്നേഹിക്കുന്നത്.*

പുതിയവയെ കണ്ടെത്താനുള്ള സാദ്ധ്യത നിലനിർത്തുന്ന ദാമ്പത്യം, അല്പസ്വല്പ അസ്വാരസ്യങ്ങൾക്ക് ശേഷം വീണ്ടും സുന്ദര മായിത്തന്നെ തുടരും. അതിനുള്ള ധൈര്യം കൈവരുന്നത്, പങ്കാളിയിൽ ഇനിയും സ്നേഹിപ്പിക്കാനാവുന്ന പലതും ഉണ്ടെന്ന ബോദ്ധ്യമാണ്. അത് ചിലപ്പോൾ മറ്റാരും തീർത്തും നിസ്സാരമായി കാണുന്ന എന്തെങ്കിലുമായി രിക്കാം. ഒരുദാഹരണം: "എനിക്ക് നിന്റെ മണമിഷ്ടമാണ്." അല്പം സന്ദേ ഹത്തോടെ ഞാൻ പറഞ്ഞു. അദ്ഭുതപ്പെടുത്തുന്നതായിരുന്നു അവളുടെ മറുപടി: "എനിക്ക് നിന്റെയും!" അതൊരു വെളിപാടായിരുന്നു; എന്നു മെന്നും ഓമനിക്കാനുള്ള നിർവൃതിയും. ഭിന്നിപ്പിക്കാൻ അല്പം വല്ലതും മതിയാവുന്നതുപോലെ, യോജിപ്പിക്കാനും അന്യോന്യമുള്ള കൊച്ചു കൊച്ചു കണ്ടെത്തലുകൾ മതിയാവും. അവളുടെ/അവന്റെ ഭാഗത്ത് എന്താണ് ഇഷ്ടം എന്ന് കണ്ടുപിടിക്കാനും, എത്ര നിസ്സാരമെന്നു തോന്നി യാലും, അത് സാധിച്ചുകൊടുക്കാനും നിരന്തരം പ്രോത്സാഹിപ്പിക്കുന്ന അനുഭൂതിയാണ് സ്നേഹമെന്നത്. പഴകിപ്പോയ ബന്ധങ്ങളിൽ മിക്ക വാറും അവഗണിക്കപ്പെടുന്നതും എന്നാൽ ഒട്ടുംതന്നെ അപ്രധാന മല്ലാത്തതുമായ ഒരു കാര്യം ലൈംഗികബന്ധത്തിൽ നിസ്സാരമെന്നൊ ന്നില്ല എന്നറിയുകയാണ്. ദാമ്പത്യത്തിന്റെ പരിമളം നിലനിർത്താനുള്ള രാസവിദ്യയാണിത്.

*സാവധാനമൊരു പൂവ് വിരിയുംപോലെ വളരുന്ന സ്ത്രീയുടെ രതി ക്രിയയിലെ ധൃതിയില്ലായ്മ സ്വായത്തമാക്കാൻ പുരുഷനും സാധിക്കു മ്പോഴാണ് അത് ആനന്ദകരമായ ആത്മീയതയും കൂടിയാവുന്നത്. ഭാരരഹിതമായ ശരീരത്തോടെയുള്ള യാത്രയാണത്. ലക്ഷ്യമല്ല, യാത്ര യാണ് പ്രധാനം.* (ഡോ. റോസി തമ്പി - *സ്ത്രൈണ ആത്മീയതയും ലൈംഗികതയും*) ഇതേയർത്ഥത്തിലല്ലെങ്കിലും, *ഉത്സവമല്ല, ഉത്സവസ്ഥല ത്തേയ്ക്കുള്ള യാത്രയാണ് കൂടുതൽ ആനന്ദകരം* എന്ന് പൂജ്യം എന്ന കൃതിയിൽ സി. രാധാകൃഷ്ണൻ കുറിച്ചിട്ടുണ്ട്. ഈ ഉൾക്കാഴ്ചയുള്ള ദമ്പതികൾക്ക് ഓരോ ദിവസവും ഒരുത്സവയാത്രയായി തോന്നും.

*വി.കെ. ശ്രീരാമന്റെ ലേഖനങ്ങൾ* എന്ന പുസ്തകത്തിൽ ഗ്രന്ഥ കർത്താവ് ഒരു താരാജൂണിനെ പരിചയപ്പെടുത്തുന്നുണ്ട്. വില കൂടിയ സാഹിത്യകൃതികൾ വാങ്ങി വായിക്കാൻ കഴിയാത്ത കൂലിപ്പണിക്കാർ ക്കായി രത്യകഥകളെഴുതുന്നയാൾ. അവയൊക്കെ ക്രിയാത്മകവും ജീവിതഗന്ധിയുമാണെന്ന് ശ്രീരാമൻ പറയുന്നു. തന്റെ കഥകളെ

അശ്ലീലമെന്ന് വിധികൽപ്പിക്കുന്ന ധാർമ്മികാപ്പോസ്തലന്മാർ പ്രദർശനത്തിന് അനുവദിച്ചുവിടുന്ന നീല ഫിലിമുകളെപ്പററി താരാജൂൻ ഇങ്ങനെ പരിഹസിക്കുന്നു: *രണ്ട് ശരീരങ്ങളുടെ ഗോഷ്ഠികളെയാണ് അവ ചിത്രീകരിക്കുന്നത്. ഗോളടി മാത്രമായാൽ ഫുട്ബാളിലെന്തു രസം? ആവേശവും രസവും തോന്നണമെങ്കിൽ, പ്രതികൂലസാഹചര്യങ്ങളിലൂടെ പന്ത് ഗോൾപോസ്റ്റിലേയ്ക്ക് മുന്നേറണം. ഒടുവിൽ ഗോളിയേയും വെട്ടിച്ച് അകത്ത്! കളിക്കാരും കാഴ്ചക്കാരും ആനന്ദമറിയുന്നത് അപ്പോഴാണ്.* നിലവാരമൽപം കുറഞ്ഞ താരതമ്യമാണിതെന്ന് ചിലർക്ക് തോന്നുമെങ്കിലും, ശരീരത്തിന്റെ പവിത്രതയെയും ധന്യതയെയുംപറ്റി ഒന്നുമറിയാത്ത പുരുഷക്കോലങ്ങളുടെ ലൈംഗികബന്ധത്തിന്റെ ചിത്രീകരണമെന്ന നിലയിൽ ഇതിനു പ്രസക്തിയുണ്ട്. എപ്പോഴും സ്ത്രീയാണ് ഇത്തരം കാടൻഗോഷ്ടികളിൽ അതിരില്ലാതെ അപമാനിക്കപ്പെടുന്നത്.

എന്നിട്ടും കുടുംബങ്ങൾ അതിജീവിക്കുന്നെങ്കിൽ, അത് സ്ത്രീയുടെ സഹനശേഷികൊണ്ട് മാത്രമാണ്. മറ്റൊരാളിൽ, അയാൾ ക്രൂരനാണെങ്കിലും, സ്നേഹം കോരിച്ചൊരിയാൻ ചില മനുഷ്യർക്ക് ദൈവം സവിശേഷമായ കഴിവു കൊടുത്തിട്ടുണ്ട്. അതേറ്റുവാങ്ങുന്നയാൾക്ക് അതേപ്പറ്റി ബോധമുണ്ടാകുന്നില്ലെങ്കിൽ, സ്നേഹിക്കുന്നയാൾ തീരാദു:ഖത്തിലവസാനിക്കും. ആരറിയുന്നു, സൂഫി റാബി മ:അദവിയയുടെ ഈ വാക്കുകൾ എവിടെയെല്ലാം ആവർത്തിക്കപ്പെടുന്നുണ്ട്! *നിന്റെ സ്വർഗ്ഗം മോഹിച്ചോ, നരകം ഭയന്നോ അല്ല നിന്നെ ഞാനുപാസിക്കുന്നത്. അങ്ങനെയെങ്കിൽ ഞാനൊരു കൂലിക്കാരി മാത്രമാണ്. നിന്റെ സ്നേഹം എന്റെമേൽ ചൊരിയുമെങ്കിൽ, നിന്റെ നരകത്തിൽ വെന്തുരുകുവാനും എനിക്ക് സന്തോഷമേയുള്ളൂ.*

മറ്റെല്ലാം പറഞ്ഞുകഴിഞ്ഞാലും, ബാക്കിയാവുന്ന ഒരു നഗ്നസത്യമുണ്ട്. ദമ്പതികൾക്കിടയിൽ സ്വരച്ചേർച്ച ഇല്ലാതാകുന്നതിന് പ്രഥമവും പ്രധാനവുമായ കാരണം ജീവിതത്തിൽ ലൈംഗികതയുടെ പങ്കെന്തെന്നുള്ളതിനെപ്പറ്റി ഇരുഭാഗത്തുമുള്ള ആശയക്കുഴപ്പങ്ങളും വ്യത്യാസങ്ങളുമാണ്. ജീവിതത്തിന്റെ എല്ലാ തുറകളെയും ബാധിക്കുന്ന ഒരു ജീവചൈതന്യമായി ലൈംഗികതയെ കാണാനറിയില്ലാത്ത വ്യക്തികളുടെ സമൂഹമെന്നതിലുപരി, അതേപ്പറ്റി തീർത്തും അജ്ഞതയും വികൃതധാരണകളും നിറഞ്ഞ മനുഷ്യരുടെ കൂട്ടം എന്ന് കേരളജനതയെപ്പറ്റി പറയുകയാണ് ശരി. ലൈംഗികതയെപ്പറ്റി ഒളിച്ചും പാത്തും മാത്രം എന്തെങ്കിലും സംസാരിക്കുന്ന കപടസമൂഹങ്ങളാണ് ഈ ആധുനികയുഗത്തിലും ഭാരതത്തിലെവിടെയുമുള്ളത്. ദൈവമറിയാതെ മനുഷ്യശരീരത്തിൽ കയറിക്കൂടിയ ഏതോ ദൂഷിതയന്ത്രങ്ങളാണ് ലൈംഗികാ

വയവങ്ങൾ എന്നമട്ടിലാണ് അതേ ചുറ്റിപ്പറ്റിയുള്ള എല്ലാ കാര്യങ്ങളിലും നമ്മുടെ നാട്ടുകാരുടെ സംസാരരീതിയും പ്രവൃത്തികളും. ഒരാളുടെ 'ഉന്നത'വിദ്യാഭ്യാസംപോലും ഇക്കാരൃത്തിൽ ഒരളവുകോലായി കരുതാനാവില്ല. സ്വാഭാവികവും സുതാര്യവുമായ കാഴ്ചപ്പാടുകളും നിലപാടുകളും ശിക്ഷണരീതികളും കുടുംബങ്ങളിലെന്നപോലെ, പള്ളികളിലും സ്കൂളുകളിലും, കെട്ടിപ്പടുക്കാതെ ആരോഗ്യകരമായ ദാമ്പ ത്യബന്ധങ്ങൾ രൂപപ്പെടുന്നതെങ്ങനെ, നിലനിൽക്കുന്നതെങ്ങനെ? ദാമ്പ ത്യബന്ധങ്ങളിൽ നിറഞ്ഞുനിൽക്കേണ്ട സുഗന്ധം ഈ പറഞ്ഞവയെ യെല്ലാം ആശ്രയിച്ചാണിരിക്കുന്നത്.

❑

# 9

# ആകാശഗോളങ്ങൾ പഠിപ്പിക്കുന്നത്

ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ എനിക്ക് മുകളിൽ ശുദ്ധമായ ആകാശമാണ്. നിറയെ നക്ഷത്രങ്ങൾ. ആയിരം വർഷങ്ങൾക്കു മുമ്പ് നമ്മുടെ പൂർവികർ zodiac signs എന്ന് പേരിട്ടുവിളിച്ചിരുന്ന ആകാശ ഗോളങ്ങളെ അതേയാകൃതിയിൽ ഇന്നും കാണാം. എന്നാൽ, സൗര യൂഥങ്ങൾ അത്യധികമായ വേഗത്തിൽ തമ്മിലകന്നുകൊണ്ടിരിക്കുക യാണെന്ന് വാനശാസ്ത്രം സ്ഥിരീകരിക്കുന്നു. അങ്ങനെയെങ്കിൽ, zodiac signsൽ ഉൾപ്പെടുന്ന നക്ഷത്രങ്ങൾ മാറ്റമില്ലാതെ ഇപ്പോഴും കാണപ്പെടു ന്നതിന്റെ രഹസ്യമെന്തായിരിക്കും? നമ്മിൽനിന്ന് പ്രപഞ്ചഗോളങ്ങൾ ക്കുള്ള അനന്തമായ അകലമാണ് ഇതിൻെറ പിന്നിലെ വിശദീകരണം. അവയിൽനിന്ന് പ്രകാശം ഇവിടെയെത്താൻ വേണ്ടിവരുന്ന സമയത്തി നിടക്ക് പല മനുഷ്യകുലങ്ങൾതന്നെ ജനിച്ചുവളർന്ന് നശിച്ചിരിക്കും. അപ്പോൾ, നൂറു വർഷം മുമ്പും, ആയിരമായിരം വർഷങ്ങൾക്കു മുമ്പും മനുഷ്യൻ കണ്ടിരുന്നതും ഇന്ന് കാണുന്നതും കോടിക്കണക്കിന് വർഷ ങ്ങൾക്കുമുമ്പുള്ള ഗോളങ്ങളുടെ സ്ഥാനവും, അന്ന് അവയിൽനിന്ന് പുറപ്പെട്ട പ്രകാശവുമാണ്. യഥാർത്ഥത്തിൽ ഇന്നവയെല്ലാം മറ്റെവി ടെയോ ആണ് ജ്വലിച്ചുകൊണ്ടിരിക്കുന്നത്. അവകൾ തമ്മിലുള്ള അക ലവും അതിൽനിന്നുടലെടുക്കുന്ന ആകൃതിയും നാം കണ്ടുകൊണ്ടിരിക്കു ന്നതിൽ നിന്ന് തുലോം വ്യത്യസ്തവുമായിരിക്കും. ഇപ്പോൾ നാം കാണു ന്നതായി കരുതുന്ന പല നക്ഷത്രങ്ങളും പണ്ടുപണ്ടേ കത്തിയെരിഞ്ഞ് അപ്രത്യക്ഷമായിരിക്കാനും മതി.

ചന്ദ്രൻ ദിവസംതോറും മാറിമാറി ചരിക്കുന്നത് നമുക്ക് കണ്ടറിയാം. ചന്ദ്രനിൽ തട്ടുന്ന സൂര്യപ്രകാശം ഓരോ സെക്കന്റിലും ഭൂമിയിലെത്തുന്നു എന്നതാണ് അതിനുകാരണം. ഒരു സെക്കന്റിൽ പ്രകാശംപിന്നിടുന്ന ദൂരം തന്നെയാണ് ചന്ദ്രനിൽനിന്ന് നമ്മിലേക്കുള്ളത്. അതായത്, 300,000 km. ഒരു പ്രകാശവർഷമെന്നാൽ, അപ്പോൾ, ഈ തോതിൽ പ്രകാശകിരണം ഒരു വർഷംകൊണ്ട് പിന്നിടുന്ന ദൂരമാണ്.

ഇനിയൊരു നിമിഷം നമുക്ക് കണ്ണുകൾ മണ്ണിലുറപ്പിക്കാം. എന്റെ മുറ്റത്ത് നിൽക്കുന്ന മാവിന് അമ്പത്തഞ്ച് വയസ്സുണ്ട്. അതിനുമുമ്പ് അതെവിടെയായിരുന്നു? ഇതേ ചോദ്യംതന്നെ നിലത്തുകിടക്കുന്ന ഒരു ചരലിനെപ്പറ്റിയും നാമോരോരുത്തരെപ്പറ്റിയും ഇടക്കൊക്കെ ഉള്ളിലുദി ക്കേണ്ടിയിരിക്കുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നെത്തുന്ന ഊർജ്ജ ത്തിന്റെ സംഭരണികളാണ് ഇവയോരോന്നും. കോടിക്കണക്കിനു സം വൽസരങ്ങൾക്ക് മുമ്പ് വിവിധ ആകാശഗോളങ്ങളിൽനിന്ന് പുറപ്പെട്ടു വന്ന് ഭൂമിയിൽ ശേഖരിക്കപ്പെട്ടിരുന്നതും അമ്പത്തഞ്ച് കൊല്ലംകൊണ്ട് സൂര്യനിൽനിന്ന് ലഭിച്ചതുമായ ഊർജ്ജം ഘനീഭവിച്ചു രൂപപ്പെട്ടതാണ് ഈ മാവ്! ഓരോ മാമ്പഴത്തിലൂടെയും അവളെനിക്കു തരുന്നത് അതിലൊരോഹരിയാണ്. അവൾ മണ്ണടിയുമ്പോൾ അവളിലെ ഊർജ്ജ മെല്ലാം ചിതറിപ്പോകും, മറ്റു രൂപങ്ങളിൽ വീണ്ടും പ്രത്യക്ഷമാകാൻ. നമ്മുടെ ഗതിയും ഇതുതന്നെ. ഒരേയൂർജ്ജഖജനാവിൽ നിന്നു വീതംപറ്റി വ്യത്യസ്ത രൂപങ്ങളാർജ്ജിക്കുന്നതാണ് ഓരോ അസ്തിത്വവും. നാമുൾ പ്പെടെ എല്ലാം ഒന്നിൻെറതന്നെ വ്യത്യസ്ത ഭാവങ്ങൾമാത്രമാണ്.

എങ്കിൽ, ഈ പ്രപഞ്ചത്തിലുള്ള ഒന്നുംതന്നെ അപ്രധാനമല്ല. ഒന്നും തീർത്തും അപ്രത്യക്ഷമാകുന്നുമില്ല. ബ്രഹ്മബോധമെന്നത് എല്ലാറ്റി നെയും ഉൾക്കൊള്ളുന്ന സംഭരണിയാണ്. അതിൻെറ ഭാഗധേയങ്ങളാണ് നമ്മൾ. എന്നിലേക്ക് ഒഴുകിക്കൂടിയ ഊർജ്ജസമ്പന്നത ഏതെല്ലാം രൂപ ഭാവങ്ങൾക്ക് വിധേയപ്പെട്ട ശേഷമാണ് സ്നേഹമായും ദയയായും, ക്രോധമായും ഭയമായും എന്നിൽ വിലസ്സുന്നതെന്ന് എനിക്കുപോലു മറിയില്ല. എന്നാലും ഈ അല്പബോധത്തിന് എന്തെല്ലാം അറിയാ നാകുന്നു! തീരാത്ത വിസ്മയത്തിനുള്ള ഏതെല്ലാം കോപ്പുകൾ!

ഉദാഹരണത്തിന്, നമ്മുടെ അമ്മയായ ഭൂമി നമ്മുടെ സൗരയൂഥ ത്തിലെ ഒരു ഗ്രഹം മാത്രമാണല്ലോ. നമ്മുടെ സൂര്യൻ ആകാശഗംഗയി ലുള്ള മുന്നൂറ് സഹസ്രകോടിയിൽപരം നക്ഷത്രങ്ങളിൽ ഒന്നുമാത്രമാണ്. നമ്മുടെ സൗരയൂഥത്തെപ്പോലെ മറ്റനേകായിരങ്ങളെ ഉൾക്കൊള്ളുന്ന ആകാശഗംഗയോ, വിഹായസ്സിലുള്ള കോടിക്കണക്കിനു താരാശൃംഖല കളിൽ - galaxies - ഒന്നുമാത്രവും. സൂര്യനിൽനിന്ന് ഭൂമിയിൽ പ്രകാശ

മെത്താൻ എട്ടു മിനിറ്റെടുക്കുമ്പോൾ, നമ്മുടെ സൗരയൂഥത്തെ ഉൾക്കൊള്ളുന്ന ആകാശഗംഗയുടെ നമ്മോടടുത്തുള്ള പുറംപരിധിയിലെ ഒരു നക്ഷത്രത്തിൽനിന്നോ, അതിൻെറ (ഗാലക്സിയുടെ) മധ്യത്തിലുള്ള ഒന്നിൽനിന്നോ, പുറപ്പെടുന്ന പ്രകാശം നാം കാണുന്നത് ഉദ്ദേശം 26,000 വർഷങ്ങൾക്കു ശേഷമാണ്. നമ്മുടെ ആവാസസ്ഥലമായ പാലാഴിയുടെ വ്യാസം ഏതാണ്ട് ഒരു ലക്ഷത്തിലധികം പ്രകാശവർഷങ്ങളാണ്. ഒരു ഗാലക്സിയിൽ നിന്ന് മറ്റൊന്നിലേക്കുള്ള ദൂരമാകട്ടെ ഇതിലൊക്കെ പലമടങ്ങാണ്! നമ്മുടെ അല്പബോധത്തെ അന്ധാളിപ്പിക്കാൻ അകലങ്ങളെപ്പറ്റിയുള്ള ഈ തുച്ഛമായ അറിവുകൾ മാത്രം പോരേ?

ഇതുകൂടി ആയാലോ? ഭൂമി സ്വയം കറങ്ങുന്നതു കൂടാതെ സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നുവെന്ന് നമുക്കറിയാം. എന്നാൽ അതിലുള്ള എല്ലാ സൗരയൂഥങ്ങളെയും വഹിച്ചുകൊണ്ട് ആകാശഗംഗ മൊത്തത്തിൽ വീണ്ടും ഭയാനകമായി കറങ്ങുകയാണ്, മണിക്കൂറിൽ എട്ട് ലക്ഷം കി.മീ. വേഗത്തിൽ! ഇത്തരമൊരു കറക്കം പൂർത്തിയാകാൻ വേണ്ടിവരുന്ന സമയമോ, ഇരുന്നൂറ്റിയിരുപത് ദശലക്ഷം വർഷങ്ങൾ! അവനവന്റെ വ്യഗ്രതകളുമായി കലപലവച്ചോ അടങ്ങിയൊതുങ്ങിയോ ഉറപ്പുള്ള ഈ മണ്ണിൽ കഴിഞ്ഞുകൂടുന്നുവെന്ന് ധരിക്കുന്ന നാമോരോരുത്തരും അനുനിമിഷം ഈ സഞ്ചാരവേഗങ്ങളെല്ലാം തരണംചെയ്യുന്നുണ്ടെന്നോർക്കുക. നമ്മുടെ അസ്തിത്വത്തിന്റെ സവിശേഷതയാണിത്. നിരന്തരമായ വിസ്മയത്തിന് ഇനിയെന്തുവേണം?

❑

# 10

# ആത്മപ്രകാശത്തിന്റെ നിമിഷം

1969ൽ ഇംഗ്ലണ്ടിൽ സസ്സെക്സ് കൗണ്ടിയിലുള്ള ക്രോളി എന്ന സ്ഥലത്ത്, ഒരു സ്കൂളിന്റെ ലൈബ്രറിയിലിരുന്ന്, ഞായറാഴ്ചകൾ തോറും BBC Radio പ്രക്ഷേപിച്ചിരുന്ന വിശ്വവിഖ്യാതമായ War and Peace ന്റെ നാടകാവിഷ്ക്കാരം ഞാനാസ്വദിച്ചിരുന്നു. അതിൽനിന്ന് ഒരു ഭാഗം മനസ്സിലേയ്ക്ക് കടന്നുവരുന്നു. മുഖ്യ കഥാപാത്രമായ റഷ്യൻ പട്ടാളക്കാരൻ ആന്ദ്രെ, നെപ്പോളിയൻ നയിച്ച ഫ്രഞ്ച് സൈന്യത്തോടുള്ള ഏറ്റുമുട്ടലിൽ മുറിപ്പെട്ട്, മരണത്തോടടുക്കുന്നു. രക്തംവാർന്ന് ക്ഷീണിതനായ അയാൾ അർദ്ധബോധവാനായി, മുകളിലേയ്ക്ക് നോക്കി നിലത്തു കിടക്കുകയാണ്. രഹസ്യമായി താൻ ഉള്ളിൽ ആരാധിച്ചിരുന്ന നെപ്പോളിയൻ പട്ടാളസമേതം അയാളുടെ അടുത്തെത്തി നില്ക്കുന്നുവെന്നറിഞ്ഞിട്ടും, അയാളുടെ മനസ്സിൽ ഒരു മാറ്റവും വരുന്നില്ല. അനന്തമായ ആകാശവുമായി താരതമ്യപ്പെടുത്തി, *ഇയാൾ എത്ര നിസ്സാരൻ* എന്ന് മാത്രമേ ആന്ദ്രെക്ക് ചിന്തിക്കാനാകുന്നുള്ളൂ. ഇത്ര വലിയ ഒരു പടനായകനും അയാളുടെ ജയോന്മാദങ്ങളും അനന്തമായ ആകാശത്തിന്റെ മഹത്വത്തിനുമുമ്പിൽ ഒന്നുമല്ലെന്നയറിവ് മനുഷ്യന്റെ ഭ്രാന്തമായ ഔദ്ധത്യത്തിന്റെ പൊള്ളത്തരവും, ജീവിതമെന്ന മിഥ്യയും, മരണത്തിന്റെ അനിവാര്യത അഹത്തിനു നൽകുന്ന ശൂന്യതാബോധവുമെല്ലാം ഒറ്റയടിയ്ക്ക് മിന്നിത്തെളിയുന്ന ഒരു നിമിഷമായിരുന്നു അത്. ആരുടെയും മനസ്സിനെ ഉലയ്ക്കുന്ന റ്റോൾസ്റ്റോയിയുടെ ഈ ചിത്രീകരണം അന്ന് മനസ്സിൽ തറച്ചത്, ഇന്നും മായാതെ നിൽക്കുന്നു.

ആന്ദ്രെയുടേതുപോലുള്ള, അനന്തതയെ സ്പർശിക്കാനാകുന്ന, അത്തരം അനർഘനിമിഷങ്ങൾ ഒരിക്കലെങ്കിലും മരണത്തിനു മുമ്പു

തന്നെ, ജീവിക്കാൻ ഒരുപക്ഷേ, ഇനിയും സമയമുള്ളപ്പോൾ, അനുഭവിക്കാനാവുക എല്ലാ അനുഗ്രഹങ്ങളിലും വലിയ അനുഗ്രഹമാണ്. സ്വന്തം ശൂന്യതയെ കണ്ടെത്തുന്നതോടെ, സ്നേഹവും ദു:ഖവും നന്മയും തിന്മയുമെല്ലാം ഒന്നുതന്നെയെന്നുള്ള ഒരു തിരിച്ചറിവ് നമ്മിലേയ്ക്ക് കടന്നുവരുന്നു.

കാര്യകാരണങ്ങളുടെ പിടിയിൽനിന്ന്, സ്വാർത്ഥമോഹങ്ങളിൽ നിന്ന്, മനുഷ്യാസ്തിത്വം മോചിക്കപ്പെടുന്ന നിമിഷമാണത്.

ആ നിമിഷമാണ് ജോർദാനിൽ യോഹന്നാനെ കണ്ടുമുട്ടിയപ്പോൾ യേശുവിനു ലഭ്യമായത്, ബോധിവൃക്ഷത്തിന് കീഴിൽ സിദ്ധാർത്ഥനു കൈവന്നത്; ശ്രീരാമകൃഷ്ണനും നാരായണഗുരുവിനുമെന്നപോലെ മറ്റ് പലർക്കും, വെറും കാണികളായി നിൽക്കുന്നവർക്ക് നിരർത്ഥകമെന്നു തോന്നുന്നവയുടെ ദൃശ്യവേളയിൽ, സംഭവിച്ചത്. ഇക്കാണുന്നതിലൊന്നും മനസ്സുറച്ചുപോകരുത് എന്ന ഉൾവെളിച്ചം അല്ലെങ്കിൽ ആത്മപ്രകാശം, ആർക്കും എവിടെയും ഏത് നിമിഷത്തിലും കൈവരാം. സെൻബുദ്ധരുടെയിടയിൽ ഇത്തരമവസരങ്ങളുടെ എണ്ണമില്ലാത്ത കഥകളുണ്ട്. ശിഷ്യരെ ഈ അവബോധത്തിലേയ്ക്ക് കൊണ്ടുവരാൻ, ചില ഗുരുക്കന്മാർ വിചിത്രമായ രീതികൾ പ്രയോഗിച്ചിട്ടുണ്ട്. ഒരു ഗുരുവിന്റെയും സഹായമില്ലാതെയും ഒരാൾക്ക് ആത്മപ്രകാശം ലഭിച്ചെന്നിരിക്കും, അതിലേയ്ക്കുള്ള തുറവ് ഉള്ളിൽ എപ്പോഴും കാത്തുസൂക്ഷിക്കുമെങ്കിൽ. ഏത് വിധമായാലും, ഒരിക്കലവിടെയെത്തിയവർ എവിടെയും സ്വതന്ത്രരായി, നിർഭയരായി ഇടപെടുന്നു. ആരുടേയും പ്രബോധനങ്ങളോ തിരുവചനങ്ങളോ പിന്നെയവരെ നിയന്ത്രിക്കുന്നില്ല. തന്റെ കടമയെന്നു ബോദ്ധ്യമുള്ളിടത്ത്, ലാഭനഷ്ടങ്ങളെപ്പറ്റി അയാൾ ആകുലനാകുന്നേയില്ല. ബോധോദയം എന്നാൽ, ഓരോ ദിവസവും നമ്മൾ പഠിച്ചെടുക്കുന്ന, ഏറിയ കൂറും അനാവശ്യമായ, വിലയിരുത്തലുകളിൽ നിന്ന്, അറിവിന്റെ കൂമ്പാരങ്ങളിൽ നിന്ന്, വിമുക്തരായി, അങ്ങേയറ്റത്തെ ലാളിത്യത്തിലേയ്ക്ക് തിരിച്ചെത്തുകയാണ്.

*മുപ്പതു വർഷത്തെ എന്റെ സെൻ പഠനത്തിനു മുമ്പ്, പർവ്വതങ്ങളെ പർവ്വതങ്ങളായും, ജലാശയങ്ങളെ ജലാശയങ്ങളായും ഞാൻ കണ്ടിരുന്നു. കൂടുതൽ അറിവുണ്ടായതോടെ, പർവ്വതങ്ങൾ വെറും പർവ്വതങ്ങളല്ലെന്നും, ജലാശയങ്ങൾ വെറും ജലാശയങ്ങളല്ലെന്നും ഞാൻ മനസ്സിലാക്കി. പക്ഷേ, ഇപ്പോൾ ഞാൻ കാര്യത്തിന്റെ ഉള്ളിലേയ്ക്ക് കടന്നു ചെന്നിരിക്കുന്നു, എന്റെ മനസ്സ് സ്വസ്ഥമാണ്. എന്തെന്നാൽ, ഇപ്പോൾ എനിക്ക് പർവ്വതങ്ങളെ വീണ്ടും പർവ്വതങ്ങളായും, ജലാശയങ്ങളെ വീണ്ടും ജലാശയങ്ങളായും കാണാനാവുന്നു.* (Zen master Ch'ing-yuan.

Exploring Zen - Asian Thought and Culture - Hsueh-li-Cheng, Peter Lang Publi. N.Y.1991)

എന്തെല്ലാം അമാനുഷികമായ ചിന്തകളാണ്, എന്തെല്ലാം 'കിറുക്കുകളാണ്' മസനോബു ഫുക്കുവോക്ക *ഒറ്റവൈക്കോൽ വിപ്ലവം* എന്ന തന്റെ കൃതിയിൽ പറഞ്ഞത്! അവയെല്ലാം സത്യമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തു. ഉദാഹരണത്തിന് അദ്ദേഹം പറയുന്നു:

"പരിഷ്കൃത കൃഷിമുറകൾ പ്രകൃതിയുടെ താളം തെറ്റിക്കുന്നു. കൃഷിക്ക് പ്രകൃതിസംരക്ഷണം നഷ്ടപ്പെടുന്നു, അങ്ങനെ കൃത്രിമ സംരക്ഷണം ആവശ്യമായിത്തീരുന്നു. മനുഷ്യജീവിതത്തിന്റെ മറ്റ് മേഖലകളിലും ഇതുതന്നെ സംഭവിക്കുന്നു. ഉദാ. ഔപചാരിക വിദ്യാഭ്യാസം. അതിന് തനതു മൂല്യമൊന്നുമില്ല. സ്കൂൾപഠിപ്പ് ആവശ്യമാകുന്ന സ്ഥിതിവിശേഷം കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നതാണ്. സമൂഹഗതി പ്രകൃതിവിരുദ്ധമാകുമ്പോഴാണ് സ്കൂൾപഠിപ്പ് ആവശ്യമായി വരുന്നത്."

ഇന്ന് വിദ്യാഭ്യാസമെന്നാൽ, സമുദായത്തിന്റെ സങ്കുചിത ലക്ഷ്യങ്ങൾക്ക് പറ്റിയ തരത്തിൽ യുവതലമുറയെ മെരുക്കിയെടുക്കുകയാണ്. പള്ളിസ്കൂളുകൾ, അനിഷ്ടകരമായ ചരിത്രസത്യങ്ങളെ മറച്ചുപിടിച്ചു പോലും, മതത്തിന് ചേരുംപടി അതു ചെയ്യുന്നു. മദ്രസകൾ അവർക്ക് വേണ്ടുംവണ്ണം. അവരൊക്കെ ഉദ്ദേശിക്കുന്ന സ്നേഹം, സംരക്ഷണം തുടങ്ങിയവ മത്സരം, ക്രൗര്യം എന്നിവയിലൂടെയാണ് പരിശീലിപ്പിക്കപ്പെടുന്നത്. അവർക്ക്, പൈതൃകമെന്നത് അന്ധമായ അനുസരണയും അനുകരണവും ചിന്തിക്കാനുള്ള കഴിവുകേടുമാണ്. നമ്മെപ്പറ്റി പഠിക്കുന്നത് മാത്രമേ ജീവിതത്തിനുതകുകയുള്ളൂ. എന്നാൽ നമ്മുടെ സ്കൂളുകളിൽ നടക്കുന്നത് ഇതൊഴിച്ചുള്ളതെല്ലാമാണ്. തെറ്റായ ഒരാശയം ഉള്ളിലുറച്ചു കഴിഞ്ഞാൽ അതു തിരുത്താൻ ഒരു ജീവിതം മുഴുവൻ മതിയാകില്ല എന്ന് ഇതിനകം കിഴക്കും പടിഞ്ഞാറുമുള്ള എത്രയോ തീവ്രവാദികൾ തെളിയിച്ചുകഴിഞ്ഞു!

ഫുക്കുവോക്ക വിശ്വസിക്കുകയും പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്ത ഏറ്റം വലിയ കിറുക്കും റ്റോൾസ്റ്റോയ് വളരെ മുമ്പേ സ്ഥാപിച്ചതും ഒരേ സത്യമാണ്: ഒന്നിനെപ്പറ്റിയും സാരവത്തായതൊന്നും അറിയാൻ മനുഷ്യനെക്കൊണ്ടാവില്ല. തനതു മൂല്യം ഒന്നിനുമില്ല. സ്വന്തം ഉള്ളിലേയ്ക്കിറങ്ങി തന്നെപ്പറ്റി പഠിക്കാത്ത മനുഷ്യന്റെ പ്രവൃത്തികൾ നിരർത്ഥകവും നിഷ്ഫലവുമായ യത്നമാകുന്നു. ഈ കണ്ടെത്തൽ അത്രയൊന്നും അസംബന്ധമല്ലെന്ന് അനുദിനജീവിതം നിരീക്ഷിക്കുന്ന ആർക്കും മനസ്സിലാകും.

❑

# 11

# അനന്തതയുടെ ചുരുളുകൾ

കോതമംഗലംകാരൻ മുണ്ടക്കൽ ഔസേപ്പച്ചൻ എന്നൊരു സുഹൃത്ത് ചോദ്യംചെയ്യാത്ത വിഷയങ്ങളില്ല. ഏഴെട്ടു വർഷങ്ങൾക്ക് മുമ്പൊരിക്കൽ അദ്ദേഹമെന്നോട് ചോദിച്ചു, ഗുരുത്വാകർഷണമാണ് താങ്ങില്ലാത്തതെല്ലാം താഴേയ്ക്ക് വീഴാൻ ഇടവരുത്തുന്നതെങ്കിൽ, എന്തു കൊണ്ടാണ്, വീഴുന്നതെല്ലാം ഭൂമദ്ധ്യത്തിലേയ്ക്കെത്താത്തത്? എങ്ങനെ യാണ് ഒരു കൊമ്പനാന അതിന്റെ ഭയാനകമായ ഭാരത്തെ അനായാസം താങ്ങിക്കൊണ്ടു നടക്കുന്നത്? പരാമൃഷ്ട വിഷയത്തെപ്പറ്റി പഠിക്കാൻ അദ്ദേഹത്തിന്റെ ആരായലുകൾ എനിക്കുത്തേജനമായിത്തീർന്നിട്ടുണ്ട്.

Electromagnetism ആണ് ഈ സമസ്യയുടെ വിശദീകരണത്തിന് വഴിതെളിച്ചത്. എല്ലാം അണുക്കളാൽ നിർമ്മിതമാണ്. ഓരോ ആറ്റവും അതിന്റെ പരിധിയിൽ ഋണാത്മക (negative) ഊർജ്ജത്തെ വഹിക്കു ന്നുണ്ട്. വീഴുന്ന വസ്തുവിലെ ആറ്റവും, പ്രതിരോധിക്കുന്നതിലെ (ഏറ്റു വാങ്ങുന്നതിലെ) ആറ്റവും തമ്മിൽ സംഘട്ടനമുണ്ടാവുമ്പോൾ, രണ്ടി ലെയും electrical charge പരസ്പരം ചെറുത്തുനിൽക്കുന്നു. അതുകൊണ്ട്, എത്ര ഭാരമുള്ളവ നിലംപതിച്ചാലും, അവൾക്കുണ്ടാകുന്ന അല്പസ്വല്പ ചതവുകളോടെ ഭൂമിയതിനെ ഏറ്റുവാങ്ങും, ഭൂമദ്ധ്യത്തിലേയ്ക്കവ തുര ന്നിറങ്ങാതെ.

ഇത് കേട്ടിട്ട് ഔസേപ്പച്ചന് തൃപ്തിയായില്ല. ഇത് വായിക്കുന്നവർക്കും തൃപ്തിയാകണമെന്നില്ല. പക്ഷേ, ധിഷണയെന്നും അറിയാനുള്ള തൃഷ്ണയെന്നും പറയുന്ന, നമ്മെ മനുഷ്യരാക്കുന്ന, ആ സവിശേഷത

ഉള്ളിടത്തോളംകാലം, ചോദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കും, ഉത്തരങ്ങൾ അത്രയൊന്നും തൃപ്തികരമായില്ലെങ്കിലും.

ചിന്തിക്കാൻ പഠിച്ച കാലം മുതൽ തന്റെയും തനിക്കു ചുറ്റുമുള്ളവയുടെയും, തുടർന്ന്, തന്റെ കാഴ്ചയ്ക്കപ്പുറത്തുള്ളവയുടെയും കാരണങ്ങളെ തിരഞ്ഞിറങ്ങിത്തിരിച്ച മനുഷ്യന് ഇന്നും അവയിലൊന്നിന്റെയും തന്നെ സംശയരഹിതമായ വിശദീകരണങ്ങൾ കൈവശമായിട്ടില്ല. ആധുനിക ശാസ്ത്രവിഭാഗങ്ങൾ നിഗമനങ്ങളും ഫോർമുലകളുമൊക്കെ മുന്നോട്ടുവയ്ക്കുന്നുണ്ട് ഗുരുത്വാകർഷണം, വിദ്യുത്കാന്തികശക്തി, ക്വാണ്ടം വ്യാഖ്യാനങ്ങൾ, സ്ട്രിംഗ്/ബ്രെയിൻ (brane) തീയറികൾ തുടങ്ങിയവ. എന്നാൽ ഇവയിലൊന്നിലൂടെയും പ്രപഞ്ചമെന്താണെന്നോ, അതിന്റെ ആരംഭം എങ്ങനെയെന്നോ ശാസ്ത്രത്തിനു തീർത്തുപറയാറായിട്ടില്ല. എന്നാലും, ബൈബിൾ എഴുതപ്പെട്ട കാലം മുതൽ മനുഷ്യന് അവൻ സ്വയം പ്രപഞ്ചമദ്ധ്യത്തിൽ കല്പിച്ചിരുന്ന സ്ഥാനം അവിടെനിന്ന് മാറി ഇപ്പോൾ അതിന്റെ പ്രാന്തങ്ങളിലെവിടെയോ ഉള്ള, അത്രയൊന്നും സാരമല്ലാത്ത ഒന്നായിത്തീർന്നിട്ടുണ്ടെന്നുള്ളത് അത്ര ചെറിയ കാര്യമല്ല. അറിയുന്തോറും പ്രപഞ്ചവ്യാപ്തി കൂടുകയും അതിൽ മനുഷ്യന്റെ സ്ഥാനം അത്രകണ്ട് നിസ്സാരമായിത്തീരുകയും ചെയ്യുന്നു എന്നത് അവന്റെ അഹന്തയെ ഞെട്ടിക്കുന്നുണ്ട്. മറ്റേതെങ്കിലും സൗരയൂഥത്തിലെ ഒരു ഗ്രഹത്തിൽ, നമ്മുടേതുപോലെ, ഒരുപക്ഷേ, അതിലും വികസിച്ച ധിഷണയുള്ളവർ പാർക്കുന്നുണ്ടാവാം എന്നതും ഒരു സാധ്യത തന്നെയാണ്. എന്നിരുന്നാലും, ഭൂമിയിലെ മനുഷ്യന്റെ അന്വേഷണത്വര കടന്നുപോയ ഊടുവഴികളിലൂടെ കണ്ണോടിക്കുന്നത് രസാവഹമാണ്.

ഊർജ്ജതന്ത്രത്തിന്റെ ബാലപാഠങ്ങളെങ്കിലും വശമില്ലാത്തവർക്ക്, പരതിപ്പരതിയേ ഈ വഴികളെ തേടിപ്പിടിക്കാനാവൂ. നാം സാധാരണ വ്യവഹാരങ്ങളിൽ പ്രയോഗിക്കുന്ന ത്രിമാനങ്ങളും (നീളം, വീതി, ഉയരം) നാലാമത്തെ മാനമായ സമയവും മാത്രമുപയോഗിച്ചുകൊണ്ട് പ്രപഞ്ചവിസ്മയങ്ങളിലേയ്ക്ക് ഒളിഞ്ഞുനോക്കാനാവില്ല. കാരണം, യഥാർത്ഥത്തിലുള്ളതിന്റെ ഒരു തരി മാത്രമാണ് ഈ മാനങ്ങളുപയോഗിച്ച് അളക്കാനാവുന്നത്. അതുപോലും വസ്തുനിഷ്ഠമല്ലെന്നുള്ള സത്യം ശാസ്ത്രം വളരുന്തോറും കൂടുതലായി വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ആദ്യമൊരു നിഗമനത്തിലെത്തുക, എന്നിട്ട് അത് തെളിയിക്കാനുള്ള പരീക്ഷണങ്ങൾ നടത്തുക, അതിൽ വിജയിക്കുന്നെങ്കിൽ, അതൊരു പൊതുതത്ത്വമായി അംഗീകരിക്കുക, എന്നതാണ് തീയറെട്ടിക്കൽ ഫിസിക്സിന്റെ രീതി. ഇങ്ങനെ, ഭൗതികശാസ്ത്രം കടന്നുപോയ ഏതാണ്ട് മൂന്നു ശതാബ്ദങ്ങളിലെ കണ്ടെത്തലുകളെ സമന്വയിപ്പിച്ചാൽ,

Einsteinന്റെ ആപേക്ഷികതാസിദ്ധാന്തം തൊട്ട് സ്ട്രിംഗ് തീയറി വരെയുള്ള സങ്കീർണതത്ത്വങ്ങൾ നമുക്ക് മുമ്പിലുണ്ട്. ഇവയെയെല്ലാം കൂട്ടിയിണക്കി, ഏറ്റവും ചെറുതിനെയും ബ്രഹ്മാണ്ഡമെന്ന മൊത്തത്തെയും ഒരു സമഗ്രതയിൽ കൊണ്ടുവരാൻ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ആധുനിക ശാസ്ത്രജ്ഞരിൽ പ്രമുഖനായ Isaac Newton പറഞ്ഞു: "*കടൽത്തീരത്തിരുന്നു കളിക്കുന്ന ഒരു കുട്ടിയാണ് ഞാൻ. എന്നെ ആകർഷിക്കുന്ന ഒരു മണൽത്തരി ഞാൻ ഇടയ്ക്കു കണ്ടെത്തുന്നു. അറിവിന്റെ അനന്തമായ ആഴിയും മണൽപ്പരപ്പും നോക്കെത്താത്തതാണ്.*" 250ൽ പരം വർഷങ്ങൾക്കുശേഷം ഇന്നും ഏതാനും തിളങ്ങുന്ന മണൽത്തരികളേ മനുഷ്യന്റെ കൈയിലുള്ളൂ. അവയെല്ലാം ചേർത്ത് ഒരു മാല കോർക്കാൻ, ഒരു സമഗ്ര സിദ്ധാന്തമുണ്ടാക്കാൻ ശ്രമിച്ച Einstein പോയിട്ടു തന്നെ അമ്പത് കൊല്ലത്തിലേറെയായി. ഇതുവരെയുള്ള ശാസ്ത്രവിചാരധാരയിലൂടെ ഒരു ശീഘ്രപര്യടനത്തിനുള്ള എളിയ ശ്രമമാണ് ഈ ലേഖനം.

ശാസ്ത്രശാഖകൾ മനുഷ്യന്റെ ജിജ്ഞാസയുടെ വ്യത്യസ്ത വഴികളാണ്. അടുത്തകാലംവരെ ഇവയിൽ സ്ഥൂലപ്രപഞ്ചത്തെ സംബന്ധിക്കുന്നവ (natural sciences) ഒരു വശത്തും, സൂക്ഷ്മപ്രപഞ്ചത്തെ ബാധിക്കുന്നവ (philosophical sciences) മറുവശത്തും വളർന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഇനിയങ്ങോട്ട്, അറിവിന്റെ ഉത്ഗ്രഥനത്തിനു വേണ്ടി, ഇവയ്ക്ക് ഒരുമിച്ചല്ലാതെ തുടരാനാവില്ലെന്നത് ഏവരും ഇന്ന് സമ്മതിക്കുന്നുണ്ട്.

മാനുഷികജിജ്ഞാസയുടെ ലഘുചരിത്രത്തിൽ മൂന്നു ഘട്ടങ്ങളെ വേർതിരിച്ചു കാണാം. പാശ്ചാത്യലോകത്ത് നടന്ന ചിന്താഗവേഷണങ്ങളാണ് ഇവിടെയുദ്ദേശിക്കുന്നത്. അവയെ നയിച്ചത്, 1) ദെകാർത് (Rene Descartes), ഗലിലെയി (Galileo Galilei), 2) ന്യൂട്ടൻ (Isaac Newton), 3) ഹൈസെൻബെർഗ് (Werner Heisenberg), ബോർ (Niel Bohr), ഐൻഷ്റ്റയിൻ (Albert Einstein) എന്നിവരാണ്.

**ഒന്നാം ഘട്ടം: ഭൗതികത്തിന്റെ തുടക്കം**

കഴിഞ്ഞ മൂന്നു ശതാബ്ദങ്ങളിലൂടെ മനുഷജിജ്ഞാസക്ക് മാർഗദർശിയായി തെളിഞ്ഞുനിന്ന ചിന്തകനാണ് ഫ്രാൻസുകാരനായ റെനെ ദെകാർത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ദൃശ്യപ്രപഞ്ചത്തെ ജൈവവും അജൈവവുമായി തിരിക്കാം. ശാസ്ത്രമെന്നാൽ പദാർത്ഥപരമായ സ്ഥൂലപ്രപഞ്ചത്തെ അളന്നറിയുക മാത്രമാണ്. പതിനാറും പതിനേഴും

നൂറ്റാണ്ടുകളിലൂടെ യൂറോപ്പിൽ അലയടിച്ച അറിവിന്റെ പുത്തനുണർവ് (Rebirth എന്നർത്ഥമുള്ള Renaissance) വരെ ജനജീവിതം മതത്തിന്റെ പിടിയിലമർന്നിരുന്നു. ദെകാർത് തുടക്കമിട്ടത്, ആത്മാവിന്റെയും മനസ്സിന്റെയും തലങ്ങളിൽനിന്ന് വ്യത്യസ്തമായി സ്ഥൂലപ്രപഞ്ചത്തെ കാണുന്നതിനാണ്. ചിന്തയുടെ ലോകവും തൊട്ടറിയാവുന്ന ലോകവും തമ്മിൽ കൂട്ടിക്കുഴക്കരുതെന്നു ചുരുക്കം. ശാസ്ത്രമെന്നാൽ, സ്ഥൂല പ്രപഞ്ചത്തെ ഒരു യന്ത്രമെന്നപോലെ പഠിക്കുകയാണ്. അതിനുപാധി യായി ദെകാർത് ഉപയോഗിച്ചത് ഗണിതമായിരുന്നു.

പുറകെയെത്തിയ ഗലിലെയിയും ഗണിതജ്ഞനായിരുന്നു. പുറത്തു ള്ളവയെ അളന്നു തിട്ടപ്പെടുത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെയും ശ്രദ്ധ. അളക്കാവുന്നതിനെ കീഴ്പ്പെടുത്തുകയുമാവാം എന്നതായി ആധുനിക യന്ത്രവത്ക്കരണത്തിന്റെ യുക്തി. അതിന് തുടക്കമിട്ടത് ഇവർ രണ്ടുമാണ്. ഭൗതികശാസ്ത്രത്തിൽ വസ്തുനിഷ്ഠമെന്നു പറയുമ്പോൾ സ്ഥൂലതയെ (based on quantity) ആണുദ്ദേശിക്കുന്നത്. ബാക്കിയുള്ളവ കല, കവിത, സംഗീതം, മതം, ധാർമികത എന്നി ത്യാദി അളക്കാനാവി ല്ലാത്തതിനാൽ ശാസ്ത്രത്തിനു വെളിയിലാണ്. അതേസമയം അവ തീർത്തും വ്യക്തിപരവുമാണ്.

**രണ്ടാം ഘട്ടം: ന്യൂട്ടന്റെ ഊർജ്ജതന്ത്ര സിദ്ധാന്തങ്ങൾ:**

ഊർജ്ജതന്ത്രത്തെ - പദാർത്ഥപരമായ ലോകത്തെ പഠിക്കുന്ന ശാഖ - മനുഷ്യന്റെ കാഴ്ചപ്പാടുകൾക്കെല്ലാം അടിസ്ഥാനമാക്കിയത് ഇദ്ദേ ഹമാണ്. പദാർത്ഥത്തിന്റെ അങ്ങേയറ്റത്തെ ഘടകം ആറ്റമാണെന്നും അതിനെ അളക്കാനുള്ള വിദ്യയറിഞ്ഞാൽ, പ്രപഞ്ചജ്ഞാനമായെന്നു മുള്ള വിശ്വാസം ഗവേഷകരെ വശീകരിച്ചു. കണത്തെ ഇനിയും വിഭജി ക്കാനാവില്ല എന്ന ധാരണയിൽ, അണുവിദ്യക്കപ്പുറത്ത് ഒന്നുമില്ലെന്ന യഹങ്കാരം ശാസ്ത്രജ്ഞരെ ബാധിച്ചു.

രണ്ട് നൂറ്റാണ്ടുകാലത്തേയ്ക്ക് ശക്തിപ്രകടിപ്പിച്ച ന്യൂട്ടോണിയൻ നിയമങ്ങൾ തകർന്നുവീണത്, ആറ്റം വിഭജിക്കപ്പെട്ടതോടെയാണ്. ഭൗതികശാസ്ത്രങ്ങളുടെ അധ:പതനം ഇവിടെ തുടങ്ങുകയായി. മിക്ക ശാസ്ത്രനിയമവും തിരുത്തിക്കുറിക്കേണ്ടിവന്നു.

**മൂന്നാം ഘട്ടം: The Theory of General Relativity**

ആപേക്ഷികതാസിദ്ധാന്തം വ്യക്തമാക്കാൻ ശ്രമിച്ചത്, ഗുരുത്വാ കർഷണം എങ്ങനെയാണ് വസ്തുക്കളിൽ പ്രവർത്തിക്കുന്നത് എന്നാണ്. ഭൂമിയിൽ നിലയുറപ്പിക്കാൻ നമ്മെ അനുവദിക്കുന്നതും ഗ്രഹങ്ങൾ സൂര്യനുചുറ്റും കറങ്ങുന്നതും പിണ്ഡങ്ങൾ തമ്മിലുള്ള ആകർഷണം

കൊണ്ടാണെന്ന് Einsteinന്റെ General Relativity Theory പറയുന്നു. മുഴുത്ത വസ്തുക്കളുടെ കാര്യത്തിൽ ഇത് കുറ്റമില്ലാതെ തെളിയിക്കാം. എന്നാൽ നിത്യാനുഭവങ്ങളിൽനിന്ന് കോടിക്കണക്കിന് പടികൾ താഴെ, സബ് അറ്റോമിക്/മൈക്രോകോസ്മിക് സൂക്ഷ്മതലങ്ങളിൽ ഗുരുത്വാകർ ഷണം ഫലിക്കുന്നില്ല. ആകെപ്പാടെ ഒരലങ്കോലം, ശിഥിലത, ആണവിടെ യുള്ളത്. ആ കെയ്യോസിൽ (chaos), നമ്മുടെ പരിചിതമാനങ്ങളും ഗണിത ങ്ങളും അർത്ഥശൂന്യമാകുന്നു. വന്യവും ക്രമരഹിതവുമാണ് ക്വാണ്ട ത്തിന്റെ ലോകം. കാര്യകാരണങ്ങൾക്കും ഭാവിഭൂതങ്ങൾക്കും പ്രസക്തി യില്ലാത്ത ഒരവസ്ഥയാണവിടെയുള്ളത്.

**നാലാം ഘട്ടം: ഹൈസെൻബെർഗിന്റെ അനിശ്ചിതത്വസിദ്ധാന്തം**

1920തോടെ ഉരുത്തിരിഞ്ഞുവന്ന ക്വാണ്ടം നിയമങ്ങളിലൂടെ ഹൈസെൻബെർഗ്, ബോർ എന്നിവർ വ്യക്തമാക്കിയത്, പദാർത്ഥത്തിനു സ്ഥിരത (solidity) എന്നൊന്നില്ലെന്നാണ്. ആറ്റത്തിനുള്ളിലേത് വളരെ ചലനാത്മകമായ ഒരു പ്രപഞ്ചമാണ്. ഇലക്ട്രോണുകളും ന്യൂട്രോണു കളും പ്രോടോണുകളുമൊക്കെ ഭാവനാതീതമായ വേഗത്തിൽ ചലിച്ചു കൊണ്ടിരിക്കുകയാണ്. വ്യത്യസ്ത രീതിയിൽ പെരുമാറുന്ന ഊർജ്ജ സ്ഫുരണങ്ങളോ, അവയുത്പാദിപ്പിക്കുന്ന തരംഗങ്ങളോ ആണിവയെ ന്നായിരുന്നു അനുമാനം. ഖരമായതെല്ലാം *ഘനീഭവിച്ച* ഊർജ്ജമാണ്. എന്നാൽ, നമ്മുടെ കാഴ്ചയിൽ മാത്രമാണത് നിശ്ചലമായിരിക്കുന്നത്. സത്യത്തിൽ, തികച്ചും ചലനാത്മകമായ ഊർജ്ജസമുച്ചയങ്ങളാണ് അവ യെല്ലാം! ഐൻഷ്റ്റയിന്റെ $E = mc^2$ എന്ന മാജിക് ഫോർമുല ഇപ്പറഞ്ഞ തിന്റെയെല്ലാം സ്ഥിരീകരണമായി. സമയം, ഇടം എന്നിവയെപ്പറ്റിയുള്ള ന്യൂട്ടോണിയൻ സങ്കൽപ്പങ്ങളും അസാധുവാക്കപ്പെട്ടു. മറ്റെന്തുംപോലെ, ഇവ രണ്ടും ആപേക്ഷികങ്ങളായി. ഭൗതികശാസ്ത്രത്തിന്റെ പഴയ കണ്ടെത്തലുകളെല്ലാം അതോടെ തിരുത്തേണ്ടിവന്നു.

$E = mc^2$ കഴിഞ്ഞാൽ ഭൗതികശാസ്ത്രകുതുകികളെ ഏറ്റവുമധിക മാകർഷിച്ച നിഗമനം the uncertainty principle ആണ്. അതിനർത്ഥമി താണ്. പരസ്പരാശ്രിതങ്ങളായ രണ്ട് ഗുണങ്ങളെ ഒരിക്കലും കൃത്യമായി അളക്കാനാവില്ല. Quantum mechanicsലെ പരീക്ഷണങ്ങളിലൂടെയാണ് ഈ തത്ത്വം രൂപപ്പെട്ടുവന്നത്. ഉദാഹരണത്തിന്, ഒരിലക്ട്രോണിന്റെ വേഗം കണ്ടുപിടിക്കാനുദ്യമിച്ചാൽ, ഒരു നിശ്ചിത സമയത്തുള്ള അതിന്റെ സ്ഥാനം സ്ഥിരീകരിക്കുക അസാധ്യമാണ്. അതുപോലെ തിരിച്ചും. position, momentum എന്നിവ പരസ്പര ബന്ധിതങ്ങളാണ് എന്നതാണി തിനു കാരണം.

അതിദ്രുതമായ ചലനമാണ് അനിശ്ചിതത്വത്തിനു പിന്നിലെ കാരണം. ഇത് പിണ്ഡത്തിന്റെ തലത്തിലെന്നപോലെ മനസ്സിന്റെ പ്രപഞ്ചത്തിലും അർത്ഥവത്താണ്. സ്ഥൂലസൂക്ഷ്മങ്ങളുടെ പ്രതിപ്രകരങ്ങളാണ് പ്രപഞ്ചത്തിന്റെ സത്ത. അതിനുള്ളിൽ ചലിക്കുന്ന ഒരു ഫോട്ടോൺ, അതാണൊരു മനുഷ്യവ്യക്തി എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അത്രയേയുള്ളൂ നാം; എന്നാൽ അത്രയും ഉണ്ട് എന്ന് നാം ഒരിക്കലും വിസ്മരിക്കരുത്. പ്രകാശത്തെപ്പറ്റിയുള്ള ചില നിരീക്ഷണങ്ങൾ ഭൗതിക പ്രപഞ്ചത്തിലെന്നല്ല, ആത്മതലത്തിലും സഹായകരമാകും. എല്ലാ അറിവിനും നിദാനമാകുന്നത് വെളിച്ചമാണ്. വീശിയെറിഞ്ഞ ചൈനാവല പോലെ എല്ലാറ്റിലും ചെന്നുവീഴുന്ന എന്തോ ആയിട്ടാണല്ലോ പ്രകാശം പരക്കുന്നത്. പക്ഷേ, ശരിക്കും അതിസൂക്ഷ്മമായ കണാംശങ്ങൾ (photons) ഒന്നോടൊന്നു ചേർന്ന് തരംഗരൂപത്തിലാണ് പ്രകാശം, സെക്കന്റിൽ മൂന്നു ലക്ഷം കി.മീ. എന്ന വേഗത്തിൽ, സഞ്ചരിക്കുന്നത്. ഓരോ ഫോട്ടോണിനും അതിന്റേതായ കനവും വേഗവുമുണ്ട്. ഭൗതിക പ്രപഞ്ചത്തിലെ ഏറ്റവും കൂടിയ വേഗത്തിൽ പ്രസരിക്കുന്നതിനാൽ, ഒരൊഴുക്കായിട്ടാണ് നാം പ്രകാശത്തെ അനുഭവിക്കുന്നത്. തരംഗവ്യതിയാനം അതിന്റെ ഊർജ്ജത്തിലും അതുവഴി അളവിലും മാറ്റംവരുത്തും. ഒരു തരത്തിൽ, നമ്മുടെ നിത്യസത്യം അനിശ്ചിതത്വമാണ്!

**അഞ്ചാം ഘട്ടം: The String Theory**

Chaos ആണെന്ന് നാം കരുതിയാലും, നിശ്ചിത നിയമങ്ങളില്ലാതെ പ്രപഞ്ചം നിലനിൽക്കില്ലല്ലോ. അവിടെ ഉണ്ടെന്നറിയാമെങ്കിലും, അതെന്തെന്ന് അറിയാത്ത ആ നിയമങ്ങൾക്കാണ് string theory എന്ന് പേരിട്ടിരിക്കുന്നത്. അവിടെവരെ എത്തിച്ചേർന്നതോ, ക്വാണ്ടം മെക്കാനിക്സിലെ ഈ മൂന്നു നിയമങ്ങളിലൂടെയാണ്.

1. The strong nuclear force: ആറ്റത്തിനുള്ളിൽ പ്രോട്ടോണുകളെയും യൂട്രോണുകളെയും ബന്ധിപ്പിക്കുന്ന ബലമാണിത്.
2. Electromagnetism: പ്രകാശം, വൈദ്യുതി, കാന്തശക്തി എന്നിവയുടെ പിന്നിൽ പ്രവർത്തിക്കുന്ന ബലം.
3. The weak nuclear force: അണുപ്രസരം ഉണ്ടാകുന്നതിനു കാരണമായ ബലം.

ഗുരുത്വാകർഷണവും ഈ മൂന്നു ബലങ്ങളുംകൂടിയുള്ള പിണ്ഡത്തിന്റെ നാല് ശക്തികളിലൂടെ അണുവിഘടനം മുതൽ നക്ഷത്രങ്ങളുടെ ജനനമരണങ്ങൾ വരെ വിശദീകരിക്കാമെന്നാണ് ശാസ്ത്രം അവകാശപ്പെടുന്നത്.

ഓരോ സ്ട്രിങ്ങും, വയലിന്റെയോ ചെല്ലോയുടെയോ തന്ത്രികൾ ചെയ്യുന്നതുപോലെ, ഊർജ്ജതരംഗങ്ങളെ വിക്ഷേപിക്കുന്നു. അതൊരു കാക്കഫോണി ആയിത്തീരാതെ, ഒന്നാന്തരമൊരു സിംഫണിയായി രൂപമെടുക്കണമെങ്കിൽ സംഗീതത്തിലെന്നവണ്ണം അതൊരു രാഗത്തിന്റെ നിയമങ്ങൾ അനുസരിച്ചായിരിക്കണം പെരുമാറുക. ഈ രാഗമേതെന്നുള്ള തിരയലാണ് string theory എന്ന പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രപഞ്ച സംവിധാനത്തിന്റെ മാസ്റ്റർ ഫോർമുല ആയിരിക്കുമത് എന്നാണ് ശാസ്ത്രപ്രവചനം. പ്രപഞ്ചങ്ങൾ തന്നെ പലതുണ്ടെന്നും, ഓരോന്നിലും അതാതിന്റെ മാനങ്ങൾക്കേ സാംഗത്യമുള്ളൂവെന്നും കരുതുന്ന ശാസ്ത്രം ഇങ്ങനെയൊരു മാസ്റ്റർ ഫോർമുലയെപ്പറ്റി പറയുന്നതിൽ എന്ത് യുക്തിയാണുള്ളതെന്നു ചോദിക്കാം.

അതിനൊരുത്തരം ഇങ്ങനെയാകാം. കണ്ണില്ലാത്ത എറുമ്പുകളുണ്ട്. പല മീറ്റർ ഉയർന്ന അവരുടെ പുറ്റുകളിൽ സകല ജൈവസജ്ജീകരണങ്ങളോടും കൂടി, സ്വരുമയോടെ, ഒരു സാമ്രാജ്യമായി ലക്ഷക്കണക്കിന് ജീവികൾ കഴിയുന്നു, പെറ്റുപെരുകുന്നു. ആകെ അവയെ നയിക്കാനുള്ളത്, പരസ്പരമുള്ള രാസാകർഷണങ്ങളാണ്. ഒരു നേതാവ് പോലും അവർക്കുണ്ടാവില്ല. അവയെ നയിക്കുന്ന നിയമങ്ങളെപ്പറ്റി അവയ്ക്ക് ബോധമില്ലെങ്കിലും, അതിൽ നിന്നൊഴിവാകാനാവാതെ, ഈ കൂട്ടായ്മ ഭംഗിയായി തുടർന്നുപോകുന്നു. അതുപോലെ എത്രയോ പറ്റം ജീവികൾ. മനുഷ്യരും അവരെ നയിക്കുന്ന ആത്യന്തികമായ രാസസവിശേഷതകളെപ്പറ്റി അത്രയൊന്നും ബോധവാന്മാരല്ലാതിരുന്നിട്ടും, ഈ പ്രപഞ്ചഘടനയുടെ ഭാഗമായി വർത്തിക്കുന്നു. ജിജ്ഞാസയൊന്നു മാത്രമാണ് അവനെ മറ്റുള്ളവയിൽനിന്ന് വേർതിരിക്കുന്നത്.

ഒരു സമഗ്രസിദ്ധാന്തത്തിനായി ആദ്യം ശ്രമിച്ചത് Einstein ആണ്. അദ്ദേഹത്തിന്റെ theory of relativity വലിയ പ്രപഞ്ചസംഭവങ്ങളെ പഠിക്കാനുള്ള ഒരു കരുവായി കരുതാം. ഉദാ: സൗരയൂഥപ്രക്രിയകൾ. എന്നാൽ, കണങ്ങളുടെ സൂക്ഷ്മലോകത്തിലെ ക്രയവിക്രിയകൾ മനസിലാക്കാൻ quantum mechanics തന്നെ വേണം. ഈ രണ്ട് തലങ്ങളെയും ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പ്രപഞ്ചവിസ്ത്രുതി സ്ഥിരമാണെന്നായിരുന്നു Einstein ആദ്യം വിശ്വസിച്ചിരുന്നത്. അത് അദ്ദേഹംതന്നെ തിരുത്തി. പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണ്. വികസിച്ചുകൊണ്ടിരിക്കുന്നതിനെല്ലാം പുറകോട്ടുള്ള ഒരു ചരിത്രമുണ്ട്. അതിലൂടെ ചെന്നാൽ, ഏറ്റവും ചെറുതായിരുന്ന ഒരവസ്ഥ കണ്ടെത്താം. പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം

അത് സ്വാഭാവികമായും ഊർജ്ജത്തിന്റെ അതിസാന്ദ്രവും അതേസമയം അത്യുഗ്രവുമായ അവസ്ഥയായിരിക്കും. ആ അവസ്ഥയുടെ വികാസ മാണിന്നു കാണുന്നതൊക്കെയുമെങ്കിൽ, ആദ്യത്തേതിനെ നയിച്ചിരുന്ന നിയമം ഇപ്പോഴും ബാധകമായിരിക്കണം. എല്ലാ ശക്തികളെയും ബല ങ്ങളെയും പിണ്ഡങ്ങളെയും സ്വരുമിപ്പിക്കുന്ന ആ നിയമം എന്തായാലും അതിന് ശാസ്ത്രജ്ഞർ string theory (strings = tiny vibrating strands of energy) എന്ന് പേരിട്ടിരിക്കുന്നു.

ഇങ്ങനെയൊരു സമഗ്രസിദ്ധാന്തം സാധ്യമായിരിക്കാം. പക്ഷേ, അതിലേയ്ക്കുള്ള വഴി അതിദുർഘടമാണ്. കാരണം, പരീക്ഷണങ്ങളി ലൂടെ വിലയിരുത്താതെ, ശാസ്ത്രനിഗമനങ്ങൾക്ക് വിലയില്ല. എന്നാൽ, strings എന്ന് വിളിക്കുന്ന ഈ അടിസ്ഥാനഘടകം പരീക്ഷ ണങ്ങൾക്ക് വിധേയമാക്കാവുന്നതിലും സൂക്ഷ്മമമാണ്. ആറ്റത്തിന്റെയുള്ള് point particles ആണെന്നായിരുന്നു ഏറെനാളത്തെ വിശ്വാസം. അതായത്, electrons പുറംപരിധിയിൽ ചലിക്കുന്നു; പ്രോട്ടോൺസും ന്യൂട്രോൺസും ഉള്ളിന്റെയുള്ളിലും. ഇവയോരോന്നും ഒരേസമയം ക്വാർക്കുകളുടെ കൂട്ടങ്ങളാണ്. ഈ ക്വാർക്കുകളുടെ നിർമിതി അവയെക്കാൾ സൂക്ഷ്മ മായ നിത്യപ്രകമ്പനങ്ങളായ strings കൊണ്ടാണ്. അവയ്ക്ക് ഏത് രൂപ വുമാകാം. ശാസ്ത്രജ്ഞരുടെ സങ്കല്പലോകത്തിൽ അവയ്ക്ക് അവയുടെ നൃത്തത്തിന്റെ താളങ്ങൾക്കനുസരിച്ച്, നൂഡിലിന്റെ കഷണങ്ങൾ പോലെ വളഞ്ഞും പുളഞ്ഞും, വളയമായും കുഴലായും പാടയായും രൂപം മാറാം. ഈ സ്ട്രിങ്ങുകളുടെ താളനൃത്തങ്ങളാണ്, പ്രപഞ്ചത്തെ ഒരു മനോഹര സിംഫൊണിയാക്കിത്തീർക്കുന്നത്.

അതിസൂക്ഷ്മമായവയ്ക്ക്, സ്ഥൂലഭാവനകളിലൂടെ നിറംകൊടു ക്കുന്നതിന് ഉദാഹരണമാണിതൊക്കെ. ഈ ബ്രഹ്മാണ്ഡത്തിന്റെ ഉള്ളിന്റെ യുള്ള് എന്തെന്ന് ഇതൊന്നും പക്ഷേ, സൂചിപ്പിക്കുന്നുപോലുമില്ലായി രിക്കാം. മനുഷ്യന്റെ ഓരോരോ വ്യഗ്രതകൾ!

*എന്റെ ചിന്താരീതികളെപ്പറ്റി പറഞ്ഞാൽ, പരമമായ ജ്ഞാനം ആർജ്ജിക്കുന്നതിനുള്ള തൃഷ്ണയെക്കാൾ എനിക്കുപകരിച്ചിട്ടുള്ളത് ഭാവനക്കുള്ള എന്റെ കഴിവാണ്* എന്നാണ് Einstein പറഞ്ഞത്. ഒരിക്കലും അറിയാനാവാത്ത നിഗൂഢതകളുടെ സാന്നിധ്യത്തെപ്പറ്റിയുള്ള ബോധ മാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ഏറ്റവും പുതിയ അറിവുകൾ പറയുന്നത്, ശാസ്ത്രപഠനത്തിനു വിധേയമാക്കപ്പെടുന്ന പ്രപഞ്ചം മൊത്തത്തിന്റെ വെറും 4% മാത്രമേയുള്ളൂ; ബാക്കിയൊക്കെ Dark Matter എന്ന് വിളിക്കപ്പെടുന്ന ഊർജ്ജപ്രതിഭാസത്തിൽ പെടുന്നു എന്നാണ്!

❑

# 12

# ലയം

അല്പം പാൽ അല്ലെങ്കിൽ ഒരു തുള്ളി മഷി വെള്ളത്തിലൊഴിച്ചാൽ, ഒന്ന് മറ്റൊന്നിൽ ലയിക്കുന്നു. സ്ഥൂലമായ അർത്ഥത്തിൽ അതാണ് ലയനം. എന്നാൽ, സൂക്ഷ്മാർത്ഥത്തിൽ ലയനത്തിന് പല വിതാനങ്ങളുണ്ടാകാം. വയൊലിൻ റ്റ്യൂൺ ചെയ്യുമ്പോൾ അതിന്റെ തന്ത്രികൾ തമ്മിൽ സ്വരൈക്യം വരുന്നത് ശ്രവണേന്ദ്രിയത്തിൽ മാത്രമല്ല, ശരീരം മൊത്തത്തിലും വ്യാപിക്കുന്ന ഒരനുഭവമാണ്. അപ്പോൾ രൂപംകൊള്ളുന്ന സ്വരമാധുരി നമ്മിൽ വിട്ടുകിടക്കുന്ന പലതിനെയും വലിച്ചടുപ്പിക്കുമ്പോലെ തോന്നും. സംഗീതം പഠിച്ചിട്ടുള്ളവർക്കും അത് നന്നായി ആസ്വദിക്കാൻ കഴിവുള്ളവർക്കും ഇത് പെട്ടെന്ന് മനസ്സിലാകും. രണ്ടോ അതിലധികമോ സംഗീതോപകരണങ്ങളോ ഗായകരോ തമ്മിൽ പൂർണമായി ശ്രുതിചേരുമ്പോൾ സംഭവിക്കുന്നതും മറ്റൊന്നല്ല. ഏത് സംഗീതവും മധുരമാകുന്നത് അതിലെ വ്യത്യസ്ത സ്വരവർണങ്ങളിൽ നമ്മുടെ ഇന്ദ്രിയങ്ങൾക്കു (അവയിൽ പ്രധാനം ചെവിയാണെങ്കിലും) ലയിക്കാനാകുമ്പോഴാണ്. സ്വരത്തിന്റെ കാര്യത്തിൽ മാത്രമല്ല, പ്രകൃതിയിലുള്ള ഏത് നിസ്സാര വസ്തുവുമായും, ഒരാൾ താദാത്മ്യം നേടുമ്പോളുണ്ടാകുന്ന അനുഭവത്തിനാണ് ലയം എന്ന് പറയുന്നത്. ഒരു പൂവിന്റെ, അല്ലെങ്കിൽ പ്രിയമുള്ള ഒരു വ്യക്തിയുടെ, സാന്നിദ്ധ്യത്തിൽ നാമനുഭവിക്കുന്ന സുഖവും ആന്തരികമായ ഒരു ലയത്തിന്റെ ഫലമാണ്. തല്ക്കാലത്തേക്കാണെങ്കിൽ പോലും രണ്ടസ്തിത്വങ്ങളുടെ ലയമാണവിടെ സംഭവിക്കുന്നത്. ഇത് എവിടെ എപ്പോൾ നടന്നാലും, അതോടൊത്ത് ഐശ്വരസ്പർശം (ഈശ്വരസാന്നിധ്യം) അനുഭവിക്കുന്നതാണ്

യഥാർത്ഥ പ്രാർത്ഥന. അടിസ്ഥാനപരമായി ഏത് ലയവും ആനന്ദദായകമാണ്, കാരണം, അത് പ്രപഞ്ചതാളവുമായുള്ള ഒരുതരത്തിലുള്ള ഐക്യംപ്രാപിക്കലാണ്.

ത്രസിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാ ഊർജ്ജസാന്ദ്രതയാണ് പ്രപഞ്ചം. ദ്രവ്യവും ഊർജ്ജവും ഒന്നുതന്നെയാണെന്ന് ഐൻഷ്റ്റൈൻ കണ്ടുപിടിച്ച $E = mc^2$ എന്ന സമവാക്യം മുതൽ ശാസ്ത്രലോകം അംഗീകരിച്ചിട്ടുള്ളതാണ്. ഊർജ്ജം പ്രകമ്പിതമാണ്. ഓരോ തന്മാത്രയും ഒരൂർജ്ജപ്രവാഹമാണ്. ഓം (ഓങ്കാരം) അല്ലെങ്കിൽ വചനം ആണ് സൃഷ്ടിയുടെ മൂലകാരണം എന്ന് പണ്ടുമുതലേ ജ്ഞാനികൾ പറഞ്ഞുവച്ചതിന്റെ പൊരുളും ദൃശ്യവുമദൃശ്യവുമായതിന്റെയെല്ലാം ഉത്ഭവം ബ്രഹ്മത്തിൽനിന്നാണെന്നു പറയുന്നതും ഒന്നുതന്നെയാണ്.

ശിവതാണ്ഡവം എന്ന ഹൈന്ദവസങ്കൽപം ഒന്നുകൂടി അർത്ഥസമ്പുഷ്ടമാണ്. എല്ലാ അസ്തിത്വവും പരാശക്തിയുടെ തുടർനൃത്തമാണ്. അത് സർവാശ്ലേഷിയായ പ്രപഞ്ചതാളത്തിലേക്ക് വിരൽചൂണ്ടുന്നു. പ്രപഞ്ചോർജ്ജത്തിന്റെ സൃഷ്ട്യുന്മുഖതക്കാണ് ഇതിൽ ഊന്നൽ. ഈ നൃത്തത്തിൽ പങ്കുചേരാനാകാത്തതെന്തോ, അത് ഊർജ്ജശോഷണം മൂലം നശിക്കുന്നു. അർത്ഥവത്തായി ജീവിക്കുക എന്നുവച്ചാൽ പ്രകൃതിയുടെ നിരന്തര നൃത്തത്തിൽ പങ്കുചേരുകയെന്നാണ്. ആദ്യം സൂചിപ്പിച്ച അർത്ഥത്തിൽ ഏതുതരം ലയത്തിന്റെയും മുന്നോടിയാണ് ലാസ്യം. അക്ഷരാർത്ഥത്തിൽ ലാസ്യമെന്നാൽ ശൃംഗാരപ്രധാനമായ നൃത്തമാണ്; അതായത്, പ്രണയത്തെയും സ്ത്രൈണതയെയും ദ്യോതിപ്പിക്കുന്ന ആനന്ദനൃത്തത്തിന്റെ നടനാവിഷ്കാരം. അത് പുരുഷന്റേതാകുമ്പോൾ താണ്ഡവമെന്നറിയപ്പെടുന്നു. താളമെന്ന ശബ്ദം രൂപംകൊള്ളുന്നതുതന്നെ താണ്ഡവം, ലാസ്യം എന്ന രണ്ട് വാക്കുകളുടെയും ആദ്യാക്ഷരങ്ങൾ ചേർന്നാണ്. വ്യക്തിപരമായി നമുക്കോരോരുത്തർക്കും അനുഭവവേദ്യമാണെങ്കിലും അല്ലെങ്കിലും, സമസ്തചരാചരങ്ങളിലും പ്രപഞ്ചോർജ്ജത്തിന്റെ നാദതരംഗങ്ങൾ ലയിച്ചിരിക്കുന്നു എന്നതൊരു സത്യമാണ്. കാരണം, ഓരോ തന്മാത്രയും ദൈവികമായ പ്രപഞ്ചനൃത്തത്തിന്റെ ഭാഗമാണ്. ലോലവും സാന്ദ്രവുമായ എല്ലാറ്റിലുമുണ്ട് അതിന്റേതായ നാദവും താളവും. അത് കണ്ടെത്തുക, അതിൽ ലയിക്കാനാവുക എന്നതാണ് ജീവിതത്തെ ധന്യവും ആനന്ദകരവുമാക്കുന്നത്. കലയും സാഹിത്യവും ധ്യാനവുമെല്ലാം ഇതിലേക്കുള്ള വഴികളാകാം.

ആഹതനാദവും അനാഹതനാദവുമുണ്ട്. ആഹതമെന്നാൽ ഉണ്ടാക്കപ്പെടുന്നത്. അനാഹതനാദം നാദബ്രഹ്മമാണ്. പ്രപഞ്ചതാളക്രമത്തിന്റെ സൗന്ദര്യത്തെ പ്രത്യക്ഷീകരിക്കുന്ന അനാദിയായ സംഗീത

ത്തിന് കൊടുത്തിരിക്കുന്ന പേരാണിത്. അതിന്റെ തലം ആത്മാവിന്റെ ശ്രവണപഥമാണ്. ശബ്ദകോലാഹലങ്ങൾക്കിടയിൽ സംഗീതാസ്വാദനം അസാധ്യമായതുകൊണ്ട്, നിശ്ശബ്ദമായ ഇടവേളകളെങ്കിലും ഇല്ലാത്തിടത്ത് പ്രപഞ്ചസംഗീതവുമായുള്ള ഉൾച്ചേരൽ നടക്കുകയില്ല. അതുകൊണ്ടാണ് സംഗീതദാമോദരത്തിൽ ഇങ്ങനെ കാണുന്നത്: *ജപകോടി ഗുണം ധ്യാനം; ധ്യാനകോടി ഗുണോലയ.* അതായത്, ഒരു കോടി മന്ത്രങ്ങൾ ജപിക്കുന്നതിന് സമമാണ് കേവലം ഒരു മാത്ര നിർമ്മലമനസ്സാ ധ്യാനിക്കുന്നത്. ഒരു കോടി തവണയിങ്ങനെ ധ്യാനിക്കുന്നതിനു തുല്യമത്രേ, ഒരൊറ്റ തവണ ദൈവമനസ്സുമായി ലയിക്കാനാവുമെങ്കിൽ!

❑

# 13

# അവബോധത്തിലേയ്ക്ക്

കണ്ണു മറ്റൊന്നിലുമൂന്നാത്തോരെല്ലാം
കണ്ണനെ കണ്ടറിയുന്നു. (ബാലാമണിയമ്മ)

നിങ്ങളൊരു മലമുകളിൽ നിൽക്കുകയാണ്. ഇടക്കല്പം വിശ്രമിച്ചും, ചുറ്റുമുള്ളവ കണ്ടാനന്ദിച്ചുമാണ് അവിടെയെത്തിയത്. മൗനസാന്ദ്രമായ ഒരു കുളിർകാറ്റ് വീശുന്നുണ്ട്. വിദൂരതയിലേയ്ക്കുള്ള നോട്ടം വിസ്മയാവഹമാകുന്നു. പർവ്വതനിരകൾ ഒന്നിന് പിറകിലൊന്നായി നോക്കെത്താദൂരം നിരന്നുനിൽക്കുന്നു. ചില ഗിരിശൃംഗങ്ങൾ മഞ്ഞിൽ മൂടിക്കിടക്കുന്നു. ഭൂമിയിൽനിന്നുയർത്തപ്പെട്ടതുപോലെ എത്രനേരം വേണമെങ്കിലും ദാഹവും വിശപ്പും മറന്ന്, അവിടെക്കഴിയാൻ നിങ്ങളാഗ്രഹിക്കുന്നു. കാരണം, നിശ്ചലതയും വിദൂരതയും ആത്മാവിന്റെ സമയമില്ലായ്മയുമായി ഒരുമിച്ചുകിടക്കുന്നു. ഒന്നിനെയും അളക്കാനാഗ്രഹിക്കാത്ത നിങ്ങളുടെയുള്ളും അളവിനതീതമാണെന്നു നിങ്ങളറിയുന്നു. പക്ഷേ, ഒരു കാര്യം നിങ്ങൾ തുടർന്നും ചെയ്തുകൊണ്ടിരിക്കുന്നു: ഉള്ളിലേക്ക് പ്രാണവായുവെടുക്കുക, ശ്വസിക്കുക എന്നത് എപ്പോഴും നിങ്ങളോടൊത്തുണ്ട്. അതാണ് ഏറ്റവും അടിസ്ഥാനപരമായ താളം. നിങ്ങളെ സംബന്ധിച്ചിടത്തോളം, മറ്റെല്ലാ താളങ്ങളും ഇതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഈ താളമാണ് പ്രാണനെ നിങ്ങളിൽ നിലനിർത്തുന്നത്. പ്രപഞ്ചവുമായി നിങ്ങൾക്കുള്ള ഈ പൊക്കിൾക്കൊടി ബന്ധത്തിൽ നന്ദി തോന്നി നിങ്ങൾ സ്വയം മറക്കുന്നു.

അജിത്കുമാർ ഓടിക്കൊണ്ടിരിക്കുന്ന ബസ്സിലാണ്. യാത്രക്കാരിൽ ചിലരൊക്കെ തമ്മിൽ സംസാരിക്കുന്നുണ്ട്. ചിലർ മൊബൈൽ ഫോൺ

ഉപയോഗിക്കുന്നു. ചിലപ്പോൾ വണ്ടി നിറുത്തുന്നു, വീണ്ടും ഒരിരപ്പോടെ വേഗം കൂട്ടുന്നു. അജിത്കുമാർ വെളിയിലേയ്ക്കു നോക്കിരിയിക്കുകയാണ്. പ്രത്യേകിച്ചൊന്നിലേയ്ക്കും സൂക്ഷിച്ചു നോക്കുന്നില്ല. പുറകോട്ടു നീങ്ങുന്ന മരങ്ങൾ, വീടുകൾ; അങ്ങ് ദൂരെ, ഓടുന്ന വണ്ടിയോടൊപ്പം നീങ്ങുന്ന കുന്നിന്റെ ദൃശ്യങ്ങൾ. എല്ലാം എത്ര സുന്ദരമെന്നയാൾ ഉള്ളിലറിയുന്നു. പക്ഷികൾ മരച്ചില്ലകളിലിരുന്ന് ഓരോന്ന് കൊത്തിപ്പെറുക്കുന്നു, പരസ്പരം കിളിക്കൊഞ്ചൽ നടത്തുന്നു. അവ പറന്നു പോകുമ്പോൾ, തനിക്കും ഇങ്ങനെ യഥേഷ്ടം വായുവിൽ ചലിക്കാനാകുമായിരുന്നെങ്കിൽ എന്നയാൾ ആഗ്രഹിക്കുന്നു. അതോടൊപ്പം, അയാളോർക്കുന്നു, തന്റെയുള്ളിൽ എന്തോ ഒന്നുണ്ട്, അതിന് ഏത് സമയത്തും, എത്ര വിദൂരതയിലേയ്ക്കും പറക്കാൻ കഴിയുന്നുണ്ടല്ലോ എന്ന്. അങ്ങനെ പറന്നുയർന്ന് മുകളിൽ നിന്നുകൊണ്ട്, താഴെ നടക്കുന്ന ധൃതിപിടിച്ച പ്രവേഗങ്ങളെ നിസ്സംഗനായി ഒന്നു നോക്കിയിട്ട്, മറന്നുകളയാൻ കഴിയുക തനിക്കും ആകുന്നുണ്ടല്ലോ എന്നയാൾ കൃതാർത്ഥതയോടെ വിചാരിക്കുന്നു. ശരീരം യാത്രയിലാണ്; ആത്മാവ് പ്രശാന്തിയിൽ മുഴുകിയിരിക്കുന്നു എന്നാണതിനർത്ഥം.

കത്രിക്കുട്ടി തന്റെ കൊച്ചുമകളെയും മകനെയും കൊണ്ട് അടുത്തുള്ള പുഴയിൽ നനച്ചുകുളിക്കാൻ പോയിരിക്കയാണ്. കുട്ടികൾ തീരത്ത് മണലിൽ കളിക്കുമ്പോൾ, അവൾ അരയോളമെത്തുന്ന ശുദ്ധമായ വെള്ളത്തിലിറങ്ങി ഒന്നു മുങ്ങി നിവരുന്നു. ചെറിയ ചൂടോടെ സൂര്യൻ പ്രകാശിക്കുന്നുണ്ട്. ജലം ശരീരത്തിന് നൽകുന്ന ആനന്ദാനുഭൂതി അവളെ കുളിരണിയിക്കുന്നു. അവൾ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നു, അവളുടെ ചോരയും മാംസവും. ഇല്ലായ്മയിൽ നിന്ന്, ജീവന്റെ വഴിയിൽ അവളോട് ചേർന്ന രണ്ടോമനകൾ. ഏതോ ഒരനുഭൂതിയിൽ അവൾ തിരിച്ചറിയുന്നു, ഈ കൊച്ചുങ്ങൾ മാത്രമല്ല, കാലങ്ങൾക്കും ദൂരങ്ങൾക്കുമപ്പുറത്ത്, എല്ലാ ജീവനും ഒന്നുതന്നെയല്ലേ, എന്ന്. അവളെ ച്ചുറ്റിനിൽക്കുകയും, അതേ സമയം ഒഴുകുകയും ചെയ്യുന്ന വെള്ളം ഈ ജീവന്റെ ഒരു പ്രതീകമല്ലേ? എവിടെ തുടങ്ങുന്നു, എങ്ങോട്ടൊഴുകുന്നു, എവിടെയെത്തും എന്നൊന്നും അറിയാനാഗ്രഹിക്കാത്ത ഒരു വികാരം അവളെപ്പൊതിയുന്നു. ഹൃദയം നിറഞ്ഞ്, അവൾ ഒരുവേള അതിൽ മുഴുകി വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു. ജലത്തിൽ ആമഗ്നയാകുകയെന്നാൽ ഏത് വിധേനയും രൂപപ്പെടാൻ തയ്യാറായിരിക്കുന്നതുപോലെയാണ്. കുട്ടികൾ രണ്ടും ഓടിയെത്തി അവളോട് ചേരുമ്പോൾ, പ്രകൃതിയുടെ ലാളനയിൽ മൂവരും ലയിക്കുന്നു. ലാളനയെന്നാൽ, ചുറ്റുപാടുമൊത്തുള്ള ലയത്തിൽ ആളുകയാണ്.

ഞങ്ങളുടെ അടുത്ത കുടുംബസുഹൃത്തായിരുന്ന ജാൻസി ഫിലിപ്പിന് അൻപത്തിമൂന്നാം വയസിൽ സ്തനാർബുദം പിടിപെട്ടു.

പ്രസരിപ്പും സ്നേഹവും നിറഞ്ഞ, എപ്പോഴും നിഷ്ക്കളങ്കയും നിസ്സ്വാർത്ഥയുമായി ജീവിച്ചിരുന്നയവൾക്ക് എന്തുകൊണ്ട് ഇങ്ങനെ വന്നുവെന്ന് അവളെ സ്നേഹിച്ചിരുന്നവരൊക്കെ സഹതാപം പൂണ്ടു. കിമോതെറപ്പിയുടെ ക്രൂരതകളും ശസ്ത്രക്രിയയുമൊന്നും അവൾക്ക് ഗുണകരമായില്ല. രോഗം മറ്റ് അവയവങ്ങളിലേയ്ക്കും വ്യാപിക്കാൻ തുടങ്ങി. അപ്പോൾ, എങ്ങനെയെന്നറിയില്ല, പെട്ടെന്നൊരുനാൾ, താൻ സുഖപ്പെടാൻ പോകുകയാണ്, തന്റെ ചുറ്റും വ്യാപിച്ചിരിക്കുന്ന വളർച്ച യുടെയും സഹകരണത്തിന്റെയും ജീവചൈതന്യം തന്നിലേയ്ക്കും പ്രസരിക്കുന്നതായി അവൾക്ക് തോന്നിത്തുടങ്ങി. ശക്തിയായി ഒന്നു പനിച്ചു. അതു വിട്ടപ്പോൾ, താനിപ്പോൾ ഒരു രോഗിയല്ല എന്നവൾക്ക് സ്വയം തീർച്ചതോന്നി. തുടർന്ന് നടത്തിയ പരിശോധനകൾ അവളുടെ രോഗവിമുക്തി സ്ഥിരീകരിച്ചു. വിരളമായിട്ടാണെങ്കിലും ഇത്തരം സുഖപ്രാപ്തികൾ സംഭവിക്കാറുണ്ട്. അവയ്ക്കൊരു വിശദീകരണം എളുപ്പമല്ല. ഈ രോഗികൾ പൊടുന്നനെ ഒരു സവിശേഷ അവബോധത്തി ലെത്തുകയും, അതോടേ, തനിച്ചുനിൽക്കുന്ന അസ്തിത്വങ്ങളല്ല തങ്ങളെന്നും, ചുറ്റുമുള്ള പ്രതിരോധത്തിന്റെയും സുഖപ്പെടലിന്റെയും ധാരാളിത്തം നിറഞ്ഞ ശക്തികളിൽ തങ്ങളും പങ്കാളികളാണെന്നും അവർ തിരിച്ചറിയുകയും ചെയ്യുന്നു. രോഗഗ്രസ്തമായിരുന്ന ശരീരം അപ്രതീക്ഷിതമായ ചെറുത്തുനിൽപ്പിന് ശക്തി നേടുന്നു.

ഇത്തരമൊരനുഭവമാണ് *Quantum Healing* എന്ന തന്റെ വിഖ്യാത കൃതിയെഴുതാൻ ഡോ. ദീപക് ചോപ്ര M.D.ക്ക് നിമിത്തമായിത്തീർന്നത്.

അതിലദ്ദേഹം പറയുന്നു: മനുഷ്യാവബോധത്തിന്റെ അങ്ങേയറ്റത്തെ വികാസത്തിനുള്ള ഏറ്റവും വലിയ തെളിവാണ് വേദാന്തം. Cosmic computer എന്നൊന്ന് സങ്കൽപ്പിക്കാമെങ്കിൽ, അതുതന്നെയാണ് വേദാന്തത്തിന്റെ ഉള്ളടക്കം എന്ന് പറയാം. പ്രാപഞ്ചികപ്രതിഭാസങ്ങൾ എല്ലാംതന്നെ അതിലേയ്ക്ക് സന്നിവേശം ചെയ്യപ്പെട്ടിട്ടുണ്ട്. ഭാരതത്തിലെ ഋഷികൾ കരുതിയത്, നമ്മുടെ തലച്ചോറ് അത്രയൊന്നും പ്രധാനമല്ല എന്നാണ്. നമ്മുടെ വ്യഷ്ടിഗതമായ സാദ്ധ്യതകൾ അതിലൂടെ പ്രതിഫലിക്കപ്പെടുന്നു എന്നതു മാത്രമാണ് അതിന്റെ പ്രാധാന്യം. ഒട്ടു മിക്ക സമയവും, തലച്ചോറ് നമ്മെ കാണിക്കുന്ന ലോകം തന്നെയാണ് നമ്മൾ. ഒരു താരതമ്യം ഇങ്ങനെയാവാം. ഒരു കണ്ണാടിയിൽ പ്രതി ഫലിക്കുന്ന ബിംബവും കണ്ണാടിയും ഒന്നായിത്തീരുന്നതുപോലെ നമ്മുടെയുള്ളിൽ പ്രതിഫലിക്കുന്നത് മാത്രമാണ് നമുക്കറിയാൻ കഴിയുന്നത്. വേദം തന്നെ തരുന്ന നല്ല ഒരുദാഹരണമുണ്ട്. നാമോരോ രുത്തരും, അല്ലെങ്കിൽ നമ്മുടെ ബോധം, കടലിലെ തിരപോലെയാണ്.

ഒരു തിര അതിനെ മാത്രമേ അറിയുന്നുള്ളൂ. അടിച്ചുകൊണ്ടിരിക്കുവോളം, "ഞാനൊരു തിരയാണ്" എന്ന് ഓരോ തിരയും കരുതുന്നു. എന്നാൽ, ശാന്തമാകുന്ന നിമിഷത്തിൽ അത് അനന്തവും നിശ്ചലവും മാറ്റമില്ലാത്തതുമായ സമുദ്രം തന്നെയാണെന്ന് തിരിച്ചറിയുന്നു. തിരയല്ലാതാകുക എന്നതാണ് ഈ തിരിച്ചറിയലിനു വേണ്ടിവരുന്ന വില. അതുപോലെ, നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മനസ്സിലെ തിരകളാകുന്ന ചിന്തകൾ എത്ര ശക്തിയായും വകതിരിവില്ലാതെയും അടിച്ചുകൊണ്ടിരിക്കുന്നുവോ, ബഹളംവച്ചുകൊണ്ടിരിക്കുന്നുവോ, അത്രയും വിരളമായേ ഒരാൾ വേദാന്തം കണ്ടെത്തിയ സത്യം, എല്ലാ വ്യത്യസ്തതകളെയും ഉൾക്കൊള്ളുന്ന ഒരേകത്വം ഉണ്ടെന്ന സത്യം, തിരിച്ചറിയാനിടയുള്ളൂ. ആ അനുഭവത്തിലേയ്ക്ക് വരാൻ ഒരു വഴിയേയുള്ളു, ആർത്തിരമ്പുന്ന തിര പതിയെപ്പതിയെ ശാന്തമാകുന്നതുപോലെ, ചിന്തയുടെ ബഹളങ്ങളെ അടങ്ങാനനുവദിക്കുക. എന്ന് വച്ചാൽ, മനസ്സിനെ അങ്ങേയറ്റം നിശ്ശബ്ദമാക്കുക.

അഹവും അതിന്റെ ലക്കില്ലാത്ത സവാരിക്കുപാധിയായ മനസ്സും തീർത്തും നിശ്ശബ്ദമാകുമ്പോൾ സംഭവിക്കുന്നതെന്തോ, അതാണ് ധ്യാനമെന്ന അവസ്ഥ, അല്ലെങ്കിൽ അവബോധം. അവബോധത്തിന്റെ ചില നിമിഷങ്ങളിലൂടെയാണ് നാം മുകളിൽ കടന്നുപോയത്. ഈ അവസ്ഥയെപ്പറ്റി വളരെ കൃത്യമായി പറഞ്ഞിട്ടുള്ള ഒരാളാണ് ജെ. കൃഷ്ണമൂർത്തി. അദ്ദേഹത്തിന്റെ ചില വാക്യങ്ങൾ വളരെ പ്രകാശം പരത്തുന്നവയാണ്:

"ശീലിച്ചയാൾക്ക് ഏത് നേരത്തും എവിടെയും ധ്യാനനിരതനാകാം. പക്ഷേ, അവബോധത്തിന്റെ ശുഭദീപ്തിയിൽ ചുറ്റുമുള്ള വസ്തുക്കൾക്ക് അവയുടെ കല്പിതാർത്ഥങ്ങൾ നഷ്ടപ്പെടുന്നു."

"അറിയാവുന്നവന്, അങ്ങേയറ്റം സാധാരണമായ ഒരു പ്രക്രിയയാണ് ധ്യാനം. അതിന് ആരംഭമോ അവസാനമോ ഇല്ലതന്നെ. അതൊരു മഴത്തുള്ളിപോലെയാണ്. അതിൽ എല്ലാ അരുവികളും നദികളും തടാകങ്ങളും എല്ലാ ജലപതനങ്ങളും ഉൾകൊള്ളുന്നു. ഈ തുള്ളി മനുഷ്യരെയും ഭൂമിയെയും പരിപോഷിപ്പിക്കുന്നു. അതില്ലെന്നാൽ ഭൂമി വരണ്ടുപോകുന്നു. ധ്യാനമില്ലാത്ത ഹൃത്ത് വെറും മരുഭൂമിയാണ്."

"ധ്യാനിക്കുകയെന്നാൽ ചുറ്റുമുണ്ടാകുന്നവയെ കണ്ടുകൊണ്ടിരിക്കുമ്പോഴും അതിനുമപ്പുറത്തേയ്ക്ക് നോക്കുകയാണ്."

"സംശുദ്ധമായ ധ്യാനത്തിലെത്താൻ നിസ്സംഗമായ ദൃഷ്ടി ആവശ്യമാണ്. അതായത്, അധികാരം, മോഹം, അസൂയ, ഭയം എന്നിവയിൽ

നിന്നുള്ള പരമമായ സ്വാതന്ത്ര്യം. ഇവയെല്ലാം സംഘർഷങ്ങളെ സൃഷ്ടിക്കുന്നതിനാൽ, ഉൾക്കാഴ്ചയെ തടയുന്നു."

"നിശ്ശബ്ദതയും വിദൂരതയും ഒരുമിച്ച് പോകുന്നു. രണ്ടും ആത്മാവിന്റെ പരിധിയില്ലായ്മയിലേയ്ക്ക് വിരൽചൂണ്ടുന്നു."

"ചിന്തിച്ചുകൊണ്ടിരിക്കുക എന്നത് ഒരു ദുരവസ്ഥയാണ്. കാരണം, അതെപ്പോഴും കഴിഞ്ഞവയെ ചുറ്റിപ്പറ്റിയാണ്. അതുവഴി എല്ലാ വ്യക്തതയും നമുക്ക് നഷ്ടപ്പെടുന്നു. എത്രയൊക്കെ ശ്രമിച്ചാലും, അറിയാത്തവയിലേയ്ക്ക് അറിഞ്ഞവയിലൂടെ ഒരിക്കലും ചെന്നെത്താനാവില്ല. ധ്യാനിക്കുക എന്നാൽ അറിഞ്ഞതിന്റെയെല്ലാം മരണമാണ്."

"ആളുന്ന തീയാണ് ധ്യാനം. അതിൽ എല്ലാ ചിന്തയും കരിഞ്ഞുപോകുന്നു, അതോടൊപ്പം വികാരങ്ങളും. ഇവ രണ്ടും സ്നേഹമല്ല. സ്നേഹമില്ലാതെ ജ്ഞാനമില്ല. സ്നേഹമാകട്ടെ, ശൂന്യതയിൽ നിന്നാണ് ജനിക്കുക."

"നീന്തലറിയാതെ വെള്ളത്തിലേയ്ക്ക് ചാടാൻ നീ ധൈര്യപ്പെടണം. ധ്യാനിക്കുന്നതിലെ സൗന്ദര്യമതാണ്." (Meditationen, J. Krishnamurthi, Diogenes Verlag AG, Zürich, 2010)

ശ്രീബുദ്ധൻ ഇതെല്ലാം സംഗ്രഹിച്ചുപറഞ്ഞിട്ടുണ്ട്: "സത്യത്തെ സ്നേഹിക്കുന്നവൻ ആരുമായും ഒന്നുമായും ഇടയുന്നില്ല."

❑

# 14

# അറിവിന്റെ അടരുകൾ

മനുഷ്യചൈതന്യത്തെ സ്പർശിക്കുന്നതെല്ലാം പ്രകാശവുമായി ബന്ധപ്പെട്ടിരിക്കുന്നു, ബാഹ്യതലത്തിലും ആന്തരികതലത്തിലും. ബാഹ്യതലത്തിൽ ജീവനുത്തരവാദി സൗരോർജ്ജം അല്ലെങ്കിൽ സൂര്യപ്രകാശമാണ്. ആന്തരികചൈതന്യമെന്നത് അവബോധമാണ്. അതിനുത്തരവാദി ആത്മീയപ്രകാശമാണ്. അതാണ് അറിവ് എന്ന പദംകൊണ്ട് മനസ്സിലാക്കേണ്ടത്. മനുഷ്യൻ ആദ്യനോട്ടത്തിൽ കാണുന്ന ലോകം ദ്രവ്യാത്മകമാണ്. ഇതാണ് അറിവിന്റെ ഒന്നാമത്തെ തലം. അവിടെ (യഥാ) ഇന്ദ്രിയം 'കാണുന്നതിന്' അതിന്റെ ഉടമസ്ഥൻ 'കൊടുക്കുന്ന' അർത്ഥം – യാഥാർഥ്യം – താൽക്കാലികമായ വ്യവഹാരത്തിനായി മാത്രമുള്ളതാണ്. അതിൽ മൗലികതയൊട്ടുമില്ല. രണ്ടാമത്തെ തലത്തിലേയ്ക്ക് കടക്കുകയെന്നാൽ, ദ്രവ്യമായതൊക്കെയും (ഖരം, ദ്രവം, വാതകം, പ്ലവം) സ്ഥായിയായ പ്രപഞ്ചോർജ്ജമാണെന്ന കണ്ടെത്തലാണ്. അതിൽനിന്ന് രൂപപ്പെട്ട സമവാക്യമാണ് $E = mc^2$. ഭൗതികശാസ്ത്രത്തിന്റെ പരിധിയതാണ്. ദൃശ്യപ്രപഞ്ചത്തിന്റെ വിസ്തൃതി സ്ഥിരമാണെന്ന് ആദ്യം കരുതിയ ഐൻഷ്റ്റൈൻ (Einstein – പൊതുവേ, ഐൻസ്റ്റൈൻ എന്നാണെഴുതാറുള്ളതെങ്കിലും, *ഐൻഷ്റ്റൈൻ* ആണ് ശരി, അതായത്, ജർമൻ ഉച്ചാരണം.) പോലും പിന്നീട് സമ്മതിക്കേണ്ടിവന്നു, അതു നിരന്തരം വികസിച്ചുകൊണ്ടിരിക്കുകയാണെന്ന്. പക്ഷേ, അതിലെ ഊർജ്ജത്തിന്റെയളവ് എപ്പോഴും ഒന്നുതന്നെ; അതിന്റെ പ്രതിഭാസങ്ങൾ മാത്രമാണ് മാറിക്കൊണ്ടിരിക്കുന്നത്. അറിവിന്റെ മൂന്നാമത്തെ തലത്തിൽ, ഊർജ്ജലോകത്തെയും മറികടന്ന്, ഉള്ളതെല്ലാം

ആത്യന്തികമായി, ബോധവും അതിന്റെ പ്രതിഭാസങ്ങളുമാണെന്ന തിരിച്ചറിവുണ്ടാകുന്നു. ഈ പറഞ്ഞ മൂന്നിൽ, താഴത്തെ രണ്ട് തലങ്ങളിൽ ഉറച്ചുപോകുന്നവർക്ക് അതിനപ്പുറത്തേയ്ക്ക് കടക്കുക അത്രയൊന്നും എളുപ്പമല്ല. അതിലുമുയർന്ന വേറൊരു തലമുണ്ടെന്നു ചിന്തിക്കുക തന്നെ അവർക്കു പ്രയാസമാണ്.

. നാമോരോരുത്തരുമറിയുന്ന ലോകം അവരവരുടെ മാനസികാവസ്ഥയുടെ ഒരു വ്യാഖ്യാനം മാത്രമാണെങ്കിലും, അതുതന്നെയാണ് അസ്തിത്വത്തിന്റെ ഉള്ളടക്കമെന്നു തെറ്റിദ്ധരിച്ചാണ് ഭൂരിഭാഗവും ജീവിക്കുന്നതും മരിക്കുന്നതും.

ദ്രവ്യലോകത്തെ മാത്രം പഠനവിഷയമാക്കിയിരുന്ന ഭൗതിക ശാസ്ത്രവും, ഒരമ്പതു വർഷമായി അതിന്റെ കടുംപിടുത്തത്തിൽ അയവ് വരുത്തേണ്ടി വന്നിരിക്കുന്നു. അതായത് ബോധത്തിന്റെ സ്ഥാനം അംഗീകരിക്കാതെ മുന്നോട്ടു പോകാനാവില്ലെന്ന വഴിയിലേയ്ക്കാണത് തിരിയുക. എല്ലാം ഒരേയൊരു ഊർജ്ജത്തിന്റെ വ്യത്യസ്തഭാവങ്ങൾ മാത്രമാണെന്ന് ശാസ്ത്രം അംഗീകരിച്ചുകഴിഞ്ഞു. ദ്രവ്യത്തെ കാണുകയും അതാണ് പരമാർത്ഥം (അസ്തിത്വത്തിന്റെ പൊരുൾ) എന്ന് വിശ്വസിച്ചുകൊണ്ട്, അതിലുറച്ചുനില്ക്കുകയുമെന്നത് വാസ്തവത്തിൽ പക്വമാകാത്ത ഒരു മനസ്സിന്റെ ഭ്രമമാണെന്നാണ് അതിനർത്ഥം. ഐന്ദ്രികമായ കാഴ്ച അവിടെ മുമ്പിലുള്ളതിന്റെ കാഴ്ചയല്ല, ഉള്ളതായി തോന്നിപ്പിക്കുന്നതിന്റെ കാഴ്ചയാണ്. യാഥാർഥ്യമെന്ന ശബ്ദത്തിന്റെ ശരിയായ ഈ അർത്ഥം മറന്നുകൊണ്ട്, അതിന് സത്യമെന്ന പരിവേഷം നൽകുക ജീവിതത്തിലെ ഏറ്റം വലിയ വീഴ്ചയാണ്.

ശ്രുതിയുടെ രണ്ട് പാരമ്പര്യങ്ങളുണ്ട് - വേദവും വേദാന്തവും. അജ്ഞാനിക്കുവേണ്ടിയുള്ള ഉക്തിയാണ് വേദം. വേദാന്തം (വേദങ്ങളുടെ അറുതി) വേദങ്ങൾക്കപ്പുറത്തുള്ളതാണ്. ഇതാകട്ടെ ജ്ഞാനിക്കുവേണ്ടിയുള്ളതും. ഉപനിഷത്തുകൾ ഇതിൽപെടുന്നു. ജ്ഞാനിക്ക് ദ്രവ്യം നിലവിലില്ല, ബോധവും അതിന്റെ ചൈതന്യവും മാത്രമേയുള്ളു. ദ്രവ്യലോകത്തെ വിശകലനം ചെയ്താരംഭിച്ച ആധുനികശാസ്ത്രചിന്ത ദ്രവ്യമല്ലാതെ മറ്റൊന്നും കണക്കിലെടുത്തില്ല. ബോധമെന്നത് ദ്രവ്യത്തിന്റെ ഒരു പോത്പന്നം മാത്രമായിട്ടാണ് അതിൽ കരുതപ്പെട്ടത്. എന്നാൽ, വിശ്ലേഷണം ചെയ്യുന്തോറും ശാസ്ത്രനിഗമനത്തിലുണ്ടായിരുന്ന ദ്രവ്യം വാസ്തവത്തിൽ അവിടെയില്ലെന്ന അപ്രതീക്ഷിതമായ സത്യത്തിലേയ്ക്കാണ് ശാസ്ത്രം കണ്ണുതുറന്നത്. ദ്രവ്യമായി കാണപ്പെടുന്ന എന്തും മുറിച്ചു മുറിച്ചു ചെന്നാൽ വീണ്ടും ചെറുതാക്കാനാവാത്ത കണികയിലെത്തുമെന്നും (atom) ദ്രവ്യാത്മകമായ എല്ലാ രൂപവിന്യാസങ്ങളുടെയും

ഉള്ളിന്റെയുള്ള് അതാണെന്നുമുള്ള അറിവ് ഞെട്ടിക്കുന്നതായിരുന്നു. എന്നാൽ, ആറ്റത്തെയും പിളർക്കാമെന്നും അപ്പോൾ പുറത്താകുന്ന ഊർജ്ജം വിസ്മയിപ്പിക്കുംവിധം അതിശക്തമാണെന്നും ആറ്റംബോംബ് വ്യക്തമാക്കി. $E = mc^2$ സമവാക്യമാണ് ബോംബിന്റെ നിർമ്മിതിയിലേയ്ക്ക് നയിച്ചത്. ആത്യന്തികമായി എല്ലാവും ഊർജ്ജമാണെന്ന വലിയ കണ്ടെത്തലിൽ മനുഷ്യൻ അല്പമല്ല അഹങ്കരിച്ചത്. പക്ഷേ, വിചാരിച്ചതുപോലെ, അത് അറിവിന്റെ അവസാനമായിരുന്നില്ല. ഊർജ്ജത്തിലേയ്ക്ക് ആഴത്തിൽ കടന്നുചെന്നാൽ അതും അപ്രത്യക്ഷമായിട്ട്, ബോധം മാത്രം ബാക്കിയാവും എന്നത് ഭാരതത്തിലാണ് ആദ്യം കണ്ടുപിടിക്കപ്പെട്ടത്! അസ്തിത്വത്തിന്റെ അത്യഗാധത്തി ലേയ്ക്കുള്ള ഈ കുതിപ്പ് നമ്മിലെ ബോധത്തിനല്ലാതെ മറ്റൊന്നിനും സാധ്യമല്ലാതാനും. മാക്സ് പ്ലാങ്ക്, ഐൻഷ്റ്റൈൻ, ഹൈസെൻബെർഗ് എന്നിവർ വേദാന്ത ഭാഷയോട് ഏറ്റവും അടുത്തുവന്ന ശാസ്ത്രജ്ഞരാണ്. നമ്മുടെ ദൃഷ്ടിയിലുള്ളതോ, ശാസ്ത്രത്തിലൂടെ എത്തിപ്പിടിക്കാവുന്നതോ അല്ല അസ്തിത്വത്തിന്റെ മൗലികത എന്നാണ് അവരും അവസാനം മനസ്സിലാക്കിയത്.

*ജീവിതം ലൈംഗികോർജ്ജമാകുന്നു* എന്നൊരു കൃതിയിൽ (അ. 7, താളുകൾ 203 . . .) ബോധാവസ്ഥയെന്താണെന്ന് വ്യക്തമാക്കാൻ ഓഷോ ശ്രമിക്കുന്നുണ്ട്. അതു മനസ്സിലാക്കാനുള്ള 'ക്ലൂ' ഇതാണ്: അറിവിന്റെ ആദ്യത്തെ രണ്ടുതലത്തിലും ബോധത്തിന് വെറുതേ സാക്ഷിയായി നിലകൊള്ളാനാവും. അതിങ്ങനെ വിശദീകരിക്കാം. ഐന്ദ്രികതലത്തിൽ ഞാൻ എന്റെ ശരീരമാണ്. പക്ഷേ, എന്റെ ശരീരത്തെപ്പറ്റി എനിക്കു ബോധമുണ്ട്. 'എനിക്ക്' എന്റെ ശരീരത്തെ കൈകാര്യം ചെയ്യാം. അതായത്, ഈ 'ഞാൻ' എന്റെ ശരീരമല്ല; അല്ലെങ്കിൽ, അതു മാത്രമല്ല. അപ്പോൾ, എന്റെ ശരീരവും എന്റെ ബോധവും രണ്ടാണ്. അതോടൊപ്പം, എനിക്ക് മനസ്സ് എന്നൊന്നുണ്ടെന്നും എനിക്കറിയാം. എന്റെ മനസ്സിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്ന അതെന്തോ, അത് എന്നിൽനിന്നും എന്റെ ശരീരത്തിൽ നിന്നും മനസ്സിൽ നിന്നും വ്യത്യസ്തമായ എന്തോ ആണ്. ശരീരത്തിന് സ്വയമറിയാനാവില്ല. മനസ്സിനും സ്വയം നിരീക്ഷിക്കാനാവില്ല. എന്നാൽ, എനിക്കു ചിന്തിക്കാനും, ചിന്തിക്കാതിരിക്കാനും, ചിന്തയെ എന്തിലേയ്ക്കുവേണമെങ്കിലും തിരിച്ചുവിടാനുമൊക്കെയാവും. അതായത്, ശരീരത്തിനും മനസ്സിനും അപ്പുറത്തുള്ള ഒരു ശക്തികൂടി എന്നിലുണ്ട്; അതിലൂടെയാണ് ഇതൊക്കെ എനിക്കു സാധ്യമാകുന്നത് എന്ന് സമ്മതിക്കാതെ തരമില്ല. ശരീരത്തെയും മനസ്സിനെയും നിരീക്ഷിക്കുന്ന ഈ മൂന്നാമത്തെ തലമാണ് ബോധം. സത്യത്തിൽ, ഈ സാക്ഷീഭാവമാണ് എന്റെ കാതൽ. അതാണ് ഞാൻ. അതാണ് ആത്മാവ് അല്ലെ

ങ്കിൽ മുകുളം. മുകുളത്തിന് ആത്മാവെന്നും അർത്ഥമുണ്ട്. എന്നിലുള്ള ബാക്കിയെല്ലാറ്റിനും സാക്ഷിയാകാൻ കഴിയുന്ന ഒരു ശക്തിയാണ് ഈ ബോധം.

ഞാനെന്താണ് എന്ന ചോദ്യത്തിനു, "നേതി, നേതി", അതല്ല, അതല്ല, എന്ന് പറഞ്ഞുകഴിഞ്ഞ് ഏറ്റവും അവസാനം ബാക്കിയാവുന്നതെന്തോ, അതാണ് ബോധം. മനുഷ്യനിലെ ഈ ആത്മബോധം, അല്ലെങ്കിൽ മുകുളം, വികസിച്ചുവളരണമെങ്കിൽ, തോടുപൊട്ടിച്ച് അത് വെളിച്ചത്തിലേയ്ക്കു വരണം. ഈ തോട് ഏത് മനുഷ്യനും സഹജമായ, അവന്റെ/അവളുടെ അധികരിച്ച അഹംഭാവമാണ്. അതാണ് ഊർജ്ജത്തിന്റെയൊഴുക്കിനെ തടഞ്ഞുവയ്ക്കുന്നത്. അഹന്തയെ മറികടന്നൊഴുകാൻ തുടങ്ങുന്ന ഉള്ളിലെയൂർജ്ജം മറ്റ് അസ്തിത്വങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നതിലൂടെയാണ് ആനന്ദം കൈവരുന്നത്. ഈ താദാത്മ്യം എന്തിനോടുമാകാം. ഒരു വ്യക്തിയോടാകാം, ജീവികളോടാകാം, പുഴയോടും വൃക്ഷത്തോടും പ്രകാശത്തോടുമൊക്കെയാകാം. നിരന്തരം സ്വന്തം സത്തയെയും ചുറ്റുപാടുകളെയും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവർക്ക്, അത് ജീവനെന്ന അത്യുദാത്തമായ അദ്ഭുതത്തോടാകാം. നമ്മുടെയോ അയൽപക്കത്തെയോ ഒരു കുഞ്ഞിന്റെ നിഷ്ക്കളങ്കമുഖത്തേയ്ക്കു നോക്കുക. അതിന്റെ അപ്പന്റെയും അമ്മയുടെയും മാത്രമല്ല, പല തലമുറകൾ പിന്നിലുള്ളവരുടെയും ആകാരസവിശേഷതകളും ചേഷ്ടകളും ആത്മഗുണങ്ങളും പോലും, ആ ഇളം ശരീരവും അതിലെ ബോധവും വളർച്ചയിലുടനീളം ഒന്നിനൊന്നു തെളിമയോടെ പ്രത്യക്ഷീകരിച്ചുകൊണ്ടിരിക്കുന്ന ആ വിസ്മയം നമ്മെ വശീകരിക്കുന്നില്ലെങ്കിൽ പിന്നെയെന്താണ് നാം കാണുന്നത്? കണ്ണിൽപ്പെടാനില്ലാത്ത രണ്ട് സൂക്ഷ്മകോശങ്ങളിൽ ഒളിച്ചുവച്ചിരുന്ന ഭൂതവും ഭാവിയും മുഴുവൻ ആ കുഞ്ഞിൽ സ്വരുമിപ്പിക്കുന്ന ആ അനന്തബോധത്തിനു, ചിന്തിക്കാതെ തന്നെ, നാം അടിപ്പെട്ടുപോകുന്ന അവബോധത്തിന്റെ ഒരവസ്ഥ വന്നു ചേരണം. ആനന്ദമെന്തെന്ന് അപ്പോഴേ നാമറിയൂ.

"ഒരു കടുകുമണിയോളം വിശ്വാസം" എന്നൊരു വേദവാക്യ ശകലമുണ്ട്. ഒരു കടുകുമണിയിലുള്ളത് അസ്തിത്വത്തിന്റെ ഒരു ബോധകണമാണ്. അതതിലുള്ളതുകൊണ്ടാണ്, മണ്ണും വെളിച്ചവും കിട്ടുമ്പോൾ, ഭൂമിയും സൂര്യനും അതിന് പോഷണവും സംരക്ഷണവും വാഗ്ദാനം ചെയ്യുമ്പോൾ, മറ്റൊരു സഹായവുമില്ലാതെ, അതിൽനിന്ന് ഭാവനാതീതമായ ഒരദ്ഭുതസസ്യം ഇരുകൈയും നീട്ടി അതിസാഹസത്തോടെ പുറത്തേയ്ക്കു ചാടുന്നത്. തടസ്സങ്ങൾ ഇല്ലാതിരുന്നാൽ, തുടർന്നങ്ങോട്ട്, ഭൂമിയെ സ്വവംശത്താൽ നിറയ്ക്കാനുള്ള ശക്തിയതിനുണ്ട്. കായ്പൊട്ടി

ചിതറിവീഴുന്ന ഓരോ കടുകുമണിയിലും ഈ ശക്തി അന്തർലീനമായി ഒളിഞ്ഞിരിപ്പുണ്ട്. ഇല്ലെങ്കിലതിന് തലമുറകളിലേയ്ക്കുള്ള തുടർച്ചയുണ്ടാവില്ല. കാലാകാലത്തോളം, ഏത് കാലാവസ്ഥയിലും സാഹചര്യത്തിലും എങ്ങനെ അതിജീവിക്കണമെന്ന സൂത്രങ്ങളെല്ലാം മുൻകൂട്ടി അതിൽ സംഭരിച്ചിട്ടുണ്ട്. അതങ്ങനെയല്ലായിരുന്നെങ്കിൽ, വരാനിരിക്കുന്ന എല്ലാ തലമുറയ്ക്കും ആവശ്യമായ പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും രഹസ്യങ്ങൾ അടുത്തതിലേയ്ക്കും അതിനടുത്തതിലേയ്ക്കും പകർന്നുകൊടുക്കാൻ അതിനാവില്ലല്ലോ. അങ്ങനെയെങ്കിൽ, ഏത് പ്രാണിയിലും – ഏത് കുരുവിലും, ഏതണ്ഡത്തിലും, ഏത് ബീജത്തിലും – ഒളിഞ്ഞിരിക്കുന്ന ഈ ശക്തി അനന്തബോധമല്ലാതെ പിന്നെയെന്താണ്?

പരിശുദ്ധിയുടെയും സമ്പൂർണതയുടെയും ഈയൊരംശം തരവ്യത്യാസമില്ലാതെ, എല്ലാ അസ്തിത്വത്തിലുമുണ്ടെന്നു മനസ്സിലാവുമ്പോൾ, എല്ലാവുമായി ഒരു സമഭാവന, തന്മയീഭാവം, നമ്മിൽ വന്നുചേരുന്നു. അതുതന്നെയാണ് അവബോധം, സംശുദ്ധമായ ജ്ഞാനമെന്ന പ്രകാശം. എല്ലാ വായനയും പഠനവും, ചിന്തയും ധ്യാനവും ഇതിലേയ്ക്ക് നയിക്കണം. അതാണ് തിരിച്ചുവരവ് അല്ലെങ്കിൽ പരാവൃത്തി എന്ന് ജ്ഞാനികൾ വിളിക്കുന്ന ആത്മജ്ഞാനത്തിന്റെ വെളിച്ചം. അസ്തിത്വത്തിന്റെ ഈ രഹസ്യത്തിലെത്താൻ, ജ്ഞാനപ്രകാശം ഉള്ളിൽ തെളിയുമ്പോൾ, അന്വേഷിക്ക് ചിലപ്പോൾ ഒറ്റ നിമിഷം മതിയാവും. ഒന്നോർത്തുനോക്കൂ, അയ്യായിരം വർഷംമുമ്പ് ഇത് ഭാരതത്തിലുള്ള ചിലർക്ക് സാധിച്ചു. എന്നാൽ, വിശ്ലേഷണങ്ങളിലൂടെ മുമ്പോട്ട് പോകുന്ന ശാസ്ത്രത്തിന് ഊർജത്തിന്റെ അങ്ങേയടിത്തട്ടിൽ ബോധമാണെന്ന സത്യം കണ്ടെത്താൻ ഇനിയും ഒരു നീണ്ട കാലം വേണ്ടിവന്നേക്കാം. കാരണം, അതിന് കാര്യകാരണങ്ങളിലൂടെ ക്രമബദ്ധമായേ സഞ്ചരിക്കാനാവൂ. എന്നാൽ, ഹൃദയത്തിന് ഈ സമയകടമ്പയില്ല. അത് സത്യത്തിലേയ്ക്ക് നേരിട്ട് എടുത്തുചാടുകയാണ് ചെയ്യുക. ഒരന്വേഷിയുടെ ജീവിതത്തിൽ ഇത് ഏത് നിമിഷവും സംഭവിക്കാം. മിക്കവർക്കും അതിനായി പല ജന്മങ്ങൾ കാത്തിരിക്കേണ്ടിയും വരാം. ആർക്കും പ്രവചിക്കാനാവാത്തത്ര അനിശ്ചിതമായ സമയമെന്നേ 'ജന്മങ്ങൾ'കൊണ്ട് അർത്ഥമാക്കുന്നുള്ളൂ.

അറിവ് പ്രകാശമാണ്. മായയുടെ പ്രതിഭാസങ്ങളിൽ കുടുങ്ങിപ്പോകുന്നതോടെ, ഈ ലോകം നമ്മുടെ തന്നെ സൃഷ്ടിയാണെന്ന സത്യം നമുക്ക് ഉൾക്കൊള്ളാനാവാതെ പോകുന്നു. വിഷമമേറിയ ഒരു വിഷയമാണിത്. എന്നാലും, അതുൾക്കൊണ്ടുകഴിഞ്ഞാൽ, ജീവിതം വളരെയധികം ശാന്തമാകും. എല്ലാം മായയാണെന്ന് പറഞ്ഞാലും, മിക്കവർക്കും അന്നന്നത്തെ ജീവിതത്തിൽ ഇടതടവില്ലാതെ മുമ്പിൽ

കാണുന്നതൊക്കെയും, സത്യത്തിൽ ഉള്ളതും നിലനിൽക്കുന്നതുമാണ്. അതുകൊണ്ടാണ് താല്പര്യം ജനിപ്പിക്കുന്നവയൊക്കെ സ്വന്തമാക്കാനുള്ള വ്യഗ്രതകൾ ഒരിക്കലും അടങ്ങാത്തത്. തത്ഫലമായി ഭൂതഭാവികളുടെ പിടിയിൽ അമർന്നുപോകുന്ന ഭൂരിഭാഗത്തിനും കാതലായ ഈ നിമിഷ ത്തിലെ ജീവിതം കൈവിട്ടു പോകുന്നു.

ഈ വിഷയത്തിൽ അല്പം കൂടി വ്യക്തതയുണ്ടാകാൻ, ഓഷോയുടെ പ്രഭാഷണങ്ങളിൽ കണ്ടെത്തിയ, താഴെപ്പറയുന്ന പരിചിന്തനത്തിനു സാധിക്കുമെന്ന് തോന്നുന്നു. ദ്രവ്യാത്മകമായ ഈ ലോകം നിലവി ലുണ്ടെന്ന ധാരണ നമ്മെ കീഴടക്കുന്നത്, "നാം" അവിടെയുണ്ടെന്നുള്ള സത്യം നമ്മൾ മറക്കുമ്പോഴാണ്. അല്ലെങ്കിൽ, "നാം" അവിടെ ഇല്ലാത്തതുപോലെ പെരുമാറുന്നതുകൊണ്ടാണ്. ഇതിൽ "നാം" (ഞാൻ) എന്ന് പറയുന്നത്, നേരത്തേ സൂചിപ്പിച്ചതുപോലെ, ആന്തരികത അല്ലെങ്കിൽ ആത്മസത്തയെപ്പറ്റിയാണ്. ആത്മസത്ത ശരീരവുമായി താദാത്മ്യം പ്രാപിക്കാനിടയായാൽ, ശരീരം മുൻകൈ നേടുന്നു. അപ്പോൾ ആത്മസത്ത ദ്രവ്യാത്മകമായവയുടെ നിഴലിൽ മറഞ്ഞുനിൽക്കേണ്ടി വരുന്നു. ശരീരം അതിന്റെ ഭാവങ്ങളെ സൃഷ്ടിക്കുമ്പോൾ, പരമാർത്ഥ മായത് നിഗൂഢമെന്നപോലെയും ഭ്രമാത്മകമായത് അസ്തിത്വമുള്ള വയെപ്പോലെയും കാണപ്പെടും. അതായത്, ഉള്ളത് ഇല്ലാത്തതുപോ ലെയും ഇല്ലാത്തത് ഉള്ളതുപോലെയും കാണപ്പെടുക; അതുതന്നെ യാണല്ലോ മായ.

ഒരുപക്ഷേ, പരമപ്രധാനമായ ഈ വിഷയത്തിൽ അല്പംകൂടി വെളിച്ചംവീശാൻ, സ്വപ്നമെന്ന നിത്യാനുഭവം സഹായിക്കും. ഉണർന്നു കഴിയുമ്പോൾ മാത്രമാണ് സ്വപ്നം സ്വപ്നമാണെന്ന് നാമറിയുക. കണ്ടു കൊണ്ടിരിക്കുമ്പോൾ സ്വപ്നം യാഥാർത്ഥ്യമായിട്ടാണ് നാമനുഭവിക്കുക. ആ സമയത്ത് ഉണർച്ചയിലെ കാര്യങ്ങൾ ആരുമോർക്കുന്നില്ല. നമ്മുടെ സ്വപ്നാനുഭവങ്ങൾ ഉണർച്ചയിലുള്ളവയെക്കാൾ തീവ്രമായതു കൊണ്ടാവാം ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ടുതന്നെയാവണം, ഉണർന്നിരിക്കുന്നുവെന്നു നാം കരുതുന്ന സമയത്തും സ്വപ്നാ നുഭവത്തിന് ഓർമയിൽ നിലനില്ക്കാനാകുന്നത്. ഒന്നുകൂടി വിശദീ കരിച്ചാൽ, സ്വയംബോധം വരുമ്പോൾ, അതായത്, ഞാനിവിടെയുണ്ട് എന്നുള്ള ബോധം വരുമ്പോൾ, സ്വപ്നം മാഞ്ഞുപോകുന്നു. അതി നർത്ഥം, സ്വപ്നത്തിലെ സംഗതികൾക്ക് സത്യത്തിന്റെ പ്രതീതി വരുന്നത്, 'ഞാൻ' അപ്പോൾ അവിടെയില്ലാത്തതുകൊണ്ടാണ് എന്നാണ്. ഈ തത്ത്വത്തെ ഇനി ഉണർജീവിതത്തിലേയ്ക്ക് കൊണ്ടുവരൂ. സാധാരണ ജീവിതവൃത്തികളിൽ 'ഞാൻ' അവിടെയില്ല. ഉള്ളത്, ഒരുതരം

അർദ്ധബോധവും അതിന്റെ വെറും തഴക്കങ്ങളുമാണ്. എപ്പോൾ ഞാൻ വീണ്ടും പൂർണബോധത്തിൽ തിരിച്ചെത്തുന്നുവോ, അപ്പോൾ മാത്രമാണ്, ഐന്ദ്രികാനുഭവങ്ങൾ വെറും ഭ്രമങ്ങളാണെന്ന തിരിച്ചറിവുണ്ടാകുന്നത്. അതായത്, അവബോധമുണർത്തുന്ന പ്രകാശം അന്തരാത്മാവിൽ വീഴുന്ന ആ ക്ഷണത്തിൽ, ഐന്ദ്രികമായവ നിഴലുകളെന്നോണം അപ്രത്യക്ഷമാകും.

ഈ കണ്ടെത്തലിന് ജീവിതത്തിലെവിടെയും സാധുതയുണ്ട്, വളരെ വ്യക്തമായി, മനുഷ്യബന്ധങ്ങളിൽ. കാരണം, മനസ്സിന്റെ പ്രവർത്തനവും സമാനമാണ്. പാരസ്പര്യങ്ങളും വൈപരീത്യങ്ങളും ഇടകലർന്നു കിടക്കുന്നു. അപ്രതീക്ഷിതങ്ങളായ സ്വന്തം പ്രതികരണങ്ങൾപോലും ചിലപ്പോൾ നമ്മെ പരിഭ്രമിപ്പിക്കാറും അന്ധാളിപ്പിക്കാറുമില്ലേ? എണ്ണിയാലൊടുങ്ങാത്ത ക്ഷിപ്രപ്രതികരണങ്ങൾ ഒന്നോടൊന്നു ചേർന്നാണ് ഓരോ നിമിഷത്തിലും നമ്മുടെ പ്രവൃത്തികൾ രൂപംകൊള്ളുന്നത്. പ്രകാശതരംഗങ്ങൾപോലെ, വൈകാരിക തരംഗങ്ങളും ജന്മംകൊള്ളുന്നതും ചലിക്കുന്നതും ബോധപ്രക്രിയക്ക് അതീതമായിട്ടാവാം. അതുകൊണ്ട് self knowledge 90%വും മിഥ്യാബോധമാണെന്നതാണ് വാസ്തവം. തരംഗവ്യതിയാനങ്ങളുടെ സമുദ്രത്തിലാണ് ഓരോ ചിന്തയും അതിനോട് ചേർന്ന ചേഷ്ടകളും സംഭവിക്കുന്നത്. ഓരോ സന്ദർഭത്തിനുമിണങ്ങുന്നത്, പരിചയംകൊണ്ട് നാം ഏതാണ്ടൊന്നു കണക്കാക്കിയെടുക്കുന്നു എന്നുമാത്രം. അങ്ങോട്ടുമിങ്ങോട്ടും വഴുതിപ്പോകുക ആർക്കും എപ്പോൾ വേണമെങ്കിലും സംഭവിക്കാം.

അബോധത്തിന്റെ അസ്വാരസ്യങ്ങളെന്നപോലെ, അവബോധത്തിന്റെ താൽക്കാലികമായിട്ടെങ്കിലുമുള്ള മിന്നലാട്ടങ്ങളും എല്ലാവർക്കുമുണ്ട്. എന്നാലവ അവിടെയും ഇവിടെയുമായി വന്നുപതിച്ചിട്ട്, ചിതറിപ്പോകുകയാണ്. നമുക്ക് ചുറ്റും നാമനുഭവിക്കുന്ന നന്മയും, കരുണയും, സ്നേഹവും; നാം കണ്ടെത്തുന്ന നിർവൃതിയുടെ നിമിഷങ്ങളും സൗന്ദര്യത്തിന്റെ വശ്യതകളുമെല്ലാം അല്പാല്പമായ അവബോധത്തിന്റെ കിരണങ്ങളാണ്. അഹത്തിന്റെ നിഴലിൽ ഇവയെല്ലാം അടുത്ത നിമിഷം മങ്ങിപ്പോകാറാണ് പതിവ്. എപ്പോഴും, ആരെയും എന്തിനെയും 'ഞാൻ', 'എന്റെ', 'എനിക്ക്', 'എന്നോട്' എന്നിത്യാദി അളവുകോലുകൾകൊണ്ട് തട്ടിച്ചുനോക്കുന്ന വെപ്രാളത്തിൽ, ബോധപ്രക്രിയയെ അഹത്തിന്റെ അതാര്യത തടഞ്ഞുനിർത്തുന്നു എന്ന് ചുരുക്കം. അതുകൊണ്ട് മേല്പ്പറഞ്ഞ മിന്നലാട്ടങ്ങൾ നമ്മെ കാര്യമായി സ്പർശിക്കുംമുമ്പ് മങ്ങിമറയുകയാണ്.

അതെന്തുകൊണ്ടെന്നറിയാൻ പ്രകാശത്തെപ്പറ്റിയുള്ള ചില നിരീ

ക്ഷണങ്ങൾ സഹായകരമാകും. വീശിയെറിഞ്ഞ ചൈനാവല പോലെ എല്ലാറ്റിലും ചെന്നുവീഴുന്ന എന്തോ ആയിട്ടാണല്ലോ പ്രകാശം പരക്കുന്നത്. പക്ഷേ, ശരിക്കും അതിസൂക്ഷ്മമായ കണാംശങ്ങൾ (photons) ഒന്നോടൊന്നുചേർന്ന് തരംഗരൂപത്തിലാണ് പ്രകാശം, സെക്കന്റിൽ മൂന്നു ലക്ഷം കി.മീ. എന്ന വേഗത്തിൽ, സഞ്ചരിക്കുന്നത്. ഭൗതികപ്രപഞ്ചത്തിലെ ഏറ്റവും കൂടിയ ഈ വേഗത്തിൽ പ്രസരിക്കുന്നതിനാൽ, ഒരൊഴുക്കായിട്ടാണ് നാം പ്രകാശത്തെ അനുഭവിക്കുന്നതെങ്കിലും, ഓരോ ഫോട്ടോണിനും അതിന്റേതായ കനവും വേഗവുമുണ്ട്. $E = mc^2$ എന്ന സമവാക്യമനുസരിച്ച്, സെക്കന്റിൽ 6.626/1033 joule ആണ് ഒരു ഫോട്ടോണിന്റെ ഊർജ്ജം എന്ന് കണക്കാക്കിയിരിക്കുന്നു (*നിത്യജീവിതത്തിലെ ശാസ്ത്രം,* സി. രാധാകൃഷ്ണൻ). തരംഗവ്യതിയാനം അതിന്റെ ഊർജ്ജത്തിലും തദ്വാരാ അളവിലും മാറ്റം വരുത്തും. ഭാരമുള്ളതിനാൽ ഫോട്ടോൺ തട്ടുന്നിടത്ത്, ആഘാതവുമുണ്ടാകും. പക്ഷേ, ഏത് ചെറുപ്രാണിക്കും താങ്ങാവുന്നത്രയേ അതുള്ളൂ എന്നതിനാൽ നാമതറിയുന്നില്ല. വെയിൽ കായുമ്പോൾ ദേഹത്തെല്ലായിടത്തുമായി പതിയുന്ന സൂര്യപ്രകാശം ഒറ്റയടിക്ക് ഒരുമിച്ച് ഒരു ബിന്ദുവിൽ അനുഭവപ്പെട്ടാൽ, ഒരു വെടിയുണ്ടയേക്കാൾ മാരകമായിരിക്കുമത്. ലേയ്സർ രശ്മി ഇങ്ങനെ സാന്ദ്രീകരിച്ച പ്രകാശമാണല്ലോ. പ്രകാശത്തിന്റെ കാര്യത്തിലെന്നപോലെ, അവബോധത്തിന്റെ രശ്മികൾ സുതാര്യമായും സുസ്ഥിരമായും ഉള്ളിൽ പതിയാനനുവദിച്ചാൽ ഉണ്ടാകുന്ന ആഘാതം, ആനന്ദത്തിന്റെയനുഭവം, നമുക്കുള്ളിൽ തമസ്സായി, അന്ധകാരമയമായി അടിഞ്ഞുകൂടിയിട്ടുള്ളതൊക്കെയെയും തകർത്തുകളയാൻ പോരുന്നത്രയായിരിക്കും.

❑

# 16

# $E = mc^2$ ജീവിതത്തിൽ

1969ൽ കേരളത്തിൽ അത്ര പ്രചാരമില്ലായിരുന്ന ഒരു മാസികയിൽ *ചിന്തയും ജീവിതവും* എന്നൊരു കോളം *സഞ്ജീവ* എന്ന തൂലികാനാമത്തിൽ ഞാനെഴുതിത്തുടങ്ങിയെങ്കിലും ഏതാനും പ്രതികൾക്കു ശേഷം അത് മുടങ്ങിപ്പോയെന്നാണ് ഓർമ്മ. അന്നത്തെ എന്നെപ്പോലെ, യുവത്വത്തിലേയ്ക്ക് കാൽവയ്ക്കുകയും, അല്പമൊക്കെ ചിന്തിക്കാൻ കഴിയുമെന്ന് തോന്നിത്തുടങ്ങുകയും ചെയ്യുമ്പോൾ, കാതലായ പലതും കണ്ടെത്തിയെന്നു ധരിച്ചുവശാകുന്നവർ വിരളമല്ല. അവരെപ്പറ്റിയാകാം, ജീവിതത്തിന്റെ അർത്ഥം തിരയുന്നതോടെ ഒരാൾ മനോരോഗിയായിത്തീരുന്നു എന്ന് കീർകെഗോർ പറഞ്ഞിട്ടുള്ളത്. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, അദ്ദേഹത്തിന്റെ വാക്കുകളെ ഇങ്ങനെ പൂർത്തീകരിക്കാൻ തോന്നുന്നു: ജീവിതത്തിന് അതിന്റേതായ ഒരർത്ഥവുമില്ലെന്നു കണ്ടെത്തുന്നതോടെ, ഈ മനോരോഗം മാറുന്നു.

ആകാശഗോളങ്ങളുമായി എനിക്കും നിങ്ങൾക്കും അഭേദ്യമായ ബന്ധമുണ്ട്. കാരണം, സകലതിന്റെയും തുടക്കം ഒരൊറ്റ ബിന്ദുവിൽ നിന്നാണ്. സമയം, ദൂരം, വേഗം എന്നൊക്കെയുള്ള പ്രതിഭാസങ്ങൾ തുടങ്ങിയത് 900 കോടി വർഷങ്ങൾക്കു മുമ്പാണെന്നാണ് ശാസ്ത്രമതം. കടലിന്റെയും മലയിടുക്കുകളുടെയും വിദൂരതയിലേയ്ക്കു നോക്കിയിരിക്കുമ്പോൾ, എങ്ങനെയോ, നമ്മുടെയാദിയിലേയ്ക്ക് സഞ്ചരിക്കുന്ന ഒരനുഭൂതി കിട്ടും. ജീവിതത്തിൽ ഒരു വിശാലവീക്ഷണം തരപ്പെടുത്താൻ ഈ ശീലം സഹായിക്കുമെന്ന് പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സത്യത്തിന്റെ വ്യാഖ്യാനമാകാം, മണ്ണുതിന്ന ശ്രീകൃഷ്ണന്റെ വായ് തുറന്നു നോക്കിയ

പ്പോൾ, യശോദ ഈരേഴുപതിന്നാല് ലോകങ്ങളും കണ്ടുവെന്ന് പറയുന്നത്. അവനവന്റെ ഉള്ളിലേയ്ക്ക് നോക്കാൻ പഠിക്കുന്നവൻ കാണുന്നത് തന്നെത്തന്നെയും അസ്തിത്വത്തെ മുഴുവനുമാണ് എന്ന നമ്മുടെ ജ്ഞാനികളുടെ കണ്ടെത്തലും ഈ അറുതിയില്ലാത്ത പൊരുളാണ് ഉൾക്കൊള്ളുന്നത്.

900 കോടി വർഷങ്ങൾക്കു മുമ്പ് വിവരണാതീതമായ സാന്ദ്രതയുള്ള ഒരു ബിന്ദുവിലായിരുന്നു, സർവ്വ ഭൗതികാസ്തിത്വവും. അതിൽ നിന്നാണ് ഇന്ന് നമുക്കറിയാവുന്ന പ്രപഞ്ചത്തിന്റെ വിസ്ഫോടനം തുടങ്ങിയതെന്നാണ് കണക്കുകൂട്ടൽ. ഈ വികാസം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നുവെന്നും വാനശാസ്ത്രം സ്ഥിരീകരിക്കുന്നുണ്ട്. എന്നാൽ, നമ്മുടെ നിരീക്ഷണ മണ്ഡലത്തിനുള്ളിൽ തുടക്കംപോലെ തന്നെ ഒടുക്കവും അസ്തിത്വത്തിന്റെ ഭാഗമാണ്. എല്ലാം ആദ്യബിന്ദുവിലേയ്ക്ക് തിരിച്ചുള്ള യാത്രയിലാണ് എന്നും പറയാം. ഇതിനെ ജീർണ്ണതയായി അനുഭവപ്പെടുന്നത് സ്ഥൂലപ്രപഞ്ചത്തിന്റെ സമയപരിധിക്കുള്ളിൽ നിൽക്കുന്നവയുടെ മാത്രം നിയമമാണ്. നമുക്ക് സഹജമായ ഹ്രസ്വദൃഷ്ടിയുടെ ഫലമാണത്. പ്രപഞ്ചത്തിലുള്ളതെന്തും, പുറപ്പെടുന്നിടത്തു തിരിച്ചെത്തുമെന്നതാണ് അസ്തിത്വത്തിന്റെ നിശ്ചിത നിയമമെങ്കിലും, അത് മനസ്സിലാക്കേണ്ടത്, ജീർണ്ണതയായിട്ടല്ല, മറിച്ച്, പരിണാമമായിട്ടാണ്; ഊർജ്ജം ദ്രവ്യമായും, ദ്രവ്യം ഊർജ്ജമായും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകസംഹാരിയായ കാലം ഞാൻ തന്നെയാണെന്ന് കൃഷ്ണൻ പറയുന്നത് ഈ ആശയത്തെ സ്ഥിരീകരിക്കുന്നതായി കാണാം. സമയത്തിന് 'a short history' മാത്രമേയുള്ളൂ. അതിനപ്പുറത്ത് timelessness ആണ്. കാണുന്നതും അനുഭവിക്കുന്നതുമെല്ലാം സമയത്തിനുള്ളിൽ ഒതുക്കുക എന്നതു നമ്മുടെ സമയമണ്ഡലീയത്തിന്റെ പരിമിതികളിലൊന്നാണ്.

ഒരു പ്രകാശരശ്മിയെ തൊടുത്തുവിട്ടാൽ, അതെവിടെയവസാനിക്കും എന്ന് ചോദിക്കാം. അനന്ത വിഹായസിൽ, അനന്ത കാലത്തേയ്ക്ക് അതിനു സഞ്ചരിക്കാമോ? ഇല്ല, കാരണം, പ്രകാശത്തെ നിർവിഘ്നം ഋജ്ജുരേഖയിൽ പോകാൻ അനുവദിക്കാത്തത്ര ഗുരുത്വാകർഷണ ശക്തിയുള്ള തമോഗർത്തങ്ങൾ - dark matter - ഉൾക്കൊള്ളുന്നതാണ് ബഹിരാകാശം. General Relativity Theory അനുസരിച്ച്, ഭീമാകാരമുള്ള ആകാശഗോളങ്ങളുടെ ഗുരുത്വാകർഷണംമൂലം പ്രകാശം വളയ്ക്കപ്പെടും. ഇങ്ങനെ വളഞ്ഞു വളഞ്ഞ്, അത് തിരിച്ചിടത്തുതന്നെ എത്തും.

മനുഷ്യനുൾപ്പെടെ ദ്രവ്യമാനമുള്ള എന്തിനും ഇതുതന്നെ സംഭവിക്കുന്നു എന്ന് പറയാം. ജനനത്തോടെ നമ്മിൽ അങ്കുരിക്കുന്ന

അൽപബോധം, ചുറ്റുപാടുകളിൽ നിന്ന് നമ്മെ വ്യത്യസ്തരാക്കുന്നു. ഈ ബോധമാണ് മനുഷ്യനെ സ്ഥൂലതയിലൂടെ കൊണ്ടുപോയി സൂക്ഷ്മതയിലേയ്ക്ക് നയിക്കുന്നത്. സാമാന്യബുദ്ധിക്കാരായ നമ്മെ സംബന്ധിച്ചിടത്തോളം, സ്ഥൂലതയെ നിയന്ത്രിക്കുന്നത് ത്രിമാനങ്ങളാണ്. നമ്മുടെ ഭൗതികമായ എല്ലാ അറിവിന്റെയും നിലവാരം നിർണ്ണയിക്കുന്നത് ഇവയാണ് (Newton). ചുരുക്കം ചിലർ, മേധയുടെ ശക്തിപ്രഭാവത്തിലൂടെ, ത്രിമാനങ്ങൾക്കപ്പുറത്തു കടന്ന്, ത്രിമാനങ്ങളോട് കാലത്തെയും കൂടി ചേർത്തു ചിന്തിച്ച്, (Einstein) മനുഷ്യന്റെ അടിസ്ഥാനപരമായ അങ്കലാപ്പിനെപ്പറ്റി മനസ്സിലാക്കുന്നു. എന്നാൽ, ഈ കാലബോധത്തെ മറികടന്ന്, ദ്രവ്യമയമായ വസ്തുബോധത്തിൽ നിന്ന് ഉയരാനാകുന്നവർ, മനസ്സിന്റെ പരിമിതികളെ തോൽപ്പിച്ച്, (മുക്തി നേടി) ജ്ഞാനികളാകുന്നു. ഐൻഷ്റ്റൈൻ കണ്ടെത്തിയ ആപേക്ഷികതാസിദ്ധാന്തങ്ങളിലൂടെ തെളിഞ്ഞു വന്നപ്പോഴാണ്, അതുവരെയുള്ള മനുഷ്യരുടെ കാഴ്ചപ്പാടുകൾക്ക് ആകാശത്തിന്റെ പരിസീമകളിൽ യാതൊരു പ്രസക്തിയും ഇല്ലെന്നു വ്യക്തമായത്. അതായത്, ദെകാർത്തിന്റെയും ന്യൂട്ടന്റെയും കണ്ടെത്തലുകൾ പ്രപഞ്ചവിജ്ഞാനീയത്തിന്റെ ആദ്യപടികൾ മാത്രമായിരുന്നുവെന്നും, സൂക്ഷ്മപ്രപഞ്ചത്തെ ഭരിക്കുന്ന നിയമങ്ങൾ അനിശ്ചിതത്വത്തിന്റേതാണെന്നും ഉരുത്തിരിഞ്ഞു വന്നത്. പക്ഷേ, അത് അനിശ്ചിതമാണെന്നു തോന്നുന്നത്, സ്ഥൂലത്തിൽ നിന്ന് കാലും മനസ്സും പറിക്കാനാകാത്തവർക്കാണ്. നമ്മുടെയൊക്കെ സ്ഥിതി അതാണല്ലോ.

പൊതു ആപേക്ഷികതാസിദ്ധാന്തമെന്നു പറഞ്ഞാൽ എന്താണ്? അത് ചെയ്യുന്നത്, ഏത് സംഭവത്തെയും അതിന്റെ തനതായ സ്ഥലകാലബന്ധത്തിൽ തളച്ചിടുകയാണ്. അതായത്, ഒരു സംഭവം അതിൽ പങ്കുപറ്റുന്നവയുടെ സ്ഥലകാലാനുഭവത്തെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്. പുറത്ത് നിന്നുകൊണ്ട് അതിനെ നിരീക്ഷിക്കുന്നയാൾക്ക് അതിന്റെ കൃത്യമായ സ്ഥലവും കാലവും നിർണ്ണയിക്കാനാവില്ല. ഉദാ: ഒരു സിനിമയുടെ റീൽ തക്കതായ വേഗത്തിലും അതിന്റെ ഇരട്ടി വേഗത്തിലും ഓടിച്ചാൽ സ്ക്രീനിൽ കാണുന്ന വ്യത്യാസം നമുക്കറിയാം. രണ്ടാമത്തേത് നമുക്ക് ഒരർത്ഥവും നൽകുന്നില്ല. സ്ഥൂല, സൂക്ഷ്മ പ്രപഞ്ചങ്ങളിൽ ഇതേപോലെ വ്യത്യസ്തമായാണ് സ്ഥലകാലങ്ങൾ പെരുമാറുന്നത് എന്ന് വേണമെങ്കിൽ പറയാം. അതുപോലെ, ഭൂമിയിലെ സ്ഥലകാലമല്ല ഭൂമിക്കു വെളിയിൽ. പ്രകാശവേഗത്തെ വെല്ലുന്നതൊന്നും നമ്മുടെയറിവിന്റെ പരിധിയിൽ ഇല്ലെന്നാണ് ഐൻഷ്റ്റൈന്റെ വാദം. ആ വേഗത്തെ മറികടന്നാൽ, നിശ്ചലതയാണ് അതായത്, വേഗമെന്നത് അപ്രസക്തമാകുന്ന അവസ്ഥ. അതോടേ, തുടക്കം, ഒടുക്കം എന്നിവ അർത്ഥമി

ല്ലാത്ത സങ്കല്പങ്ങളായിത്തീരുന്നു. ഈ വിഷയം സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ എഴുതിയിട്ടുള്ള ഒരാൾ ആർ. ഗോപിമണി യാണ്. (പ്രപഞ്ചവും മനുഷ്യനും, ആകാശത്തിനുമപ്പുറം എന്നും മറ്റുമുള്ള അമ്പതോളം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായി ഉണ്ട്.) വസ്തുവെന്നത് ആത്യന്തിക വിശകലനത്തിൽ അതിസൂക്ഷ്മമായ ഊർജ്ജമാണ്. ഇതെന്തെന്നുള്ള തിരച്ചിലാണ് ശാസ്ത്രത്തെ ക്വാണ്ടം ബലതന്ത്രത്തിലെ ത്തിച്ചത്. അതിന്റെ അങ്ങേയറ്റമാണ് തന്ത്രിസിദ്ധാന്തം. String Theory-യെപ്പറ്റി താഴെയും അനന്തതയുടെ ചുരുളുകൾ എന്ന ലേഖനത്തിലും കൂടുതൽ പറയേണ്ടിവരും.

ന്യൂട്ടന്റെ 'സ്ഥിരപ്രപഞ്ചം' അത്രയൊന്നും സ്ഥിരമല്ലെന്ന് തെളിയിച്ചത്, വികിരണങ്ങളുടെ കണികാസിദ്ധാന്തം അവതരിപ്പിച്ച മാക്സ് പ്ലാങ്കാണ്. വസ്തുവിന്റെ സൂക്ഷ്മതലത്തിലുള്ള ഊർജ്ജരൂപം എപ്പോഴും ക്വാണ്ട ങ്ങളായിട്ടാണ് വികിരണം ചെയ്യപ്പെടുന്നത് എന്നദ്ദേഹം തെളിയിച്ചു. Quantum ലത്തീൻ വാക്കാണ്. ഉള്ളത്, അളവ്, പൊതി എന്നൊക്കെയാണ് വിവക്ഷ.

“Quantum is the indivisible unit in which waves may be emitted or absorbed.” (Stephen Hawking). In layman’s terms, the quantum is a building block, the smallest element from which energy exudes, be it light, electricity, gravity or other forms of it.

Quantum mechanics explains the behaviour of matter and its interactions with energy on the scale of atoms and subatomic particles. വസ്തുവിന്റെ സൂക്ഷ്മരൂപം, അണുവിന്റെ തലത്തിലും അതിനപ്പുറത്തും, ഉള്ളിലെന്തെന്ന് വെളിപ്പെടുത്താത്ത 'പൊതി'കളാണ്. ഊർജ്ജത്തിന്റെ സൂക്ഷ്മഭാവം ഈ പൊതികളാണ് എന്നറിയാമെങ്കിലും, അതിന്റെ രൂപ മെന്തെന്ന് ഇനിയും അത്ര വ്യക്തമായിട്ടില്ല. ഇവിടെ വ്യക്തതക്കു ശ്രമിച്ച വരിൽ പ്രധാനി വെർണർ ഹൈസെൻബെർഗ് ആണ്. ഊർജത്തിന്റെ ഒരു രൂപമാണ് പ്രകാശം. ഈ പ്രതിഭാസത്തിനു കാരണം ഫോട്ടോൺ ആണെന്നുമറിയാം. സൂര്യൻ എന്ന നക്ഷത്രത്തിലെ ഹൈഡ്രജൻ കത്തി ഹീലിയമായി മാറുമ്പോളാണ് ഫോട്ടോൺ വികിരണം ചെയ്യപ്പെടുന്നത്. ഫോട്ടോൺ ഒരേ സമയം കണമായും തരംഗമായും ചരിക്കുന്നുവെന്ന കണ്ടെത്തലിൽനിന്നാണ് ഹൈസെൻബെർഗിന്റെ Uncertainty Principle (അനിശ്ചിതത്വ തത്ത്വം) ഉടലെടുത്തത്. ഇലക്ട്രോൺ പോലുള്ള സബ് അറ്റോമിക് കണങ്ങൾ പെരുമാറുന്നതും ഇങ്ങനെയാണ്. കണം ക്വാണ്ടംലോകത്തിന്റെ വസ്തുസ്വഭാവമാണെങ്കിൽ, തരംഗം അതിന്റെ ചലനസ്വഭാവമാണ്. എന്നാൽ എല്ലാ ഭാവനയെയും ശിഥിലമാക്കുന്നത്,

ഈ തരംഗങ്ങൾ ശുദ്ധ ശൂന്യതയിലാണ് ചലിക്കുന്നത് എന്ന വസ്തുത യാണ്. അപ്പോൾ, ഈ പ്രപഞ്ചം ഒരേസമയം ഉള്ളതും ഇല്ലാത്തതുമാണ്. കാരണം, quanta -- quantum എന്ന വാക്കിന്റെ ബഹുവചനം -- ഭൗതികമായ യാതൊരു വസ്തുസ്വഭാവവും ഉള്ളവയല്ല. അവ വസ്തു ക്കൾക്ക് ദ്രവ്യത്തിന്റെ തോന്നലുളവാക്കുന്ന വെറും സ്ഥലകാല പ്രതിഭാസങ്ങൾ മാത്രമാണ്. ഭൗതികശാസ്ത്രത്തിന്റെ കണ്ടെത്തലാണ്, എല്ലാവും തന്മാത്രകളാൽ (molecules) നിർമ്മിതമാണെന്നത്. തന്മാത്ര കൾ അണുക്കളെ (atoms) ഉൾക്കൊള്ളുന്നു. വലുപ്പമോ തൂക്കമോ ഇല്ലെന്നുതന്നെ പറയാവുന്ന അണുക്കൾക്കുള്ളിൽ ചീറിപ്പായുന്നതോ ക്വാണ്ട. അതുകൊണ്ടാണ് നേരത്തേ സൂചിപ്പിച്ചത്, വസ്തുക്കളെന്നത് ആത്യന്തികമായി സ്ഥലകാലപ്രതിഭാസങ്ങളുടെ പ്രതിഫലനം മാത്ര മാകുന്നു എന്ന്.

തങ്ങളുടെ സാമാന്യബുദ്ധിക്കു ദഹിക്കാത്തവയാണെന്ന കാരണ ത്താൽ ഈ വിവരങ്ങൾ അസ്വീകാര്യമാണെന്ന് പറയുന്നവരാകാം ബഹുഭൂരിപക്ഷവും. എന്നാൽ, ഇത്തരം ശാസ്ത്രീയ വിഷയങ്ങളിൽ താല്പര്യമുള്ളവർക്ക് അല്പം കൂടി വിശദീകരണം ലഭിക്കാൻ ആഗ്രഹം കാണും. അവർക്കായി സ്ട്രിംഗ് തീയറിയുടെ അന്തരാളങ്ങൾ ചുരുക്കി പ്പറയട്ടെ. പ്രപഞ്ചത്തിലെ അടിസ്ഥാനബലങ്ങൾ (ഊർജ്ജങ്ങൾ) ഇവയാണ്: ഗുരുത്വാകർഷണബലം (gravitational force), വിദ്യുദ്കാന്തിക ബലം (electro-magnetic force), പ്രോട്ടോണും ന്യൂട്രോണും തമ്മിൽ ബന്ധിതമാക്കുന്ന ആണവബലം (the strong atomic force), ഉറപ്പേറിയ ചില മൂലകങ്ങളിലെ പ്രോട്ടോണുകൾ വിഘടിച്ചുണ്ടാകുന്ന ശക്തി കുറഞ്ഞ ആണവബലം (the weak atomic force). ഇവയിൽ അവസാ നത്തെ മൂന്നും ചേർന്ന് atomic force എന്നറിയപ്പെടുന്നു. ഇതിന് തുല്യവും, എന്നാൽ നേർവിപരീതവുമാണ് ഗുരുത്വാകർഷണബലം. ഗുരുത്വാ കർഷണബലം negative ആണെങ്കിൽ, ആറ്റത്തിന്റെ ശക്തി positive ആണ്. അകലുംതോറും കുറയുന്നു എന്നയർത്ഥത്തിലാണ് negative എന്ന് പറയുന്നത്. അങ്ങനെയായതിനാൽ, ഇവ രണ്ടും പരസ്പരം നിരാകരിക്കുന്നതിനാൽ, പ്രപഞ്ചത്തിലെ മൊത്തമൂർജ്ജം പൂജ്യമാണ്. സ്ട്രിംഗ് തീയറിയനുസരിച്ച്, സ്ഥല-കാല-വസ്തുപ്രതിഭാസമെന്ന നിലക്ക് ഈ പ്രപഞ്ചം ശൂന്യമാണ്.

String theory യുമായി ബന്ധിപ്പിച്ച്, അല്പം കൂടി വെളിച്ചം വീശാൻ രണ്ടുപമകൾകൂടി കൊണ്ടുവരട്ടെ. അതിൽ ആദ്യത്തേത്, പ്രപഞ്ചത്തെ ഒരു വയലിനോടുപമിക്കുകയാണ്. നാല് തന്ത്രികളാണ് വയലിനുള്ളത്. ഇവയിലോരോന്നും നമ്മൾ കണ്ട നാല് ബലങ്ങളാണെന്നു സങ്കൽപ്പി

ക്കുക. അവയിൽ സർഗപ്രഭാവനായ ഒരു സംഗീതജ്ഞൻ വിരലോടിക്കുമ്പോൾ, ഒരു സിംഫണിയിലെന്നപോലെ തരംഗങ്ങൾ ഉണ്ടാവുകയും അതിൽനിന്ന് വസ്തുപ്രപഞ്ചം ഉദ്ഭൂതമാകുകയും ചെയ്യുന്നു. ശൂന്യത തന്നെയായ quanta എന്തെന്ന് മനസ്സിലാക്കാൻ, അതിനെ നമുക്ക് ഈ പറഞ്ഞ നാദപ്രപഞ്ചത്തിന്റെ സ്വരരാഗമായി കണക്കാക്കാം. രാഗമില്ലാതെ സംഗീതമില്ല, പക്ഷേ, സംഗീതത്തിൽ രാഗം അതിന്റെ സ്വഭാവഗുണം അറിയിക്കുന്നതല്ലാതെ, അതെന്തെന്നു വെളിപ്പെടുത്തുന്ന മറ്റൊന്നും അതിലില്ല. അതുപോലെയാണ് quantum mechanics എന്ന നിയമസംഹിതയും അവയുടെ അനുസാരവും.

$E = mc^2$ എന്നത് ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും പ്രഖ്യാതമായ ശാസ്ത്രസമവാക്യമാണ്. ശാസ്ത്രപുരോഗതിക്കു മാത്രമല്ല, ഒരു ഭൂഖണ്ഡത്തിലെ ലക്ഷക്കണക്കിനുള്ള ജീവജാലങ്ങളെ നിമിഷനേരം കൊണ്ട് ചുട്ടുകരിച്ചുകളയാൻ പോരുന്ന ന്യൂക്ലിയർ ബോംബുകൾക്കു വഴിതെളിച്ചതും ഈ സമവാക്യമാണ്. എന്താണ് ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന നിഗൂഢജ്ഞാനം എന്ന് അറിയുന്നവർ ശാസ്ത്രജ്ഞരല്ലാത്തവരിൽ വിരളമാണ്. മലയാളത്തിൽ അത് വിശദീകരിക്കാൻ ഒരുമ്പെടുക എത്ര വിജയിക്കുമെന്ന് പറയാനാവില്ലെങ്കിലും, ഒന്നു ശ്രമിക്കുന്നത് ഈ വിഷയങ്ങളിൽ കൂടുതൽ വിവരമുള്ളവർ ക്ഷമിക്കുമെന്ന് കരുതാം. $E = mc^2$ന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കിയാൽ, നാമറിയുന്ന പ്രപഞ്ചത്തിന്റെയെങ്കിലും സൃഷ്ടിയുടെ അഗാധതയിലേയ്ക്കുള്ള ഒരെളിയ എത്തിനോട്ടമായിരിക്കും ഫലം എന്നത് തീർത്തുപറയാവുന്ന കാര്യമാണ്. ഐൻഷ്റ്റൈൻ ആണ് ഇതിന്റെ ഉപജ്ഞാതാവെങ്കിലും, ഈ സമവാക്യത്തിലുൾക്കൊണ്ടിരിക്കുന്ന രഹസ്യത്തിന്റെ കണ്ടെത്തലിനു വളരെപ്പേരുടെ സംഭാവനയുണ്ട്. എന്താണ് ഈ അക്ഷരങ്ങളും അക്കവും ദ്യോതിപ്പിക്കുന്നത് എന്ന് ആദ്യം നോക്കാം.

ഏവരും എല്ലായിടത്തും ഉപയോഗിക്കുന്ന വാക്കാണ് ഊർജ്ജം. പക്ഷേ, എന്താണത്? ജോലി ചെയ്യാനുള്ള കഴിവ് എന്ന് പറയാം. എല്ലാ ചലനത്തിലും ഊർജ്ജോപയോഗമുണ്ട്. എല്ലാ ചലനവും ഊർജ്ജത്തെ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. 2 kg തൂക്കമുള്ള ഒരു പന്ത് 50 km വേഗത്തിൽ എറിഞ്ഞാൽ, mass x velocity = 100 യൂണിറ്റ് ഊർജ്ജം സൃഷ്ടിക്കപ്പെടും എന്ന് ഐസക് ന്യൂട്ടൻ പറയുമ്പോൾ, ലൈബ്നിറ്റ്സ് അത് $m \times v^2 = 5000$ യൂണിറ്റ് ആണെന്ന് വാദിക്കും. ആരാണ് ശരിയെന്നു എങ്ങനെ കണ്ടെത്താം? ഇവിടെയാണ് Emilie du Châtelet എന്ന ഫ്രഞ്ച് ഫിസിസിസ്റ്റിന്റെ സേവനം ഐൻഷ്റ്റൈൻ ഉപയോഗപ്പെടുത്തിയത്. അവരാകട്ടെ സഹപ്രവർത്തകനായിരുന്ന Willem 's Gravesande ന്റെ

പരീക്ഷണങ്ങളെയാണ് ആശ്രയിച്ചത്. പരീക്ഷണം ഇങ്ങനെ: ആഴമുള്ള, അയഞ്ഞ കളിമണ്ണിലേയ്ക്കു ഒരമ്പെയ്യുക. അതെത്രമാത്രം താഴ്ന്നു പോയി എന്ന് തിട്ടപ്പെടുത്തുക. ഇരട്ടി സ്പീഡിൽ വീണ്ടും എയ്യുക. $E = mv$ ആണ് ശരിയെങ്കിൽ, രണ്ടാം തവണത്തെ ദൂരം ആദ്യത്തേതിന്റെ ഇരട്ടിയായിരിക്കണം. മൂന്നിരട്ടി വേഗത്തിൽ തറയ്ക്കുന്ന അമ്പ് മൂന്നിരട്ടി താഴേയ്ക്കിറങ്ങണം. എന്നാൽ, അതല്ല സംഭവിച്ചത്. ഇരട്ടി വേഗത്തിൽ അയക്കപ്പെട്ട അമ്പ് നാലിരട്ടിയും, മൂന്നിരട്ടി വേഗത്തിൽ വിട്ടയമ്പ് ഒമ്പതിര ട്ടിയും കളിമണ്ണിലേയ്ക്കിറങ്ങി! അങ്ങനെയെങ്കിൽ, $E = mv^2$ ആണ് ശരിയായ സമവാക്യം. പ്രകൃതിയിലെ അടിസ്ഥാനപരമായ ഒരു നിയമ മാണിത്. അതാണ് ഐൻഷ്റ്റൈൻ തന്റെ സമവാക്യത്തിലും ഉപയോ ഗിച്ചത്. ഇത്ര പ്രധാനമായ ഒരു കണ്ടെത്തലിനുടമയായ ആ സ്ത്രീര ത്നത്തെ ശാസ്ത്രചരിത്രം, പക്ഷേ, വിസ്മരിക്കുകയാണ് ചെയ്തത്. ശാസ്ത്രജ്ഞരായി പേരെടുത്ത പുരുഷകേസരികൾ അവരുടെ കൂടെയും തനിച്ചും പ്രവർത്തിച്ച്, വലിയ കണ്ടെത്തലുകൾ നടത്തിയ സ്ത്രീകളോട് ഇങ്ങനെ പലപ്പോഴും അനീതി കാണിച്ചിട്ടുണ്ട്.

ഊർജ്ജത്തിന്റെ കാര്യത്തിൽ വെറും $E = mv$ അല്ലാ, മറിച്ച്, $E = mv^2$ ആണ് പ്രകൃതിനിയമം എന്നതിന് നിത്യജീവിതത്തിൽ നിന്നൊരു നല്ലയുദാഹരണമുണ്ട്. 20 km സ്പീഡിൽ പോകുന്ന ഒരു കാറിന്റെ നേരേ യിരട്ടി ഊർജ്ജമല്ല 40 km വേഗത്തിലോടുന്ന മറ്റൊരു കാർ വഹിക്കുന്നത്. നാലിരട്ടിയാണ് അതിന്റെ ഊർജ്ജം. അതുകൊണ്ടാണ്, ആദ്യത്തെ വണ്ടി നിറുത്താൻ വേണ്ടിവരുന്ന ബ്രെയ്ക്കിന്റെയും ദൂരത്തിന്റെയും നാലിരട്ടി രണ്ടാമത്തെ വണ്ടി നിറുത്താൻ ആവശ്യമായി വരുന്നത്. ഈ അറിവി ല്ലാതെ പോകുന്നതോ അതിനനുസരിച്ച് പെരുമാറാത്തതോ ആണ് വളരെ യേറെ അപകടങ്ങൾക്ക് കാരണമായിത്തീരുന്നത്. ഈ തത്ത്വവും ഐൻഷ്റ്റൈൻ പ്രകാശവേഗത്തെ (c) തന്റെ സമവാക്യത്തിൽ ഉപയോഗി ക്കാനുണ്ടായ വഴിക്കണക്കുകളും വിശദമായി പഠിക്കാനാഗ്രഹിക്കുന്ന വർക്ക് www.davidbodanis.com എന്ന ലിങ്ക് വളരെ പ്രയോജനപ്പെടും.

ഐൻഷ്റ്റൈന്റെ സമവാക്യത്തിൽ vക്കു പകരം c ആണ് ഉപ യോഗിച്ചിരിക്കുന്നത്. velocityക്കു പകരം അദ്ദേഹം അതിന്റെ ലത്തീൻ, celeritas ആണ് തിരഞ്ഞെടുത്തത്. അങ്ങനെ മാനവചരിത്രത്തിലെ ഏറ്റവും പ്രധാന ശാസ്ത്രസമവാക്യം $E = mc^2$ ആയിത്തീർന്നു. അതിൽ, E = ഊർജ്ജം, M = ദ്രവ്യമാനം, C = പ്രകാശവേഗം. ഊർജ്ജവും ദ്രവ്യവും തമ്മിലുള്ള സമാനതമൂലം, ചലനംകൊണ്ട് ഒരു വസ്തുവിന് കിട്ടുന്ന ഊർജ്ജം അതിന്റെ ദ്രവ്യമാനത്തെ വർദ്ധിപ്പിക്കും. എന്നാൽ ഇത് അതി ഭീമമായി വർദ്ധിക്കുന്നത്, ദ്രവ്യം പ്രകാശവേഗത്തോടടുത്ത വേഗത്തിൽ

ചലിക്കുമ്പോളാണ്. ഒരു യൂണിറ്റ് ദ്രവ്യം സെക്കന്റിൽ 3’00’000 km വേഗത്തിൽ തൊടുത്തുവിട്ടാൽ, പുറത്തുവരുന്നത്, $E = mc^2$ സമവാക്യമനുസരിച്ച്, 900’000’000 യൂണിററ് ഊർജ്ജമാണ്. എന്നാൽ, ഭൗതിക പ്രപഞ്ചത്തിൽ ഒന്നിനും ഈ വേഗം സാദ്ധ്യമല്ല എന്ന് ഐൻഷ്റ്റൈൻ പറയുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ സ്റ്റീവൻ ഹോക്കിങ്ങിന്റെ വിശദീകരണം നമുക്ക് കടമെടുക്കാം. "പ്രകാശ വേഗത്തിന്റെ 10% വേഗത്തിൽ ഒരു വസ്തുവിന്റെ ദ്രവ്യമാനം 0.5% മാത്രമേ കൂടുന്നുള്ളൂ. സ്പീട് 90% ആയാൽ, ദ്രവ്യമാനം ഇരട്ടിക്കും. അതിലും വേഗം കൂടിയാൽ, ദ്രവ്യവർദ്ധനവ് അതിഭീമമാകും. അപ്പോൾ പിന്നെയതിന്റെ വേഗം കൂട്ടാൻ, അതിഭീമമായ ഊർജ്ജം വേണ്ടിവരും. പ്രകാശത്തിന്റെ വേഗത്തിൽ എന്തിനെയെങ്കിലും ചലിപ്പിക്കുക എന്നത് അസാദ്ധ്യമാണ്, കാരണം, അപ്പോഴേയ്ക്കും ദ്രവ്യമാനം അനന്തമാകുമെന്നത് മാത്രമല്ല, അനന്തമായ ഊജ്ജവ്യയം വേണ്ടിവരുമെന്നുമാണ് അതിനർത്ഥം. അതുകൊണ്ട്, പ്രകാശത്തിനോ, അതുപോലെ ദ്രവ്യമാനം ഒട്ടുംതന്നെയില്ലാത്ത തരംഗങ്ങൾക്കോ മാത്രമേ ആ വേഗത്തിൽ സഞ്ചരിക്കാനാവൂ." (A brief History of Time, chapter 2)

ഏത് ദ്രവ്യവും ഘനീഭവിച്ച ഊർജ്ജമാണ്. തക്കതായ സാഹചര്യത്തിൽ ഊർജ്ജം ദ്രവ്യമായി മാറും. അതാണ് പ്രപഞ്ചസൃഷ്ടിയുടെ രഹസ്യം. ദ്രവ്യവും ഊർജ്ജവും രണ്ടായി മനസ്സിലാക്കപ്പെട്ടിരുന്ന ഒരാശയ ലോകത്തിൽ, ഒന്നു മറ്റൊന്നിലേയ്ക്ക് മാറുമെന്നും, മൊത്തമൂർജ്ജം എപ്പോഴും സ്ഥിരമാണെന്നുമുള്ള ഉൾക്കാഴ്ച നവീനമായിരുന്നു. ത്രസിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാ ഊർജ്ജസംവിധാനമാണ് പ്രപഞ്ചമെന്ന കാഴ്ചപ്പാട് അംഗീകരിക്കപ്പെട്ടു. ദ്രവ്യവും ഊർജ്ജവും ഒന്നുതന്നെയാണെന്ന് ശാസ്ത്രലോകത്തെക്കൊണ്ട് അംഗീകരിപ്പിച്ചത് $E = mc^2$ എന്ന സമവാക്യവും അതിന്റെ സ്ഥിരീകരണത്തിനായി നടത്തിയ പരീക്ഷണങ്ങളുമാണ്.

ഊർജ്ജം പ്രകമ്പിതമാണ്. ഓരോ തന്മാത്രയും ഒരൂർജ്ജ പ്രവാഹമാണ്. ഓം (ഓങ്കാരം) അല്ലെങ്കിൽ വചനം ആണ് സൃഷ്ടിയുടെ മൂലകാരണം എന്ന് പണ്ടു മുതലേ ജ്ഞാനികൾ പറഞ്ഞുവച്ചതിന്റെ പൊരുളും ദൃശ്യവുമദൃശ്യവുമായതിന്റെയെല്ലാം ഉത്ഭവം ബ്രഹ്മത്തിൽ നിന്നാണെന്നു പറയുന്നതും ഒന്നുതന്നെയാണ്. പ്രകാശമായി നാമറിയുന്ന പ്രതിഭാസം പ്രപഞ്ചോർജ്ജത്തിന്റെ ഒരു ഭാഗം മാത്രമാണ്. മനുഷ്യചൈതന്യത്തെ സ്പർശിക്കുന്നതെല്ലാം പ്രകാശവുമായി ബന്ധപ്പെട്ടിരിക്കുന്നു, ബാഹ്യതലത്തിലും ആന്തരിക തലത്തിലും. ബാഹ്യതലത്തിൽ ജീവനുത്തരവാദി സൗരോർജ്ജമാണ്. ആന്തരിക ചൈതന്യമെന്നത്

അവബോധമാണ്. അതിനുത്തരവാദി ആത്മപ്രകാശമാണ്. അതാണ് അറിവ് എന്ന പദംകൊണ്ട് മനസ്സിലാക്കേണ്ടത്. ആദ്യ നോട്ടത്തിൽ നാം കാണുന്ന ലോകം ദ്രവ്യാത്മകമാണ്. ഇതാണ് അറിവിന്റെ ഒന്നാമത്തെ തലം. അവിടെ (യഥാ) ഇന്ദ്രിയം 'കാണുന്നതിന്' അതിന്റെ ഉടമസ്ഥൻ 'കൊടുക്കുന്ന' അർത്ഥം - യാഥാർത്ഥ്യം - താൽക്കാലികമായ വ്യവഹാരത്തിനായി മാത്രമുള്ളതാണ്. അതിൽ മൌലികതയൊട്ടുമില്ല. രണ്ടാമത്തെ തലത്തിലേയ്ക്ക് കടക്കുകയെന്നാൽ, ദ്രവ്യമായതൊക്കെയും (ഖരം, ദ്രവം, പ്ലവം, വാതകം) സ്ഥായിയായ പ്രപഞ്ചോർജ്ജമാണെന്ന കണ്ടെത്തലാണ്. ദൃശ്യപ്രപഞ്ചത്തിന്റെ വിസ്തൃതി സ്ഥിരമാണെന്ന് ആദ്യം കരുതിയ ഐൻഷ്റ്റൈൻ പോലും പിന്നീട് സമ്മതിക്കേണ്ടിവന്നു, അതു നിരന്തരം വികസിച്ചുകൊണ്ടിരിക്കുകയാണെന്ന്. പക്ഷേ, അതിലെ ഊർജ്ജത്തിന്റെ അളവ് എപ്പോഴും ഒന്നുതന്നെ; അതിന്റെ പ്രതിഭാസങ്ങൾ മാത്രമാണ് മാറിക്കൊണ്ടിരിക്കുന്നത്. അറിവിന്റെ മൂന്നാമത്തെ തലത്തിൽ, ഊർജ്ജലോകത്തെയും മറികടന്ന്, ഉള്ളതെല്ലാം, ആത്യന്തികമായി, ബോധവും അതിന്റെ പ്രതിഭാസങ്ങളുമാണെന്ന തിരിച്ചറിവുണ്ടാകുന്നു. ഈ പറഞ്ഞവ മൂന്ന് വ്യത്യസ്ത പ്രപഞ്ചങ്ങളാണെന്നു വേണമെങ്കിൽ കരുതാം. ഇവയിൽ, താഴത്തെ രണ്ട് തലങ്ങളിൽ ഉറച്ചുപോകുന്നവർക്ക് അതിനപ്പുറത്തേയ്ക്ക് കടക്കുക അത്രയൊന്നും എളുപ്പമല്ല. അതിലും ഉയർന്ന വേറൊരു തലം ഉണ്ടെന്നു ചിന്തിക്കുക തന്നെ അവർക്ക് പ്രയാസമാണ്. നാമോരോരുത്തരുമറിയുന്ന ലോകം അവരവരുടെ മാനസികാവസ്ഥയുടെ ഒരു വ്യാഖ്യാനമാണ്.

ഇനിയൊരു നിമിഷം നമുക്ക് അനുദിനജീവിതത്തിലേയ്ക്ക് വരാം. വസ്തുക്കളോടുള്ള അമിതമായ ഭോഗവാസന മനുഷ്യനെ പിശാചാക്കി മാറ്റുന്നത് നിത്യവും നാം കാണുന്നു. മറുവശത്ത്, ഈ ലോകവും അതിലെ ഭൌതികാകർഷണങ്ങളും യഥാർത്ഥത്തിൽ ശൂന്യതയുടെ ഭാവങ്ങളാണെന്നും ജനിമൃതികൾ ജീവനെന്ന രഹസ്യത്തിന്റെ ഏതോ നിഴലുകൾ മാത്രമാണെന്നുമുള്ള ഉള്ളറിവ് നേടി, അവയോട് അകലം കാത്തുസൂക്ഷിക്കാനുള്ള വിവേകം ആർജ്ജിക്കുന്നവരെയും നാം കണ്ടുമുട്ടുന്നു. ധനത്തിനു നൽകുന്ന മുന്തൂക്കവും, അസൂയ, വെറുപ്പ്, ഭയം എന്നിവയിലേയ്ക്ക് നയിക്കുന്ന ലാഭക്കൊതിയും അങ്ങേയറ്റത്തെ അജ്ഞതയുടെ ഫലമാണെന്നു മനസ്സിലാക്കാൻ, വേണമെങ്കിൽ, ഇതുവരെ നാം പഠിച്ച ശാസ്ത്രതത്ത്വങ്ങൾ സഹായകരമാകും.

ആധാരം: $E = mc^2$ - A Biography of the World's most famous Equation, David Bodanis, 2000, Macmillan.

❑

# 16

# കാഴ്ചയുടെ പൊരുൾ

വപുറത്തുള്ളവയെപ്പറ്റി ഇന്ദ്രിയങ്ങൾ നമുക്ക് തരുന്ന അറിവുകൾ അപ്പാടേ ശരിയാണെന്ന ധാരണയാണ് മനുഷ്യർ വച്ചുപുലർത്തുന്ന ഏറ്റവും വലിയ മിഥ്യ. നാം കാണുന്നതും കേൾക്കുന്നതും മണക്കുന്നതുമൊക്കെ അതേപടി അവിടെ വെളിയിലുള്ള യാഥാർത്ഥ്യങ്ങൾ ആണെന്നു തന്നെയാണ് മിക്കവരും കരുതുന്നത്. ഇതെത്ര വലിയ ഒരബദ്ധമാണെന്ന് ഈ ലേഖനത്തിലൂടെ തെളിഞ്ഞുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതായത്, നാം ഇന്ദ്രിയങ്ങളിലൂടെ അനുഭവിക്കുന്ന ലോകം നമ്മുടെ തന്നെ സൃഷ്ടിയാണ് എന്ന സത്യം ഒരു വലിയ തിരിച്ചറിവായിത്തീരാം.

പദാർത്ഥം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്, പദത്തിന്റെ (ശബ്ദത്തിന്റെ) അർത്ഥമെന്നും അതേസമയം വസ്തുവെന്നും ആണ്. അതായത്, വസ്തുക്കളെ 'മനസ്സിൽ ആക്കുന്നതും' അവയ്ക്ക് പേരിടുന്നതും ഒരുമിച്ചു പോകുന്ന പ്രവൃത്തികളാണ്. ഒരു പദം മനസ്സിലൊരർത്ഥം സ്ഫുരിപ്പിക്കുമ്പോൾ, ഈ പറഞ്ഞ രണ്ട് തരത്തിലും അതൊരു പദാർത്ഥമായിത്തീരുന്നു: ആദ്യത്തേത് സൂക്ഷ്മതലത്തിലും, രണ്ടാമത്തേത് സ്ഥൂലതലത്തിലും. മറ്റു തരത്തിൽ പറഞ്ഞാൽ, ഓരോ വാക്കും അകത്തും പുറത്തുമുള്ള, സൂക്ഷ്മവും സ്ഥൂലവുമായ തലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ പദാർത്ഥരൂപീകരണത്തിനു മിക്കപ്പോഴും ഇന്ദ്രിയങ്ങളാണ് നമ്മെ സഹായിക്കുന്നത്.

**അറിവും ഇന്ദ്രിയങ്ങളും**

കാഴ്ച്ചയെ കണ്ണുമായി ബന്ധപ്പെടുത്തിയാണ് സാധാരണ നാം ചിന്തിക്കാറുള്ളതെങ്കിലും, ഏത് ഇന്ദ്രിയത്തിലൂടെ കിട്ടുന്ന അറിവിനെയും

കാഴ്ചയെന്നു വിളിക്കാം. എന്നാലും ചുറ്റുപാടുകളെപ്പറ്റിയുള്ള ധാരണ കരഗതമാക്കാൻ ഓരോ ജീവിക്കും ഓരോ ഇന്ദ്രിയം പ്രഥമസ്ഥാനത്ത് നിൽക്കുന്നുണ്ട്. മനുഷ്യനത് കണ്ണാണെങ്കിൽ, (ആത്യന്തികമായി ഏതിന്ദ്രിയവും സ്പർശത്തിലൂടെയാണ് സംവേദിക്കുന്നത്.) വവ്വാലിനത് ശ്രവണേന്ദ്രിയമാണ്, പാമ്പിനത് ചർമ്മമാണ് (ത്വക്കും നാക്കും). ഇന്ദ്രിയ വിഷയമായ വസ്തുവിൽനിന്നുള്ള ഊർജ്ജപ്രസരം ഒന്നുതന്നെയായിരിക്കെ, വ്യത്യസ്ത ജീവികൾ അതാതിന്റെ രീതിയിൽ അതിനെ വ്യാഖ്യാനിച്ച് അവയ്ക്ക് വേണ്ടുന്ന 'അറിവ്' ശേഖരിക്കുകയാണ് ചെയ്യുന്നത്. ഇതിൽനിന്ന് വ്യക്തമാകുന്നത്, 'കാഴ്ച' ഇന്ദ്രിയത്തിലല്ല, മറിച്ച്, തലച്ചോറിലാണ് സംഭവിക്കുന്നതെന്നാണ്.

*പ്രത്യക്ഷമെന്നു പറയുമ്പോൾ കണ്ണുകൊണ്ട് കാണുന്നതാണ് പ്രധാനം എന്ന തോന്നലുണ്ടാവാം. എന്നാൽ, ഓരോ ഇന്ദ്രിയത്തെയും കണ്ണായി കരുതിപ്പോന്നിരുന്ന ഭാരതീയദർശനത്തിൽ വർണങ്ങളെപ്പോലെതന്നെ സപ്തസ്വരങ്ങളും ഷഡ്രസങ്ങളും പഞ്ചപ്രാണങ്ങളും അവധിയില്ലാത്ത രസവൈവിധ്യങ്ങളും ആകാരങ്ങൾക്ക് വികാരങ്ങളുടെ അനന്തവിസ്തൃതിയുണ്ടാക്കിവയ്ക്കുന്നുണ്ട്. അതായത്, ഓരോ ഇന്ദ്രിയവും ഓരോതരം കാഴ്ച്ചയെയാണ് ഉത്പാദിപ്പിക്കുന്നത്.* (*മന:ശാസ്ത്രം ജീവിതത്തിൽ*, നിത്യചൈതന്യയതി. അ. 20)

നമുക്ക് കാണാനും കേൾക്കാനും രുചിക്കാനും മണക്കാനുമൊക്കെ സാധിക്കുന്നത് ഈ പ്രവൃത്തികൾക്കുള്ള വിഷയങ്ങൾ അതേപടി അവിടെയുള്ളതുകൊണ്ടാണ് എന്ന വിചാരം അത്ര ശരിയല്ലെന്ന് പറഞ്ഞാൽ സ്വീകരിക്കാൻ എല്ലാവർക്കും തന്നെ ബുദ്ധിമുട്ടാവും. പക്ഷേ, വാസ്തവത്തിൽ ബാഹ്യലോകം വ്യക്തിബോധത്തിൽ യാഥാർത്ഥ്യത്തിന്റെ ഏതോ വിധത്തിലുള്ള ഒരു പ്രതിഫലനമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യം മനസ്സിലാക്കാൻ, ടെലിവിഷന്റെ പ്രവർത്തനരീതി സഹായിക്കും. (ഈ ഉപമ LSDയുടെ കണ്ടുപിടുത്തത്തോടെ പ്രശസ്തനായിത്തീർന്ന ആൽബെർട്ട് ഹോഫ്മന്റെയാണ്.) നമ്മുടെ ശരീരം ഉൾപ്പെടെയുള്ള ബാഹ്യലോകം ഊർജ്ജപ്രസരണത്തിലൂടെ നിരന്തരം പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഈ സ്പന്ദനങ്ങളെ സ്വീകരിക്കുന്ന ഏരിയലുകളാണ് ഇന്ദ്രിയങ്ങൾ. എന്നാലവയെ പടവും സ്വരവും മണവുമൊക്കെയാക്കി പ്രതിബിംബിപ്പിക്കുന്ന സ്ക്രീൻ നമ്മുടെ ബോധതലമാണ്. കൃത്യമായി പറഞ്ഞാൽ തലച്ചോറിന്റെ പണിയാണത്. ഏരിയലിന്റെ ഗുണവും മേന്മയുമനുസരിച്ച്, പടം വ്യക്തമോ അവ്യക്തമോ ആകാം.

കണ്ണ് എന്ന ഏരിയലിനെ നമുക്കൊന്നുകൂടെ അടുത്തു പഠിക്കാം. വസ്തുക്കളിൽ പതിയുന്ന പ്രകാശം പ്രതിഫലനത്തിലൂടെ നേത്രാന്തര പടലത്തിൽ (retina) തട്ടുമ്പോഴുണ്ടാകുന്ന തരംഗങ്ങൾ ദൃക്തന്ത്രികളി ലൂടെ തലച്ചോറിലെത്തുന്നതുകൊണ്ടാണ് കാഴ്ച സാധ്യമാകുന്നത്. അതിനിടയിൽ സംഭവിക്കുന്നതൊക്കെ ശാസ്ത്രമാനങ്ങളാൽ അളക്കാ വുന്നവയാണ്. എന്നാൽ നാഡികൾവഴി തലച്ചോറിലെത്തുന്ന വിദ്യുത് പ്രചോദനങ്ങൾ വസ്തുവിന്റെ പ്രതിബിംബമായി രൂപാന്തരപ്പെടുന്ന രഹസ്യം ഒന്നുകൊണ്ടും അളക്കാനാവാത്ത ഒരു പ്രതിഭാസമാണ്. (ഭാസം = പ്രകാശം; പ്രതിഭാസം = പ്രകാശപ്രതിബിംബം). പ്രകാശം വൈദ്യുതകാന്ത തരംഗങ്ങളാണ്. ഫോട്ടോൺ എന്ന കണമാണ് അതിന്റെ സൂക്ഷ്മഘടകമെങ്കിലും അവ സഞ്ചരിക്കുന്നത് തരംഗരൂപേണയാണ്. വൈദ്യുതകാന്തതരംഗങ്ങൾക്കു ഒരു മീറ്ററിന്റെ ശതകോടിയിലൊന്നു തൊട്ട് പല മീറ്റർവരെ വ്യാസമാകാം. റേഡിയോ തരംഗങ്ങൾ രണ്ടാമത്തേ തിന് ഉദാഹരണമാണ്. ഓരോ വസ്തുവും അതിന്റെ ഘടനയും പ്രതലവുമനുസരിച്ച് അതിൽ ചെന്നുപതിക്കുന്ന പ്രകാശത്തെ വിഗിരണം ചെയ്യുന്നുവെങ്കിലും അവയിൽ ഒരു നിശ്ചിത തരംഗവ്യാപ്തിക്കുള്ളി ലുള്ളവയെ മാത്രമേ നമ്മുടെ റെറ്റിനക്ക് സ്വീകരിക്കാനാവൂ. 350 മുതൽ 750 നാനോമീറ്റർ വരെയാണ് ഈ അലകളുടെ വ്യാപ്തി. (ഒരു നാനോമീറ്റർ = പത്ത് ലക്ഷത്തിലൊരു മില്ലിമീറ്റർ) 350 nm തരംഗങ്ങൾ നമ്മുടെ തലച്ചോറിൽ നീലയുടെ അനുഭവമുണ്ടാക്കുന്നു. 750 nm ചുവപ്പിന്റെ. അതിനിടയിലുള്ളവ സപ്തവർണങ്ങളിൽ ബാക്കിയോരോ ന്നുമായി തലച്ചോറിനാൽ വ്യാഖ്യാനിക്കപ്പെടുന്നു.

ഇതിൽനിന്നൊക്കെ നമുക്ക് പലതുമനുമാനിക്കാം. ഉദാഹരണത്തിന്, പ്രകാശത്തിന്റെ ഇതേ തരംഗവ്യാപ്തിയെ സ്വീകരിക്കാൻ ട്യൂൺ ചെയ്തി ട്ടുള്ള മറ്റൊരു ജീവി കാണുന്നത് നമ്മുടെ നിറങ്ങളായിരിക്കണമെന്നില്ല. color blind ആയ മനുഷ്യർ തന്നെ ഇതിനൊരു തെളിവാണ്. അതുപോലെ തന്നെ, പ്രകൃതിയിലുള്ളവയെ, നമുക്ക് കാണാനാവാത്ത, എണ്ണമില്ലാ ത്തത്ര നിറങ്ങളിലും മണങ്ങളിലും സ്വരങ്ങളിലും രുചികളിലും കൂടി കാണുന്ന ജീവികളുമുണ്ട്. യന്ത്രസഹായത്തോടെ മാത്രം നമുക്ക് കൈ കാര്യം ചെയ്യാനാകുന്ന ഇൻഫ്രാറെഡും അൾട്രാവയലെറ്റും കാണാൻ കഴിയുന്ന അൽപപ്രാണികൾപോലും ഉണ്ടെന്ന് ജന്തുശാസ്ത്രം സ്ഥിരീ കരിക്കുന്നുണ്ടല്ലോ. തേൻ നുകരുന്ന ചിത്രശലഭങ്ങളെയും ഈച്ചക ളെയും ആകർഷിക്കുന്ന നിറങ്ങളും ഗന്ധങ്ങളും തന്നെയാണോ നാമും കാണുന്നതെന്ന് നമ്മളുണ്ടോ അറിയുന്നു! ഏത് ഇന്ദ്രിയാനുഭവത്തിലും ഈ അനിശ്ചിതാവസ്ഥ നിലനിൽക്കുന്നുണ്ട്.

ചുവന്ന പൂവെന്നു പറയുമ്പോൾ പ്രകൃതി അതിന്റെ ഇതളുകളിൽ ചുവപ്പുനിറം തേച്ചുപിടിപ്പിച്ചിരിക്കുന്നു എന്നല്ലേ നാം അർത്ഥമാക്കുക? എന്നാൽ സത്യമതല്ല. എല്ലാ നിറങ്ങളെയും (എന്നുവച്ചാൽ, നമുക്ക് കാണാനാവാത്തവയെയും) ഉൾക്കൊള്ളുന്ന പ്രകാശം ആ പൂവിന്റെ പ്രതലത്തിൽ തട്ടുന്നുണ്ടെങ്കിലും, അതിന്റെ തനതായ രാസഘടനമൂലം, ചില നിശ്ചിത അലവ്യാപ്തിയിലുള്ളവമാത്രമാണ് വിഗിരണം ചെയ്യപ്പെടുന്നത്. ബാക്കിയെല്ലാം ആഗിരണം ചെയ്യപ്പെടുകയാണ്. ഇങ്ങനെ പ്രതിഫലിക്കുന്നവയിൽ നിന്ന് നമുക്കാകുന്നവയെ (ഈ ഉദാഹരണത്തിൽ, നാം ചുവപ്പായി വ്യാഖ്യാനിക്കുന്നവയെ) നാം പിടിച്ചെടുക്കുന്നു എന്നേ അതിനർത്ഥമുള്ളു. അതേ പൂവിനെ വേറൊരു ജീവി വേറൊരു നിറത്തിൽ കാണുന്നുണ്ടാവാം. നാം കാണുന്ന വസ്തുക്കളുടെയെല്ലാം കാര്യത്തിൽ ഇതാണ് സംഭവിക്കുന്നത്. മറ്റു വാക്കുകളിൽ, നമ്മൾ കാണുന്ന നിറങ്ങളും രൂപങ്ങളും സ്വരങ്ങളും രുചികളും നാം തന്നെയാണ് സൃഷ്ടിക്കുന്നത്, അവ വസ്തുക്കളിൽ അങ്ങനെതന്നെ ഉള്ളവയല്ല!

പ്രകാശത്തിന്റെ അലദൈർഘ്യങ്ങളിൽ മനുഷ്യന് പിടിച്ചെടുത്ത് വ്യാഖ്യാനിക്കാവുന്നവ വളരെ പരിമിതമാണ്. ഇവയിൽ ഏഴെണ്ണത്തെ നമ്മുടെ തലച്ചോർ ഏഴു നിറങ്ങളായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു എന്നു മാത്രം. ഇവക്കു വെളിയിലുള്ളവ അനന്തതയിലേയ്ക്കു നീളുന്നു. നിത്യജീവിതത്തിലെ ശാസ്ത്രം എന്ന കൃതിയിൽ C. രാധാകൃഷ്ണൻ എഴുതുന്നു: *പ്രകാശം വിദ്യുത്കാന്തപ്രസരമാണ് (electro-magnetic waves). നിറമെന്നൊന്ന് വാസ്തവത്തിൽ ഇല്ല. വ്യത്യസ്ത അലനീളമുള്ള വിദ്യുത്കാന്തതരംഗങ്ങളേയുള്ളൂ. ഒരു പ്രത്യേക അലനീളമുള്ള തരംഗം നമ്മുടെ കണ്ണിലുളവാക്കുന്ന അനുഭൂതിയെ നാം ഒരു നിറത്തിന്റെ പേരിട്ടു വിളിക്കുന്നു, അത്രമാത്രം. നാം കാണുന്ന നിറങ്ങളെത്തന്നെ മറ്റു ജീവികളും കാണുന്നുവെന്ന് ധരിക്കുന്നത് വിഡ്ഢിത്തമാണ്.*

ഇതേ തത്ത്വം മറ്റിന്ദ്രിയാനുഭവങ്ങളുടെ കാര്യത്തിലും ബാധകമാണ്. ഉദാഹരണത്തിന്, കേൾവി. മലമുകളിൽ നിന്ന് ഒരു വലിയ പാറ പിളർന്നു താഴേയ്ക്കുരുളുന്നുവെന്ന് സകല്പിക്കുക. അത് വായുവിലുണ്ടാക്കുന്ന സംഘർഷം ഒരു കൊടുങ്കാറ്റിനെ സൃഷ്ടിച്ചെന്നിരിക്കും. എന്നാൽ ഈ വായൂമർദ്ദത്തെ ഏതെങ്കിലും തരത്തിൽ അളക്കാനോ അനുഭവിക്കാനോ കഴിയുന്ന ഒരു ജീവി അവിടെയില്ലെങ്കിൽ, ഒരു നേരിയ സ്വരംപോലും അവിടെയുണ്ടാകുന്നില്ലെന്ന് പറയാം. ഇത് അവിശ്വസനീയമാണെങ്കിലും, ഒന്നുകൂടി ചിന്തിച്ചു നോക്കുക. അവിടെ പൊട്ടിവീഴുന്ന പാറയും ഇടിഞ്ഞിറങ്ങുന്ന മണ്ണും മറിഞ്ഞു വീഴുന്ന മരങ്ങളുമുണ്ട്. അവയെല്ലാം വായൂക്ഷോഭത്തിനും ഊർജ്ജസ്ഫോടനത്തിനും കാരണമാകുന്നു.

എന്നാൽ, അവമൂലമുണ്ടാകുന്ന *ശബ്ദം* സമീപത്തുള്ള ജീവികളുടെ ശ്രവണേന്ദ്രിയത്തിനുള്ളിൽ മാത്രം സംഭവിക്കുന്ന പ്രതിഭാസമാണ്. നാം കേൾക്കുന്ന സ്വരം, അതു മൃദുലമോ കഠിനമോ ആയിക്കൊള്ളട്ടെ, അത് സ്വരമായി പ്രകൃതിയിൽ സ്ഥിതിചെയ്യുന്നില്ല; അവിടെയുള്ളത് ചെറുതും വലുതുമായ വെറും ഊർജ്ജസമ്മർദ്ദങ്ങളാണ്. അവയ്ക്ക് കാരണമാകുന്നതോ വായുവിന്റെയും വൈദ്യുതിയുടെയുമൊക്കെ വ്യതിയാനങ്ങളും. ഇങ്ങനെയുണ്ടാകുന്ന സംഘർഷങ്ങൾ പ്രകാശത്തിന്റെ കാര്യത്തിലെന്നപോലെ അതിവിപുലമാണ്. ഇവയിൽ, ഒരു സെക്കന്റിൽ 20 മുതൽ 20,000 ഡസിബിൽ വരെ (audio അല്ലെങ്കിൽ sonic എന്നറിയപ്പെടുന്ന) ആവൃത്തിയിലുള്ളവയെ പിടിച്ചെടുക്കാനുള്ള സജ്ജീകരണം മാത്രമാണ് മനുഷ്യന്റെ ശ്രവണേന്ദ്രിയത്തിനുള്ളത്. അങ്ങനെ പിടിച്ചെടുക്കുന്നവ തരംഗവ്യതിയാനങ്ങൾക്കനുസരിച്ച് നമ്മുടെ തലച്ചോറിൽ ചെറുതും വലുതുമായ ശബ്ദമായി വ്യാഖ്യാനിക്കപ്പെടുകയാണ് ചെയ്യുന്നത്. അതായത്, പ്രകൃതിയിലുള്ളത്, വെറും സ്പന്ദനങ്ങളാണ്. അവയിൽനിന്ന് ഒരു നിസ്സാരയംശത്തെ മാത്രം അളന്ന് വ്യത്യസ്ത സ്വരങ്ങളായി മനസ്സിലാക്കുന്ന രീതിയാണ് ശ്രവണം. DCBooksന്റെ ശബ്ദസാഗരത്തിൽ ശബ്ദത്തിന് അർത്ഥം പറഞ്ഞിരി ക്കുന്നത് ഇങ്ങനെ: *വായുവിലുണ്ടാകുന്ന തരംഗപരമ്പരയാണ് ശബ്ദമായി കാതിനനുഭവപ്പെടുന്നത്.* എല്ലാ തരംഗങ്ങളെയും അളക്കാനാവുന്ന ഒരു സംവിധാനത്തോടെ ഒരു ജീവിക്കും അതിജീവനം സാധ്യമേയല്ല. LSD പോലുള്ള രാസവസ്തുക്കൾ അകത്തു ചെല്ലുമ്പോൾ, മുമ്പൊരിക്കലും അറിഞ്ഞിട്ടില്ലാത്ത വർണബാഹുല്യവും സ്വരങ്ങളും അനുഭവിക്കാനാകുന്നതിനെപ്പറ്റി ധാരാളം അനുഭവസ്ഥരുടെ വിവരണങ്ങളുണ്ട് (LSD, mein Sorgenkind - LSD, എന്റെ വികൃതിക്കുട്ടി Albert Hofmann). കഞ്ചാവ് വലിക്കുന്നവരുടെ അനുഭവ ത്തിനും ഇതിനോട് സാമ്യമുണ്ട്.

നമുക്കാഗിരണം ചെയ്യാനും വ്യാഖ്യാനിക്കാനുമാവാത്ത ഊർജ്ജസങ്കോചസ്ഫോടനങ്ങൾ തിരിച്ചറിയുന്ന ജീവികൾ എത്ര വേണമെങ്കിലുമുണ്ട്. ഉദാ. വവ്വാൽ, നായ, ഡോൾഫിൻ, തിമിംഗലം തുടങ്ങിയവ. എന്തിനീ വലിയവർ? ഒരു ചറിയ തുള്ളി രക്തത്തിനായി നമ്മെ ചുറ്റിപ്പറ്റി പറക്കുന്ന നിസ്സാരനായ കൊതുകിനെ വീശിപ്പിടിക്കാനോ അടിച്ചു കൊല്ലാനോ ശ്രമിക്കുമ്പോൾ സംഭവിക്കുന്നതെന്ത്? നമ്മുടെ കൈയൊന്നനങ്ങുന്നതിനു മുമ്പുതന്നെ അതിസൂക്ഷ്മമായ വായൂമർദ്ദം തിരിച്ചറിഞ്ഞ് വഴുതിമാറാൻ അണുസമാനമായ അതിന്റെ ഉണ്മക്കാകുന്നു!

ഈ വിചിന്തനങ്ങളിൽ നിന്ന് മിക്കപ്പോഴും നാം ഒട്ടും ശ്രദ്ധിക്കാത്ത ചില സത്യങ്ങൾ ഉരുത്തിരിഞ്ഞു വരുന്നു: നമ്മുടെ ലോകം നമ്മുടെ മാത്രം

സൃഷ്ടിയാണ്. നമ്മുടെ അളവുകോലുകളും നമ്മുടേത് മാത്രമാണ്. അവ പ്രകൃതിയെ മൊത്തത്തിൽ ബാധിക്കുന്നേയില്ല. ചരാചരങ്ങളായി, ചേതനാചേതനങ്ങളായി, പ്രകൃതിയിലുള്ളതെല്ലാം ഒരേയൊരു ഊർജ്ജത്തിന്റെ (electro-magnetic energy) ഭാവഭേദങ്ങളാണ്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ അവയിലെ തീരെ ചെറിയ ഒരംശവുമായി വ്യത്യസ്ത രീതികളിൽ - ദൃശ്യമായും (രൂപം) ശ്രവണമായും (സ്വരം) ഘ്രാണമായും (ഗന്ധം) ഒക്കെ - പ്രതികരിക്കുന്നതിൽ നിന്നാണ് നമ്മുടെ ലോകം ഉരുത്തിരിയുന്നത്. ഇതിലും സുപ്രധാനമായ മറ്റൊരു വസ്തുതയും അംഗീകാരമർഹിക്കുന്നു. അതായത്, പുറത്തുനിന്നു തുടർച്ചയായി എത്തുന്ന ഊർജ്ജത്തിന്റെ പ്രതിപ്രസരങ്ങളെ വ്യാഖ്യാനിച്ചാണ് നാം യാഥാർത്ഥ്യത്തെ കണ്ടെത്തുന്നതെങ്കിൽ, നാമനുഭവിക്കുന്ന ജീവൻ, ബോധം, അറിവ് എന്നിവയൊന്നും സുസ്ഥിരമല്ല, തുടർച്ചയാണ്. സ്ഥിരവും സുനിശ്ചിതവുമായിടത്ത്, ജീവനില്ല. നമ്മുടെ യാഥാർത്ഥ്യം (അവിടെ നാം കണ്ടെത്തുന്ന അർത്ഥമെന്തോ, അത്) അനുനിമിഷം നമ്മൾ *സൃഷ്ടിക്കുന്ന* ഇന്ദ്രിയാനുഭവങ്ങളാണ്, അവിടെ നമുക്ക് വെളിയിലുള്ള അസ്തിത്വ ഭാവങ്ങളല്ല! ഭൗമികതലത്തിൽ, ഉണ്മയെന്നത് നമുക്ക് നൈമിഷികമാണ്, ഓരോ നിമിഷത്തിന്റെയുമാണ്.

❑

# 17

# വിശ്വാസത്തിന്റെ സ്രോതസുകൾ

ഈ വരികൾ ആദ്യം കുറിച്ചിടുന്നത്, അഞ്ചു കൊല്ലം മുമ്പാണ്, സെപ്റ്റംബർ പത്ത്, 2006. കത്തോലിക്കാ സഭയുടെ ഇപ്പോഴത്തെ മേധാവി ബെനഡിക്റ്റ് പതിനാറാമൻ അന്ന് അദ്ദേഹത്തിൻെറ ജന്മനാടായ ജർമനിയിൽ എത്തിയിരുന്നു. തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കാനും അതിനെ പരിശുദ്ധമായി സംരക്ഷിച്ചു പരിപോഷി പ്പിക്കാനുമുള്ള കടമയെപ്പറ്റി കൊളോണിനു സമീപമുള്ള ഫ്രെഹനിൽ തടിച്ചുകൂടിയ ജനത്തോട് അദ്ദേഹം ആഹ്വാനം ചെയ്തു. വർണശബള മായ അങ്കികളണിഞ്ഞ്, റോമായിൽനിന്ന് കൂടെ കൊണ്ടുവന്ന 'പോപ് മൊബൈൽ' എന്ന വാഹനത്തിലിരുന്ന് അഭിവാദ്യങ്ങൾ ഏറ്റു വാങ്ങുന്ന ആ യാഥാസ്ഥിതികന് യേശുവിന്റെ അങ്ങേയറ്റം മാനുഷികവും അതു കൊണ്ടുതന്നെ വിപ്ലവകരവുമായ ജീവിതകാഴ്ചപ്പാടുകളെയാണ് താൻ പ്രതിനിധീകരിക്കുന്നതെന്ന് അവകാശപ്പെടാനാവുമെന്ന് അവിടെ തടിച്ചുകൂടിയ ജനക്കൂട്ടം കരുതിയോ ആവോ.

'പ്രബുദ്ധ'രുടെ രാജ്യമായ ജർമനിയിൽ മാത്രമല്ല, ശുഷ്ക്ക വിശ്വാസികളുടെ നാടായ കേരളമുൾപ്പെടെ, ലോകത്തിന്റെയേത് കോണിൽ ചെന്നാലും വത്തിക്കാൻ എന്ന ഇട്ടോളം വട്ടത്തെ ഭരണാധി കാരിയായ ഒരു മെത്രാന്റെ ആഗോളമേൽക്കോയ്മയുടെ അഭിനയങ്ങൾ വകവച്ചു കൊടുക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന മാനസികനില എന്തായിരിക്കുമെന്നു ഞാൻ സ്വയം ചോദിച്ചുപോയി. അതാണ് വിശ്വാസ ത്തിന്റെ അന്ധമായ വശീകരണം എന്നെനിക്കു തോന്നുകയും ചെയ്തു. തങ്ങളുടെ വിശ്വാസത്തെ മുറുകെപ്പിടിക്കുക എന്ന് പറഞ്ഞാൽ, അവയെ

ഒരു കാരണത്താലും ചോദ്യം ചെയ്യരുത് എന്നാണ് കത്തോലിക്കാസഭ മനസ്സിലാക്കുന്നത്. ബുദ്ധിക്കു നിരക്കാത്ത പലതും ഏത് മതത്തിന്റെയും വിശ്വാസസംഹിതയിൽ ഉൾപ്പെട്ടിരിക്കും. നമ്മുടെ ഭാവനകൾക്കപ്പുറ ത്തുള്ള കാലങ്ങൾതൊട്ട് പരിണമിച്ചും, വികസിച്ചും ഇന്നത്തെ രൂപത്തി ലെത്തിയ, ജീവന്റെ ഉല്പത്തിയെയും അന്തിമ ലക്ഷ്യത്തെയും പറ്റിയുള്ള തീർപ്പ്കല്പിക്കലാണ് അവയുടെ ഉള്ളടക്കം. കണ്ണിൽ പെടുന്നവയെ യൊക്കെ ആധാരമാക്കി നമ്മൾ നെയ്തെടുക്കുന്ന ധാരണകളെയെല്ലാം കൂട്ടിയിണക്കിയാണല്ലോ അനുദിന ജീവിതം മുന്നേറുന്നത്. മനസ്സിലാ കാത്തവയുടെ മുമ്പിൽ അദ്ഭുതപ്പെട്ടു നിൽക്കുക മാത്രമല്ല, അവയെ ചുറ്റിപ്പറ്റിയുള്ള ഭാവനകൾ കൂട്ടിപ്പടുത്ത് അവയ്ക്ക് വിശദീകരണം തേടുക എന്നതും മനസ്സിന്റെ രീതിയാണ്. വ്യക്തമായ തെളിവുകൾ ശേഖരിക്കാ വുന്ന ദൃശ്യങ്ങളുടെയും സംഭവങ്ങളുടെയും കാര്യത്തിൽ ശാസ്ത്രീയ അടിസ്ഥാനമുള്ളതായി നാം കണക്കാക്കുന്നു. എന്നാൽ, ഈ പരിധി ക്കപ്പുറത്തുള്ള വസ്തുതകളെപ്പറ്റിയും ദൃഢമായ ബോധ്യവും, കഴിയു മെങ്കിൽ ഗ്രാഹ്യവും ആഗ്രഹിക്കുന്നിടത്താണ് വിശ്വാസങ്ങൾ സ്ഥലം പിടിക്കുന്നത്. വിശ്വാസങ്ങളിലൂന്നിയ നിഗമനങ്ങൾക്ക് അപ്പോൾ അറിവിന്റെ പരിവേഷം നല്കപ്പെടുകയാണ്. അതോടേ, കർക്കശങ്ങളായ വിശ്വാസസത്യങ്ങളായി അവ ഉയർത്തപ്പെടുന്നു. വിശ്വസിച്ചാൽ സുഖം തരുന്നതെന്തും മനുഷ്യർ വിശ്വസിക്കുമെന്ന് നീററ്ഷെ നിരീക്ഷിച്ചിട്ടുണ്ട്. പറഞ്ഞതുപോലെ, കാലക്രമേണ ഇവയെ ജീവിതത്തിന്റെ കാതലായ പ്രബോധനങ്ങളായി ഉയർത്തുന്നത് മതങ്ങളാണ്. അത്രയുമായാൽ, അവയെ പരമസത്യങ്ങളായി കരുതി പരിരക്ഷിക്കാൻ ജീവൻപോലും ബലിയർപ്പിക്കാൻ വിശ്വാസികൾ തയ്യാറാവുന്നു. ഏത് വിശ്വാസവും അതിൽത്തന്നെ അന്ധമാണ്. കാണാവുന്നതും തെളിയിക്കാവുന്നതും വിശ്വസിക്കേണ്ടതില്ലല്ലോ. സ്വന്തം ഭാവനയോ അന്യന്റെ വാക്കുകളോ ആണ് വിശ്വാസത്തിനു ബലം നൽകുന്നത്. എന്നുവച്ച്, യുക്തിയിലൂന്നി നടക്കുന്നവർക്ക് വിശ്വാസങ്ങളില്ലെന്നല്ല. ഉദാ: വിഷമല്ലെന്നു വിശ്വസി ച്ചായിരുന്നല്ലോ, ഈ അടുത്ത നാളുകൾവരെയെങ്കിലും, നാം വല്ലതും വാങ്ങി കഴിച്ചിരുന്നത്. ബസ്സിലോ ട്രെയിനിലോ കയറുമ്പോൾ, ഉദ്ദേശിച്ച സ്ഥലത്തെത്തുമെന്ന ധൈര്യവും ഒരു വിശ്വാസമാണ്.

പക്ഷേ, മതവിശ്വാസം മറെറാരു മണ്ഡലത്തിൽ പെടുന്നു. അവിടെ വിശ്വാസം സവിശേഷമായ ശ്വാസംതന്നെയാണ്. വിശ്വാസികൾക്ക് അത് ജീവിതത്തിന്റെ താളക്രമത്തെത്തന്നെ സ്വാധീനിക്കുന്ന പ്രാണനാണ്. കാരണം, അവരുടെ ജീവിതബന്ധിയായ കാഴ്ചപ്പാടുകൾക്ക് സുസ്ഥിരത വരുന്നത് അവയിലൂടെയാണ്. എന്നാൽ, ജന്മനാ കിട്ടിയ ഇത്തരം

വിശ്വാസങ്ങളുടെ ഉള്ളടക്കത്തെ വിശകലനം ചെയ്യാൻ ഏവർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. മതവിശ്വാസങ്ങൾ അതാതിന്റെ വിശുദ്ധ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണെന്ന് പറയാറുണ്ടെങ്കിലും, അവയുടെ വേരുകൾ, പൊതുവേ പറഞ്ഞാൽ, ശിലായുഗം വരെയെങ്കിലും പിന്നോട്ട് കിടക്കുന്നവയാണ്. എങ്ങനെയെന്നു നോക്കാം.

മനുഷ്യനും, മറ്റേതു മൃഗത്തെയും പോലെ പ്രകൃതിശക്തികളുമായി മല്ലിട്ടും അവയിൽനിന്ന് ഓടിയൊളിച്ചുമാണ് അതിജീവിച്ചിട്ടുള്ളത്. മറ്റ് ജീവികളെപ്പോലെ, പക്ഷേ, മനുഷ്യന്, അപകടങ്ങളെ പെട്ടെന്ന് തിരിച്ചറിയാനുള്ള ഇന്ദ്രിയശക്തിയില്ല. വനത്തിൽ മറഞ്ഞിരിക്കുന്ന ഒരു പുലിയേയോ കടുവയേയോ ദൂരെ നിന്ന് തിരിച്ചറിയുക മനുഷ്യന് സാധ്യമല്ല. എന്നാൽ, തിളങ്ങുന്ന രണ്ട് കണ്ണുകളെ മരങ്ങൾക്കിടയിലൂടെ കാണുമ്പോൾ, അതൊരു ഹിംസ്രജന്തുവിന്റേതായിരിക്കണമെന്ന് അവൻ സങ്കല്പിക്കുന്നു. ഭാരതീയ ചിന്തയിൽ ആവർത്തിച്ചുപയോഗിക്കാറുള്ള ഒരുപമയാണ്, കയർ കണ്ടിട്ട് പാമ്പാണെന്ന് ധരിച്ചുപോകുക. ചില സാജാത്യങ്ങളിൽ നിന്ന് ബാക്കി സ്വയം സൃഷ്ടിച്ചെടുക്കുന്ന ഈ പ്രവണത മറ്റ് ബൗദ്ധിക വ്യായാമങ്ങളിലും മനുഷ്യർ ഉപയോഗിക്കാറുണ്ട്. ബുദ്ധിക്ക് നികത്താനാവാത്ത വിടവുകളൊക്കെ ഭാവനകൊണ്ട് നികത്തുകയാണിവിടെ സംഭവിക്കുന്നത്. പലപ്പോഴും ഇങ്ങനെയാണ് നാം, അർത്ഥരഹിതമെന്നും വ്യർത്ഥമെന്നും തോന്നിപ്പിക്കുന്ന ജീവിതസമസ്യകൾക്ക് അർത്ഥവും സ്വീകാര്യതയും നൽകുന്നത്.

കാൽപനികസൃഷ്ടിക്കുള്ള മനുഷ്യന്റെ കഴിവുകൾക്കുള്ള തെളിവുകൾ 370,000 വർഷങ്ങൾക്കു പിന്നോട്ടും കണ്ടെത്താനായിട്ടുണ്ട്. ഉത്തര ജർമനിയിലെ റ്റ്യൂറിംഗൻ എന്ന സ്ഥലത്ത് നടത്തിയ ഖനന ഗവേഷണങ്ങളിൽ ഇത്രയും പഴക്കം ചെന്ന പൂർവികരുടെ അവശിഷ്ടങ്ങൾ കണ്ടെത്തി. അവയോടൊത്ത്, പിതൃപൂജയുടെയും അസ്ഥികളിൽ കോറിയിട്ട ആദിഭാഷാരൂപങ്ങളുടെയും കാൽപനിക വ്യാപാരങ്ങളുടെയും തെളിവുകളും കിട്ടിയിട്ടുണ്ട്. (Spetkrum der Wissenschaft, Oct. 2004) അനുദിന ജീവിതവ്യാപാരങ്ങൾക്കപ്പുറത്തേയ്ക്ക് അർത്ഥം തിരയാനുള്ള മനുഷ്യന്റെ സഹജമായ പ്രവണതയാണല്ലോ ഇതിന്റെ പിന്നിലുള്ളത്. അവന്റെ വളർച്ചയുടെ പ്രാരംഭദശയിൽ പോലും മൂർത്തമായവയെ മറികടന്ന്, അമൂർത്തതയെ എത്തിപ്പിടിക്കാൻ മനുഷ്യൻ ശ്രമിച്ചിരുന്നു എന്നല്ലേ ഇതിനർത്ഥം? സംശയമെന്യേ അതെല്ലാം ഈ പ്രപഞ്ചത്തെ നമ്മൾ മനസ്സിലാക്കുന്നതിന്റെ ഭാഗമായിരുന്നു.

കാണപ്പെടുന്ന ഈ ലോകത്തിലെ കൈയിലൊതുങ്ങാത്ത പ്രശ്നങ്ങൾക്കുത്തരമായി കാണാനാകാത്ത ഒരു മറുലോകത്തെ പരുവ

പ്പെടുത്തിയെടുക്കുന്നിടത്താണ് മതത്തിന്റെ ഉദ്ഭവം. ആ മറുലോകത്ത് തന്നെക്കാൾ ശക്തരായ ദൈവങ്ങളെയും അശരീരികളെയും, പൂർവിക രുടെ ആത്മാക്കളെയും കുടിയിരുത്തുന്നിടത്താണ് ഏത് മതവും അതിന്റെ അനുഷ്ഠാനങ്ങൾക്ക് തുടക്കമിടുന്നത്. ഈ രണ്ട് ലോകങ്ങളുമായുള്ള ബന്ധപ്പെടലിനു നിയോഗിക്കപ്പെട്ടവരുടെ, അല്ലെങ്കിൽ ആ ദൗത്യം സ്വയം ഏറ്റെടുക്കുന്നവരുടെ (സിദ്ധന്മാർ, തന്ത്രികൾ, വെളിച്ചപ്പാടുകൾ) പിൻ ഗാമികളാണ് ഇന്നത്തെ പുരോഹിതർ. അൽപനേരത്തേയ്ക്കെങ്കിലും ഇവിടം വിട്ട് മറ്റേ ലോകത്തെത്തി അവിടെനിന്നു അറിവും അനുഗ്രഹ ങ്ങളുമായി തിരിച്ചെത്തുന്ന മദ്ധ്യസ്ഥരിലൂടെ ആദ്യകാലങ്ങളിൽ കുറച്ചൊന്നുമല്ല മനുഷ്യർ ആശ്വാസം നേടിയിരുന്നത്. ഇന്നും ഇതേതരം ആശ്വാസങ്ങളാണ് മതങ്ങൾ വാഗ്ദാനം ചെയ്യുന്നത്.

ഭാവനയിൽനിന്ന് യാഥാർത്ഥ്യങ്ങളെ മെനഞ്ഞെടുക്കാനുള്ള മനുഷ്യന്റെ പ്രവണതയ്ക്ക് ഉദാഹരണങ്ങളാണ് മാലാഖാമാർ. ഇന്നുള്ള ഏറ്റവും വലിയ പക്ഷികളുടെ പല മടങ്ങ് വലുപ്പമുണ്ടായിരുന്നവ ഭൂമിയിൽ വസിച്ചിരുന്ന ഒരു കാലത്ത്, ചിറകുകൾ ശക്തിയുടെ പ്രതീകങ്ങളാ യിരുന്നു. ഭൂമിയെയും അതിൽ വസിക്കുന്ന ജീവികളെയും സംരക്ഷി ക്കുന്ന ശക്തികളുടെ സങ്കല്പരൂപങ്ങൾക്ക് ചിറകുകൾ കൂട്ടിച്ചേർക്കുക സാധാരണമായിരുന്നു. അസ്സീറിയായിലെ ദേവാലയങ്ങളുടെ കവാടങ്ങൾ വലിയ ചിറകുകളുള്ള നാൽക്കാലികളുടെ രൂപങ്ങളാൽ അലങ്കരിച്ചിരുന്നു. 'ചെറിബു' എന്ന ഈ സങ്കല്പ സൃഷ്ടികളിൽ ചിലവയ്ക്ക് മനുഷ്യന്റെ മുഖവും നൽകിയിരുന്നു. ആദാമിനെയും ഹവ്വായെയും പുറത്തിറക്കിയിട്ടു പറുദീസയുടെ വാതിൽക്കൽ കാവലായി അഗ്നിച്ചിറകുകളും വാളും ധരിച്ച 'ചെറുബിനെ' നിറുത്തിയ കാര്യം ബൈബിളിൽ കാണുന്നു. ഖുറാനും ഒത്തിരിയിടത്ത് മാലാഖാമാരെപ്പറ്റി പറയുന്നുണ്ട്. മാലാഖാമാർ അശരീരികളായ ദൈവദൂതന്മാരാണെന്ന പഠനം ക്രിസ്തീയ വിശ്വാസ പ്രമാണത്തിന്റെ പോലും ഭാഗമായിത്തീർന്നിരിക്കുന്നു. (World Catechism, 2003) ഓരോരുത്തർക്കും ഓരോ കാവൽമാലാഖാ ഉണ്ടെന്ന വിശ്വാസം മനോസുഖം തരുന്നതായതിനാൽ അതും അനായാസം ഒരു വിശ്വാസ മായിത്തീർന്നു. ഇങ്ങനെ പുരാതന ഭാവനകളിൽനിന്ന് കടമെടുത്ത് വിശ്വാസപ്രമാണങ്ങളുടെ അനിഷേധ്യഭാഗമായിത്തീർന്നവ ഏത് മതത്തിലും കാണാം.

എല്ലാ വിധത്തിലും അരക്ഷിതനായ മനുഷ്യൻ തന്റെ സുരക്ഷയുടെ പ്രധാന പങ്ക് പരലോകശക്തികളെ ഏൽപ്പിക്കാൻ ശീലിച്ചതിന്റെ ബാക്കി പത്രമാണ് പരിപൂർണ രക്ഷ അല്ലെങ്കിൽ മോക്ഷം പരലോകപ്രാപ്തി യാണെന്ന ആശയം. അതു നേടുന്നതിനുള്ള വഴികളും വിധികളുമായി

'സ്പെഷലിസ്റ്റുകൾ' അണിഞ്ഞൊരുങ്ങി വന്നു. പരലോകത്തിന്റെ നാഥനായ ദൈവവുമായുള്ള ബന്ധപ്പെടൽ ലളിതമാക്കാൻവേണ്ടി ആ ശക്തിയിലും വ്യക്തിത്വവും മാനുഷികമൂല്യങ്ങളും ഗുണങ്ങളും ആരോപിക്കപ്പെട്ടു. സത്യത്തിൽ, സ്വന്തം വ്യക്തിബോധത്തിന്റെ കാര്യത്തിലെന്നപോലെ, അവനവന് ഏറ്റവും തൃപ്തികരമായ ഈശ്വരസങ്കല്പവും ഓരോരുത്തരും സ്വയം മെനഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. നമ്മൾ നമ്മെപ്പറ്റി സ്വയം മെനഞ്ഞെടുക്കുന്ന പ്രതിച്ഛായയിൽ ഒരു വലിയ പങ്ക് യാതൊരടിസ്ഥാനവുമില്ലാത്ത പൊള്ളസങ്കല്പങ്ങളാണെന്ന് അല്പനേരത്തെ ആത്മശോധനകൊണ്ട് തെളിഞ്ഞുവരും. എന്നിരുന്നാലും അവയിൽ നിലയുറപ്പിച്ചാണല്ലോ നമ്മുടെ ജീവിതമുരുളുന്നത്. ആദിമനുഷ്യൻ ഓരോ പ്രകൃതിശക്തിക്കും ഓരോ ദൈവികഭാവത്തെ മനസ്സിൽ സൃഷ്ടിച്ചതിന്റെ പ്രതിരൂപങ്ങൾ ഹൈന്ദവധാരണയിൽ ഇന്നും അധികം മാറ്റമില്ലാതെ നിലനിൽക്കുന്നുണ്ട്. അങ്ങനെ, സൃഷ്ടിയുടെ, സംരക്ഷണത്തിന്റെ, സംഹാരത്തിന്റെ മൂർത്തികൾ തനതായ പ്രൗഢിയോടെ മനുഷ്യമനസ്സുകളിൽ വിരാജിക്കുന്നു. ഈ ദൈവഭാവങ്ങളും പ്രകൃതിയും തമ്മിലുള്ള ഇടപെടലിന് ഏത് ഭേദവുമാകാം. ഉദാഹരണത്തിന്, ഋഷഭരൂപമെടുത്ത ശിവന്റെ ആരാധനക്കായി നിർമ്മിച്ചിട്ടുള്ള അഞ്ചു ക്ഷേത്രങ്ങളിൽ (കേദാർനാഥ്, തുംഗനാഥ്, രുദ്രനാഥ്, കല്പേശ്വർ, മധ്യമഹേശ്വർ) ഓരോന്നിലും ഋഷഭത്തിന്റെ പൂഞ്ഞ, ബാഹു, മുഖം, ജട, നാഭി എന്നിവക്കാണ് പ്രതിഷ്ഠ. ഓരോന്നും ശിവന്റെ ഓരോ ശക്തി പ്രതീകങ്ങളായാണ് ഭാവനചെയ്യപ്പെടുന്നത്.

ഈവക നിറംപിടിപ്പിക്കൽ എല്ലാ മതത്തിലുമുണ്ട്. ഇതൊക്കെ ബാലിശമാണെന്ന് ബോദ്ധ്യപ്പെട്ടിട്ട്, ദൈവസങ്കൽപമില്ലാതെതന്നെ ജീവന്മരണസമസ്യകൾക്ക് ഉത്തരം തേടിയ ബുദ്ധാനുയായികളിൽ വലിയൊരു ഭാഗം, കാലാന്തരത്തിൽ, ശ്രീബുദ്ധനുപോലും ദൈവികപരിവേഷം നൽകി!

തങ്ങളുടെ ദൈവത്തെ സൈന്യങ്ങളുടെ കർത്താവും ജനത്തിന്റെ നായകനുമാക്കി ആരാധിച്ചു ശീലിച്ച യഹൂദരുടെ പിൻഗാമികൾ തിരഞ്ഞെടുക്കപ്പെട്ടവരെന്ന തങ്ങളുടെ പ്രാമുഖ്യം നിലനിർത്താൻ ഏത് ക്രൂരതക്കും മടിയില്ലാത്തവരായിരുന്നു. ഇന്നും ആണ്. യുക്തിക്ക് നിരക്കാത്ത വേദവാക്യനിർവ്വചനങ്ങൾ ഈ ചെയ്തികൾക്കൊക്കെ സാധുത നൽകുന്നതായി അവർ കരുതുന്നു. കുരിശുയുദ്ധങ്ങളുടെ കാലത്ത് ക്രിസ്ത്യാനികൾ പ്രത്യക്ഷമായിത്തന്നെ ഇതേ പ്രവണതക്ക് അടിപ്പെട്ടുപോയി. ഇന്നും ക്രിസ്തീയപാരമ്പര്യം അവകാശപ്പെടുന്ന രാഷ്ട്രങ്ങൾ പരോക്ഷമായിട്ടെങ്കിലും, ഏത് തുറയിലും പെരുമാറുന്നത് ഈ ശൈലി

യിൽത്തന്നെയാണ്. അമേരിക്കയെപ്പോലുള്ള 'ക്രിസ്തീയ' രാഷ്ട്രങ്ങൾ ഇക്കാര്യത്തിൽ ഏറ്റവും മുന്നിലാണെന്ന സത്യം ഏവർക്കുമറിയാം. അതിനോടുള്ള പ്രതികരണമായി, 'അളവറ്റ ദയാപരനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തെ' നിരന്തരം പുകഴ്ത്തുന്നവരും ചാവേർ പടകളായി മനുഷ്യക്കുരുതിക്കിറങ്ങുന്ന ദയനീയകാഴ്ച ഇന്ന് എല്ലാ ജനതയുടെയും വേദനയായിത്തീർന്നിരിക്കുന്നുവല്ലൊ. ചുരുക്കത്തിൽ, മതങ്ങളും അവയുടെ വിശ്വാസങ്ങളും കഴമ്പില്ലാത്തവയായി ശോഷിച്ചുപോയിരിക്കുന്നു എന്നതാണ് ഇന്നത്തെ മാനുഷിക ദൈന്യത.

വിശ്വാസങ്ങൾ അനാവശ്യമാണെന്ന ഒരു സൂചനയും ഈ കുറിപ്പിൽ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും, മതപരമായ വിശ്വാസസംഹിതകളില്ലാതെയും പരലോകഭയത്തെയോ ലാഭത്തെയോ മറികടന്നും വ്യക്തിപരമായ സംതൃപ്തജീവിതം നയിക്കാനുള്ള സാധ്യതയും സ്വാതന്ത്ര്യവും ഇന്നേവർക്കുമുണ്ട്. പണ്ട് മനുഷ്യൻ അന്ധമായ വിശ്വാസങ്ങളിലൂടെ നേടിയിരുന്ന സുരക്ഷിതത്വബോധം ഇന്ന് അവയില്ലാതെയും നേടാവുന്നതാണ് എന്നാണ് അർത്ഥമാക്കുന്നത്.

ഒരാൾ നടക്കാനിറങ്ങുന്നു. ചുറ്റും കാണുന്ന പ്രകൃതിയിൽനിന്ന് ഏതെല്ലാം തരം പ്രചോദനങ്ങൾ ലഭ്യമാണെന്നത് ഓരോരുത്തരും സ്വയം പരീക്ഷിച്ചറിയേണ്ടതാണ്. ഉദാ: എണ്ണമറ്റ വ്യത്യസ്തതകളോടെ ഇലകളും പൂക്കളും വിരിച്ചു നിൽക്കുന്ന സസ്യങ്ങളെ ശ്രദ്ധിക്കുക. അവയിലൊന്നിനെ അടുത്ത് നിരീക്ഷിക്കുക. ഒരിലയുടെ ആകൃതി, നിറം, വിന്യാസം, ശാസ്ത്രം വെളിച്ചത്തു കൊണ്ടുവന്നിട്ടുള്ള അതിലെ ജൈവ, രാസപ്രവർത്തനങ്ങൾ, പഴുത്തുവീഴുന്നതുവരെയുള്ള അതിന്റെ പരിണാമങ്ങൾ എന്നിവയെയെല്ലാം സാധ്യമാക്കുന്ന ഒരു ഭാവനാവിലാസത്തിൽ നാം മയങ്ങിപ്പോകേണ്ടതാണ്. പ്രകൃതിയിലുള്ള എന്തിലുമുണ്ട്, അതീന്ദ്രിയമായ ഒരു തലത്തിലേയ്ക്ക് മനുഷ്യനെ ഉയർത്താനുള്ള കോപ്പുകൾ. അവയെ തേടിപ്പോകാനും അവയെ ഉൾക്കൊള്ളാനുമാകുന്നവർ സ്വന്തം സ്വത്വകേന്ദ്രീകരണത്തിൽ നിന്ന് രക്ഷപ്പെട്ട്, അലൗകികതയുടെ തലത്തിലേയ്ക്ക് ഉയരുന്നു. അപ്പോൾ, പ്രകൃതിയുടെ അവിഭാജ്യഘടകമായി നാം സ്വയം അറിയുന്നു. വിനയപൂർവ്വം സർവ്വാശ്ലേഷിയായ ഒരു ശക്തിക്ക് മുമ്പിൽ നമ്മുടെ മനസ്സും ശിരസും കുനിഞ്ഞുപോകുന്നു. നമ്മുടെ പരിധികളെപ്പറ്റിയുള്ള ബോധം ഒരു ഭാവനയല്ല, നഗ്നമായ സത്യം തന്നെയാണെന്ന് അംഗീകരിക്കാതെ, അഭയവും സുരക്ഷിതത്വവും അനുഭവവേദ്യമല്ല എന്ന് നാം മനസ്സിലാക്കുന്നു. നന്മതിന്മകളെപ്പറ്റിയുള്ള നമ്മുടെ അളവുകോലുകൾ അർത്ഥശൂന്യമായി ഭവിക്കുന്നു. പാവനമായ ഒരു പരിപാലനയിലേയ്ക്കു നമുക്ക് ഉൾക്കാഴ്ച കിട്ടുന്നു. ഈ ഗ്രാഹ്യം നാം നമ്മെത്തന്നെ

സ്വയമറിയുന്നതിന്റെ ഭാഗമായിത്തീരുന്നു. സ്വയം പ്രകടിപ്പിക്കുക എന്നതിലല്ല, മറിച്ച്, പ്രകൃതിയുടെ നന്മയിലുള്ള വിശ്വാസവും പങ്കു ചേരലുമാണ് സന്തോഷത്തിനും സംതൃപ്തിക്കും ആധാരമെന്ന് പതുക്കെപ്പതുക്കെ നാം മനസ്സിലാക്കുന്നു. ശിക്ഷിക്കാനറിയാത്ത, അതിനൊരിക്കലും ഇടയില്ലാത്ത, ഒരു ശക്തിക്ക് മുമ്പിൽ വ്യക്തിപരമോ അല്ലാതെയോ ഉള്ള അനുഗ്രഹങ്ങൾക്കായുള്ള യാചനയിൽ അർത്ഥ മില്ലെന്നും നേർച്ചകാഴ്ചകൾ തീർത്തും അപ്രസക്തങ്ങളാണെന്നും നാം തിരിച്ചറിയുന്നു. കാരണം, പ്രകൃതിൽ പക്ഷഭേദമില്ല. എവിടെയും ഒരേ നിയമം. അതിനെ കടത്തിവെട്ടാൻ ഒരുപാധിയും ആരുടെയും പക്കലില്ല. പ്രകൃതിയിൽ നിന്ന് വേറിട്ടൊരു ദൈവികശക്തിയെ അംഗീകരിക്കുക യുക്തിസഹമല്ലതാനും. മറ്റു വാക്കുകളിൽ, ദൈവികതയാണ് പ്രകൃതി യിലൂടെ പ്രത്യക്ഷീകരിക്കപ്പെടുന്നത്.

പാരമ്പര്യ വിശ്വാസരീതികളിൽ തഴങ്ങിപ്പോയവർക്ക് ഇവിടെ അസ്വസ്ഥതയുണ്ടാവുക സ്വാഭാവികമാണ്. എന്തെന്നാൽ, ദൈവമെന്ന സംജ്ഞകൊണ്ട് ഇന്ദ്രിയഗോചരമായവയുടെ പിന്നിൽ പ്രവർത്തിക്കുന്ന വേറിട്ട ഒരു ശക്തിയെന്നാണവർ ചെറുപ്പം മുതൽ ഉൾക്കൊണ്ടിരിക്കുന്നത്. ആ ധാരണയിൽ നിന്ന് മനസ്സിനെ മോചിപ്പിച്ച്, നമ്മിലെന്നപോലെ, മറ്റെല്ലാറ്റിലും അന്തർലീനമായിട്ടുള്ള, നമ്മെ ആനന്ദിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതിന്റെ പ്രതീകമായിട്ട് ദൈവികതയെ കാണാനാവുമെങ്കിൽ, ജീവിതവീക്ഷണം മൊത്തത്തിൽ വേറൊന്നായി ത്തീരും. അപ്പോൾ, ദൈവം നമ്മോട് ഒന്നും ആജ്ഞാപിക്കുന്നില്ല, ഒന്നിലും കൈയേറ്റം നടത്തുന്നില്ല, ശിക്ഷിക്കുന്നില്ല എന്ന സ്വാഭാവികമായ തിരിച്ച റിവിലെത്തും നാം. അതോടെ, എല്ലാറ്റിനെയും ഒരുമിപ്പിക്കുന്ന വൈവി ധ്യത്തിലെ ഏകത്വമായ ജീവചൈതന്യമായി ആ സാന്നിധ്യത്തെ നാം അനുഭവിച്ചുതുടങ്ങും.

ഈ ചിന്താരീതി കവിയുടേതാണെന്നു തോന്നിയേക്കാം. വാക്കു കളില്ലാത്ത കവിത. മതങ്ങളുടെ ആദ്യപ്രചോദനങ്ങളും കാവ്യാനുഭവങ്ങ ളായിരുന്നു എന്നോർക്കണം. പക്ഷേ, അവ ഘനീഭവിച്ച്, തത്ത്വങ്ങളും അനുഷ്ഠാനങ്ങളും ആയിത്തീർന്നപ്പോൾ അതിലെ കവിത പോയി. അതിലെ സത്യവും സൗന്ദര്യവും നഷ്ടഭൂതമായി. കാവ്യഭാവനയുള്ള ഒരു മനസ്സിനല്ലാതെ പ്രപഞ്ചസമസ്യകളെ സമന്വയിപ്പിച്ച് പ്രകാശിപ്പിക്കാനാ വില്ല. ശാസ്ത്രം നമുക്ക് പലതും മനസ്സിലാക്കിത്തരുന്നുണ്ട്. എന്നാൽ ആത്യന്തിക സത്യത്തിലേയ്ക്കുള്ള വഴി അതിനറിയില്ല. പ്രകൃതിയോടു ചേർന്ന് വളരുക, അതിന്റെ ആസ്വാദനത്തിലൂടെ മാത്രമാണ് സാദ്ധ്യമാ കുന്നത്.

ഒരു പനിക്കൂർക്കയുടെയോ തുളസിയുടെയോ കറിവേപ്പിന്റെയോ ഇലയിൽ ചെറുതായിട്ടൊന്നുരുമ്മുമ്പോൾ ഹൃദ്യമായ ഗന്ധം പരക്കുന്നു. *'കാലങ്ങളോളം ഞാനിവിടെയുണ്ടായിരുന്നു. ഇപ്പോഴിതാ നീയെന്നെ കണ്ടെത്തിയിരിക്കുന്നു'* എന്ന് ആ ചെടി നമ്മോടു പറയുകയാണ്. ആഴ മായ ഒരുൾക്കാഴ്ച ഇവിടെ ഒളിഞ്ഞിരിപ്പുണ്ട്. ഗന്ധപദത്തിന് മണമെന്നു മാത്രമല്ല അർത്ഥം. സംബന്ധം, സാമീപ്യം എന്നുമതിനു സാരമുണ്ട്. ഭൂമിയിലുള്ളതെല്ലാം ഞാനെന്ന മാലയിൽ കോർക്കപ്പെട്ടിരിക്കുന്നു. (ഗീ താദർശനത്തിൽ സി. രാധാകൃഷ്ണൻ) എന്ന അവബോധം വന്നുചേരു മ്പോളാണ്, ദാമ്പത്യസുഗന്ധം എന്ന ലേഖനത്തിൽ പറഞ്ഞതുപോലെ ഒരു പൂവിന്റെ ഗന്ധവും നമ്മെ അതിലേയ്ക്ക് അടുപ്പിക്കുന്നു എന്ന അനു വമുണ്ടാകുന്നത്.

ഒരു ജീവതരംഗം രൂപപ്പെട്ടും രൂപാന്തരപ്പെട്ടും മറ്റൊന്നിന്റെ വളർച്ചക്ക് കാരണ മായിത്തീരുന്നു. എവിടെയും ഇത് തുടർന്നുകൊണ്ടിരിക്കുന്നു. അതറി യുകയും അംഗീകരിക്കുകയും അതിന്റെ ഭാഗമാകാൻ സ്വയം ഒരുക്കു കയും വിട്ടുകൊടുക്കുകയും ചെയ്യുന്നതിലാണ് മനുഷ്യനുൾപ്പെടെയുള്ള എന്തിന്റെയും പൂർത്തീകരണത്തിനുള്ള സാദ്ധ്യത ഒളിഞ്ഞിരിക്കുന്നത്. അതു കണ്ടെത്തുന്നതിലാണ് സന്തുഷ്ടി. അതല്ലാതെ മറ്റൊരാരാധന ആവ ശ്യമില്ല. നിലനിൽപ്പിനും സൗഭാഗ്യത്തിനും മറ്റൊരു വഴിയുമില്ല. അതിലേ യ്ക്ക് നയിക്കാത്തതൊന്നും, യുക്തിയായാലും വിശ്വാസമായാലും, ജീവിത ത്തിൽ പ്രസക്തമല്ല.

❑

# 18

# മായയുടെ പ്രതിഭാസങ്ങൾ

**ചെ**റുപ്പക്കാരനായ നാരദന് ഒരു സംശയം. ശ്രീകൃഷ്ണനോട് അദ്ദേഹം ചോദിച്ചു: *മായയെന്നാൽ എന്താണ്, പ്രഭോ?* കൃഷ്ണൻ പറഞ്ഞു: *നല്ല ചോദ്യം, പക്ഷേ, ഒരുപകാരം ചെയ്യൂ, നാരദാ. എനിക്ക് വല്ലാതെ ദാഹിക്കുന്നു, ചെന്ന് അല്പം വെള്ളം കൊണ്ടുവരൂ.* നാരദൻ അടുത്തുള്ള നദിക്കരയിലേയ്ക്കോടി. അവിടെയതാ ഒരു സുന്ദരി കുളിക്കുന്നു. പതിയെ അടുത്തുകൂടിയ നാരദനും അവളുമായുള്ള ബന്ധം ഒരു കുടുംബവും കുട്ടികളുമായി വളരുന്നതുവരെ കാര്യങ്ങൾ നീണ്ടു പോയി. അങ്ങനെയിരിക്കേ, കവിഞ്ഞൊഴുകിയ നദി നാരദന്റെ പെണ്ണിനേയും കുഞ്ഞുങ്ങളേയുമെടുത്തു. വ്യസനാന്വിതനായി കൃഷ്ണന്റെയടുത്തെത്തിയ സുഹൃത്തിനോട് അദ്ദേഹം പറഞ്ഞു: *സംഭവങ്ങളൊക്കെയറിഞ്ഞു. പഴയ ആ ചോദ്യത്തിന് ഉത്തരവുമായി. മനസ്സിലായില്ലെങ്കിൽ മനസ്സിലാക്കൂ. ഇതൊക്കെയാണ്, നാരദാ, മായ.*

ചില ഏകാന്തനിമിഷങ്ങളിൽ, ഏതോ സത്യത്തിന്റെ ഒരു ചീള് പോലെ മനസ്സിലൊരു മിന്നലാട്ടം ആർക്കുമുണ്ടാകാം. എല്ലാം മായയല്ലേ, നമ്മെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്ന കോപ്രായങ്ങളൊക്കെ നമ്മുടെ അല്പബോധത്തിന്റെ സങ്കല്പസൃഷ്ടികളല്ലേ; എങ്കിൽ, ബോധം നിശ്ചലമാകുന്ന നിമിഷത്തിൽ, എന്നോടൊത്ത് ഇതെല്ലാം കെട്ടടങ്ങില്ലേ?

ബൈബിളിലെ സഭാപ്രസംഗകൻ എന്ന പുസ്തകം തുടങ്ങുന്നതിങ്ങനെ: *മിഥ്യകളിൽ മിഥ്യ, സകലവും മിഥ്യ, മിഥ്യകളിൽ മിഥ്യ ...... സൂര്യനു കീഴെ നടക്കുന്ന എല്ലാ പ്രവൃത്തികളും ഞാൻ വീക്ഷിച്ചു; എല്ലാം മിഥ്യയും പാഴ്വേലയുമത്രേ ..... യുവത്വവും ജീവിതത്തിന്റെ*

*പ്രഭാതവും മിഥ്യയാണ്.* (അ.11) സഭാപ്രസംഗകനിൽ ആകെയുള്ള പന്ത്രണ്ടദ്ധ്യായങ്ങളും ഇത്തരം ചിന്തകൾകൊണ്ട് നിറഞ്ഞവയാണ്.

നമ്മുടെ അനുദിനജീവിതത്തിൽ എല്ലാം തന്നെ മായ ആണെന്നുള്ളതിന് നമ്മുടെ ഉദയാസ്തമയങ്ങൾ പോലും ഉദാഹരണങ്ങളല്ലേ? വാസ്തവത്തിൽ സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുന്നില്ല. ഭൂമിയോടൊത്ത് നാമാണ് സ്വയം കറങ്ങിക്കൊണ്ട് സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നത്. അങ്ങനെ രാത്രിക്ക് കാരണമാകുന്നത്. നമ്മുടെ പിതാമഹന്മാർ സൂര്യനെ നിത്യപ്രകാശത്തിന്റെ, സത്യത്തിന്റെ, അറിവിന്റെ അണയാത്ത ദീപമായി കണക്കാക്കി ആരാധിച്ചിരുന്നു. അതിനു വെളിയിലുള്ളതൊക്കെയും അതിനെ മറയ്ക്കുന്നതൊക്കെയും മായ തന്നെ.

ഈ പുസ്തകത്തിലെ *കാഴ്ച്ചയുടെ പൊരുൾ* എന്ന ലേഖനത്തിന്റെ സംഗ്രഹം എതാണ്ടിങ്ങനെ ആയിരുന്നു: നമ്മുടെ ലോകം നമ്മുടെ മാത്രം സൃഷ്ടിയാണ്. അതായത്, പുറത്തുനിന്നും തുടർച്ചയായി എത്തുന്ന ഊർജ്ജപ്രസരങ്ങളെ വ്യാഖ്യാനിച്ച് നാം കണ്ടെത്തുന്ന യാഥാർഥ്യം (നാമനുഭവിക്കുന്ന ജീവൻ, ബോധം, അറിവ് എന്നിവയൊക്കെ) സുസ്ഥിരമായ അസ്തിത്വഭാവങ്ങളല്ല, മറിച്ച്, അനുനിമിഷം *നമ്മൾ* സൃഷ്ടിക്കുന്ന ഇന്ദ്രിയാനുഭവങ്ങളാണ്.

ഈ ചിന്താസരണി പൂർത്തീകരിക്കാനായാൽ, ഞാനും എന്നെ ചുറ്റിപ്പറ്റി നില്ക്കുന്നതെല്ലാവും എന്റെ ബോധപ്രക്രിയയുടെ സൃഷ്ടിയല്ലേ എന്ന് ചോദിക്കേണ്ടിവരും. ഇതൊരു ഭ്രാന്തൻചോദ്യമല്ല, മറിച്ച്, സത്യമാണ് എന്ന് സ്ഥിരീകരിക്കാനായാൽ, എത്ര വ്യത്യസ്തമായിരിക്കും ഓരോരുത്തരുടെയും ജീവിതവ്യാപാരം! അപ്പോൾ താരതമ്യങ്ങൾ അർത്ഥശൂന്യമാവും. സ്പർദ്ധ, വൈരാഗ്യം, മത്സരം എന്നതൊക്കെ പോഴത്തങ്ങളായി തിരിച്ചറിയപ്പെടും. നാമെത്തിപ്പിടിക്കാനാഗ്രഹിച്ചിട്ട് നടക്കാതെ നിരാശതയിലാണ്ടുപോകാൻ നമുക്ക് ഇടതരുന്നതൊന്നും സങ്കല്പത്തിലല്ലാതെ ഒരർത്ഥവുമുള്ളതല്ലെന്നു വന്നാൽ, മാനം, മഹത്വം, ആദരവ്, വിജയം എന്നിവയും അവയുടെ എതിർധ്രുവങ്ങളും നമ്മെ ശല്യംചെയ്യാതാവും. ഫലമോ, സുഖദായകമായ മന:ശാന്തി.

എങ്കിൽ, മായയെപ്പറ്റി ഒരു സൂക്ഷ്മപഠനം സാരവത്താണ്. ഒറ്റ വൈക്കോൽ വിപ്ലവം എന്ന തന്റെ ലോകപ്രശസ്തിയാർജ്ജിച്ച സുന്ദരകൃതിയിൽ മസനോബു ഫുക്കുവോക്ക പറയുന്നു: *ധൈഷണികമായ കാഴ്ചപ്പാടിലാണ് പ്രബലരും ദുർബലരും, വലുതും ചെറുതുമുള്ളത്..... എല്ലാം ശൂന്യമെന്ന് പറയുമ്പോൾ ബുദ്ധൻ ഉദ്ദേശിക്കുന്നത്, മനുഷ്യധിഷണയുടെ സൃഷ്ടിയായ ഒന്നിനും സഹജമായ ഉണ്മയില്ലെന്നാണ്.* അപ്രസക്തങ്ങളായ കാര്യകാരണബന്ധങ്ങളെ സൃഷ്ടിച്ചാണ് നമ്മുടെ

മനസ്സ് യാഥാർത്ഥ്യങ്ങളെന്ന പ്രത്യക്ഷഭാവങ്ങളെയുണ്ടാക്കുന്നത്. യാഥാർഥ്യമെന്നാൽ *അവിടെയുള്ളതായി നാം കരുതുന്നതെന്തോ, അതാണ്.* ലളിതമായ ഭാഷയിൽ, അവിടെയുള്ളത് പരമാർത്ഥമല്ല, മറിച്ച്, നമുക്കുമുന്നിൽ സ്വയം പ്രദർശിപ്പിക്കുന്ന പ്രകൃതിയെ നാം അളന്നെടുക്കുന്ന ഒരു രീതി മാത്രമാണ്. പരമാർത്ഥത്തെയറിയാൻ ഇന്ദ്രിയങ്ങൾക്കു യാതൊരു കഴിവുമില്ല.

രസകരമായ ഒരു പരീക്ഷണത്തിൽ (lesion studies) ഭൗതികശാസ്ത്രജ്ഞന്മാർ കണ്ടെത്തി: യാഥാർഥ്യങ്ങളെപ്പറ്റി മനസ്സിലുണ്ടാകുന്ന ബിംബങ്ങൾ തലച്ചോറിന്റെ വ്യത്യസ്ത കേന്ദ്രഭാഗങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഈ കേന്ദ്രഭാഗങ്ങൾക്ക് ക്ഷതംപറ്റുകയോ, അവ മുറിച്ചുമാറ്റുകയോ ചെയ്താൽ അതുമായി ബന്ധപ്പെട്ട ഐന്ദ്രികാനുഭവം അപ്രത്യക്ഷമാകും. ഉദാഹരണത്തിന്, സ്ഥാനവ്യതിയാനവും വേഗവുമാണ് നമുക്ക് ഇടത്തെപ്പറ്റിയുള്ള ബോധംതരുന്നത്. അതുമായി ബന്ധപ്പെട്ട ഭാഗം തലച്ചോറിൽ നിന്ന് നീക്കം ചെയ്താൽ, ഈ മാനസികാനുഭവങ്ങളും ഇല്ലാതാകും. (നാഡീശാസ്ത്രത്തിന്റെ ഇത്തരം വിവിധ പരീക്ഷണങ്ങളെപ്പറ്റി വിശദീകരിച്ചെഴുതുന്ന ഡോ. കെ. രാജശേഖരൻ നായരുടെ തുടർലേഖനങ്ങൾ മലയാളം സമകാലിക വാരികയിൽ വന്നിരുന്നു. 2009 ജൂലൈ 30ലെ ലക്കത്തിലേത് വളരെ നീണ്ടതും രസകരവുമാണ്..) ഇങ്ങനെ നോക്കിയാൽ, ഇന്ദ്രിയാനുഭവം ഇല്ലാതാകുന്നതോടേ, ഒരുവന് ജീവൻ (ആന്തരികാവബോധം) തന്നെ അന്യമായിത്തീരുന്നു. അതായത്, യാഥാർത്ഥ്യബോധത്തിന്റെ നഷ്ടം. അങ്ങനെയെങ്കിൽ, നമ്മുടെ യാഥാർത്ഥ്യങ്ങളും അവയുടെ സഹജഭാവങ്ങളായ ഇടവും സമയവും (space and time), നിറവും സ്വരവും മണവുമൊക്കെപ്പോലെതന്നെ, അസ്തിത്വത്തിന്റെ സ്ഥായിയായ ഗുണങ്ങളേയല്ല. "Space and time are modes by which we think, and not conditions in which we live." (Albert Einstein) നമ്മുടെ ജീവിതംതന്നെ എന്തിന്റെയോ ഒക്കെ പാർശ്വഫലങ്ങളും അതിനാൽ താല്ക്കാലികവുമാണ്! അപ്പോൾ, നാം ജീവിതത്തിൽ വിലമതിക്കുന്ന കാര്യകാരണങ്ങളും ചരിത്രപാരമ്പര്യാദികളുമെല്ലാം വെറും മായ മാത്രമാണ്. യാഥാർത്ഥ്യത്തിന്റെ പിന്നിലെ പരമാർത്ഥമെന്തെന്നു നമുക്കറിയില്ലതന്നെ. പരമാർത്ഥത്തെപ്പറ്റി ഇന്ദ്രിയാതീതമായ അറിവുണ്ടാവാമെന്നും അതിലെത്തിയവരുണ്ടെന്നും നാം വായിക്കാറുണ്ട്. എന്നാൽ ഇതിലെത്രമാത്രം സത്യമുണ്ടെന്ന് എങ്ങനെ നിശ്ചയിക്കും? അതിന് മാനുഷികമായ മാനങ്ങളില്ല. മനുഷ്യനും അവന്റെ വിലപ്പെട്ട ജീവനും അപ്പോൾ എന്താണ്? മായ, മഹാമായ!

മഹാമായക്ക് ഹൈന്ദവചിന്തയിൽ ദേവീപദവി തന്നെ കല്പിച്ചുകൊടുത്തിട്ടുണ്ട്. ഈ ദേവിയാണ് ഓരോരുത്തരെയും മറ്റുള്ളതിൽ നിന്ന് വ്യത്യസ്തരാക്കുന്നത്. ഈ വൈവിദ്ധ്യം ഒരേ സമയം സൗന്ദര്യവും കെണിയുമാണ്. മഹാമായാദേവിയെ അറിയുകയെന്നാൽ, പരമമായ അറിവ് നേടുക എന്നാണ്! ഈ കാണുന്നതെല്ലാം ഇല്ലാക്കാഴ്ചയാണെന്ന മഹാജ്ഞാനം നമ്മുടെ പൂർവ്വികർ എത്രയോ മുൻപുതന്നെ കണ്ടെത്തിയിരുന്നു, നമ്മുടെ ലോകം ഒരു പ്രതിഭാസമാണെന്നും, അതിനെ അവലംബിച്ചുള്ള ജീവിതം മിഥ്യയാണെന്നും. അവർക്കതിനു സാധിച്ചത് ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള പഠനത്തിലൂടെയാണ്.

ഇന്ദ്രിയാണാം തു സർവേഷാം
യദ്യേകം ക്ഷരതീന്ദ്രീയം
തേ നാസ്യ ക്ഷരതി പ്രജ്ഞാം
ദൃത്യൈ പാദാദിവോദകം . (മനുസ്മൃതി 2,99)

അതായത്, ഇന്ദ്രിയങ്ങളിലൊന്ന് അതിന്റെ വിഷയങ്ങളിൽ നിന്ന് ഊർന്നുപോയാൽ (സ്വാധീനമാകാതിരുന്നാൽ), അയാളുടെ പ്രജ്ഞ പോലും തോല്ത്തുരുത്തിലെ ദ്വാരത്തിലൂടെ വെള്ളം ചോർന്നുപോകുന്നതുപോലെ നഷ്ടപ്രായമായിത്തീരുന്നു.

കുറേ നാളത്തെ സമ്പുഷ്ടമായ ഇന്ദ്രിയപ്രവർത്തനങ്ങൾക്കുശേഷം ഒന്നൊന്നായി അവയെ നഷ്ടപ്പെടുന്നയാളിനു ബോധപ്രക്രിയ ഇല്ലാതാവുമോ? യുക്ത്യാനുസൃതമായി, ഒരിക്കൽ രൂപംകൊണ്ട ആന്തരികാവബോധങ്ങൾ ഇല്ലാതാകണമെന്നില്ല. എന്നാൽ, ഇന്ദ്രിയപ്രക്രിയ ശരീരത്തിന്റെ പൊതുവായ ആരോഗ്യനിലയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, ആരോഗ്യനഷ്ടം ഇന്ദ്രിയങ്ങളെയെന്നപോലെ ബോധപ്രക്രിയയെയും ബാധിക്കും. ജീവൻ ആരോഗ്യവുമായും ബോധാവസ്ഥ ജീവനുമായും പരസ്പരാശ്രിതത്വം പുലർത്തുന്നതിനാൽ, ആദ്യത്തെ രണ്ടിന്റെയും നാശത്തോടെ ബോധവൃത്തിയും നിശ്ചലമാകണം. എങ്കിൽ, മരണശേഷം ഇവയിലെന്തെങ്കിലും ബാക്കിയിരിക്കുന്നത്, യുക്തിക്ക് നിരക്കുന്നതല്ല. പക്ഷേ, യുക്തിയും മനുഷ്യന്റെ ഒരപൂർണ യുപകരണം മാത്രമാണെന്നോർക്കണം. തീർത്തും യുക്ത്യാവലംബമായ വഴികളിലൂടെ പ്രപഞ്ചരഹസ്യങ്ങളെ ഗ്രഹിക്കാനാവില്ലെന്ന് ആധുനികശാസ്ത്രം പോലും ഇന്നംഗീകരിച്ചുപോരുന്നു.

മായ എന്ന വാക്കുകൊണ്ട് ഭാരത ഋഷികൾ ഉദ്ദേശിച്ചതെന്താണ്? നമ്മുടെ യാഥാർത്ഥ്യങ്ങൾക്ക്, അതായത്, നമ്മൾ അളന്നെടുക്കുന്നവയ്ക്ക്, (യഥാ = എങ്ങനെ - എങ്ങനെ കാണുന്നുവോ അങ്ങനെയുള്ളത്) പരമാർത്ഥവുമായി സാധർമ്യം ഉണ്ടാവാനാവില്ല. പരമമായ അർത്ഥം

പരമമായ സത്തയുടേത് മാത്രമാണ്. പരിമിതമായതിന് അപാരമായതിനെ അളക്കാനാവില്ല. അതിന്റെ ചില മായികലീലകളുമായി നമ്മൾ നടത്തുന്ന electro-magnetic interactionsന്റെ ഫലമാണ് നാം കാണുന്നതിനും അനുഭവിക്കുന്നതിനും പിന്നിലുള്ളത്. കൂടുതൽ കൃത്യമായി പറഞ്ഞാൽ, നമ്മോട് അവ നടത്തുന്ന electro-magnetic interactionsന്റെ പ്രതിഫലനമാണ് നമ്മുടെ ലോകം. അതിനപ്പുറത്തൊരു ജ്ഞാനമുണ്ടെങ്കിൽ, അത് മാത്രമേ സത്യവും സ്ഥിരവുമായിട്ടുള്ളൂ. പ്രകാശമാണ് എല്ലാറ്റിനും ആധാരം. വെളിച്ചമുണ്ടാകട്ടെ എന്നാണ് ആദിവചനം. എല്ലാ അറിവും പ്രകാശമാണെങ്കിലും അനന്തമായ അറിവ് പ്രകാശത്തെത്തന്നെ അറിയുകയാണ്. അതായത്, പ്രകാശമായിത്തീരുകയാണ്. ബാക്കിയെല്ലാം ഇന്ദ്രിയനഷ്ടത്തോടെ, അല്ലെങ്കിൽ മരണത്തോടെ, തീർച്ചയായും, ഇല്ലാതാകും.

Cognitive Neuroscience എന്ന ശാസ്ത്രശാഖയുടെ നിഗമനങ്ങളനുസരിച്ച്, നമ്മുടെ ജീവിതത്തെ ബാധിക്കുന്നതെല്ലാം കാഴ്ച, വികാരം, ചിന്ത eletcro-magnetic waves തലച്ചോറിലുണ്ടാക്കുന്ന വ്യതിചലനങ്ങളല്ലാതൊന്നുമല്ല. മതവിശ്വാസങ്ങൾ, ഭക്തി, ആത്മീയത, ബോധോദയം എന്നിവയും അതിലപ്പുറമൊന്നുമല്ലെന്നു കരുതുന്നവർ ഏറിവരുന്നു. അതായത്, ഇവയും മനസ്സ് നിർമ്മിക്കുന്ന ഭാവനകളത്രേ.

എല്ലാം മായ എന്ന് നിരീക്ഷിക്കുമ്പോഴും, ജീവന്റെ ഒരു കണിക നമ്മിൽ കത്തിനിൽക്കുന്നു എന്ന സത്യം ബാക്കിയുണ്ട്. ആ ജീവന് മാത്രമാണ് ജീവനെ കാണാനാവുന്നതും അത് വിവരിക്കാനാവാത്ത ഒരദ്ഭുതമാണെന്ന് അറിയാനാവുന്നതും. അതുമാത്രമാണ് കാതൽ. *മറ്റെന്തിനേക്കാൾ വിലകൊടുക്കേണ്ടത് ജീവനാണ്. കാരണം, ജീവൻ പരിശുദ്ധമാണ്.* (Einstein) അതിനപ്പുറവുമിപ്പുറവും ഭാവനാസൃഷ്ടികളാണ്; അവ കുമിളകൾ പോലെ പൊട്ടുമ്പോൾ ശൂന്യതയാണ് ബാക്കി.

വൈവിധ്യത്തിലേകത്വം കണ്ടുകൊണ്ട് അതാസ്വദിക്കാനായാൽ ജ്ഞാനമായി. അപ്പോൾ, ചെറുതും വലുതും, ഇന്നും ഇന്നലെയും, നീയും ഞാനും പോലും അപ്രത്യക്ഷമാകും. ഋഗ്വേദത്തിൽ ഇങ്ങനെ കാണുന്നു: *സമാനോ മന്ത്ര: സമിതിസ്സമിനീ സമാനം മനസ്സഹ ചിത്തമഷാം.* (ജീവന്റെ എല്ലാ കണികകളേയും ഒരേ കടലിലെ വെള്ളത്തുള്ളികളെപ്പോലെ കാണുക.)

❑

# 19

# അറിയുമോ, ഈ യേശുവിനെ?

ക്രൈസ്തവ മാതാപിതാക്കൾ ജന്മം തന്നെങ്കിലും അവരുടെ മതത്തോടു കൂറ് പുലർത്താൻ ഞാനൊരിക്കലും നിർബന്ധിതനായിട്ടില്ല. ആദർശശാഠ്യവും വിശ്വാസവും ഒരുപോലെ ശക്തിക്ഷയത്തിനേ ഉതകൂ; രണ്ടും യാഥാർത്ഥ്യത്തിൽ നിന്നോടിയൊളിക്കലാണ്, യാന്ത്രികമായിത്തീരുകയാണ് എന്നതാണ് എന്റെ കണ്ടെത്തൽ. അതുകൊണ്ട്, യേശുവിനെ പുറത്ത് നിന്നുകൊണ്ട് അറിയുന്നവനായിട്ടാണ് ഞാനിതെഴുതുന്നത്. കൂട്ടുകൂടാനും ഇടയ്ക്കു പിണങ്ങാനുമനുവദിക്കുന്ന ഒരു യുവസുഹൃത്താണ് എനിക്ക് യേശു. ദൈവപുത്രന്റെ 'ഗമ'യൊരിക്കലും അദ്ദേഹത്തിന് ഞാൻ അനുവദിച്ചുകൊടുത്തിട്ടില്ല. ഒരു രക്ഷകനോടുള്ള നന്ദിയുടെ കടമയും എനിക്ക് തോന്നിയിട്ടില്ല. ചോരയും നീരുമുള്ള മനുഷ്യപുത്രനായിട്ടാണ് ഞാൻ അദ്ദേഹത്തെയറിഞ്ഞിട്ടുള്ളത്. യേശുവേ സ്തോത്രം, യേശുവേ ആരാധന എന്നാവർത്തിച്ചുകൊണ്ട് ചില 'കാരിസ്മാറ്റിക്' പ്രഘോഷകർ നിന്ന് തുള്ളുന്നത് കാണുമ്പോൾ, ഇതെന്തു തമാശയെന്നേ ഞാൻ കരുതാറുള്ളൂ. എന്നാൽ മനുഷ്യാത്മാവിനെ ശക്തിപ്പെടുത്തുകയും ചിറകുകളേകി അതിനെ പറക്കാൻ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു മാന്ത്രികനോടുള്ള വിസ്മയകരമായ അടുപ്പം എനിക്കു യേശുവിനോടുണ്ട്. അങ്ങോട്ടുമിങ്ങോട്ടും കുറ്റപ്പെടുത്താനുള്ള സ്വാതന്ത്ര്യത്തിന്റെ വശ്യതയും ഈ കൂട്ടുകെട്ടിലുണ്ട്. ഇത്രയും സ്വകാര്യതയുടെ ഉദാരത എനിക്കനുവദിക്കാനാകാത്തവർ ഈ ലേഖനം വായിച്ചിട്ട് കാര്യമില്ല.

അടിത്തട്ടു കാണാവുന്ന ഒരു നദിയിലേയ്ക്കിറങ്ങുന്നതു പോലെയാണ് ഞാൻ യേശുവിനെ കണ്ടെത്തിയത്. ഇരു കരയും കവിഞ്ഞ്, കനത്ത പാറകൾക്കിടയിലൂടെ മന്ദമായി ഒഴുകുന്ന ഒരാറു പോലെ; മറ്റുറവകൾ അതിലേയ്ക്ക് ലയിച്ചുചേരുന്നു, ഇന്നലെത്തേപ്പോലെ ഇന്നും. ഇരുതീരത്തും പച്ചപ്പുള്ള കൂറ്റൻ മരങ്ങൾ. ഓരോ ഉദയസൂര്യനും അസ്തമയവും അതിനെ സ്വർണ്ണപ്രഭയിൽ മുക്കുന്നു. ഉത്ഭവമെവിടെയെന്നറിയാത്ത, ധാരാളിത്തത്തിന്റെ ധന്യതയായി അതൊഴുകിക്കൊണ്ടിരിക്കുന്നു.

അവൻ കാറ്റിനെതിരേ നടന്നു. അവന്റെ മേലങ്കി പാറിപ്പറന്നു. ആകാശത്തിനും ഭൂമിക്കുമിടയിൽ അവനല്ലാതെ ആരുമില്ലായിരുന്നു. അപ്പോൾ അവന്റെ കൈയിൽ കടന്നുപിടിക്കാനാവുക, അതെനിക്ക് പറുദീസയുടെ കുളിർമ്മയാകുന്നു. ദൈവരാജ്യത്തിന്റെ മോടികളും അവിടെ സ്വർണ്ണസിംഹാസനങ്ങളും വേണ്ടവർ അവ പങ്കിട്ടെടുത്തുകൊള്ളട്ടെ. ആരെക്കുറിച്ചോർക്കുമ്പോൾ, എനിക്കാത്മാവിൽ കാറ്റ്പിടിക്കുന്നുവോ, മറ്റെല്ലാം മറക്കാനാവുന്നുവോ, അതാണെനിക്ക് യേശു. അവനാകുന്ന ജലാശയത്തിന്റെ ആഴത്തിലേയ്ക്കിറങ്ങുമ്പോൾ, വെട്ടിത്തിളങ്ങുന്ന വെള്ളത്തിന്റെ നീലിമയിൽ ഞാൻ അലിഞ്ഞില്ലാതാകുന്നു.

ഇത്ര വശ്യമായ വ്യക്തിപ്രാഭവമുള്ള യേശുവിന്റെ ഒട്ടുംതന്നെ പുരുഷസൗന്ദര്യമില്ലാത്ത രൂപങ്ങളും പടങ്ങളുമാണ് ചെറുപ്പം മുതൽ പള്ളികളിലും മിക്ക ക്രിസ്തീയ വീടുകളിലും ഞാൻ കണ്ടിട്ടുള്ളത്. മനുഷ്യരുടെ പാപങ്ങൾ മാത്രം ഓർത്തുനടന്നിരുന്ന *ദൈവപുത്രൻ* ഒരിക്കലും ചിരിച്ചിട്ടില്ലെന്നൊക്കെ ഒരു കാലത്ത് സഭയിലെ തീവ്രവാദികൾ പറഞ്ഞുതന്നിരുന്നു. അങ്കിക്ക് പുറത്ത്, രക്തമൊലിക്കുന്ന അല്ലെങ്കിൽ തീനാളമുള്ള ചങ്കുമായി, ഏതാണ്ടൊരു സ്ത്രൈണഭാവം പൂണ്ട 'തിരുഹൃദയത്തിന്റെ' പടം കാണുമ്പോഴൊക്കെ 'ഇതല്ലല്ലോ സുവിശേഷത്തിലെ യേശു' എന്ന് ഞാൻ വളരെ നീരസത്തോടെ ഓർത്തിരുന്നു. വളരെക്കാലം മനസ്സിൽ കൊണ്ടുനടന്നിരുന്ന ഒരാഗ്രഹമാണ്, ആണത്തം തുളുമ്പുന്ന, സുസ്മേരവദനനായ, യേശുവിന്റെ ഒരു ചിത്രം വരക്കണമെന്നത്. മൂന്നു വർഷം മുൻപ് അതു സംഭവിച്ചു. നാലഞ്ചു ദിവസമെടുത്ത്, എന്റെ ഭാവനയിലുണ്ടായിരുന്ന യേശുവിന്റെ മുഖം ഓയിൽപെയിന്റുകൊണ്ട് ഞാൻ കാൻവാസിൽ പകർത്തി. വിരിഞ്ഞുവരുന്ന ഒരു മന്ദഹാസത്തിന്റെ പരിമളവും ആത്മാവിന്റെ ഉള്ളറകൾവരേയെത്തുന്ന നോട്ടവുമുള്ള ഒരു ചെറുപ്പക്കാരൻ യഹൂദന്റെ മുഖം. എന്തൊരു വശ്യത, ആ കണ്ണുകളിൽ! എനിക്കഭിമാനം തോന്നി. എന്നെപ്പോലെ സ്വന്തം യേശുവിനെ മനസ്സിൽ സങ്കൽപ്പിച്ചിരുന്നവർ വേറെയുമുണ്ടായിരുന്നു

എന്നതിന് തെളിവാണ് സക്കറിയയുടെ ഒരു പുസ്തകച്ചട്ടയിൽ കണ്ട, പൊട്ടിച്ചിരിക്കുന്ന യേശുവിന്റെ മുഖം. അതുപോലെ ധാരാളം ചിത്രീ കരണങ്ങൾ ഇപ്പോൾ ഇന്റർനെറ്റിലും കണ്ടെത്താൻ കഴിയും.



എന്നാൽ പടം മാത്രമല്ല മാറേണ്ടത്. യേശുവിനെപ്പറ്റി പള്ളിയിൽ നിന്നും ധ്യാനപ്രഘോഷകരിൽ നിന്നും മറ്റും കിട്ടുന്ന ധാരണയും സുവി ശേഷങ്ങളിൽ നാം കണ്ടുമുട്ടുന്ന യേശുവും തമ്മിൽ വല്ലാത്ത അന്തര മുണ്ട്. ഇതൊരു പുതിയ കണ്ടെത്തലൊന്നുമല്ല. ബൈബിൾ പഠനം ഒരു സ്വതന്ത്ര വ്യവഹാരമായിത്തീർന്ന നാൾമുതൽ എണ്ണമറ്റ ശ്രമങ്ങൾ നടന്നിട്ടുണ്ട്, യേശുവിന്റെ യഥാർത്ഥ വ്യക്തിത്വത്തെ മനസ്സിലാക്കാൻ. ഈ ലേഖനവും അത്തരമൊരു ശ്രമമാണ്. പലയെഴുത്തുകാർ അതിലെ നിക്ക് മാർഗ്ഗനിർദ്ദേശം തന്നിട്ടുണ്ടെങ്കിലും, എനിക്കേറ്റവുമുപകരിച്ചത്, Peter de Rosaയുടെ രചനയാണ് (Der Jesus-Mythos, Drömer Knaur, 1991, München).

സുവിശേഷഗ്രന്ഥങ്ങളിലൂടെ ഉരുത്തിരിയുന്നത് വിശ്വാസയോഗ്യമായ യേശുച്ചരിത്രമാണെന്ന് വിശ്വസിക്കുന്നവർ ഇന്നും ഏറെയുണ്ട്. എഴുത പ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സങ്കീർണ്ണവും വൈരുദ്ധ്യാത്മകവുമായ ഒരു കൃതിയാണ് ബൈബിൾ എന്നറിയാത്തതുകൊണ്ടാണത്. ഉത്തമ വിശ്വാ സിയായ എന്റെയൊരു സുഹൃത്ത് തന്റെ പെണ്മക്കളെ ഒരു നല്ല ശീലം

പഠിപ്പിച്ചു: ദിവസവും ബൈബിളിലെ ഒരദ്ധ്യായം വായിക്കുക. ഒന്നര വയസ്സിന്റെ പ്രായവ്യത്യാസം മാത്രമുള്ള അവരിരുവരും മുഴുവൻ പുസ്തകവും ഒരുവട്ടം വായിച്ചു. രണ്ടാം തവണ സംഭവിച്ചതെന്തെന്നോ? ആരോൺ വടി നിലത്തിട്ടതേ, അതു സർപ്പമായി മാറിയതും, ഇസ്രായേൽ ജനത്തിന്റെ രക്ഷക്കായി കടൽ രണ്ടായി വിഭജിച്ചതും എത്തിയതോടെ, മൂത്തവൾ സംശയം ചോദിച്ചു തുടങ്ങി. ഇതൊക്കെ സംഭാവ്യമാണോ, സത്യമാണോ? ഏതായാലും, അവൾ വായന നിറുത്തി. ഇളയവളാകട്ടെ, വാച്യാർത്ഥങ്ങൾക്ക് വിലകൽപ്പി ക്കാതെ, അവയൊക്കെ വളരെ രസമുള്ള കഥകളും കവിതകളുമായി വീണ്ടും ആസ്വദിച്ചുതന്നെ വായിച്ചുകൊണ്ടിരുന്നു. ബൈബിൾ സാവധാനം അവൾക്കൊരു സാഹിത്യകൃതിയായി മാറുകയായിരുന്നു. അതുതന്നെയാണ് സത്യവും. ബൈബിളിന്റെ പഴയതും പുതിയതുമായ ഭാഗങ്ങൾ ചരിത്രകൃതികളല്ല, സാഹിത്യകൃതികളാണ്. അങ്ങനെയെടുത്താൽ അവ വായിക്കുക രസകരമാണ്. അവയുടെ ഉള്ളടക്കത്തെ അങ്ങനെത്തന്നെ ദൈവനിവേശിതവും അക്ഷരാർത്ഥത്തിലെടുക്കേണ്ടവയുമായി കരുതിയിരുന്ന കാലം പണ്ടേ കടന്നുപോയി.

ദൈവവചനമായി യഹൂദർ കരുതിപ്പോരുന്ന ഹീബ്രൂ ബൈബിൾ തന്നെയായിരുന്നു ഏതാണ്ട് ആദ്യനൂറ്റാണ്ടിന്റെ പകുതിവരെ ക്രിസ്ത്യാനികളുടെയും ഏക മതഗ്രന്ഥം. ആ സമയത്തോടടുത്തോ, അതിന് ശേഷമോ എഴുതപ്പെട്ട അനേകം സുവിശേഷകൃതികളിൽ നാലെണ്ണവും, അപ്പോസ്തലരുടെ പ്രവൃത്തികൾ എന്ന രചനയും, അവരുടെ 21 കത്തുകളും, വെളിപാട് എന്ന എഴുത്തും ഉൾപ്പെടുന്നതാണ് പതുക്കെപ്പതുക്കെ സഭയുടെ അടിസ്ഥാന വേദഗ്രന്ഥമായിത്തീർന്ന പുതിയ നിയമം. മേൽപ്പറഞ്ഞവയ്ക്ക് സമാനമായി ധാരാളം രചനകൾ വെളിച്ചം കണ്ടെങ്കിലും, അവയിൽ നിന്ന്, അപ്പസ്തോലികപാരമ്പര്യത്തോട് യോജിക്കുന്നവയെ തിരഞ്ഞെടുത്ത്, ഔദ്യോഗികമായ വേദഗ്രന്ഥസമാഹാരമുണ്ടാക്കിയത് നാലാം നൂറ്റാണ്ടോടുകൂടി മാത്രമാണ്. (കൂടുതൽ വിവരങ്ങൾക്ക് കാണുക - Abington Dictionary of Living Religions)

ഡിസംബർ 24, 2006ലെ മാതൃഭൂമി വാരികയിൽ ഡോ. ജേക്കബ് നാലുപറയിലിന്റെ ഒരു ലേഖനമുണ്ടായിരുന്നു. അപ്പോക്രിഫാ സുവിശേഷങ്ങളെപ്പറ്റിയുള്ള ഈ വളരെ നല്ല രചനക്ക് മുഖവുരയായി ഇങ്ങനെ കൊടുത്തിരുന്നു. *ഔദ്യോഗിക സുവിശേഷങ്ങൾക്ക് വെളിയിലേയ്ക്ക് യേശുവിന്റെ വ്യക്തിത്വത്തെ വളർത്തുന്നുണ്ട്, നിഗൂഢഗ്രന്ഥങ്ങളായി അറിയപ്പെടുന്ന അപ്പോക്രിഫാ സുവിശേഷങ്ങൾ. പാർശ്വവത്ക്കരിക്കപ്പെട്ട ക്രിസ്തീയതയുടെ ആത്മാവിനെയുൾക്കൊള്ളുന്ന ഈ സുവിശേഷ*

*ങ്ങളുടെ വായന ക്രിസ്തുവ്യക്തിത്വത്തെ വൈവിധ്യവത്ക്കരിച്ചുകൊണ്ട്, മഹത്വവത്ക്കരിക്കുന്നതിനോടൊപ്പം യൂദാസിനെയും മഗ്ദലന മറിയത്തെയും കുറിച്ചുള്ള പരമ്പരാഗത വിശ്വാസങ്ങളെ അട്ടിമറിക്കുന്നു മുണ്ട് ..... യേശു സ്ത്രീകൾക്ക് നൽകുന്ന കേന്ദ്രസ്ഥാനത്തെ ഇവ ഉറപ്പിക്കുന്നു.* ലേഖകൻ പരാമർശിക്കുന്ന മഗ്ദലേന മറിയത്തിന്റെ, പത്രോസിന്റെ, ഫിലിപ്പിന്റെ, യൂദാസിന്റെ, തോമസിന്റെയൊക്കെ സുവിശേഷങ്ങൾ ഒരു കാലത്ത് ഉപയോഗത്തിലിരുന്നുവെന്നും ഈ കൃതികളിലൊന്നുപോലും രചിച്ചത് സൂചിതയായ/സൂചിതനായ വ്യക്തിയല്ലെന്നും ഗ്രഹിക്കണമെങ്കിൽ, സുവിശേഷഗ്രന്ഥ രൂപീകരണ ത്തിന്റെ രീതിയും ചരിത്രവും മനസ്സിലാക്കേണ്ടതുണ്ട്. ഡോ. നാലു പറയിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ, യേശുവിന്റെ ഭൗമികജീവിതം സുവിശേഷങ്ങളായി പരിണമിച്ചതിന്റെ ചരിത്രഗതി നാം അറിഞ്ഞിരിക്കേ ണ്ടതാണ്.

ശാസ്ത്രീയ രീതികൾ അനുസരിച്ചുള്ള ബൈബിൾപഠനം കഴിഞ്ഞ അമ്പത് വർഷങ്ങൾക്കുള്ളിൽ വളരെയധികം മുന്നേറിയിട്ടുണ്ട്. മൂല കൃതികളെ അതിസൂക്ഷ്മമായി വിശകലനം ചെയ്തും, അവയിൽ ഉപയോഗിച്ചിരുന്ന ഭാഷാശൈലി, സാഹിത്യരൂപങ്ങൾ എന്നിവയെ അപഗ്രഥിച്ചും, രചനയുടെ കാലം, കർത്താവ് അല്ലെങ്കിൽ കർത്താക്കൾ ആര് എന്നിവ കണ്ടെത്തിയുമാണ് ഇത് സാധ്യമാക്കുന്നത്. തത്ഫലമായി, അതുവരെ മുറുകെപ്പിടിച്ചിരുന്ന പല നിഗമനങ്ങളേയും ചോദ്യംചെയ്യാൻ ശാസ്ത്രബോധവും സത്യസന്ധതയുമുള്ള ഗവേഷകർ നിർബന്ധിത രായിത്തീരുന്നു. ഉദാഹരണത്തിന്, താൻ യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായിരുന്നു, യേശു സവിശേഷമായി സ്നേഹിച്ചിരുന്ന വനായിരുന്നു എന്നൊക്കെ നാലാമത്തെ സുവിശേഷകർത്താവ് ആവർ ത്തിച്ചു സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും, അതിൽ സത്യമില്ല എന്നതാണ് വസ്തുത. ആ കൃതിയുടെ ഉദ്ഭവത്തിന് നാല്പതു വർഷം മുമ്പെങ്കിലും തന്റെ സഹോദരൻ യാക്കോബിനോടൊപ്പം യേശുശിഷ്യനായിരുന്ന യോഹന്നാൻ വധിക്കപ്പെട്ടിരുന്നു. ഈ സുവിശേഷമാകട്ടെ, ഒരു ദൈവജനത്തിന്റെ നീണ്ട ധ്യാനമാണ്, അല്ലാതെ, കൃതിയുടെ ഏറ്റവു മൊടുവിൽ ഗ്രന്ഥകർത്താവ് പറയുന്നതുപോലെ, "യേശുവിന്റെ ചെയ്തി കളിൽ ചിലതു മാത്രമാണ് താൻ കുറിച്ചിരിക്കുന്നത്" എന്നതിലെ വാച്യാർത്ഥം അസ്ഥാനത്താണ്. ചരിത്രബന്ധിതമായതൊന്നും ഈ സുവിശേഷം ഉൾക്കൊള്ളുന്നില്ല എന്നാണ് പണ്ഡിതമതം. ഒടുവിലത്തെ അത്താഴവേളയിലേതായി നാം വായിക്കുന്ന യേശുവിന്റെ ഹൃദയസ്പർ ശിയായ, അതിസുന്ദരമായ ആ സംഭാഷണം അതേവിധം നടന്നതല്ല.

ഒരു രാത്രിയിലവിടുന്ന് നിക്കദൈമൂസുമായി നടത്തിയ സംസാരവും പൊള്ളുന്ന വെയിലത്ത് ഒരു കിണറിന്റെ അരികിലിരുന്ന് ഒരു സമേരിയക്കാരി സ്ത്രീയുമായി ഉണ്ടായ ചർച്ചയുമൊക്കെ പ്രത്യേക ലക്ഷ്യത്തോടെ ഗ്രന്ഥകർത്താക്കൾ പിന്നീട് നെയ്തെടുത്ത ഭാവനാ സൃഷ്ടികളാണ്. അതുപോലെ കാനായിലെ കല്യാണവിരുന്നിൽ വച്ച് യേശു വെള്ളം വീഞ്ഞാക്കിയതും കുരിശിന്റെ ചുവട്ടിൽ നിന്ന യോഹന്നാനെയും മറിയത്തെയും പരസ്പരം ഏൽപ്പിച്ചു കൊടുത്തു കൊണ്ട് സംസാരിക്കുന്നതുമൊക്കെ തഥൈവ. നല്ല ഭാവനകൾ. പക്ഷേ, ഒന്നുണ്ട്; ഈ ഗ്രന്ഥകർത്താവിനെപ്പോലെ ഒരിക്കൽ യേശുവിനെ ക്രിസ്തുവായി ഉള്ളിൽ സ്വീകരിച്ചുകഴിഞ്ഞാൽ, ഇവയെല്ലാം സംഭവ്യവും ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായി കാണുവാൻ സാധിക്കും. അതുതന്നെയാണ് നമുക്കും സുവിശേഷങ്ങളിലെ യേശുവിനെ മനസ്സിലാക്കാനുള്ള ഏറ്റവും നല്ല വഴി.

ഈ കാഴ്ചപ്പാടാണ് അതിപ്രധാനം. അതായത്, പുതിയനിയമ ഗ്രന്ഥങ്ങളിൽ ഒരൊറ്റ വരിപോലും ചരിത്രപുരുഷനായ യേശുവിനെ പ്പറ്റിയല്ല, മറിച്ച്, അവയെല്ലാം നാഥനും രക്ഷകനുമായി വിശ്വാസികളുടെ യുള്ളിൽ രൂപമെടുത്ത ക്രിസ്തുവിനെപ്പറ്റിയാണ്. ഈ മാറ്റം സംഭവി ക്കുന്നതോ, അദ്ദേഹത്തിൻെറ മരണശേഷം മാത്രവും. ഇത്രയുമംഗീ കരിക്കാനായാൽ സുവിശേഷങ്ങളിൽ കാണുന്ന പരസ്പര വൈരു ദ്ധ്യങ്ങൾ നിറഞ്ഞ ചിത്രീകരണങ്ങൾ ഉണർത്തുന്ന ചോദ്യങ്ങൾ വായന ക്കാരനെ ശല്യപ്പെടുത്തുകയില്ല. കാരണം, ഐതിഹ്യരൂപത്തിലുള്ള സാഹിത്യസംരംഭത്തിൽ അതൊക്കെ അനുവദനീയമാണ്. യേശുവിന്റെ ജനനത്തെയും മരണത്തെയും ചുറ്റിപ്പറ്റിയുള്ള വിവരണങ്ങളൊക്കെ കാല്പനികങ്ങളാണ്. ദൃക്സാക്ഷികളുടെയോ കേട്ടുകേഴ്‌വിയുടെയോ യഥാതഥാ വിവരണങ്ങളുമായി ഏതെങ്കിലും ബന്ധം അവയിൽ തിരയേണ്ടതില്ല. ആദ്യക്രിസ്ത്യാനികൾ തങ്ങളുടെ എതിരാളികളായി ത്തീർന്ന യഹൂദരെ ആശയപരമായി നേരിടുന്നതിനും യേശുവിന്റെ പ്രബോധനങ്ങൾ പുറംജാതീയരിൽ എത്തിക്കുന്നതിനുമായി വേണ്ടിയി രുന്നതൊക്കെ യഥാർത്ഥ ചരിത്രസമയത്തിൽ നിന്നും സ്ഥലങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നുപോലും, വേർപെടുത്തി ഈ കൃതികളിൽ തിരുകി ചേർത്തിരിക്കുന്നു എന്ന് തിരിച്ചറിയേണ്ടതുണ്ട്.

ഇത്തരം സത്യവികലതകൾക്ക് ഒരുത്തമോദാഹരണം യോഹ ന്നാന്റെ രചനയിൽനിന്നുതന്നെ എടുത്തു കാണിക്കാം. റോമാക്കാരല്ല, മറിച്ച്, യഹൂദരാണ് യേശുവിന്റെ മരണത്തിനു കാരണക്കാരെന്ന് വായനക്കാരെ ബോദ്ധ്യപ്പെടുത്താൻ തന്ത്രം മെനയുന്നിടത്ത്, യഹൂദരെ

ക്കൊണ്ട് പറയിപ്പിക്കുന്നുണ്ട്, "ആർക്കും വധശിക്ഷ നൽകാൻ ഞങ്ങൾക്കധികാരമില്ല." (18,31) അപ്പോൾ പിന്നെയെങ്ങനെയാണ് യഹൂദർ എസ്തഫാനെ മരണത്തിനു വിധിച്ചതും കല്ലെറിഞ്ഞു കൊന്നതും? അതുപോലെ, എന്തുകൊണ്ട് വലിയ പുരോഹിതരുടെ സമിതി പൗലോസിനെ കൊല്ലാൻ തീരുമാനിച്ചു? (അപ്പ. നടപടി 5,31) തന്റെയാശയം സ്ഥിരീകരിച്ചുകിട്ടാൻ ഏത് നുണയും എഴുതിപ്പിടിപ്പിക്കാൻ മടിയില്ലാത്ത അതിഭക്തനും തീവ്രവാദിയുമായിരുന്നു, ഈ 'യോഹന്നാൻ'.

## ആരായിരുന്നു യേശു?

ജീവിച്ചിരുന്നപ്പോൾ സ്വന്തം കുടുംബാംഗങ്ങൾക്കോ അനുയായികൾക്കോ മനസ്സിലാക്കാൻ കഴിയാതിരുന്ന, എന്നാൽ മരണശേഷം ഒരു പ്രത്യേക പരിവേഷത്തിൽ അവർ തിരിച്ചറിയുകയും തങ്ങളുടെ എല്ലാമായി കൊണ്ടാടുകയും ചെയ്ത ഈ യേശു ആരായിരുന്നു? യഹൂദരുടെയിടയിൽ അക്കാലത്ത് സർവ്വസാധാരണമായിരുന്ന ജോഷ്വ (= ദൈവം രക്ഷിക്കുന്നു) എന്ന പേരിന്റെ ഗ്രീക്ക് രൂപമായ ജീസസിൽ നിന്നുണ്ടായതാണ് യേശു എന്ന നാമം. ലോകചരിത്രത്തിലിത്രയധികം സ്വാധീനം ചെലുത്തിയ മറ്റൊരു നാമമില്ല. വളരെ പുതുമനിറഞ്ഞ ഒരു ജീവിതസന്ദേശവും മനുഷ്യമഹിമയെ ഉയർത്താൻ പോരുന്ന ഒരാദർശവുമായിട്ടാണ് ചരിത്രത്തെ യേശു വശീകരിച്ചതെങ്കിൽ, കാലാന്തരേ പല സമൂഹങ്ങളിലും ഈ മഹത് വ്യക്തിത്വത്തിലൂന്നിയ സ്വാർത്ഥലക്ഷ്യങ്ങൾ ഏറിവന്നുകൊണ്ടിരുന്നു. കാലത്തെ അതിജീവിക്കേണ്ട ഒരു സംഘടനയോ മതമോ ഒരിക്കൽ പോലും യേശുവിന്റെ ലക്ഷ്യമായിരുന്നില്ല.

നേരത്തേ പറഞ്ഞതുപോലെ, ബൈബിൾപഠനം ഒരു ശാസ്ത്രശാഖയായി ഉയർന്ന ഈയടുത്ത നാളുകൾവരെ, വാച്യാർത്ഥത്തിൽ സുവിശേഷഗ്രന്ഥങ്ങൾ വായിച്ചെടുക്കുകയും, ഈ കൃതികൾ അനുവദിക്കാത്ത വ്യാഖ്യാനങ്ങളിലൂടെ മതാന്ധരായ പുരോഹിതരും പ്രഭാഷകരും രൂപവത്ക്കരിച്ചെടുത്ത തീർത്തും അലൗകികമായ പരിവേഷങ്ങളിൽ പൊതിഞ്ഞും മാത്രമേ ജനത്തിനു യേശുവിനെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. അതുകൊണ്ട്, യേശുവെന്ന വ്യക്തിയെപ്പറ്റി നമുക്ക് ലഭ്യമാകുന്ന എന്തറിവുകളാണ് സുവിശേഷങ്ങൾ സാധൂകരിക്കുന്നത് എന്ന് നോക്കാം.

തീർച്ചയായും വളരെ അസ്സാധാരണവും വളരെ വശ്യവുമായ വ്യക്തിത്വത്തിനുടമയായിരുന്നിരിക്കണം യേശു. തങ്ങളുടെ ജീവിതമാർഗ്ഗം പോലും വിട്ടെറിഞ്ഞ്, അദ്ദേഹത്തിൻെറകൂടെ കൂടിയ ഏതാനും പുരുഷന്മാരും സ്ത്രീകളുമുണ്ടായിരുന്നു എന്നതു വ്യക്തമാണ്. പത്രോസ്, യാക്കോബ്, ജോൺ മുതൽപ്പേരുടെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന എഴുത്തുകാർ സ്ത്രീകളുടെ വിവരങ്ങൾ വളരെ വിരളമായി

മാത്രമേ കുറിച്ചുവച്ചുള്ളൂ. അത് അക്കാലത്തെ സാമൂഹിക ചട്ടങ്ങളോട് ഏതാണ്ടൊന്നു പൊരുത്തപ്പെടാനായിരിക്കണം.

യഥാർത്ഥ യേശുവിനെ അറിയണമെങ്കിൽ, അദ്ദേഹത്തിൻെറ കാലത്തെപ്പറ്റി നല്ല പരിജ്ഞാനം നേടിയിരിക്കണം. അല്ലെങ്കിൽ, പിന്നോട്ടുള്ള ഒരമ്പതു വർഷത്തെയെങ്കിലും സൌത്താഫ്രിക്കൻ / ഭാരതീയ സാഹചര്യത്തെ മനസ്സിലാക്കാതെ ഗാന്ധിജിയെ അറിയാൻ ശ്രമിക്കുന്നതുപോലെ അതൊരു പാഴ്വേലയായിത്തീരും. നസ്രത്തിലെ യേശു എന്ന ഗ്രന്ഥത്തിൽ യഹൂദപണ്ഡിതനായ ജോസഫ് ക്ലൌസ്നർ പറയുന്നു: "യേശു യഹൂദനായിരുന്നു, തന്റെ അവസാന ശ്വാസംവരെ. തന്റെ സമുദായം ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടതാണെന്ന് മറ്റേതു യഹൂദനെയും പോലെ യേശുവും വിശ്വസിച്ചിരുന്നു." സ്വാഭാ വികമായും, പഴയനിയമഗ്രന്ഥമായിരുന്നു (ഹീബ്രൂ ബൈബിൾ) അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തിയത്. "ആകാശവും ഭൂമിയും കടന്നുപോയാലും, അതിലെ ഒരു വള്ളിക്കോ പുള്ളിക്കോ പോലും മാറ്റം വരില്ല" (ലൂക്കാ, 16,17) എന്ന് തന്നെയായിരുന്നു യേശുവിന്റെയും വിശ്വാസം. ഈ നിയമത്തെ മാറ്റിമറിക്കാനാവില്ല; അതിനെ പൂർത്തീകരിക്കാനാണ് താൻ പ്രവർത്തിക്കുന്നതെന്ന് കുറിച്ചിട്ടയാൾ യേശുവിനോട് നീതി കാണിക്കുകയായിരുന്നു. (മ. 5,17)

സംസാരിക്കുമ്പോൾ വാക്കുകൾ വിഴുങ്ങിയിരുന്ന നാട്ടുഭാഷയുള്ള ഗലീലിയാക്കാരനായിരുന്നു യേശു. അവിടെയുള്ള തന്റെ നസ്രത്ത് ഗ്രാമത്തിന്റെ പ്രകൃതിഭംഗികൾ അദ്ദേഹത്തെ വശീകരിച്ചിരുന്നു. അവിടത്തെ മലനിരകൾ, ഉപവനങ്ങളും അവയിലെ കൂറ്റൻ മരങ്ങളും, കാരവാൻയാത്രികർ ഉപയോഗിച്ചിരുന്ന ചുറ്റിവളഞ്ഞ വഴികൾ, വസന്തത്തിൽ നിറയെ പൂത്തുനിൽക്കുന്ന പച്ചവിരിപ്പുകൾ ഒക്കെ യേശുവിന്റെ കാവ്യഭാഷയെ രൂപപ്പെടുത്തിയിട്ടുണ്ടാവണം. ജീവിതത്തിൽ കാപട്യം കാണിക്കുന്നവരെ രൂക്ഷമായി പരിഹസിച്ചിരുന്ന യേശു സാധാരണ സംസാരവേളകളിൽ ഉത്പതിഷ്ണുവും സ്നേഹമയനുമായിരുന്നു. നിങ്ങൾ സ്വയം ഇങ്ങോട്ട് പ്രതീക്ഷിക്കുന്നതുപോലെ അന്യർക്ക് അങ്ങോട്ടും ചെയ്യുക എന്ന ലളിതമായ സത്യസന്ധത ആവർത്തിച്ചു പഠിപ്പിച്ചിരുന്ന യേശു സ്വയം അതുപോലെ പ്രവർത്തിച്ചു മാതൃക കാണിച്ചു.

**യേശുവിലെ സ്വഭാവസവിശേഷതകൾ**

ദൈവം കർക്കശക്കാരനായ നിയമദാതാവും വിധിയാളനുമാണെന്ന് യഹൂദർക്കുണ്ടായിരുന്ന സങ്കല്പത്തെ അങ്ങേയറ്റം മയപ്പെടുത്തി, സ്വന്തമപ്പനെ സാധാരണ സംബോധന ചെയ്യാനുപയോഗിക്കുന്ന 'അബ്ബാ'

തന്റെ ദൈവത്തിനും ചേരുമെന്ന് കണ്ടെത്തിയ യേശു അസാമാന്യ ധൈര്യമാണ് പ്രദർശിപ്പിച്ചത്. യഹൂദരുടെ കാഴ്ചപ്പാടിന് ഘടകവിരുദ്ധവും ദൈവദൂഷണവുമായിരുന്നു അത്. എന്നാൽ, വിധിയാളനോടുള്ളതല്ല, പകരം ആത്മാവിൽ കുളിർമ്മയും ശാന്തിയും നിറയ്ക്കുന്ന ഒരു ബന്ധമാണ് യേശുവിനു പരാശക്തിയുമായി തോന്നിയിരുന്നത്. അതുകൊണ്ട് 'അപ്പാ' എന്ന് വിളിക്കുന്നത് ശരിയെന്നും അദ്ദേഹത്തിന് തോന്നി, അങ്ങനെ ചെയ്യുകയും ചെയ്തു.

യഹൂദർ സാധാരണ ചെയ്യാത്ത മറ്റൊരു കാര്യവും തന്റെ കൂട്ടുകാർ നിരന്തരം ചെയ്യണമെന്നു യേശു പഠിപ്പിച്ചു. അന്യർക്കായി പ്രാർത്ഥിക്കുക എന്നതായിരുന്നു അത്. ഇത് പുരോഹിതന്മാരുടെ കടമയായിരുന്നു. എന്നാൽ, അന്യരുടെ നന്മയാഗ്രഹിക്കുകയും അതിനായി പ്രാർത്ഥി ക്കുകയുംവഴി പരസ്പരബന്ധം ഊട്ടിയുറപ്പിക്കപ്പെടുമെന്നദ്ദേഹം മനസ്സിലാക്കി. സ്വർഗസ്ഥനായ പിതാവേ, എന്ന പ്രാർത്ഥനയുടെ പ്രാക്ത നരൂപം പഴയനിയമ ഗ്രന്ഥത്തിലുള്ളതാണെങ്കിലും അതു നിത്യേനയുള്ള പ്രാർത്ഥനയുടെ ഭാഗമാക്കാൻ പ്രോത്സാഹിപ്പിക്കുക വഴി മനുഷ്യരെ പരസ്പരവും ദൈവവുമായും ബന്ധിപ്പിക്കുകയാണ് യേശു ചെയ്തത്. അതൊരു വലിയ ഉൾക്കാഴ്ചയായിരുന്നു.

## യേശുവും സ്ത്രീകളും

മറ്റേതു സമുദായത്തിലും ഉണ്ടായിരുന്നതിലൊട്ടും കുറവായിരുന്നില്ല യഹൂദരുടെയിടയിലെ പുരുഷമേധാവിത്വം. അത്തരമൊരന്തരീക്ഷത്തിൽ വളർന്ന യേശു സ്ത്രീകളോട് ഇടപെട്ടിരുന്ന രീതി വ്യത്യസ്തമായത് എങ്ങനെയെന്നു മനസ്സിലാക്കാൻ വിഷമമാണ്. സിനഗോഗുകളിൽ സ്ത്രീകൾക്ക് പ്രവേശനമുണ്ടായിരുന്നെങ്കിൽത്തന്നെ, യഥാർത്ഥ പ്രാർത്ഥന പുരുഷന്മാരുടേതായി കരുതപ്പെടുകയും, അവർ വേർ തിരിഞ്ഞു നിന്ന് ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തിരുന്നു. *എന്നെയൊരു സ്ത്രീയായി സൃഷ്ടിക്കാതിരുന്നതിനു പ്രപഞ്ചനാഥനും ദൈവവുമായ നീ സ്തുതിക്കപ്പെടട്ടെ.* പുരുഷഭാവങ്ങളായിരുന്നു യഹൂദരും ദൈവത്തിൽ ദർശിച്ചിരുന്നത്. സ്ത്രീയുടെ ലിംഗവ്യത്യാസത്തെ താഴ്ത്തിക്കെട്ടുന്ന പലയാചാരങ്ങളും അന്ന് നിലനിന്നിരുന്നു. ദൈവവും മനുഷ്യനുമായുള്ള ഉടമ്പടി ഉറപ്പിച്ചിരുന്നത് പുരുഷശരീരത്തിലെ പരിച്ഛേദനചിഹ്നത്തിലൂടെ യായിരുന്നു. ഇതെല്ലാമായിട്ടും സ്വന്തം സുഹൃത്തുക്കളിൽ ധാരാളം സ്ത്രീ കളെ ഉൾപ്പെടുത്താൻ യേശു കാണിച്ച ധൈര്യം ഏത് ഉൾക്കാഴ്ച കൊണ്ടായിരുന്നു എന്നതു വിസ്മയകരമാണ്. അവരിൽ ചിലരുമായെ ങ്കിലും അദ്ദേഹത്തിനുണ്ടായിരുന്ന സവിശേഷമായ അടുപ്പം അന്നത്തെ ക്കാൾ ഇന്ന് കൗതുകകരവും പഠനവിഷയവുമാണല്ലോ. വസ്തുത

കളേക്കാൾ ദൈവശാസ്ത്ര വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന യേശുവിന്റെ സഹനകഥകളിൽ മഗ്ദലെനക്കാരി മറിയത്തിന് ഒരു പ്രത്യേക സ്ഥാനം സുവിശേഷകർ കൽപ്പിച്ചുകൊടുത്തിട്ടുണ്ട്. പുരുഷന്മാർ ഭയന്നോടിയപ്പോഴും അവർ യേശുവിനോടടുത്തുണ്ട്. അവരില്ലാതെ ഉയിർപ്പിന്റെ സന്ദേശം ചിന്തനീയമേയല്ല. അപ്പോസ്തൊലന്മാരെപ്പോലും നയിക്കാനും നിയന്ത്രിക്കാനുമുള്ള സ്ഥാനമഹിമ അവർ കരസ്ഥമാക്കിയതെങ്ങനെ? പുരുഷശിഷ്യന്മാരുടെ അസൂയയുണർത്താൻ പോരുംവിധം യേശു മഗ്ദലേനമറിയത്തെ പരിഗണിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു എന്നതിന് അപ്പോക്രിഫാ സുവിശേഷങ്ങളിലും ആവോളം പാഠങ്ങളുണ്ട്.

കുടുംബബന്ധങ്ങൾക്കോ സ്വന്തം മാതാവിനു പോലുമോ അധികമൊന്നും ശ്രദ്ധകൊടുക്കാൻ കൂട്ടാക്കാതിരുന്ന യേശു, പക്ഷേ, സ്ത്രീകളെ പൊതുവേ ബഹുമാനിച്ചിരുന്നു. അതുകൊണ്ടുതന്നെയാവണം, യേശുവിന്റെ പഠനങ്ങളെ അവർ ശ്രദ്ധിക്കാൻ തുടങ്ങിയതും. സമുദായത്തിൽ മാറ്റിനിറുത്തപ്പെട്ടവർ, പരസ്യപാപികൾ, താഴ്ന്നതരം ജോലിക്കാർ എന്നിവരെ ഗുരുസ്ഥാനീയനായ ഒരാൾ സ്വന്തം നിലയിൽ കണ്ട് കൂട്ടുകാരാക്കിയത് അന്ന് ആർക്കും മനസ്സിലായിരുന്നില്ല. ഒരു പക്ഷേ, അതിനുള്ള ഒരുത്തരം ഈ വാക്യത്തിലുണ്ട്: *ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം.* (മാ. 2,18). മെച്ചപ്പെട്ട നിലയിലുള്ളവരോട്, *സ്വന്തം ദയനീയതയെ മറച്ചുപിടിച്ചു നടക്കുന്ന നിങ്ങൾക്ക് രക്ഷ അസാദ്ധ്യമാണ്, സത്യസന്ധതയാണ് ദൈവത്തിലേയ്ക്കുള്ള വഴി* എന്ന് തുറന്നുപറയാൻ അദ്ദേഹം മടിച്ചില്ല. മനുഷ്യരെ ഞെരുക്കുന്ന എല്ലാ സങ്കുചിത നിലപാടുകൾക്കും നിയമങ്ങൾക്കും മുകളിലാണ്, സ്ത്രീപുരുഷ ഭേദമില്ലാതെ, മനുഷ്യന്റെ സ്ഥാനം എന്നതായിരുന്നു യേശുവിന്റെ സന്ദേശം. സ്നേഹമാണ് ഏറ്റവും വലിയ നിയമമെന്നതാണല്ലോ ആ സുവിശേഷത്തിന്റെ സാരാംശം.

യേശുവിന്റെ ആദ്ധ്യാത്മദർശനങ്ങളുടെ വ്യാഖ്യാനമുൾക്കൊള്ളുന്ന ഒരു ഗ്രന്ഥമാണ് The Mustard Seed (ഓഷോ). തോമസിന്റെ സുവിശേഷത്തിന്റെ ഒരു പഠനമാണിത്. അതിൽ വളരെ അർത്ഥവത്തായ ഒരു കണ്ടെത്തലുണ്ട്. യേശുവിന്റെയടുത്തു വന്ന സ്ത്രീകൾ ദൈവത്തെയന്വേഷിച്ച് പോയവരാകണമെന്നില്ല. അവർ അവനെ വല്ലാതെ സ്നേഹിച്ചുപോയിരിക്കും. ഒരു സ്ത്രീ ബുദ്ധന്റെയടുത്തു വരുന്നത് സത്യം കണ്ടെത്താനല്ല, അവൾ ബുദ്ധനെ അറിയാതെ സ്നേഹിച്ചു പോയിരുന്നു എന്നതാകാം കാരണം. *അങ്ങ് പഠിപ്പിക്കുന്നവ എന്റെ ബോധതലത്തെ സ്പർശിക്കുന്നു; അതുകൊണ്ട് ഞാനങ്ങയെ സ്നേഹിച്ചുപോകുന്നു*

എന്നതാണ് പുരുഷന്മാർക്കു ഗുരുവിനോടുള്ള പ്രതികരണമെങ്കിൽ, സ്ത്രീയുടേതു ഏതാണ്ട് ഇങ്ങനെയായിരിക്കും: *ഞാൻ നിന്നിൽ അനുരാഗിയായിരിക്കുന്നു. അതുകൊണ്ട് നീ പറയുന്നതൊക്കെ എനിക്കു സ്വീകാര്യവും ആസ്വാദ്യകരവുമായിത്തീർന്നിരിക്കുന്നു.* അതിനാവശ്യമായ ഒരു വ്യക്തിത്വമുണ്ടായിരുന്ന യേശു വിന്റെ കാര്യത്തിൽ ഇത് അക്ഷരാർത്ഥത്തിൽത്തന്നെ വളരെ സംഭാവ്യമായിരുന്നുതാനും.

### യേശുവും രോഗശമനങ്ങളും

യേശുവിന്റെ സാന്നിധ്യത്തിൽ ആത്മീയവും ശാരീരികവുമായ ആവലാതികളിൽ നിന്ന് ധാരാളമാളുകൾ വിമുക്തരായി എന്നതു തർക്കമറ്റ കാര്യമാണ്. ഇന്ന് psychosomatic (വൈകാരിക നിമിത്തങ്ങളാൽ ഉണ്ടാകുന്ന ശാരീരിക തകരാറുകൾ) എന്നയിനത്തിൽ പെടുന്ന അസുഖങ്ങളായിരുന്നിരിക്കാം അവയെല്ലാം. മനസ്സിന്റെ സുസ്ഥിതി തിരിച്ചെത്താൻ സഹായിക്കുകയാണ് ഇത്തരമവസ്ഥയിൽ വൈദ്യന് ചെയ്യാനുള്ളത്. നിരാശതയിലുഴറുന്നവർക്ക് അവനവനിലും ദൈവത്തിലുമുള്ള വിശ്വാസം പുനഃസ്ഥാപിക്കാനുള്ള കഴിവ് യേശുവിനുണ്ടായിരുന്നിരിക്കണം. ഈ വിധത്തിൽ അദ്ഭുതസിദ്ധിയുള്ളവർ അക്കാലത്ത് വേറെയുമുണ്ടായിരുന്നു എന്ന് സുവിശേഷഗ്രന്ഥങ്ങളിൽതന്നെ വായിക്കാം. എന്നാൽ, യേശുവിന്റെ കാര്യത്തിൽ, ഹീബ്രൂ ബൈബിളിലെ സമാനകഥകൾ കൂട്ടിയിണക്കാനുള്ള രചയിതാക്കളുടെ യത്നം ഒളിഞ്ഞിരിപ്പുണ്ട്. തന്റെ പരസ്യജീവിതത്തിന്റെ തുടക്കത്തിൽ നസ്രത്തിലെ സിനഗോഗിൽ വിശുദ്ധഗ്രന്ഥം തുറന്ന് ആദ്യമായി യേശു വായിക്കുന്ന രംഗം ലൂക്കാ (4,18) ചിത്രീകരിച്ചിട്ടുണ്ട്. യേശയ്യ പ്രവാചകന്റെ പുസ്തകത്തിൽ അദ്ധ്യായം 61ന്റെ ആരംഭമാണ് ഉദ്ധാരണം: "കർത്താവിന്റെ അരൂപി എന്റെമേലുണ്ട്. കാരണം, ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കാൻ അവനെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ദികൾക്ക് മോചനവും അന്ധർക്ക് കാഴ്ചയും പ്രഖ്യാപിക്കാൻ, മർദ്ദിതരെ സ്വതന്ത്രരാക്കാൻ അവൻ എന്നെ അയച്ചിരിക്കുന്നു." "ഈ വിശുദ്ധ ലിഖിതം ഇന്ന് നിറവേറ്റപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞുകൊണ്ടാണ് യേശു തന്റെ പ്രഭാഷണം ആരംഭിക്കുന്നതെന്ന് ലൂക്കാ. യേശയ്യയുടെ ഗ്രന്ഥത്തിലെ വിവിധ ഭാഗങ്ങൾ യേശുവിനെപ്പറ്റിയുള്ളവയാണെന്ന വ്യാഖ്യാനം സുവിശേഷങ്ങളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നുണ്ട്. ഇസ്രായേലിനെ എല്ലാ ദുരിതങ്ങളിൽനിന്നും അടിമത്തത്തിൽ നിന്നും മോചിപ്പിക്കേണ്ട മിശിഹാ ആയിരുന്നു യേശുവെന്ന ബോധോദയം എണ്ണത്തിൽ വർദ്ധിച്ചുകൊണ്ടിരുന്ന അനുയായികൾക്ക് ഉണ്ടായതോടെ, ഒരു രക്ഷകന്റെ ലക്ഷണങ്ങളിൽ പ്രധാനമായി വിശുദ്ധ ലിഖിതങ്ങളിൽ, പ്രത്യേകിച്ച്,

പഴയ പ്രവാചകന്മാരിൽ എന്തൊക്കെയുണ്ടായിരുന്നുവോ, അതെല്ലാം, യേശുവിലും ആരോപിക്കുക ആവശ്യമായിരുന്നു. തനിക്കു മുമ്പ്, ഏലിയാ ചെയ്തതുപോലെ, തളർന്നവരെയും ബധിരരെയും അന്ധരെയും കുഷ്ഠം (ശരീരത്തിന്റെ ഏത് ക്രമക്കേടും *കുഷ്ഠം* എന്ന വാക്കുകൊണ്ട് അന്ന് ദ്യോതിപ്പിച്ചിരുന്നു.) ബാധിച്ചവരെയും പൂർണ്ണരാക്കാൻ യേശുവിനു കഴിഞ്ഞുവെന്ന് വരുത്തുക ആവശ്യമായിരുന്നു. രോഗികളുടെ ആത്മവിശ്വാസത്തെ സ്വാധീനിക്കാൻ കഴിഞ്ഞിരുന്ന അദ്ദേഹത്തിന് രോഗശമനങ്ങൾ സുഗമമായിരുന്നു എന്നുവേണം കരുതാൻ. രോഗിയുടെ ഭാഗത്ത് വിശ്വാസം പോരാതെ വരുന്നിടത്ത്, സുഖപ്പെടൽ നടക്കാതിരിക്കുന്നതിനും ഉദാഹരണങ്ങൾ കാണുന്നുണ്ടല്ലോ.

പ്രകൃതിനിയമങ്ങളെ മറികടന്നുള്ള അദ്ഭുതപ്രവൃത്തികൾ മറ്റൊരു വിഭാഗത്തിൽ പെടുന്നു. ദൈവികത്വത്തിനും വിശുദ്ധിക്കും തെളിവുകളായി ചില വിശേഷവ്യക്തികളിൽ അസാമാന്യ ശക്തികൾ കണ്ടെത്തുന്ന രീതി എല്ലാ ജനസമൂഹങ്ങളിലും ഉണ്ടായിരുന്നു. അതിന്നു മുണ്ട് എന്നെടുത്ത് പറയേണ്ടതില്ലല്ലോ. അതെല്ലാം മതങ്ങളുടെ ഐതിഹ്യചട്ടക്കൂട്ടിലുൾപ്പെടുന്ന സംഗതികളായി കരുതിയാൽ മതി.

## ബാധയൊഴിപ്പിക്കൽ

സൂക്ഷ്മജീവികൾ (ബാക്റ്റീരിയ), രോഗവിഷാണുക്കൾ (വൈറസ്) എന്നിവയെപ്പറ്റിയോ സാധാരണ പ്രകൃതിനിയമങ്ങളെപ്പറ്റി പോലുമോ പരിജ്ഞാനമൊന്നും ഇല്ലാതിരുന്ന അക്കാലത്ത്, ശാരീരികമോ മാനസികമോ ആയ ക്രമക്കേടുകൾക്കെല്ലാം ഉറവിടം ദുഷ്ടാരൂപികളാണെന്ന വിശ്വാസം വ്യാപകമായിരുന്നു. യേശുവും അങ്ങനെ ചിന്തിച്ചിരിക്കാനാണ് സാദ്ധ്യത. അദ്ദേഹത്തിനും രോഗശാന്തിയെന്നാൽ രോഗിയെ അടിപ്പെടുത്തുന്ന പിശാചിനെ ഉച്ചാടനം ചെയ്യുകയായിരുന്നു. "അവൻ ഗലീലിയായിലെങ്ങും ചുറ്റിസഞ്ചരിച്ച് സിനഗോഗുകളിൽ പ്രസംഗിക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്തു." (മാർക്ക് 1,39) ഹെറോദെസ് അന്തിപ്പാസ് തന്നെ വധിക്കാൻ ആലോചിക്കുന്നുണ്ടെന്ന് കേട്ട യേശു ഇങ്ങനെയാണ് പ്രതികരിച്ചത്: "ആ കുറുക്കനോട് ചെന്ന് പറഞ്ഞേക്കൂ, നോക്കൂ, ഞാൻ പിശാചുക്കളെ പുറത്താക്കി രോഗശാന്തി നൽകുന്നു (ലൂ.13:31,32). യേശുവും തന്റെ കാലത്തിന്റെ സൃഷ്ടിയായിരുന്നുവെന്നും, അന്ന് പൊതുവേ ധരിച്ചിരുന്നതുപോലെ (ഇന്നും മനുഷ്യർ ഇതിൽനിന്ന് വിടുതൽ നേടിയിട്ടില്ല!) ദൈവത്തി നെതിരെ പ്രവർത്തിക്കുന്ന ഒരു ദുഷ്ടശക്തിയുടെ എതിർധ്രുവം ഉള്ളതായി കരുതി

യിരുന്നുവെന്നും ഓർക്കണം. തന്റെ രോഗശുശ്രൂഷ പിശാചി നെതിരെ യുള്ള യുദ്ധമായിട്ടാണ് നാട്ടുകാരും യേശുവും കണ്ടിരുന്നത്. പുതിയ ലോകക്രമമെന്നാൽ, ദൈവത്തിനു പിശാചിന്മേലുള്ള വിജയമാണ്. ചുരുക്കത്തിൽ, മനസ്സിന്റെ കാലുഷ്യങ്ങളിൽനിന്നും കെട്ടുപിണ ച്ചിലിൽ നിന്നും വിമുക്തനാകുമ്പോൾ മനുഷ്യർ ദൈവപുത്രരും വരാനിരിക്കുന്ന ദൈവരാജ്യത്തിന് അർഹരുമായിത്തീരുമെന്ന് രത്നച്ചുരുക്കം. ഇന്നായിരു ന്നെങ്കിൽ, ഈ പറഞ്ഞ രോഗികളെ ഏതെങ്കിലും മാനസികവിഭ്രാന്തിയിൽ അകപ്പെട്ടിരുന്നവരായി തിരിച്ചറിയാനാണ് സാധ്യത. ഏതായാലും, ഒരു മികച്ച മന:ശാസ്ത്രജ്ഞന്റെ പാടവം യേശു ആദ്യന്തം പ്രകടിപ്പിച്ചിരുന്നു.

## യേശുവിന്റെ സ്വജാതിപ്രേമം

ഒന്നോടിച്ചുവായിച്ചാൽത്തന്നെ സുവിശേഷങ്ങളിൽ തെളിഞ്ഞു നിൽക്കുന്ന ഒന്നാണ് യേശുവിന്റെ യഹൂദസമുദായപക്ഷപാതം. ഒരു സാധാരണ ക്രിസ്ത്യാനിയെപ്പോലും ഞെട്ടിക്കുന്ന കണ്ടെത്തലാണിത്. യേശു ഒരു തീവ്രയഹൂദനായിരുന്നു. തങ്ങൾ മാത്രമാണ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നായിരുന്നു അന്നും യഹൂദരുടെ അഹന്ത. ദൈവരാജ്യം ഉടനെ വന്നുഭവിക്കാൻ പോകുന്ന പ്രക്രിയയിൽ താനും തന്റെ അടുത്തുള്ളവരും പ്രധാന പങ്ക് വഹിക്കാനുണ്ടെന്ന് അനുയായി കളെക്കൊണ്ട് വിശ്വസിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു എന്നതിൽ തർക്കമില്ല. യേശുവും പുറംജാതിക്കാരെപ്പറ്റി അവജ്ഞയോടെ സംസാരിക്കുകയും അവരെ വേർതിരിച്ചു കാണുകയും ചെയ്തതിനുദാഹരണങ്ങൾ പലതുണ്ട്. *നിങ്ങൾ വിജാതീയരുടെയിടയിൽ പോകരുത്, ശമരിയാ ക്കാരുടെ പട്ടണങ്ങളിൽ പ്രവേശിക്കരുത്* എന്നാണ് ശിഷ്യന്മാരോട് അദ്ദേഹം പറഞ്ഞിരുന്നത് (മ. 10, 56). "വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്, നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുന്നിൽ വിതറരുത്" (മ. 7,6) എന്ന താക്കീതിൽ ഉദ്ദേശിച്ചിരിക്കുന്നത് യഹൂദരല്ലാത്തവരെ യൊക്കെയാണ്. വിജാതീയർ വസിച്ചിരുന്നിടത്തെത്തിയാൽ അസ്വസ്ഥ നായിരുന്ന യേശുവിനെപ്പറ്റി മറ്റൊരിടത്ത് വായിക്കാം (മാർക്ക് 7,24). അതുപോലൊരു സന്ദർഭത്തിലാണ് ഒരു കാനാൻദേശക്കാരി തന്റെ മകളെ സുഖപ്പെടുത്താനപേക്ഷിച്ച്, യേശുവിനെ സമീപിക്കുന്നത്. അവരെ തീർത്തും അവഗണിച്ച അദ്ദേഹത്തെ ശിഷ്യർ നിർബന്ധിച്ചപ്പോൾ വായിൽ നിന്ന് വീണ വാക്യം അങ്ങേയറ്റം പരിഹാസച്ചുവയുള്ളതാ യിരുന്നു. "മക്കൾക്കുള്ള അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടു ക്കുന്നത് ഉചിതമല്ല!" (മ. 15, 22 - 28)

യേശുവിന്റെ മരണശേഷം വികസിച്ചുവന്ന സഭയിൽ ഗ്രീക് ഭാഷക്കാർ ഏറെയുണ്ടായിരുന്നു. മുകളിൽ കുറിച്ച, ജാതിവിവേചനത്തെ സൂചിപ്പിക്കുന്നതരം രചനകൾ ഒരു കീറാമുട്ടിയായി തിരിച്ചറിഞ്ഞ ഗ്രന്ഥകർത്താക്കൾ അതൊന്നു മയപ്പെടുത്താൻ ചില മിനുക്കുപണികൾ ചെയ്തു. യേശു യഹൂദരുടെ മാത്രം മിശിഹായല്ലാ, പുറംജാതിക്കാരും ദൈവരാജ്യത്തിലേയ്ക്ക് ക്ഷണിക്കപ്പെട്ടിട്ടുണ്ടെന്ന് അവർക്ക് കാണിക്കേണ്ടതുണ്ടായിരുന്നു. മത്തായിയുടെ സുവിശേഷത്തിന്റെ ഒടുവിലത്തെ ഭാഗം ഇതിലൊരു ശ്രമമാണ്. "പോയി എല്ലാ ജാതികളെയും ശിഷ്യരാക്കുക; പിതാവിന്റെയും .......... നാമത്തിൽ അവർക്ക് സ്നാപനം നൽകുക ........" (മ. 28, 18 - 20). മത്തായി തന്നെയല്ലെങ്കിൽ, മറ്റാരെങ്കിലും മനപ്പൂർവ്വം തിരുകിച്ചേർത്തതുമാകാം ഈ ഭാഗം. അതായത്, ഉരുത്തിരിഞ്ഞുവന്ന സഭയുടെ ഉദ്ദേശ്യലബ്ധിക്കായി മൂലകൃതിയിൽ കൃത്രിമം കാണിച്ചിട്ടുണ്ടെന്നു സാരം. അതുപോലെ, നിത്യേന പള്ളികളിലും മറ്റും ഉദ്ധരിക്കപ്പെടുന്ന യേശുവചനങ്ങളിൽ പലതും സഭയുടെ സ്വന്തം വ്യാഖ്യാനങ്ങളുടെ ബലത്തിനായി കൂട്ടിച്ചേർക്കപ്പെട്ടവയാണെന്ന കാര്യം മറന്നുകൂടാ. ഒരു ലോകരക്ഷകനോ ദൈവപുത്രനോ ചേരാത്ത ദേശീയ തീവ്രവാദത്തെ മായിച്ചുകളയാൻ, കുറഞ്ഞത്, മയപ്പെടുത്തുകയെങ്കിലും ചെയ്യാൻവേണ്ടി, ഓർക്കാപ്പുറത്ത് എന്നപോലെ യേശു വിദേശീയരെ കണ്ടുമുട്ടുന്ന രംഗങ്ങൾ കല്പിച്ചെടുത്തതിനുദാഹരണമാണ് റോമാക്കാരൻ ശതാധിപന്റെ അടിമയെ സുഖപ്പെടുത്തൽ (ലൂ. 7,2). ശതാധിപന് വേണ്ടി യഹൂദമൂപ്പന്മാരാണ് വക്കാലത്തുമായി എത്തുന്നത്. "കർത്താവേ, നീയെന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല ..." എന്ന എളിമപ്രകടനം ഭൃത്യന്മാർ വഴിയാണ് ശതാധിപൻ നടത്തുന്നത്. "ഇസ്രായേലിൽപോലും ഇത്രവലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല" എന്ന് പറഞ്ഞ്, ദൂരെനിന്ന് തന്നെ യേശു രോഗിയെ സുഖപ്പെടുത്തുന്നു. അതു പോലെ നേരിട്ട് സംഭവസ്ഥലത്ത് എത്താതെയാണ് സീറോഫിനീഷ്യക്കാരിയുടെ മകളെയും സുഖപ്പെടുത്തുന്നത്. ഈ കഥകളോട് ചേർത്ത് വായിക്കേണ്ടതും വിജാതീയവിദ്വേഷം വിളിച്ചറിയിക്കുന്നതുമായ ഒന്നാണ് തെറ്റുകാരെ തിരുത്താനുള്ള കടമയെപ്പറ്റി പറയുന്നിടത്ത് ഉപയോഗിക്കുന്ന വാക്കുകൾ. അവസാനഭാഗം ശ്രദ്ധിക്കുക: "... അയാൾ അവരെയും ചെവിക്കൊള്ളുന്നില്ലെങ്കിൽ, സഭയോട് പറയുക. അയാൾ സഭയെപ്പോലും അനുസരിക്കുന്നില്ലെങ്കിൽ നിങ്ങൾക്കയാൾ വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ." (മ. 18,15-17). വിജാതീയർ ഏറ്റവും വെറുക്കപ്പെടേണ്ടവരുടെ കൂട്ടത്തിലാണെന്ന് സ്പഷ്ടം. യേശുവിന്റെ സ്വാഭാവികരീതി ഇവിടെ തുറിച്ചു നിൽക്കുമ്പോൾ തന്നെ

സഭ രൂപംകൊണ്ടതിനു ശേഷം അപ്പോഴത്തെ ആവശ്യത്തിനു ചേരുംപടി മെനഞ്ഞെടുത്ത വാക്യമാണിതെന്നും വളരെ വ്യക്തമാണ്.

പലപ്പോഴും ഇങ്ങനെ വിജാതീയരെ അകറ്റിനിറുത്തിയെങ്കിലും, ക്രിസ്തുവായി രൂപാന്തരം കൽപ്പിക്കപ്പെട്ട ഗുരുവിൻെറ രക്ഷാവലയത്തിൽ അവരും പങ്കുചേരേണ്ടതുണ്ട് എന്ന ദൈവശാസ്ത്രപരമായ ആവശ്യം വ്യക്തമായതോടെ, ഔദ്യോഗിക രചനകൾ അതിനനുസരിച്ചു മാറ്റിയെഴുതേണ്ടി വന്നു. അങ്ങനെ റോമാക്കാരെ അനുനയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചമച്ചതായിരിക്കാം പീലാത്തോസിന്റെ രംഗപ്രവേശം. യേശു നിർദോഷിയാണെന്ന് അയാളെക്കൊണ്ട് പറയിപ്പിക്കുന്നതും, "സത്യമായും ഇവൻ ദൈവത്തിന്റെ പുത്രനായിരുന്നു" (ഒരു ദൈവപുത്രനായിരുന്നു എന്നുമാകാം എന്ന് *ഓശാന* ബൈബിൾ) എന്ന് കുരിശിങ്കൽ നിന്നിരുന്ന റോമൻ പടയാളിയെക്കൊണ്ട് ഉരുവിടുവിക്കുന്നതും ഇത്തരം പരോക്ഷലക്ഷ്യം വച്ചായിരിക്കാം. ഇവരുടെ വായിൽ ഉദ്ദിഷ്ടകാര്യ സാദ്ധ്യത്തിനായി ചേരുന്ന വാക്യങ്ങൾ തിരുകുന്നതുപോലെ തന്നെ, ലോകരക്ഷകനും സർവ്വജ്ഞാനിയുമായ ഗുരുവെന്ന നിലയിൽ യേശു അരുളിചെയ്തിരിക്കേണ്ടതെന്നു കരുതിയ "യേശുവാക്യങ്ങളും" സുവിശേഷത്തിലുടനീളമുണ്ട്. തന്റെ പ്രത്യേക ദൗത്യത്തെപ്പറ്റി ബോധവാനായിരുന്നെങ്കിലും, സ്വയം മനുഷ്യനായി മാത്രം കണ്ടിരുന്ന ഒരാളിൽനിന്ന് ഒരിക്കലും വരില്ലാത്ത വാക്യങ്ങളാണ് *ഞാൻ വഴിയും സത്യവും ജീവനുമാകുന്നു* തുടങ്ങിയവ. പക്ഷേ, സഭയുടെ നിലനിൽപ്പിന് ആവശ്യമാണെന്ന് തോന്നിയപ്പോൾ കൂട്ടിച്ചേർത്തവയാണ് അവയെന്ന് ന്യായമായും വിചാരിക്കാം.

### പിഴച്ചുപോയ കണക്കുകൂട്ടൽ

നേരത്തെ സൂചിപ്പിച്ചതുപോലെ, തന്റെ സാമുദായികാന്തരീക്ഷം യേശുവിന്റെ വ്യക്തിത്വത്തെയും ചിന്തയേയും സാരമായി സ്വാധീനിച്ചിരുന്നു. ആദ്യ നൂറ്റാണ്ടിൽ പലസ്തീനയിലെങ്ങും പടർന്നുപിടിച്ച ചിന്തയായിരുന്നു ലോകാവസാനം അടുത്തുവരുന്നു എന്നത്. ചാവുകടലിന്റെ തീരത്തുനിന്ന് കണ്ടെടുത്ത, ഇപ്പോൾ പ്രഖ്യാതമായ, ഖുംറാൻ ചുരുളുകൾ ഇതിനു തെളിവ് തരുന്നുണ്ട്. ഏതാണ്ട് നാലായിരം അംഗങ്ങളുണ്ടായിരുന്ന ഈ മതവിഭാഗത്തിൽ ധനസമ്പാദനം, വിവാഹം തുടങ്ങിയവ അർത്ഥശൂന്യമായി കരുതപ്പെട്ടിരുന്നു. ഉടനെതന്നെ അവസാനിക്കാൻ പോകുന്ന ലോകത്ത് ഇവകൾക്ക് എന്തു പ്രസക്തി എന്നതായിരുന്നു ഇതിനു പിന്നിൽ. പണത്തെയും അധികാരത്തെയും കുടുംബബന്ധങ്ങളെയും പറ്റിയൊക്കെ യേശു ചിന്തിച്ചിരുന്നതും പഠിപ്പിച്ചിരുന്നതും ഇതിനു സമാനമായ രീതിയിലായിരുന്നു. ദൈവം ഉടനെതന്നെ

പ്രപഞ്ചത്തിൽ ഇടപെട്ട്, തിന്മയെ തോൽപ്പിച്ച്, തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കായി സ്വതന്ത്രവും സന്തുഷ്ടവുമായ രാജ്യം വരുത്തിത്തീർക്കുമെന്ന വിശ്വാസത്തിലാണ് യേശുവും ജീവിച്ചത്. അന്നത്തെയറിവുവച്ച്, പ്രപഞ്ചം ഭൂമിയെ കേന്ദ്രീകരിച്ചതും അതിലെ സംഭവങ്ങളെല്ലാം മനുഷ്യർക്കായുള്ളതും, മനുഷ്യരിൽതന്നെ യഹൂദർ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും ബാക്കിയുള്ളവർ തഴയപ്പെട്ടവരുമായിരുന്നു. യേശു സങ്കല്പിച്ചെടുത്ത ഉപമകളിൽ പലതും ഇത്തരം ആശയങ്ങൾ പകർന്നുകൊടുക്കാൻ ഉതകുന്നവയായിരുന്നു. അവസാന നാളുകളെപ്പറ്റി ദാനിയേലിന്റെ പുസ്തകത്തിൽ വളരെ കാവ്യാത്മകമായി കുറിച്ചിരുന്നവ അദ്ദേഹം എടുത്തുപയോഗിച്ചു. (മ.11, 21 - 24; മാർക്ക് 9,1; 13,30;16,28; ലൂ.10,13 - 15; 17,29)

എന്നാൽ, സംഭവിച്ചതോ? യേശു പ്രവചിച്ച ലോകാവസാനം വന്നെത്തിയില്ല. യേശുവും അപ്രതീക്ഷിതമായി മണ്മറഞ്ഞപ്പോൾ അദ്ദേഹത്തിൻെറ രണ്ടാംവരവിനായി ശിഷ്യന്മാർ കുറേക്കാലം കാത്തിരുന്നു. അതും സാക്ഷാത്ക്കരിക്കാതെ പോകയും, അതേത്തുടർന്ന്, ശിഷ്യന്മാരും മരിച്ചുകഴിഞ്ഞതോടെ, ബാക്കിയുള്ളവർക്ക് തങ്ങളുടെ കാഴ്ചപ്പാടുകൾ മൊത്തത്തിൽ തിരുത്തി വ്യാഖ്യാനിക്കേണ്ടി വന്നു. ഒരിക്കൽപോലും താൻ ലോകരക്ഷകനാണെന്നോ യഹൂദരുടെ രാജാവാണെന്നോ കരുതിയിട്ടും പറഞ്ഞിട്ടുമില്ലാതിരുന്ന യേശുവിനെ അവർ അതിമാനുഷനായ ദൈവസുതനും, സകല മഹിമയോടും സ്വർഗ്ഗത്തിൽ വാഴുന്ന ദൈവത്തിന്റെ കുഞ്ഞാടും, മേഘങ്ങളിൽ ഇനിയുമൊരിക്കൽ വരാനിരിക്കുന്ന വിധിയാളനുമൊക്കെയായി ചിത്രീകരിക്കാൻ തുടങ്ങി. ഇത്തരം വ്യാഖ്യാനങ്ങളുടെ സമാഹാരമാണ് യോഹന്നാന്റെ സുവിശേഷവും വെളിപാടെന്ന പുസ്തകവും. എന്നാൽ ആദ്യക്രിസ്തീയർക്ക് ലോകാവസാനം വീണ്ടും വീണ്ടും മുന്നോട്ടു മാറ്റി പ്രതിഷ്ഠിക്കേണ്ടി വന്നു. പോളിന്റെ കത്തുകളിൽ ഈ പ്രക്രിയ തുടങ്ങിയതായി കാണാം. രണ്ടാം വരവിന്റെ കാര്യത്തിലും ആശയറ്റപ്പോൾ, ഇനിയതൊന്നുമല്ല പ്രധാനം, മരിച്ചെഴുന്നേറ്റ യേശു നിത്യസാന്നിദ്ധ്യമായി നമ്മോടൊപ്പമുണ്ട്; അവസാനവിധിയെന്നാൽ, അതിപ്പോൾ തന്നെയാണ്; എന്നൊക്കെയുള്ള അസ്തിത്വപരമായ യുക്തിവരെയെത്തി, വിശ്വാസ വ്യാഖ്യാനങ്ങൾ.

ക്രിസ്തുവർഷം 68ൽ വെസ്പാസ്യൻ ചക്രവർത്തി ഖുംറാൻ സമൂഹത്തെ നശിപ്പിച്ചു. സഭയോ, എന്നാൽ, ഭൗതികശക്തികളുമായി കൈകോർത്തുകൊണ്ട് ഭൂമിയിൽത്തന്നെ വേരുറപ്പിച്ചു. അവസാന നാളുകളെപ്പറ്റിയുള്ള ചിന്തക്ക് പിന്നെ സ്ഥാനമില്ലാതായി. സഭയുടെ

വിപുലീകരണത്തിനും കെട്ടുറപ്പിനുമായുള്ള കാര്യങ്ങളിലായി തുടർന്നുള്ള ശ്രദ്ധ മുഴുവൻ. ഒരു സംഘടനക്കോ സ്ഥാപനത്തിനോ, അവയെ ഉറപ്പിച്ചു നിറുത്തുന്ന നിയമസംഹിതക്കോ മനസ്സിൽ സ്ഥാനമില്ലാതിരുന്ന യേശുവിന്റെ വചനങ്ങളായി സഭയുടെ ഭാവിയെ തുണയ്ക്കുന്ന രീതിയിൽ, പലതും എഴുതിച്ചേർക്കപ്പെട്ടു. അപ്പോസ്തോലരിൽ ഒരാൾ പ്രമാണിയാക്കപ്പെടുന്നതും ആ *പാറ*യിൽ പള്ളി പണിയപ്പെടുന്നതുമൊക്കെ ഇത്തരം തുടർചിന്തകളുടെ ഭാഗമായിരുന്നു. പിന്തുടർച്ച സഭയിൽ പ്രധാന വിഷയമായിത്തീർന്നു. പിന്നങ്ങോട്ടു സംഭവിച്ചതൊന്നും യേശു സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നതായിരുന്നില്ലല്ലോ.

**ഉപസംഹാരം**

താല്മുദിൽ ഒരു ചൊല്ലുണ്ട്. പാരമ്പര്യവാദികൾക്ക് ചിന്തയിലൊരു മാറ്റം വരുത്തുന്നതിലുമെളുപ്പം ഒരു മല കിളച്ചു മാറ്റുന്നതായിരിക്കും എന്ന്. ഈ ഭൂമി അനങ്ങാതെ നിൽക്കുന്നത് കണ്ടിരിക്കേ, അത് മണിക്കൂറിൽ 189'000 km വേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞാൽ എങ്ങനെ സമ്മതിക്കാൻ, എന്നേ അവർ ചോദിക്കൂ. ബൗദ്ധികമായി ഇത്തരം അനങ്ങാപ്പാറകളാണ് മിക്ക ക്രിസ്തീയ സഭകളിലെയും *ഇടയന്മാർ.* ജനസമ്മതിദായപ്രക്രിയയുടെയും അധികാര വികേന്ദ്രീകരണത്തിന്റെയും കാലത്തും അവർ ക്രിസ്തുരാജനെപ്പറ്റിയും ദൈവരാജ്യത്തെപ്പറ്റിയും വാചാലരാകും; റോമാക്കാരുടെ അധികാര ചിഹ്നങ്ങളും ചെങ്കോലും ഉടയാടകളും എടുത്തണിഞ്ഞുകൊണ്ട് പാവം വിശ്വാസികളെ നടുക്കും. ജന്മനാ പാപികളാണ് നാമെല്ലാം എന്ന കടുംപിടുത്തം മൂലം, സ്വയം വെറുക്കാനും, അന്യനെ സ്നേഹിക്കുന്നതിനു പകരം അവനെ ഭയക്കാനും, ശിക്ഷിക്കാൻ തീവാളുമായി നിൽക്കുന്ന ദൈവത്തെയും ഭയന്ന് ഒളിച്ചുജീവിക്കാനും വിശ്വാസികൾ ശീലിപ്പിക്കപ്പെടുന്നു. ജനങ്ങളിൽ ബുദ്ധിയും പക്വതയും പരിപോഷിപ്പിക്കേണ്ട ഇവർ കാട്ടിക്കൂട്ടുന്ന കൊടുംപാതകങ്ങൾക്കു കണക്കുണ്ടോ? എത്രയോ മിടുമിടുക്കരായ ചിന്തകരുടെ വായ് ഇവർ വരിഞ്ഞുകെട്ടിയിരിക്കുന്നു. ക്രിസ്തീയചിന്തയെ ആധുനിക ബൈബിൾപഠനങ്ങളുടെ വെളിച്ചത്തിൽ പുതുക്കിയെടുക്കാത്ത ഒരു സഭക്കും അതിജീവനം ഇനി സാദ്ധ്യമാവില്ല.

പഴയ കർദ്ദിനാൾ റാററ്സിംഗർ മുതൽ റ്റി.വി.യിൽ വേദവാക്യ വ്യാഖ്യാനങ്ങൾ വഴി വിശ്വാസികളുടെ സംശയങ്ങൾക്ക് *ഉത്തരം* പറയുന്ന ബിലാത്തങ്ങാടി മെത്രാൻ ലോറെൻസ് മുക്കുഴി ഉൾപ്പെടെയുള്ളവരുടെ ദൈവശാസ്ത്രം രോഗഗ്രസ്തമാണ്. ഇവയ്ക്കു പിന്നിലെല്ലാം നിൽക്കുന്നത് തെറ്റിദ്ധരിക്കപ്പെട്ട ബൈബിൾവചനങ്ങളാണ്. മനുഷ്യ

മനസ്സുകളിൽ ബൗദ്ധികവിഭ്രാന്തിയും ആഗോളവ്യഗ്രതയും വളർത്തുകയാണ് അതിന്റെ ഫലങ്ങൾ. ഒരു ഗ്രാം സാഹിത്യവിമർശം കൊണ്ട് ഒരു ടൺ സ്കൊളാസ്റ്റിക് കസർത്തുകൾ ഒഴിവാക്കാമെന്നത് അനുഭവപാഠം. ഇപ്പോഴത്തെ പോക്ക് കണ്ടാൽ, സഭയിൽ സുബോധം ശക്തിപ്രാപിക്കുക, ഒട്ടകക്കയർ* സൂചിക്കുഴയിലൂടെ കടക്കുന്നതിലും വിഷമമേറിയതാണ്. മുന്നോട്ടു നീങ്ങാൻ മടിക്കുന്ന ഒട്ടകങ്ങളെ വഴിയിൽ വിട്ടിട്ട്, ധൈര്യശാലികൾ, യേശുവിനെപ്പോലെ, അവരുടെ സ്വന്തം വഴിയിലൂടെ നടന്നുപോകും.

❑

---

**ഒട്ടകം സൂചിക്കുഴയിലൂടെ* എന്നത് പണ്ടെങ്ങോ തർജ്ജമയിൽ കടന്നുകൂടിയ ഒരു തെറ്റായിരുന്നു.

# 20

# ത്രിത്വസങ്കല്പം യുക്തിയിലൂടെ

ബുദ്ധിവികാസത്തിന്റെ പടവുകളിലെവിടെയെങ്കിലും വച്ച് നാമോരോരുത്തരും സ്വയം ഈ ചോദ്യമെറിയേണ്ടിവരും: ഇക്കാണുന്നതൊക്കെയും അതിനിടയിൽ ഈ ഞാനും എവിടെ നിന്ന്? ശൂന്യതയിൽ നിന്നൊന്നും ഉണ്ടാവില്ലെന്നത് യുക്തിയുടെ ആദ്യ കണ്ടെത്തലുകളിലൊന്നാണ്. എങ്കിൽ, ഇക്കാണുന്നതൊക്കെ എന്നുമുണ്ടായിരുന്ന ഏതോ ഒന്നിൽ നിന്ന് വന്നതായിരിക്കണം. എന്നുമുണ്ടായിരുന്നത് ഇനിയും തുടർന്നും ഉണ്ടായിരിക്കും. ആ ശക്തി എന്താണെങ്കിലും അതിനെ അനന്തബോധമായിട്ടേ മനസ്സിലാക്കാനാവൂ.

അപ്പോൾ സ്ഥൂലത എവിടെനിന്നുണ്ടായി? അനന്തബോധം പരിപൂർണമായിരിക്കേണ്ടതുണ്ട്. അതുകൊണ്ട്, നാം കാണുന്ന, അനുഭവിക്കുന്ന, അപൂർണ്ണത നിറഞ്ഞ ലോകവും അനന്തബോധവും തമ്മിലുള്ള ബന്ധമെന്തെന്നറിയാൻ മനുഷ്യബുദ്ധി കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്, ഫലമില്ലാതെ. അതവിടെ നിൽക്കട്ടെ.

എത്ര പരമവും പരിപൂർണവുമായാലും, ഏകതാനതയിൽ നിത്യാനന്ദം എങ്ങനെയാണ് സാധ്യമാകുക? ഏകാകിത മരണതുല്യമായിട്ടനുഭവിക്കുന്ന മനുഷ്യന്റെ ബുദ്ധിക്ക് അത് വിശദീകരിക്കാനാവില്ല. എന്നാലുമൊന്നു ശ്രമിക്കാൻ മനുഷ്യർ മടിച്ചിട്ടില്ല. ആ ശ്രമത്തിന്റെ ഫലമാണ് ക്രിസ്തുമതത്തിലെ ത്രിത്വവും ഹിന്ദുവിന്റെ ബ്രഹ്മത്രയ (ശിവൻ, വിഷ്ണു, ബ്രഹ്മാവ്) വുമൊക്കെ. ഇവയിലെയെല്ലാം ഒളിഞ്ഞിരിക്കുന്ന യുക്തി ഒന്നുതന്നെ. അതായത്, ദൈവം പരിപൂർണതയായിരിക്കണം; പരിപൂർണത ആനന്ദമായിരിക്കണം; സ്നേഹമില്ലാതെ

ആനന്ദമില്ല; ഏകമായിരുന്നുകൊണ്ട് സ്നേഹിക്കാനാവില്ല. അങ്ങനെയെങ്കിൽ, പരമസത്തയിൽ ഏകത്വമല്ല, ബഹുത്വമുണ്ടാവണം.

എങ്കിൽ, ഈ ബഹുത്വത്തിന്റെ ഘടനയെന്തായിരിക്കാം? ദ്വിത്വം? ത്രിത്വം? ഇതേപ്പറ്റി ആലോചിച്ചു നടക്കുമ്പോൾ ഇബ്നു അറബിയുടെ ഈ വരികൾ കണ്ണിൽ പെട്ടു: ഒന്നിൽ നിന്ന് യാതൊന്നുമുണ്ടാകുന്നില്ല. അക്കങ്ങളിൽ ആദിമം തന്നെ രണ്ടാണ് (2). കൂട്ടിയോജിപ്പിക്കുന്ന മൂന്നാമതൊന്നിന്റെ അഭാവത്തിൽ ഒന്നും (1) രണ്ടും (2) നിത്യമായി വേർപെട്ടു തന്നെ നിൽക്കും. ഏറ്റവും കുറഞ്ഞ ബഹുത്വം മൂന്നാണ് (3). ബഹുത്വമാണെങ്കിലും അത് ഒറ്റയാകുന്നു.

ഗണിതപരിജ്ഞാനത്തിന്റെ കുറവുകൊണ്ട് എനിക്കിതത്ര മനസ്സിലായില്ല. അപ്പോൾ അബ്ദു റഹ്മാൻ ബദവി സഹായത്തിനെത്തി. അദ്ദേഹം പറയുന്നു: ഒന്നല്ല (1), മൂന്നാണ് (3) ആദ്യ സംഖ്യ. ആദ്യത്തെ അക്കം 2 ആണ്. ഒന്ന് (1) അക്കമല്ല, അക്കങ്ങളുടെ മൂലമാണ്. ഗൂഢവിചാരങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗണിതതത്ത്വങ്ങൾ അനന്തസത്തയിലേയ്ക്ക് ചെലുത്തിയാൽ, ആദ്യം തുടങ്ങിയ ബിന്ദുവിലെത്തും. അതായത്, ഒറ്റയായുള്ള അസ്തിത്വം അനന്തസത്തക്കുപോലും സാധ്യമല്ല. അവിടെയും സ്നേഹിക്കാനൊരു വിഷയം (object) വേണം. മറ്റൊന്നില്ലാതെ സർവസ്വവുമായിരിക്കുന്നത് ഏതോ അതിന് അതിന്റെ സ്നേഹഭാജനം അതുതന്നെയല്ലേ ആകാനാകൂ? എങ്കിൽ, നമ്മെക്കാൾ വലിയ കുഴപ്പത്തിലായിരുന്നു അനാദിസത്ത. സ്വയം സ്നേഹിച്ച്, അത് രണ്ടാമതൊന്നിനെ സ്നേഹിക്കുന്നതിനു തുല്യമാക്കണം. പ്രേമി, പ്രേമഭാജനം, പ്രേമം എല്ലാം വേണം; എല്ലാം അതിൽത്തന്നെ ഒന്നായിരിക്കുകയും വേണം. ഒരേ സമയം ഒറ്റയും ബഹുത്വവുമായി ഭവിക്കുക! എങ്ങനെ ഭ്രാന്തുപിടിക്കാതിരിക്കും?

പക്ഷേ, ഭ്രാന്ത് മനുഷ്യബുദ്ധിയിലാണ്. എത്ര ചുറ്റിക്കറങ്ങിയാലും കൃത്യമായ ഒന്നിലും അതെത്തുന്നില്ല. നമ്മുടെതന്നെ ഉള്ളിലെ ഭൂതങ്ങളെ കണ്ടു ഭയക്കുന്ന നാം എങ്ങനെ പരമാത്മാവിന്റെ സത്താസംവിധാനത്തെപ്പറ്റി ഗ്രഹിക്കും? കടൽത്തീരത്തിരുന്നു കടലിനെ ഒരു കക്കയ്ക്കുള്ളിലാക്കാൻ ശ്രമിച്ച കുട്ടിയെപ്പറ്റി സെൻറഗസ്റ്റിൻ പറഞ്ഞിട്ടുള്ളതാണ് ഇവിടെ ആപ്തമായ വിചാരം.

ഇതൊക്കെയായാലും, ഒരു കാര്യം ധൈര്യം തരുന്നതാണ്. ദൈവതം അതിന്റെ സത്തയിൽത്തന്നെ പ്രണയബദ്ധമാണ് - എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന പ്രണയം. അതിലൊരു കണികയുടെയെങ്കിലും രുചിയറിയുക ഈ ലോകജീവിതത്തെ നമ്മൾ അല്പപ്രാണികൾക്കും പരിമളമുള്ളതാക്കും.

എന്നാൽ ചിന്തിക്കുന്നവരെ വളരെ അലട്ടുന്ന വേറൊന്നുണ്ട്. ദൈവത്തിൽ ആരോപിക്കപ്പെടുന്ന വ്യക്തിത്വഭാവം. സാമ്പ്രദായിക മതങ്ങളെല്ലാം ഇത് ചെയ്യുന്നുണ്ട്. നൂറ്റാണ്ടുകൾ അതിനായി പാഴാക്കിയിട്ടുണ്ട്. ക്രിസ്തുമതത്തിൽ ഈശ്വരൻ പിതാവും പുത്രനും വിശുദ്ധാരൂപിയുമായി മൂന്നാളുകളാണ്. ഹിന്ദുസങ്കല്പത്തിൽ അർദ്ധനാരീത്വം തൊട്ട് എണ്ണിയാലൊടുങ്ങാത്ത മനുഷ്യഭാവങ്ങളാണ് ഈശ്വരനിൽ ആരോപിക്കപ്പെടുന്നത്. ദൈവശാസ്ത്രത്തിൽ ഇതെല്ലാം ഒരു നിഗൂഢരഹസ്യമായി മാറ്റിവച്ചാലും, പ്രായോഗിക ജീവിതത്തിൽ എണ്ണമറ്റ ഐശ്വര്യഭാവങ്ങളുമായാണ് ഏത് വിശ്വാസിയും ഇടപെടുന്നത്. വേദാന്തത്തിൽ ഈശ്വരന്, പരമമായ സത്തക്ക്, പേരില്ല; എന്നാൽ, ആശയസംവേദനത്തിനായി എന്തെങ്കിലും പറയുക ആവശ്യമായതുകൊണ്ട് *തത്* (അത്) എന്നുപയോഗിക്കുന്നു. പരമമായ സത്തയുമായി ഒത്തുചേർക്കാനാവാത്തതെല്ലാം *മായ* എന്ന ശബ്ദംകൊണ്ടുദ്ദേശിക്കപ്പെടുന്നു. സ്ഥൂലപ്രപഞ്ചത്തിൽ നമ്മുടെ അനുഭവത്തിന്റെ വിഷയമായതെല്ലാം, മനുഷ്യഭാവന സൃഷ്ടിക്കുന്ന വിഭ്രാന്തികൾ ഉൾപ്പെടെ, മായയിൽ പെടുന്നു.

വ്യക്തിത്വം അല്പചേതനയുടെ, പരിധിയുള്ളതിന്റെ, അസ്തിത്വഭാവമാണ്. എങ്ങും ആരംഭമോ അവസാനമോ ഇല്ലാത്തത് വ്യക്തിത്വരഹിതവുമായിരിക്കണം. ദൈവമതാണെന്ന് ബോധംകൊണ്ട് പറയുകയും അതേ സമയം അത് പിതാവും മാതാവും പുത്രനും അല്ലെങ്കിൽ മറ്റെന്തെങ്കിലുമൊക്കെയാണെന്ന് ഭാവനയിൽ ധരിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നത് അങ്ങേയറ്റത്തെ യുക്തിരാഹിത്യമാണ്. ഒരു നിശ്ചിത മതത്തിലേയ്ക്ക് ജനിച്ചുവീഴേണ്ട ദുർവിധിയുണ്ടായിട്ടില്ലാത്ത ഒരാൾക്ക്, അല്ലെങ്കിൽ ലളിതവത്ക്കരിച്ച ഇത്തരം സങ്കൽപ്പങ്ങൾ സ്വന്തം പ്രജ്ഞയിൽ നിന്ന് നിരന്തര സാധനയിലൂടെ മായിച്ചുകളയാൻ കഴിഞ്ഞിട്ടുള്ളവർക്ക്, സർവവ്യാപിയായ ഈശ്വരചൈതന്യത്തിൽ ലയിക്കാൻ സാധിക്കുമെന്നതിന് ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. എന്നാലതിന് വ്യക്തിത്വമെന്ന കടമ്പ കടക്കേണ്ടിവരും.

പരമമായ സത്തയുടെ കാര്യത്തിൽ മാത്രമല്ല, വ്യക്തിത്വം അസ്തിത്വനിഷേധമാകുന്നത്, നമ്മുടെതന്നെ ആന്തരിക ജീവിതത്തിലും വ്യക്തിത്വം ഒരു തടസ്സമാണ്. അതെന്തുകൊണ്ടെന്ന് മനസ്സിലാക്കാൻ വേറൊരു ലേഖനത്തിൽ (അഹന്തയുടെ അഭാവമാണ് ആത്മീയത) ശ്രമിച്ചിട്ടുണ്ട്.

❑

# 21

# സ്വപ്നവും നിർവചനവും

സമയത്തെപ്പറ്റി ആരെഴുതിയാലും വായിക്കുക എന്നുമെന്റെ താല്പര്യമായിരുന്നു. ഭാരതത്തിന്റെ അഭിമാനമായ കവി ഠാക്കൂർ (ഇംഗ്ലണ്ട്കാർ അദ്ദേഹത്തെ Tagore - റ്റാഗോർ ആക്കി.) എഴുതി. 'ചിത്രശലഭമെണ്ണുന്നത് മാസങ്ങളെയല്ല, നിമിഷങ്ങളെയാണ്; എന്നാലു മതിന് ആവശ്യത്തിനു സമയമുണ്ട്, അതിലധികം സൗന്ദര്യവും.' ഏതാണ്ട് അഞ്ചുകൊല്ലംമുമ്പ് അതോടുചേർത്ത്, ഇങ്ങനെയൊരു കുറിപ്പ് ഞാനെഴു തിവച്ചിരുന്നു. 'നിർവചിക്കേണ്ടതിനേ വിലയുള്ളൂ. ബാക്കിയുള്ളവയ്ക്ക് വ്യാഖ്യാതാവ് കല്പിക്കുന്ന വിലയേയുള്ളു. മൗലികമായതൊന്നും വ്യാഖ്യേയമല്ല.'

'നിർവചിക്കുക' എന്നു പറയുന്നതുതന്നെ വചനത്തെ ഒഴിവാക്കുക എന്നാണ്. 'നിർ' എന്ന ഉപസർഗം ചേർക്കുമ്പോൾ ഇല്ലായ്മയാണ് ശബ്ദത്തിൽ ആദേശിക്കപ്പെടുന്നത്. അപ്പോൾ 'നിർ'വചനം എന്നാൽ മൗനം ചെലുത്തുകയെന്നാണ്. അതായത്, വചിക്കാതിരിക്കൽ. എന്നാൽ, സാമാന്യ പ്രയോഗത്തിൽ, നന്നായി വിചാരിച്ച് പറയുക, അർത്ഥം വ്യക്തമാക്കാൻ ശ്രമിക്കുക, എന്നൊക്കെയാണ് ആ വാക്കുകൊണ്ടു ദ്ദേശിക്കുന്നത്. ആ അർത്ഥത്തിൽ, എത്ര ശ്രമിച്ചാലും നിർവചിക്കാനാ വാത്ത സമസ്യകളാണ് ജനനവും മരണവും സ്നേഹവും ക്രൂരതയു മൊക്കെ. ഇവയെപ്പറ്റി പറയുന്നതൊക്കെയും നിരുക്തിയിലേയ്ക്കാണ് നയിക്കുക. കവിയെഴുതിയതുതന്നെ ഇതിനു തെളിവാണ്. ഏതാനും നിമിഷങ്ങൾകൊണ്ട് എണ്ണാവുന്ന ചിത്രശലഭത്തിന്റെയും മണിക്കൂറുകൾ കൊണ്ട് എണ്ണാവുന്ന പൂവിന്റെയും ജീവനു ലഭ്യമായ അതേയർത്ഥം

തന്നെയല്ലേയുള്ളൂ ഒരു മനുഷ്യനും നൂറ്റാണ്ടുകൾക്കു ശേഷം മണ്ണായി ത്തീരുന്ന ഒരു മരത്തിനും? പക്ഷേ, എന്താണ് ഈയർത്ഥം? ലഭ്യമായ സമയം മുഴുവൻ ജീവിക്കുക, അത്രതന്നെ. അതിനപ്പുറത്തുള്ളതെല്ലാം വെറും 'നിര്'വചനങ്ങളല്ലേ? ജീവിതത്തിന് വെറും ഒരു നിമിഷത്തിന്റെ വിലയേയുള്ളൂ; ആ ഓരോ നിമിഷത്തിനുമെന്നാൽ, ഒരു മുഴുവൻ ജീവന്റെതന്നെ വിലയുണ്ടുതാനും.

വാക്കുകളും ആശയങ്ങളും ഒന്നിൽനിന്ന് മറ്റൊന്ന് ഉരുത്തിരിഞ്ഞു വരുന്നതിനെപ്പറ്റിയുള്ള അന്വേഷണം എപ്പോഴും രസാവഹമാണ്. ഉദാഹരണത്തിന്, 'ആപേക്ഷികം'! ഒന്നിനെ അപേക്ഷിച്ച്, അല്ലെങ്കിൽ ആശ്രയിച്ച്, മാത്രം മറ്റൊന്നിന് അസ്തിത്വം കല്പിക്കുന്നതിനെയാണ് ആപേക്ഷികം എന്നു പറയുന്നത്. പ്രപഞ്ചമെന്നതുതന്നെ മനുഷ്യ മനസ്സിന്റെ ആപേക്ഷികതകൊണ്ടാണ് നിർണ്ണയിക്കപ്പെടുന്നത് എന്നു തെളിയിക്കാനുംകൂടിയാണ് Einstein തന്റെ Relativity Theory ഉണ്ടാക്കിയത്. അതനുസരിച്ച് സമയം, ഇടം എന്നീ സങ്കല്പമാനങ്ങൾക്ക് ആപേക്ഷിക മായിട്ടല്ലാതെ, ഭൗതികതലത്തിൽ ഒന്നിനും ഒരർത്ഥവുമില്ല. അതായത്, ദ്രവ്യമില്ലെങ്കിൽ ഇടത്തിനോ, ചലനമില്ലെങ്കിൽ സമയത്തിനോ പൊരു ളൊന്നുമില്ല. എവിടെയെങ്കിലും സ്ഥിരമായും വ്യത്യസ്തമായും നില കൊള്ളുന്ന എന്തെങ്കിലുമായി തട്ടിക്കാനാവുന്നില്ലെങ്കിൽ, വേഗംപോലും അനുഭവപ്പെടുകയില്ലെന്നു വിമാനയാത്രയിൽ നിന്ന് ഏവർക്കുമറിയാം. സമയവും ഇടവുമില്ലെങ്കിൽ വേഗവുമില്ല. ആത്യന്തികമായ വിലയിരുത്ത ലിൽ ഇവ മൂന്നും, യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാൻവേണ്ടി മനസ്സുണ്ടാ ക്കുന്ന സങ്കല്പങ്ങൾ മാത്രമാണ്. മനസ്സില്ലാതായാൽ, ഇവ മൂന്നും പിന്നെയില്ല. ഇവ മൂന്നുമില്ലെങ്കിൽ, പിന്നെ നമുക്ക് പ്രപഞ്ചമെവിടെ? അനുദിനജീവിതത്തിൽ അധികമാരും ഇതൊന്നും ചിന്തിക്കുന്നില്ലെ ങ്കിലും, സംഗതി വളരെ ഗൗരവമാണ്; ഗഹനീയവുമാണ്. കാരണം, നമ്മുടെതന്നെ ഉണ്മയെയും ഇല്ലായ്മയെയും നിശ്ചയിക്കുന്ന വിവക്ഷ കളാണിവ. ഞാനില്ലെങ്കിൽ പിന്നെയാരുടേതാണ് ഈ വിവക്ഷകൾ? ആകെ കുഴഞ്ഞില്ലേ കാര്യങ്ങൾ? കുഴഞ്ഞുമറിഞ്ഞ ഈ ആശയക്കുഴമ്പി നാണ് 'മായ' എന്നു പേരിട്ടിരിക്കുന്നത് എന്നു വേണമെങ്കിൽ പറയാം.

തത്ത്വചിന്തയുടെ ഉത്ഭവംതന്നെ 'ഞാൻ' ആണ്. പടിഞ്ഞാറ്, ദെകാർത്തിന്റെ (René Descartes) 'ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്.' -- *Cogito, ergo sum* -- എന്ന ലത്തീൻ സമവാക്യത്തിലാണ് അതിന്റെ തുടക്കം. ഒന്നുകൂടി കടത്തിച്ചിന്തിച്ചാൽ, എന്റെയെന്നല്ല, എല്ലാ അസ്തിത്വവും 'ഞാൻ' എന്ന ചിന്തയിലാണ് ഉറപ്പിച്ചിരിക്കുന്നത്. എനിക്ക് വെളിയിൽ, തനതായി ('സ്വന്തം കാലിൽ' നിൽക്കുന്ന) അസ്തിത്വങ്ങ

ളുണ്ടെങ്കിൽത്തന്നെ, അവയും എന്റെ ബോധത്തിൽ സ്ഥലംപിടിക്കുന്നത്, എന്റെ സൃഷ്ടിയായിട്ടാണ്. അല്ലാതെ പറ്റില്ലതന്നെ. ഇതിനു വേറൊരു തെളിവും വേണ്ടാ - ഞാനെന്ന ബോധം നഷ്ടമാകുന്നതോടെ, എല്ലാ അസ്തിത്വവും എന്നെ സംബന്ധിച്ചിടത്തോളം ഇല്ലായ്മയായിത്തീരുകയാണല്ലൊ.

അപ്പോൾ, ഞാനെന്ന ചിന്തയാണ് സ്വന്തം അസ്തിത്വമായി എനിക്കനുഭവപ്പെടുന്നത്. ബാക്കിയെല്ലാം എനിക്ക് ആപേക്ഷികമായും. ഓരോ 'ഞാനും' മറ്റൊന്നുപോലെയല്ലാത്തതുകൊണ്ട്, ഓരോ 'ഞാനും' മറ്റെല്ലാം കാണുന്നത് വ്യത്യസ്തമായിട്ടായിരിക്കും. ഓരോരുത്തർക്കും അവരുടെ സ്വന്തം ലോകമുണ്ടെന്നർത്ഥം. അങ്ങനെ, എന്തിലെങ്കിലും രണ്ടുപേർ ഒരേയർത്ഥം കാണുക വിരളമായതിനാൽ അടിപിടി ധാരാളമാകുന്നു എന്നതും നിത്യാനുഭവം. ചിന്തയല്പംകൂടി വികസിപ്പിച്ചാലോ? അനന്തവും സ്ഥിരവുമായ മറ്റൊന്നിന് ആപേക്ഷികമായിട്ടല്ലാതെ, ഞാൻ എന്ന എന്റെ ബോധപ്രക്രിയപോലും നിലനിൽക്കുകയില്ല. അല്പാസ്തിത്വമായ എന്നെ സംബന്ധിച്ചിടത്തോളം ഇതാണ് വസ്തുത. പക്ഷേ, കാതലുള്ള (ആപേക്ഷികമല്ലാത്ത) അസ്തിത്വം (അനന്തബോധം) സ്വാശ്രിതവും മങ്ങലില്ലാത്തതുമായിരിക്കണം എന്നത് നഗ്നമായ യുക്തി. എന്നുവച്ചാൽ, അത് (തത്) തനിക്ക് ഉപോദ്ബലനമാകേണ്ട മറ്റൊന്നിന്റെയും അസ്തിത്വം അനുവദിക്കുന്നില്ല.

കാരണം, ആപേക്ഷികത അല്പാസ്തിത്വങ്ങളുടെ മാത്രം നിയമമാണ്. അനന്തബോധത്തിൽ അലിയുക എന്നൊന്ന് സാദ്ധ്യമാണെങ്കിൽ, അതിനർത്ഥം ആപേക്ഷികതയെ മറികടക്കുക എന്നാണ്. അതാകട്ടെ സ്വത്വത്തിന്റെതന്നെ നിരാകരണമല്ലാതെ വേറൊന്നുമല്ല താനും. അതുകൊണ്ടാണ് പരമസത്തക്കു വെളിയിൽ ഒന്നുമില്ലായെന്ന വേദാന്തസത്യം ഭാരതീയചിന്ത പ്രഘോഷിച്ചത്.

ഈ ചിന്ത ഒരു തരത്തിൽ മഹത്തരമാണെങ്കിലും, അതിൽ നമുക്ക് സായൂജ്യത്തിന് വകയൊന്നുമില്ല. കാരണം, അനന്തമായത് ഉണ്ടെങ്കിൽ അതു സംപൂർണ്ണവുമാണ്. എല്ലാ വിധത്തിലും സമ്പൂർണ്ണമായതിലേയ്ക്ക് അപൂർണ്ണമായ ജീവാത്മാവിന് ലയിക്കാനാവില്ല എന്നു മാത്രമല്ല, യുക്ത്യനുസരണം, അപൂർണ്ണമായ മറ്റൊരസ്തിത്വവും പരമമായ സംപൂർണ്ണതക്കു വെളിയിൽ അനുവദിക്കാനേ ആവില്ല. അതുകൊണ്ട്, ഈ വിഷയത്തോട് ചേർത്ത് പരക്കെ പറയാറുള്ള, 'നദി സമുദ്രത്തിൽ ലയിക്കുന്നതുപോലെ' എന്നത് കാതലില്ലാത്ത ഒരുപമയാണ്. രണ്ടിലൊന്നേ ബുദ്ധിക്കു മുമ്പിലുള്ളൂ: ഒന്നുകിൽ ഇപ്പോൾത്തന്നെ നാം (ഞാൻ) അനന്തസത്തയുടെ ഭാഗമാണ്. അല്ലെങ്കിൽ നമ്മുടെ അസ്തിത്വം

വെറും ശൂന്യതയാണ്. 'ഞാൻ' ഉണ്മയുടെ നിരാകാരമായ ഒരു കുളിർമ മാത്രമാണ്. അനാദിയും അനന്തവുമായ സംശുദ്ധബോധത്തിന്റെ വെറും സ്വപ്നമാണ് നാം (നമ്മുടെ ബോധതലത്തിലുള്ളതെല്ലാം ഉൾപ്പെടെ). മുമ്പ് സൂചിപ്പിച്ചയർത്ഥത്തിൽ *നിർവചിക്കാൻ* നമ്മുടെ കൈയിൽ മറ്റൊന്നുമില്ലാത്തതുകൊണ്ട് മാത്രം പ്രയോഗിക്കുന്ന ഒരുപമയാണ് സ്വപ്നമെന്ന വാക്ക്. സ്വപ്നത്തെ നിയന്ത്രിക്കാനാവാത്തതുപോലെ, നമ്മുടെ ഈ ജീവിതത്തിനും ഒരൊറ്റ സാദ്ധ്യതയേയുള്ളു, ശൂന്യമായി ഇരിക്കുക, ശൂന്യമായി അവസാനിക്കുക!

പ്രത്യക്ഷത്തിൽ ഒരു കഴമ്പുമില്ലാത്ത ഇത്തരം മുൻവിധികളും ആപേക്ഷികമായ അഭ്യൂഹങ്ങളും അടിസ്ഥാനമാക്കിയുള്ള തത്ത്വചിന്തക്കും മന:ശാസ്ത്രത്തിനും എതിരായിട്ടെന്നോണം ഉയിർകൊണ്ട ദാർശനികവിചാരമാണ് അസ്തിത്വവാദം (Existentialism). സന്മാർഗചിന്തകൾക്കെന്നല്ല, യാതൊരാപേക്ഷീയതക്കും ഇടം നൽകാതെ, ചേതനയിൽ അങ്കുരിക്കുന്നതെല്ലാം പ്രതിഭയുടെ അർത്ഥശൂന്യമായ പ്രകാശനമെന്നു വകവച്ചുകൊടുക്കുന്ന രീതിയാണ് അതിന്റേത്. ഭാവി ഭൂതങ്ങൾക്ക് അതിൽ പ്രാധാന്യമില്ല. ഇപ്പോൾ ഇവിടെയുള്ളതും അനുഭവവേദ്യമാകുന്നതുമെന്തോ, അതു മാത്രമാണ് ശ്രദ്ധേയം. അതായത്, ഈ നിമിഷം മാത്രമാണ് വിലയുള്ളത്. പക്ഷേ, ഈ നിമിഷമെന്നത് പോയതിന്റെയും വരാനുള്ളതിന്റെയുമിടയിലെ ഇല്ലായ്മയായതിനാൽ, ജീവിതം ശൂന്യതയിലേയ്ക്കുള്ള ഒരാക്കം, ചലനമില്ലാത്ത പ്രയാണം മാത്രമാണ്.

എല്ലാറ്റിന്റെയുംതന്നെ നിരാകരണമെന്നതിനേക്കാൾ, മനുഷ്യബുദ്ധിയിലുള്ള വിശ്വാസമാണ് ഈ ചിന്താരീതിയെ താങ്ങിനിറുത്തിയത്. അതേസമയം, യാഥാർത്ഥ്യത്തെ പിടിച്ചുവച്ചു വിശകലനം ചെയ്യാനും നിത്യസത്യങ്ങളിൽ അവയെ ഒതുക്കാനും മനുഷ്യനാവില്ല എന്ന എളിമയും അസ്തിത്വവാദികൾക്കുണ്ട്. അവർക്ക് മതത്തിന്റെ പിടിവാശികൾ തുലോം തരാംതാഴ്ന്ന ജല്പനങ്ങളാണ്. മനുഷ്യന് പ്രപഞ്ചത്തിൽ സവിശേഷമായ ഒരു സ്ഥാനവും പദവിയുമില്ല. ഇവ്വിധ പിടിവാശികളെല്ലാം പൊള്ളയായ അഹന്തയും മിഥ്യയുമാണ്. ശാശ്വതമെന്ന പരിവേഷത്തിന് അർഹതയൊന്നിനുമില്ല എന്നാണതിന്റെ പൊരുൾ.

തേൻ നുകരുന്നതിനിടക്ക്, മനോഹരിയായ ഓരോ പൂവും അല്പപ്രാണനായ പൂമ്പാറ്റയും തമ്മിൽ ഈ സന്ദേശം കൈമാറുന്നുണ്ടാവാം. അത് ശ്രദ്ധിക്കാനും ശ്രവിക്കാനുമറിയുന്നവർ ഭാഗ്യവാന്മാർ.

❑

# 22

# വിപസനയുടെ പാഠങ്ങൾ

സവിശേഷമായ നിരീക്ഷണമല്ലാതെ മറ്റൊന്നുമല്ല, വിപസന - vipassana - അല്ലെങ്കിൽ വിപശ്യന. എന്താണ് നിരീക്ഷിക്കുക? നമുക്കുള്ളിലെ യാഥാർഥ്യത്തെ. അത് ചെയ്യേണ്ടത്, ഏതെങ്കിലും വിശ്വാസത്തിന്റെയോ കല്പനയുടെയോ തത്ത്വചിന്തയുടെയോ നിറത്തിലൂടെയായിരിക്കരുത്. സ്വയം നിരീക്ഷിക്കുകയെന്നത് ഏവരും ചിലപ്പോഴെല്ലാം അറിയാതെതന്നെ ചെയ്തുപോരുന്ന ഒരു പ്രവൃത്തിയാണ്. പക്ഷേ, അപ്പോൾ കണ്ടെത്തുന്നവയിൽ, വല്ലാത്ത പക്ഷപാതം കലർന്നിരിക്കും. അഹത്തിനു അസ്വീകാര്യമായതൊക്കെ കണ്ടില്ലെന്നു നടിക്കുകയാണ് സാധാരണ സംഭവിക്കുക. നിരീക്ഷണത്തെ അങ്ങേയറ്റം വസ്തുനിഷ്ഠമാക്കുക, സത്യസന്ധമാക്കുക എന്നതാണ് വിപസനയുടെ പ്രത്യേകത. ഉദാഹരണത്തിന്, അരിശമോ വെറുപ്പോ അഹങ്കാരമോ അഭിമാനമോ തോന്നുമ്പോൾ, ആ വികാരത്തെപ്പറ്റി ബോധമുണർത്തുകയല്ലാതെ മറ്റൊന്നു മരുത്; ഒരു വിശകലനവും പ്രതിക്രിയയും നടത്താതെ, സംഭവിക്കുന്നത് നിരീക്ഷിക്കുക മാത്രം ചെയ്യുക.

പുരാതന ഭാരതത്തിൽ പ്രചാരമുണ്ടായിരുന്ന വിധിയനുസരിച്ച്, ഏതനുഭവത്തിലും രണ്ടു കാര്യങ്ങൾ ഉൾപ്പെടുന്നുണ്ട്. അരിശം വരുമ്പോൾ, ഉദാഹരണത്തിന്, ശരീരത്തിന്റെ സ്ഥൂലതലത്തിൽ, ശ്വാസോഛ്വാസത്തിന് അതിന്റെ സ്വാഭാവിക ഗതി നഷ്ടപ്പെടുന്നു. അതിനല്പം വേഗവും കടുപ്പവുമേറും. അതോടൊപ്പം, ശരീരവും മനസ്സും പരസ്പരം സ്വാധീനിക്കുന്നതുകൊണ്ട്, സൂക്ഷ്മതലത്തിലും ഒരു ജീവരസായന-വിദ്യുതകാന്തപ്രതിക്രിയ നടന്നിരിക്കും. രക്തചംക്രമണം കൂടി, ശരീരം

ചൂടാകുന്നത് അതിന്റെ ഫലമായാണ്. ഇതൊക്കെയാണ് നിരീക്ഷണ ത്തിൽ വരേണ്ടത്. അല്ലാതെ, കോപത്തിനു കാരണമെന്ന് നാം കരുതുന്ന വേറൊരാളുടെ പെരുമാറ്റമോ, ചുറ്റുപാടുകളുടെ പ്രതികൂലസ്ഥിതികളോ, ഇവകളെ തിരുത്താനുള്ള മാർഗങ്ങളോ ഒന്നുമാകരുത്.

നമ്മിൽ സംഭവിക്കുന്നതിനെ അഭിമുഖീകരിക്കുകയാണ് നാം ചെയ്യേ ണ്ടത്, അവഗണിക്കുകയല്ല. മറ്റെന്തെങ്കിലും ചെയ്യുക, കീർത്തനമോ പ്രാർത്ഥനയോ നടത്തുക തുടങ്ങിയവ, നിഷേധവികാരങ്ങളിൽ നിന്ന് ശ്രദ്ധതിരിക്കാൻ വേണ്ടിയുള്ള സൂത്രങ്ങളാണ്, താൽക്കാലികമായ പലാ യനമാണ്. തിന്മ അകത്തേയ്ക്ക്, അബോധതലത്തിലേയ്ക്ക്, വലിയുക മാത്രമാണ് അപ്പോൾ സംഭവിക്കുന്നത്. വീണ്ടുമത് പുറത്തു വരുമെന്നത് തീർച്ചയുള്ള കാര്യമാണ്. കാരണം, അഹന്തയിൽ നിന്ന് കുരുത്ത് നമ്മെ അലട്ടുന്ന എല്ലാ മാന്യവിചാരങ്ങളും വികാരങ്ങളും മാലിന്യങ്ങൾ തന്നെയാണ്; അവയിൽനിന്ന് മനസ്സ് സംശുദ്ധമായിട്ടില്ല.

മനസ്സിന്റെ ആഴതലങ്ങൾ ശുദ്ധിചെയ്യുന്നതിനുള്ള സാഹചര്യ മൊരുക്കുക, ധർമ്മം ചെയ്യാനുള്ള വിധി പഠിച്ചെടുക്കുക, എന്നതാണ് പത്തുദിവസം നീണ്ടുനിൽക്കുന്ന പരിശീലനത്തിലൂടെ S.N. Goenkaയുടെ ശ്രമഫലമായി ഒട്ടു മിക്ക രാജ്യങ്ങളിലും രൂപംകൊണ്ടിട്ടുള്ള വിപസന സെന്ററുകളിൽ ചെയ്യുന്നത്. 21.09.2005 മുതൽ 02.10.2005 വരെ, സ്വിറ്റ് സർലന്റിലെ Mont Soleil എന്ന മലമുകളിൽ, ഒരു course-ൽ സംബന്ധി ച്ചതിന്റെ ഓർമ്മയിൽ നിന്നും തുടർന്നുള്ള ശീലനത്തിൽ നിന്നുമാണ് ഈ കുറിപ്പ് രൂപപ്പെട്ടത്.

ഉള്ളിലേയ്ക്ക് നോക്കാൻ ശീലിക്കുക എന്ന ലക്ഷ്യത്തോടെ വിപസ നാർത്ഥികൾ ഒരദ്ധ്യാപകന്റെ അല്ലെങ്കിൽ അദ്ധ്യാപികയുടെ സമക്ഷ ത്തിൽ നിലത്തിരിക്കുന്നു; അതിനാകുന്നവർ, പത്മാസനത്തിൽ. ഓരോ ധ്യാനാദ്ധ്യയനവും ഒന്നര മണിക്കൂറെങ്കിലും നീണ്ടുനിൽക്കുന്നതിനാൽ, സ്വസ്ഥമായി ഇരിക്കാൻ തലയണയോ പുതപ്പോ ഒക്കെ ഉപയോഗിക്കാം. അങ്ങനെയിരുന്ന്, ഒരേയൊരു കാര്യമേ ചെയ്യേണ്ടതുള്ളു: ശ്വാസത്തെ ശ്രദ്ധിക്കുക. പ്രാണവായു അകത്തേയ്ക്കും പുറത്തേയ്ക്കും സഞ്ചരി ക്കുന്നത് കഴിവത് സൂക്ഷ്മതയോടെ ശ്രദ്ധിക്കുക, നാസാരന്ധ്രങ്ങളിലും, മേൽച്ചുണ്ടിന്റെ ഉപരിതലത്തിലും വായുവിന്റെ നേരിയ സ്പർശത്തെ അറിയാനാകുകവരെയെത്തിയാൽ അത് മുന്തിയ നേട്ടമാണ്. ഈ ശ്വസന പ്രക്രിയയൊഴിച്ച് ബാക്കിയൊക്കെ മറക്കണം. നമ്മുടെ സത്തയുടെ സൃഷ്ടിയിൽ കരുക്കളായിട്ടുള്ള പഞ്ചഭൂതങ്ങളെ സ്വരുമിപ്പിക്കുന്നത് ഈ പ്രാണവായുവാണെന്നോർക്കുക.

ശ്രദ്ധ മുഴുവൻ ശ്വാസോച്ഛ്വാസത്തിൽ കേന്ദ്രീകരിക്കുന്നതിന്റെ പിന്നിൽ നിൽക്കുന്ന കാരണങ്ങൾ ഇവയാണ്. ശ്വസിക്കുക എന്നത്, ജീവന്റെ തന്നെ ഭാഗമായി, എപ്പോഴും നമ്മോടൊത്തുണ്ട്. ശ്വസനം അങ്ങേയറ്റം വർത്തമാനകാലത്തിൽ സംഭവിക്കുന്നു. ബോധതലത്തെയും അബോധതലത്തെയും ബന്ധിപ്പിക്കാനുതകുന്ന ഒരു പാലമാണ് ശ്വസനം. നാമറിയാതെയും സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ പ്രവൃത്തിയെ നമ്മൾ ബോധപൂർവം നടത്തുന്ന ഒന്നാക്കി മാറ്റാം, സവിശേഷമായ സദ്ഫലങ്ങളോടെ.

ശരീരത്തിന്റെ മറ്റ് ശീലങ്ങളിൽ സാദ്ധ്യമായതുപോലെ പക്ഷേ, ഇതിലേയ്ക്ക് ഒട്ടും പ്രതിപത്തി അടിഞ്ഞുകൂടാനിടയില്ല. ആഗ്രഹം, ഇഷ്ടം, സുഖം, കോപം, ഭയം, വിരോധം എന്നിവയെല്ലാം ശ്വാസത്തിന്റെ രീതിയെ ബാധിക്കുന്നതിനാൽ, മനസ്സിന്റെ ഓരോ സമയത്തുമുള്ള സ്ഥിതിയെപ്പറ്റി കൃത്യമായ അറിവുതരുന്ന ഒരു മാപിനിയാണ് ശ്വസനം.

വിപസന എന്നതുകൊണ്ടുദ്ദേശിക്കുന്നത് ശ്രദ്ധയോടെയുള്ള നോട്ടം എന്നാണെന്ന് പറഞ്ഞുവല്ലോ. അടുത്തതായി, അകത്തും പുറത്തുമുള്ള യാഥാർത്ഥ്യത്തെ (ശരീരത്തിലെവിടെയെങ്കിലും അനുഭവപ്പെടുന്ന സ്പർശനാനുഭവത്തെ (sensation) അതായിരിക്കുന്നതുപോലെ നിരീക്ഷിക്കാൻ പഠിക്കുകയാണ്; to observe the reality as it is. ഈ അന്വേഷണത്തിനുള്ളയൊരു ശീലം കിട്ടാൻ, തുടക്കക്കാർക്കുള്ള ഒരു പരിശീലനം നിർദ്ദേശിക്കുന്നുണ്ട്. അതിങ്ങനെയാണ്. മനസ്സുകൊണ്ട്, തലയുടെ ഉച്ചിമുതൽ ശരീരത്തിന്റെ ഓരോ ഭാഗവും 'സ്കാൻ' ചെയ്യുക. പഞ്ചേന്ദ്രിയങ്ങളിൽ ഏതിന്റെയെങ്കിലും ഏറ്റവും നേരിയ അനുഭവം എവിടെയെങ്കിലും കണ്ടെത്തിയാൽ അത് നിരീക്ഷിക്കുക മാത്രം ചെയ്യുക. അത് ചൂടോ തണുപ്പോ സുഖമുള്ള ഒരു തരിപ്പോ, വേദനയോ മരവിപ്പോ വസ്ത്രത്തിന്റെ ഇറുക്കമോ ഉരസലോ ഒക്കെയാവാം. അതെന്തായാലും അതിനോട് താല്പര്യമോ വിപ്രതിപത്തിയോ അനുവദിക്കാതെ അവിടെത്തന്നെ വിട്ടുകളയുക. ഇപ്രകാരം, ശരീരത്തെ മൊത്തത്തിൽ മുകൾതൊട്ട് താഴെവരെയോ, ഓരോ അവയവത്തെ പ്രത്യേകമായി എടുത്തോ, ആവർത്തിച്ചു 'സ്കാൻ' ചെയ്യണം. അവയിൽ എവിടെയെങ്കിലും അനുഭവപ്പെടുന്ന ഭൗതികമായ, ഐന്ദ്രികമായ മാറ്റങ്ങളെല്ലാം തുലോം സാന്ദർഭികവും താല്ക്കാലികവും ആണെന്ന് തിരിച്ചറിയുക എന്നതാണിതിന്റെ പിന്നിലെ ഉദ്ദേശ്യം. അതേത്തുടർന്ന്, ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഇതേ സ്വഭാവമുള്ളവയാണെന്നുള്ള ബോദ്ധ്യത്തിലേയ്ക്കാണ് വിപസന ആത്യന്തികമായി നമ്മെ എത്തിക്കേണ്ടത്. മുകളിൽ സൂചിപ്പിച്ച അഭ്യാസം അതിനുള്ള പരിശീലനമായി കാണണം. ഈ

കണ്ടെത്തൽ ആത്മാവബോധത്തിലേയ്ക്കുള്ള ബുദ്ധന്റെ വലിയ സംഭാവനയാണ്. എല്ലാം മാറിമറയുന്നു, ഒന്നും സ്ഥിരമല്ല എന്ന പ്രത്യക്ഷമായ നിത്യാനുഭവത്തിൽ തുടങ്ങുന്നതാണ് അദ്ദേഹത്തിൻെറ ജീവിതവിശകലനം. ചലനമെന്നത് അസ്തിത്വത്തിന്റെ നിരന്തര സ്വഭാവമാണെന്ന് ഇന്ന് നമുക്ക് quantum physicsൽ നിന്ന്, അന്ന് ശ്രീബുദ്ധൻ കണ്ടെത്തിയതിലും വളരെ വസ്തുനിഷ്ഠമായി, അറിയാം. ക്വാണ്ടം തലത്തിൽ, ഊർജ്ജപ്രതിഭാസങ്ങളല്ലാതെ മറ്റൊന്നുമില്ല, നക്ഷത്രങ്ങളോ ഗാലക്സികളോ ഒന്നും. ഇന്ദ്രിയങ്ങളാലെന്നല്ല, അതിസങ്കീർണ്ണമായ കംപ്യൂട്ടർ ഉപയോഗിച്ചുപോലും രേഖപ്പെടുത്താനാവാത്തത്ര വേഗത്തിൽ പ്രകാശവും വൈദ്യുതിയും ചലിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജമണ്ഡലങ്ങൾ മാത്രമാണുള്ളത്. സ്ഥലകാലങ്ങളിൽ തുടർച്ചയുള്ള 'ഖര' വസ്തുക്കളെ 'കാണുക' എന്നത് മനസ്സിനെ കബളിപ്പിക്കാൻ മസ്തിഷ്കം ചെയ്യുന്ന ഒരു വികൃതിയാണെന്ന് ഈ പുസ്തകത്തിലെ പല ലേഖനങ്ങളിലും ആവർത്തിക്കേണ്ടിവരുന്നുണ്ട്. അത്ര പ്രധാനമായ ഒരു വസ്തുതയാണത്.

ബുദ്ധന്റെ അടുത്ത കണ്ടുപിടുത്തമാണ്, ഏത് ശാരീരികാനുഭവവും മനസ്സുമായി ബന്ധപ്പെട്ടാണിരിക്കുന്നത് എന്നത്. മനസ്സിന്റെ ഭാവങ്ങൾ, വിചാരങ്ങൾ, ചിന്തകൾ, പ്രതീക്ഷകൾ, ഭയങ്ങൾ എന്നിവയെല്ലാം ഒന്നുകിൽ കഴിഞ്ഞവയുമായോ (ഓർമ്മകൾ), അല്ലെങ്കിൽ ഭാവിയുമായോ (പ്രതീക്ഷകൾ) ബന്ധപ്പെട്ടവയാണ്. അതുകൊണ്ടുതന്നെ അവയൊന്നും വർത്തമാനത്തിന്റെ ഈ നിമിഷവുമായി പൊരുത്തപ്പെടുന്നില്ല. അവ നമുക്ക് ഉപകാരപ്രദവുമല്ല. എന്നാൽ, കഷ്ടം തന്നെ, മനുഷ്യന്റെ കഴിവിന്റെയും സമയത്തിന്റെയും 99%വും ഈ രണ്ടിടത്തുമായി നഷ്ടപ്പെടുകയാണ്.

മനസ്സും ശരീരവും തമ്മിൽ ബന്ധപ്പെടുന്നത് ഐന്ദ്രികാനുഭവങ്ങളിലൂടെയാണ്. ഇവയോടൊപ്പം, നാം ശ്രദ്ധിക്കാത്ത വിവിധാനുഭവങ്ങളും ഉള്ളിൽ ശേഖരിക്കപ്പെടുന്നുണ്ട്. അപ്രതീക്ഷിതമായി ബോധമണ്ഡലത്തിലെത്തിയോ അബോധതലത്തിൽനിന്ന് തന്നെയോ അവ മനസ്സിനെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. ഇവയെ പുറത്ത് വരാനനുവദിക്കുകയും അപ്പോൾത്തന്നെ നിർമ്മമതയോടെ ഉപേക്ഷിക്കുകയും ചെയ്യുന്നതിലൂടെ നാം സ്വയം ശുദ്ധീകരിക്കുകയാണ്. ദിവസവും കുറേ നേരത്തേയ്ക്ക് ഇങ്ങനെ 'ധ്യാനിക്കുക' എന്നതല്ല ബുദ്ധന്റെ ആശയം. ശ്വസനപ്രക്രിയയെ നിരീക്ഷിക്കുകവഴി ചിന്തയെ നിരീക്ഷിക്കാനുള്ള ശീലം വളർന്നുവരണം. ഇവ രണ്ടും തമ്മിലുള്ള ബന്ധമാണ് ശ്രീബുദ്ധന്റെ വലിയ കണ്ടെത്തൽ. അതുവരെ വ്യത്യസ്തമായി കണ്ടിരുന്ന ശാരീരികവും

മാനസികവുമായ തലങ്ങളെ ബന്ധിപ്പിക്കയാണ് അദ്ദേഹം ചെയ്തത്. ഭൗതികശാസ്ത്രത്തിൽ time-space-continuum എന്ന Einsteinന്റെ കണ്ടെത്തൽപോലെയാണ് ബുദ്ധന്റെ body-mind concept. അവബോധം വർത്തമാനകാലത്തിലെ ഓരോ നിമിഷത്തിലും മാത്രമാണ് സാദ്ധ്യമാകുന്നത്. അതുകൊണ്ട്, അതേ വർത്തമാനഗുണമുള്ള ശ്വസനത്തിലൂന്നി അവബോധത്തിലെത്തുക എളുപ്പമായിത്തീരുന്നു.

അവബോധം എന്നത് സംശുദ്ധമായ ഒരനുഭവമാണ്. വിശ്വാസങ്ങളും നേടിയെടുത്ത അറിവുകളും അതിനെ കീഴ്പ്പെടുത്തുകയോ, അശുദ്ധമാക്കുകയോ ആണ് ചെയ്യുക. പുറത്തുനിന്നു കിട്ടിയ ഒററിവും ഒരാളെയും അവബോധത്തിലേയ്ക്ക് നയിക്കുകയില്ല. ബുദ്ധനോ ലാവോത്സുവോ യേശുവോ മറ്റേതെങ്കിലും ഗുരുവോ ഇതിൽ സഹായിയാകില്ല. Be yourself എന്ന ഒരേയൊരു സൂത്രമേ അവബോധത്തിലേയ്ക്കുള്ളൂ! ഉള്ളിലുള്ള സത്യത്തെ അംഗീകരിക്കുക എന്നത് മാത്രമാണത്. ഗുരുക്കളെല്ലാം ഇത്ര മാത്രമേ പറഞ്ഞിട്ടുള്ളൂ: *സത്യം നിന്നെ മോചിപ്പിക്കും*. ഉള്ളിൽ വെളിച്ചമുണ്ട്, സത്യമുണ്ട്. അത് കാണാനുള്ള കണ്ണു തെളിയിക്കുക എന്നതാണ് ആത്മീയത അല്ലെങ്കിൽ അവബോധത്തിൽ ജീവിക്കുക എന്ന കല. അതാകട്ടെ ഒട്ടുംതന്നെ എളുപ്പമല്ലതാനും. ഏത് തുറയിലും നല്ല പ്രതിച്ഛായക്കുവേണ്ടി അഹത്തെയും അതിന്റെ സൃഷ്ടികളെയും 'മോടിപിടിപ്പിക്കുന്ന'താണ് പരിഷ്ക്കാരമെന്നു കരുതുന്ന ഒരു ലോകമാണ് നമുക്ക് ചുറ്റുമുള്ളത്. നമ്മുടേതായി അംഗീകരിക്കപ്പെടണമെന്ന് കൊതിച്ച്, ഏതെല്ലാം പ്രതിച്ഛായകളെ നാം അന്യർക്ക് മുമ്പിൽ സൃഷ്ടിക്കുന്നുവോ, അവയൊക്കെ യഥാർത്ഥത്തിൽ നമ്മെ നാം അല്ലാതാക്കുകയാണ്. നാമെന്താണോ, അതായിരിക്കാനോ അതംഗീകരിക്കാനോ ആർക്കുമിഷ്ടമില്ല. അതുകൊണ്ട്, നമുക്ക് ചുറ്റുമുള്ള ലോകത്തെപ്പോലെതന്നെ നാമും സങ്കല്പത്തിൽ മാത്രമുള്ള ഒരു വലിയ അസത്യക്കൂമ്പാരമായി തരംതാഴുന്നു.

കപടമായ ഈ സ്ഥിതിവിശേഷത്തെ തിരിച്ചറിഞ്ഞ്, അതിൽനിന്ന് മുക്തിനേടുക എന്ന അസാമാന്യ പ്രയത്നമാണ് വിപസനയെന്ന ശിക്ഷണം സാദ്ധ്യമാക്കുന്നത്. മറ്റ് വാക്കുകളിൽ, അഹന്തയെയും അതിന്റെ ചേഷ്ടകളെയും വകവരുത്തുക. അത് ചെയ്യാൻ കരുത്തുള്ളവർ തുലോം വിരളമാണ്. കാരണം, അഹന്തയോളം ശക്തിയുള്ള വേറൊരെതിരാളി മനുഷ്യനില്ല. എല്ലാറ്റിനോടും 'പ്രതികരിക്കാൻ' നമ്മെ ഉത്തേജിപ്പിക്കുന്നത് മനസ്സാണ്. അനുഭവങ്ങളിലും അറിവിലും സ്ഥിരതയുണ്ട് എന്ന അസത്യത്തിലാണ് മനസ്സിന്റെ ബലം. അതു തന്നെയാണ് ദു:ഖത്തിന് കാരണമായിത്തീരുന്നതും. ഒന്നും സ്ഥിരമല്ലെന്നും ശരീരത്തി

ലൂടെയും അല്ലാതെയും നാമറിയുന്ന, അല്ലെങ്കിൽ അറിയിക്കുന്ന അനുഭവങ്ങൾ നമ്മുടേതായി കാണേണ്ടതില്ലെന്നും സ്വയം പഠിപ്പിക്കുവാനാണ് വിപസനയുടെ ആദ്യകാലശീലുകൾ വഴിയൊരുക്കുന്നത്. ഒന്നോ രണ്ടോ മണിക്കൂർ ഒരേ നിലയിൽ ഇരിക്കുമ്പോൾ അസ്വസ്ഥതയുണ്ടാകുക സ്വാഭാവികമാണ്. എന്നാൽ, സാവധാനം, ഇവയൊന്നും സ്ഥിരമല്ല, ഇവയൊന്നും എന്റേതല്ല എന്ന നിർമ്മമതയിലൂടെ കൈവരുന്നത് ഒരു വലിയ സ്വാതന്ത്ര്യമാണ്. നിരന്തര പരിശീലനംവഴി, ചുറ്റുപാടുകൾ നമ്മെ ഒട്ടും അലട്ടുന്നില്ലാത്ത ഒരവസ്ഥയിൽ നാം എത്തിച്ചേരുന്നു. കൂട്ടിക്കിഴിക്കലുകൾ ആവശ്യമില്ലാത്ത, മുഖംമൂടിയാവശ്യമില്ലാത്ത, ഒരു 'ഞാൻ' ജന്മം കൊള്ളുന്നു.

അവബോധത്തിലാകുക എന്നാൽ, നിരീക്ഷിക്കുന്നവയിൽ നിന്ന് അകലം കാക്കുക എന്നുകൂടിയാണ്. കാണപ്പെടുന്നതിന്റെ ഗുണദോഷങ്ങൾ നിരീക്ഷകനെ ബാധിക്കരുത് എന്ന് ചുരുക്കം.

Vipassana is the art of making yourself detached. It is becoming equanimous towards what you observe and becoming aware of it without being affected by its qualities.

അല്പംകൂടി വിശകലനത്തിനായി, ഒന്നുരണ്ടുദാഹരണങ്ങൾ കുറിക്കട്ടെ: ആൾക്കാർ ഒത്തുകൂടുന്ന ഒരു ചടങ്ങിൽ സംബന്ധിച്ചിട്ടു തിരിച്ചെത്തിയപ്പോൾ, വീട്ടുകാരി പറഞ്ഞു: 'ഇട്ടിരുന്ന ഷർട്ടിന്റെ പുറത്ത് കരിമ്പനടിച്ചിരുന്നു; പാന്റ്സിൽ മഷി വീണ കറയും. നാണക്കേട് തോന്നി!' മറ്റതിഥികൾ കാണാനിടയായിരിക്കാം എന്ന് അവൾ കരുതിയ കറകൾ എന്റെ മാത്രമല്ല, അവളുടെയും അഭിമാനത്തിനു ക്ഷതമായി എന്ന കണക്കുകൂട്ടൽ അവൾക്ക് ഏതാണ്ടൊരതൃപ്തിക്കും ദു:ഖത്തിനും കാരണമായിത്തീരുന്നു. എന്തെന്നാൽ, മോടിയോടെ നടക്കേണ്ടവർ എന്നുള്ള എന്റെയും അവളുടെയും പ്രതിച്ഛായയെ അലസമായ അത്തരം വസ്ത്രധാരണം തകർത്തുകളഞ്ഞുപോലും. വാസ്തവത്തിൽ, അങ്ങനെ ചിന്തിച്ച് ശീലിച്ചുപോയി എന്നത് മാത്രമേ ഇക്കാര്യത്തിൽ സംഭവിച്ചുള്ളു. മറ്റൊന്നും സംഭവിച്ചില്ല. കളങ്കമില്ലാത്ത, വില കൂടിയ വസ്ത്രം ധരിച്ചാലും, അല്പം കറയുള്ളവ ധരിച്ചാലും, അനിനുള്ളിലെ വ്യക്തി ഒന്നുതന്നെയാണെന്ന വളരെ ലളിതമായ സത്യമുൾക്കൊള്ളാൻ ശീലം ഒരാളെ അനുവദിക്കുന്നില്ല എന്നാണതിനർത്ഥം. നമ്മളല്ല, നമ്മെ അന്യർ എങ്ങനെ കാണുന്നു എന്നതായിത്തീർന്നിരിക്കുന്നു നമ്മുടെ സത്ത! ജീവിതത്തിൽ എന്തിലേയ്ക്കും ഏതു സന്ദർഭത്തിലേയ്ക്കും ഈ അനുഭവത്തെ വ്യാപിപ്പിക്കാം. നമ്മുടെ ഉണ്മയെപ്പറ്റി ബോധമില്ലാതെ ജീവിക്കുമ്പോൾ, നാം അസത്യങ്ങളുടെ കൂമ്പാരത്തിനു മുകളിലാണ് 'സുഖമായി' കഴിയു

ന്നത്. അങ്ങനെ നാമും നമ്മെ ബാധിക്കുന്നതെന്തൊക്കെയോ, അതെല്ലാം വ്യാജമായിത്തീരുന്നു.

മറ്റൊരുദാഹരണം. പള്ളിയിൽ പിരിവിനായി ജനത്തിനിടയിലൂടെ ഒരു കുട്ട കൈമാറപ്പെടുന്നു. അടുത്തിരിക്കുന്നവർ ശ്രദ്ധിക്കുമല്ലോ എന്നതുകൊണ്ട് മാത്രം ഞാൻ, ഏറ്റം കുറഞ്ഞത് ഒരു പത്തുരൂപാനോട്ട് അതിലിടുന്നു. നേർച്ചയിടുന്നതിനോട് ഒട്ടും താല്പര്യമില്ലാത്തൊരാൾ ഇങ്ങനെ ചെയ്യുന്നത് സത്യസന്ധതയില്ലായ്മയാണ്. അന്യർക്ക് മുമ്പിൽ ഞാൻ ധാരാളിയാകുകയാണ്. ഇത് അശുദ്ധമായ പ്രവൃത്തിയാണെന്ന് എന്റെയുള്ളിൽ സാക്ഷ്യപ്പെടുത്തപ്പെടുന്നുണ്ട്. പക്ഷേ, അത് ശ്രവിക്കാനുള്ള ധൈര്യം എനിക്കില്ല. എന്റെ ഭീരുത്വത്തിലൂടെ, കള്ളത്തരത്തിലൂടെ, എനിക്കുണ്ടാകുന്ന പ്രതിച്ഛായയാണ് എനിക്കപ്പോൾ വലുത്. 'ഒറിജിനൽ' ഉടഞ്ഞുപോകുന്നു. 'ഡ്യൂപ്ലിക്കേറ്റ്' കാത്തുസൂക്ഷിക്കപ്പെടുന്നു!

ശരീരത്തിന്റെയും മനസ്സിന്റെയും ശീലമായി മാറിയിട്ടുള്ള പ്രതികരണങ്ങളുടെ അനിശ്ചിതത്വവും അസ്ഥിരതയും ഉൾക്കൊള്ളാനായാൽ, വ്യർത്ഥവും നിരാകരണവുമായ ഏത് ലജ്ജയെയും മറികടക്കാനാവും. എന്തുകൊണ്ടാണ് നമ്മുടെ മുനികൾ നഗ്നരായി നടക്കാൻ ധൈര്യപ്പെട്ടത് എന്ന് ചിന്തിച്ചുനോക്കുക. ഒളിച്ചുവയ്ക്കാനെന്തിരിക്കുന്നു എന്ന സത്യവും ധൈര്യവുമാണതിനു പിന്നിൽ. തന്നെപ്പറ്റി പൊലിപ്പിച്ച ധാരണകളില്ലാത്ത ഏതൊരാൾക്കും പറയാനാകും, ഞാൻ വസ്ത്രം ധരിക്കുന്നത്, നാണം കൊണ്ടല്ല, മറിച്ച്, എന്റെ നഗ്നത അന്യർക്ക് നാണമോ ഉതപ്പോ മറ്റ് അസ്വസ്ഥതകളോ ഉണ്ടാക്കരുത് എന്നതുകൊണ്ട് മാത്രമാണ് എന്ന്. പരിഷ്ക്കാരവും 'ഫാഷനും' ഉണ്ടെന്നഭിമാനിക്കുന്നവരുടെ നാടുകളിലൊക്കെ textile, cosmetic industry മൊത്തത്തിൽ മനുഷ്യശരീരത്തിന്റെ വ്യാജമായ പ്രദർശനത്തിനുള്ള വഴികളൊരുക്കാനായി മാത്രമുള്ളതായിത്തീർന്നിരിക്കുന്നു. ഇതിനൊന്നും പ്രതിവിധികൾ തേടേണ്ടതില്ല. നമ്മെ സംബന്ധിച്ചിടത്തോളം, കാപട്യം കാപട്യമാണെന്ന് കാണാനുള്ള കണ്ണുണ്ടായാൽ ധാരാളം മതി.

വിപസനയുടെ ശീലുകൾ സ്വായത്തമായ ഒരാൾക്ക് എപ്പോഴും മനസ്സിൽ ഉറച്ചുനിൽക്കുന്നതിതാണ്: *എന്നെ സംബന്ധിക്കുന്ന സത്യം ഒന്നുമാത്രമാണ്. അത് പൊലിപ്പിക്കാനോ പൂഴ്ത്തിവയ്ക്കാനോ ശ്രമിക്കുന്നത് കാപട്യമാണ്.*

**വിപസനാശിക്ഷണത്തിലൂടെ കൈവരുന്ന അറിവുകൾ:**

കഴിഞ്ഞുപോയ സംഭവങ്ങളുടെ ബലത്തിൽ തീരുമാനങ്ങളെടുക്കരുത്. കാരണം, അവ വർത്തമാനത്തെ ബാധിക്കുമെന്നത് വെറും തെറ്റു

ധാരണയാണ്. ഭൂതമായവയെല്ലാം അപ്രത്യക്ഷമായതായി കണക്കാക്കുക. മിക്കവാറും ദു:ഖങ്ങൾക്ക് കാരണം കഴിഞ്ഞവയെപ്പറ്റിയുള്ള ഓർമ്മകളാണ്. ഒരാളുടെ മാതാപിതാക്കൾ, കുടുംബപശ്ചാത്തലം, വിദ്യാർജ്ജനം, തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയവയൊക്കെ തീർത്തും യാദൃച്ഛികങ്ങളായ അടയാളങ്ങൾ മാത്രമാണ്. നമ്മുടെ സ്വന്തം ശരീരകോശങ്ങൾ പോലും വർഷാവർഷം മൊത്തത്തിൽ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പഴയതിൽനിന്ന് ഒന്നുംതന്നെ ബാക്കിയിരിക്കുന്നില്ല. നിത്യമെന്നോ സ്ഥിരമെന്നോ ഉള്ള ബലത്തോടെ പിടിച്ചുതൂങ്ങിക്കിടക്കാൻ ആർക്കും ഒന്നുമില്ല എന്ന സത്യം നേർക്കുനേർ കാണാനായാൽ, അതിരില്ലാത്തൊരു സ്വാതന്ത്ര്യാനുഭവംതന്നെ ആയിരിക്കുമത്. ഈ ചിന്താധാരയുടെ ഫലമെന്നോണം, ഭാവിയെപ്പറ്റിയും ഒന്നും കെട്ടിച്ചമയ്ക്കാനില്ലെന്നറിയുമ്പോൾ, നമ്മുടെ വർത്തമാനത്തിന്, അനുനിമിഷത്തെ ജീവിതത്തിന്, സാദ്ധ്യതയും ബലവും തന്മയത്വവും ഏറും.

തെറ്റായ അളവുകോലുകളാണ് മിക്കവാറും എല്ലാ വ്യത്യസ്തതകൾക്കും പിന്നിലുള്ളത്. ഉദാഹരണത്തിന്, കൃഷിക്കാർ കളകളെപ്പറ്റി വ്യാകുലപ്പെടുന്നു. മനുഷ്യനെ പ്രകൃതിയിൽ നിന്ന് മാറ്റുക, കളകൾ എന്നൊന്നില്ലാതാവും എന്നാണ് മാസനോബു ഫുക്കുവോക്ക പറഞ്ഞത്. കാരണം, അപ്പോൾ ഓരോ സസ്യവും അതിന്റെ ഗുണംകൊണ്ടുതന്നെ തനതായ വിലയുള്ളതായിരിക്കും. മറ്റുള്ളവരെയും മറ്റുള്ള വസ്തുക്കളെയും അളക്കാനുള്ള കോലും മാപിനിയുമായി നമ്മെത്തന്നെ നാം കരുതുമ്പോൾ, നീക്കുപോക്കില്ലാത്ത പ്രശ്നങ്ങളുമുദിക്കുന്നു. നിയന്താവൊഴിച്ച്, ആർക്കാണ് എന്തിനെയെങ്കിലും അളക്കാനധികാരമുള്ളത്?

എന്റെ ദു:ഖങ്ങൾക്ക്, വേറാരുമല്ല, ഞാൻ തന്നെയാണ് കാരണം എന്നംഗീകരിക്കാനാകുക ചില്ലറക്കാര്യമല്ല. നമ്മുടെ മനസ്സിനെ രൂപപ്പെടുത്തുന്നത് നാം തന്നെയാണല്ലോ. അന്യരുടെ മുമ്പിൽ സ്വയമാഗ്രഹിക്കുന്ന അല്ലെങ്കിൽ മറ്റുള്ളവർ പ്രതീക്ഷിക്കുന്ന ഒരു പ്രതിച്ഛായ സൃഷ്ടിക്കാൻ ശ്രമിക്കുകയും അത് വിജയിക്കാതെവരുകയും ചെയ്യുമ്പോൾ, അത് അസ്വസ്ഥതക്ക് കാരണമാകുന്നു. നിങ്ങളെത്തന്നെ നിങ്ങളുടെ p.r.o. ആയി നിയമിക്കാതിരിക്കുക. രാജ്യങ്ങളും കുത്തകകളും മാത്രമല്ല, വ്യക്തികളും ഏറെ സമയം കളയുന്നത്, ഇല്ലാത്ത, തിളങ്ങുന്ന ഒരു *image* സൃഷ്ടിക്കാനും അങ്ങനെയുണ്ടാക്കിയ ഒന്നിനെ വച്ചുപുലർത്താനുമാണ്. ഇന്നെവിടെയും അരങ്ങേറുന്ന നടനപ്രക്രിയകൾ അതിരില്ലാത്തതാണ്, ആത്മീയതയുടെ പരിവേഷമണിയുന്നവരുടെയിടയിൽ പോലും. കാപട്യം ഏറ്റവും മ്ലേച്ഛമാകുന്നത് മറ്റൊരിടത്തുമല്ല.

നിർമ്മബോധം അഹന്തയെ നശിപ്പിക്കുന്നു. എല്ലാം ദുരിതമയവും ഗൗരവവുമായിടത്ത് വസിക്കാൻ ദൈവംപോലും ഇഷ്ടപ്പെടില്ല. ഉദാഹരണത്തിന്, നമ്മുടെ പള്ളികളിലും അമ്പലങ്ങളിലും മോസ്ക്കുകളിലുമൊക്കെ ഒരു വിധികർത്താവിന്റെ സാന്നിദ്ധ്യമല്ലാതെ, മറ്റെന്താണുള്ളത്? മനുഷ്യന്റെ അത്യധികമായ ഭയവും ദൈന്യതയും പേറുന്ന സ്വത്വബോധം മതങ്ങളിൽനിന്ന് ദൈവത്തെ അകറ്റിക്കളഞ്ഞുവെന്ന് പറയാം. സന്തോഷം പകരാത്ത ദൈവത്തെക്കൊണ്ട് ആർക്കെന്തു നേട്ടം? ആഫ്രിക്കയിലും തെക്കേ അമേരിക്കയിലുമൊക്കെ പള്ളികളിൽ ചിരിയും കൈകൊട്ടും, ഡാൻസ് പോലും, അനുവദനീയമാണ്. അതുപോലെ, ചുരുക്കമെങ്കിലും, നമ്മുടെ പല അമ്പലങ്ങളിലും. അമിതഭക്തിയുടെ വിഷാദമുഖങ്ങളുമായി നടക്കുന്ന ക്രിസ്ത്യാനികൾക്കാണ് വിപസന ഇന്നേറ്റവും ആവശ്യമുള്ളത്.

❑

---

കൂടുതൽ വായിച്ചറിയാൻ താല്പര്യമുള്ളവർക്ക്:

www.dhammagranth.com

Dhammapada: The Way of the Budha, vol. 11

*The Art of Living* as taught by S.N. Goenka, William Hart. Available at Vipassana Research Institute, Dhammagiri, Igatpuri, Maharashtra, India

# 23

# നിർവാണവും നിർവൃതിയും

ഘ്രാണിക്കപ്പെടാത്തിടത്ത് ഗന്ധമില്ല,
ശ്രവിക്കപ്പെടാത്തിടത്ത് സ്വരമില്ല,
കാണപ്പെടാത്തിടത്ത് പ്രകാശമില്ല,
ആസ്വദിക്കപ്പെടാത്തിടത്ത് സംഗീതമില്ല,
സ്നേഹിക്കപ്പെടാത്തിടത്ത് മനുഷ്യരില്ല.
എന്റെ ലോകം എന്റെമാത്രം സൃഷ്ടിയാണ്.

പ്രപഞ്ചോർജ്ജമെന്ന സമഗ്രമായ ഉണ്മയുടെ ഘനീഭാവമാണ് മണൽത്തരിതൊട്ട് താരങ്ങൾ വരെയുള്ളതെല്ലാം. ഈ ഊർജത്തിന്റെ ഒരു പ്രത്യക്ഷരൂപമാണ് വെളിച്ചം. ഈ പ്രകാശത്തെ പിടിച്ചെടുക്കാനുള്ള ഉപകരണമായിട്ടാണ് ജീവികൾക്ക് കണ്ണുണ്ടായത്. കണ്ണില്ലെങ്കിൽ വെളിച്ചമില്ല. സൂര്യനിൽ നിന്നോ മറ്റു നക്ഷത്രങ്ങളിൽ നിന്നോ ഫോട്ടോൺപ്രസരം ശൂന്യവിഹായസിലൂടെ കടന്നുപോകുമ്പോൾ അതു വെളിച്ചമായി മാറുന്നില്ല. അതിനെ തടയുന്ന ആകാശഗോളങ്ങളിൽ ഊർജ്ജമായിട്ടാണ് അത് പ്രതികരിക്കുന്നത്. തടയാനൊന്നുമില്ലാത്തിടത്ത് പ്രതിബിംബങ്ങൾ ഉണ്ടാവില്ല. ഫോട്ടോൺ കണ്ണുകളെ ബാധിക്കുമ്പോൾ ഉണ്ടാകുന്ന ഒരു പ്രതിഭാസമാണ് വെളിച്ചം. ഭാസത്തിന്റെ അർത്ഥം തന്നെ ശോഭ, രശ്മി, സങ്കൽപം എന്നെല്ലാമാണ്. പ്രകാശത്തിന്റെ വാച്യാർത്ഥവും ഇതുതന്നെ. ആകാശം (ദ്യോവ്) എന്നാൽ വീണ്ടും ശോഭയെന്നാണ്. ആകാശത്തോടുള്ള കണ്ണിന്റെ പ്രതികരണമാണ് പ്രകാശവും കാഴ്ചയെന്ന സൃഷ്ടിയും.

ഇത്രവരെ വായിച്ചശേഷം ഒരു സുഹൃത്ത്, എഴുതിച്ചോദിച്ചു: ഒരന്ധനും നല്ല കാഴ്ചയുള്ളവനും സൂര്യപ്രകാശത്തു നിന്നാൽ ...? ശരിയാണ്, ഇരുവർക്കും സൂര്യനെ അനുഭവിക്കാം, പക്ഷേ, അന്ധൻ അത് സൂര്യതാപമായിട്ടേ അനുഭവിക്കുകയുള്ളു, വെളിച്ചമായിട്ടല്ല. നമ്മെപ്പോലെയല്ല, പ്രത്യുത, മറ്റൊരു രൂപത്തിലാണ്, കണ്ണില്ലാത്തവ, ഉദാ. ചെടികൾ സൗരോർജ്ജത്തെ സ്വീകരിക്കുന്നത്. ഈ തത്ത്വം എല്ലാ ഇന്ദ്രിയവിഷയങ്ങളിലേയ്ക്കും വ്യാപിപ്പിക്കാം. ഘ്രാണേന്ദ്രിയമുള്ള ജീവികളില്ലെങ്കിൽ, മുല്ലപ്പൂവിനു സുഗന്ധമില്ല. തന്നെയല്ല, ആസ്വദിപ്പിക്കുന്ന സ്വരവും മടുപ്പിക്കുന്ന സ്വരവും നമ്മുടെ ശ്രവണേന്ദ്രിയ ഘടനയുടെ ഫലമാണെന്നതുപോലെ, ഗന്ധങ്ങളെ സുഗന്ധം, ദുർഗ്ഗന്ധം എന്ന് വേർതിരിക്കുന്നത് നമ്മുടെ ഘ്രാണേന്ദ്രിയമാണ്. നാമെന്തെല്ലാം കേൾക്കുന്നുണ്ടായിരിക്കാമെങ്കിലും, നമ്മുടെയടുത്ത് നിൽക്കുന്ന ബധിരനു ചുറ്റുവട്ടം നിശ്ശബ്ദമാണല്ലോ. അങ്ങനെയെങ്കിൽ, നമുക്ക് പറയാം, മനുഷ്യരും അവരുടെ മനസ്സെന്ന ഉപകരണവും ഇല്ലായിരുന്നെങ്കിൽ, സ്ഥലവും (ഇടവും) സമയവുമില്ല. കാരണം, ഇവ രണ്ടും നമുക്ക് പ്രപഞ്ചാനുഭവത്തെ ഉണ്ടാക്കിത്തരുന്ന കല്പിതങ്ങളാണ്.

സ്ഥലകാലങ്ങൾ കല്പിതങ്ങളാണെങ്കിൽ, അവയിലൂടെ മാത്രം ഗ്രഹിക്കാനാവുന്നവയും കല്പിതങ്ങളാണെന്ന് വരില്ലേ? നന്മതിന്മകളെന്ന വേർതിരിവും സമയബന്ധിതമാകയാൽ അവയും കല്പിതമാണ്. നമുക്ക് വെളിയിലുള്ളത് നിർഗുണമായ ഊർജ്ജമാണ്. ഈയറിവ് നമുക്ക് അനുഭൂതിയുടെ വിതാനങ്ങളിലേയ്ക്കും മനുഷ്യബന്ധങ്ങളിലേയ്ക്കും വ്യാപിപ്പിക്കാം. മറ്റൊരാളുടെ പ്രവൃത്തികൾ നമ്മിൽ എന്ത് വികാരമുണ്ടാക്കണമെന്ന് നാംതന്നെയാണ് നിശ്ചയിക്കുന്നത്. ഏത് സംഭവത്തോടും അനുഭവത്തോടും ബന്ധപ്പെടുത്തി, 'ഞാനിവിടെയില്ല' എന്ന നിലപാടെടുത്താൽ, പിന്നെയവയൊന്നും നമ്മെ ബാധിക്കുകയില്ല. നമ്മോടസഭ്യം പറയുന്നവനെ നാം ശ്രദ്ധിക്കാതിരുന്നാൽ, നമുക്ക് രോഷമുണ്ടാവില്ല. എതിരെനിന്ന് ചീത്തവിളിക്കുന്നവനെപ്പറ്റി, അവൻ അവന്റെ വികാരത്തള്ളലിനടിപ്പെടുന്നു, പാവം വെറുതേ ചൂടാവുന്നു! അതെന്തിനെന്നെ സ്പർശിക്കണം എന്ന നിർമ്മമത സാധിക്കുന്നവന് ഒരു ചുക്കും സംഭവിക്കുന്നില്ല. ഇകഴ്ത്തൽ മാത്രമല്ല, പുകഴ്ത്തലും, അത് കാര്യമുള്ളതോ ഇല്ലാത്തതോ ആകട്ടെ, ഈ നിലയിലെത്തിയവരിൽ ഒരു വിധ വൈകാരികമാറ്റവും വരുത്തുകയില്ല. അതായത്, സ്വയം അവിടെ ഇല്ലാതായിക്കൊണ്ട്, വളരെ ധന്യമായ ശൂന്യതയെ, വിശ്രാന്തിയെ, നമുക്ക് ചുറ്റും സൃഷ്ടിക്കാം. അഹംബോധത്തെ മറികടക്കുന്ന ഈ അവസ്ഥയെയാണ് ബുദ്ധൻ നിർവാണമെന്നു വിളിച്ചത്. ചാഞ്ചല്യമില്ലാതെ,

ആളാതെ കത്തുന്ന തീനാളത്തിന്റെ അവസ്ഥയാണത്. 'വാണ' (സംസ്കൃതം) എന്നാൽ, ആളുന്ന നാളമാണ്.

നിർവാണത്തിലേയ്ക്കുള്ള വഴി സാധനയാണ്. വെളിയിൽനിന്ന് വരുന്നവയിൽനിന്ന് എന്തൊക്കെ സ്വീകരിക്കണം, എന്ത് നിരാകരിക്കണം എന്ന് സ്വയം തീരുമാനിക്കാനായാൽ, നമ്മുടെ ശാന്തിയെ നശിപ്പിക്കുന്നവയെ 'കണ്ടില്ലെന്നു' വയ്ക്കാൻ ഏതൊരാൾക്കും പഠിച്ചെടുക്കാം. സർവദോഷിയായ നമ്മുടെ അഹംബോധത്തെ തോൽപ്പിക്കാനായാൽ സംശുദ്ധമായ അസ്തിത്വത്തെ തൊട്ടറിയാനുള്ള സാധ്യത കൈവരും എന്നാണിതിനർത്ഥം. സ്വയം മറക്കുകയെന്നത് എവിടെയും ഏറിയ അർത്ഥത്തിലേയ്ക്കുള്ള വഴിയാണ്. കേൾവിക്കാരെയും കാണികളെയും അങ്ങേയറ്റം ആസ്വദിപ്പിക്കാൻ ഒരു ഗായകനോ നർത്തകിക്കോ സാധിക്കുന്നത്, സ്വയം മറന്ന് പാടുകയും നൃത്തം വയ്ക്കുകയും ചെയ്യുമ്പോഴാണല്ലോ. ഇത് എവിടെയും ബാധകമാണ്. സ്വയം മറക്കാതെ സ്നേഹം പോലും സ്നേഹമാകുന്നില്ല. സമ്പുഷ്ടമായ മൗനമെന്നും ശൂന്യതയെന്നും പറയുന്നത് ഈ അവസ്ഥക്കാണ്.

**എന്താണ് നിർവൃതി?**

അഗാധമായ ഒരു സ്നേഹാനുഭൂതി, അപ്രതീക്ഷിതമായ ഒരുൾക്കാഴ്ച, അതിതീക്ഷ്ണമായ ഒരു കലാനുഭവം തുടങ്ങിയവയിലെല്ലാം നാം സ്വയം മന്ത്രിക്കുന്നു: സമയം പോയതറിഞ്ഞില്ല! ഇവിടെ സമയമെന്ന സങ്കല്പവസ്തുവിനെ അളക്കുന്ന യന്ത്രങ്ങളിൽ സൂചിക മാറിയിട്ടുണ്ടെങ്കിലും, അനുഭവസ്ഥന്റെ 'സമയം' ഓടുകയല്ലായിരുന്നു, മറിച്ച്, നിന്നിടത്ത് നിൽക്കുകയായിരുന്നു. ഇത്തരം അൽപനിർവൃതിയുടെ നിമിഷങ്ങൾ ഏവർക്കുംതന്നെ ഉണ്ടായിരിക്കണം. ആത്മാവിൽ നിർവൃതി വന്നുനിറയുന്നത് ഒരു നിമിഷാർദ്ധത്തിലാണ്. അനന്തതയുടെ ആതരിയെ പുണരാൻ കഴിയുമ്പോൾ, പിന്നിട്ടുപോയ സമയദൂരങ്ങൾ അപാരതയിലലിഞ്ഞ് അപ്രസക്തമായിത്തീരുന്നു. കോടക്കാറിറങ്ങുന്ന മലഞ്ചെരുവിലോ, സായാഹ്നശാന്തതയിലെ കടൽത്തീരത്തോ, ഏകാന്ത വിജനമായ നടപ്പാതയിലോ ആകാം ഇത്തരമൊരനുഭൂതി പെട്ടെന്ന് നമ്മെ വലയംചെയ്യുക. ബോധിവൃക്ഷച്ചുവട്ടിൽ സിദ്ധാർഥ ഗൗതമനും, താജ് മഹളിനു മുമ്പിൽ ഷാജഹാനും, മരിച്ചെന്നു കരുതിയിരുന്ന യേശുവിനെ ശവക്കല്ലറയ്ക്കു മുമ്പിൽ ജീവനോടെ കണ്ടുമുട്ടുന്ന മറിയവും അനുഭവിച്ചറിഞ്ഞ നിർവൃതിയുടെ നിമിഷങ്ങൾ ഏവർക്കുമുള്ളതല്ല.

ആഗ്രഹങ്ങളുടെ പൂർത്തീകരണം അല്ലെങ്കിൽ ഇഷ്ടവസ്തുക്കളുടെ ലഭ്യതയാണല്ലോ നിർവൃതിക്ക് കാരണമാകുന്നത്. ഏറ്റവും ഇഷ്ടപ്പെട്ട

യാളുടെ സാന്നിധ്യവും നിർവൃതിദായകമാകുന്നു. ഇവയിലേതായാലും, നിർവൃതിക്ക് കാരണമായത് കൈവിട്ടുപോകുമ്പോൾ ഫലം ദു:ഖമാണ്. നിർവൃതിയുടെ ആഴത്തിനനുസരിച്ചിരിക്കും ദു:ഖത്തിന്റെയാഴവും. നമ്മുടെ ഭാഷകളുടെയൊക്കെ വളർച്ചയിൽ വളരെയധികം താത്ത്വിക വിചാരം ഉൾപ്പെടുന്നുണ്ട്. വൃതിയിൽ നിന്നാണ് നിർവൃതി വരുന്നത്. വൃതിയുടെയർത്ഥം വരണം, ആവരണം, വളച്ചുകെട്ട് എന്നും അന്വേഷണം, തിരഞ്ഞെടുക്കൽ എന്നുമൊക്കെയാണ്. അങ്ങനെയെങ്കിൽ, ആവരണങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് സ്വതന്ത്രരാകുകയും തേടിപ്പോക്ക് സാർത്ഥകമാകുകയും ചെയ്യുമ്പോൾ കൈവരുന്ന ആനന്ദത്തിന്റെ മധുനുകരുന്നതാണ് നിർവൃതി.

ദ്രവ്യത്തിന്റെ ലോകത്ത് ഇത് താൽക്കാലികമായിരിക്കും, കാരണം, അതു മാറ്റങ്ങളുടെ പരിധിക്കുള്ളിലാണ്. ഊർജ്ജതലത്തിലും നിർവൃതി അസ്ഥിരമായിരിക്കും. ഉദാ: വൈകാരികബന്ധങ്ങൾ. അവ ഊർജ്ജതലത്തിൽ സംഭവിക്കുന്നവയാണ്. കാമനകളെല്ലാം ഇതിലേതെങ്കിലും ഒരു തലത്തിലായിരിക്കും പ്രവർത്തിക്കുക. എന്നാൽ, ദ്രവ്യശരീരത്തിനും ഊർജ്ജതലത്തിനും അപ്പുറത്തേയ്ക്ക് നീങ്ങിയാൽ, ബോധതലത്തിൽ, നിർവൃതി സ്ഥിരമായിരിക്കണം. തികച്ചും സംശുദ്ധമായ ഇത്തരമൊരു ബന്ധമാണ് കറകളഞ്ഞ പ്രണയത്തിന്റേത്. പ്രണയനിർവൃതി സ്ഥായിയല്ലെന്നയനുഭവമുണ്ടാകുമ്പോൾ, അതിലകപ്പെട്ടവർ അതിന്റെ പരിശുദ്ധിയെപ്പറ്റി ശോധന നടത്തേണ്ട സമയമായി എന്നാണർത്ഥം. ശുദ്ധമായ പ്രണയം അവസാനമില്ലാത്തതായിരിക്കും. അതിനപ്പുറത്തേയ് ക്കൊന്നും ആർജ്ജിക്കേണ്ടതില്ലാത്ത അവസ്ഥയിലാണ് പ്രണയവും ദൈവസ്നേഹവും പരമാനന്ദമായിത്തീരുന്നത്. എന്നെ സ്നേഹത്തിൽ മുക്കിക്കൊല്ലുന്നതും, എന്റെ സ്നേഹത്തിൽ മുങ്ങിത്താഴുന്നതുമായ മറ്റൊരു ബോധത്തെ കണ്ടെത്തിയെന്ന ധൈര്യമാണ് ഒരാളെ പരമമായ നിർവൃതിയിലെത്തിക്കുന്നത്. അങ്ങനെയൊന്ന് ഐന്ദ്രികതലത്തിലോ മനസ്സിന്റെ തലത്തിലോ മാത്രം സാധ്യമല്ല; ബോധതലവും ഉൾപ്പെടുമ്പോഴേ അതുണ്ടാവൂ.

❑

# 24

# കലയും വിലയും

Free Software Foundationന്റെ നിയമവിദഗ്ദ്ധനായ Ebben Mogler ഒരഭിമുഖത്തിൽ പറഞ്ഞത് ഏവരും അറിഞ്ഞിരിക്കേണ്ട നൂതനാശയ മാണ്. നൂതനം ഇന്നാണ്; ഇതേ ആശയം പണ്ട് ഭാരതത്തിൽ എല്ലാ വിജ്ഞാനശാഖകളുടെയും പൊതു സ്വഭാവമായിരുന്നു. അതെന്തെന്നല്ലേ? അതായത്, ഏതറിവും cost free ആയിരിക്കണം, ആയിത്തീരണം. എല്ലാ കലകളും അവയുടെ ആസ്വാദനത്തിലേയ്ക്ക് നയിക്കുന്ന സൃഷ്ടികളും വിപണിക്ക് പുറത്താകണം. അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്നാൽ, marginal cost (ആദ്യനിർമ്മാണച്ചെലവും പുനർനിർമ്മാണച്ചെലവും തമ്മിലുള്ള വ്യത്യാസം) zero ആയിരിക്കുന്ന ഏതൊരറിവും പണവുമായി ബന്ധപ്പെടുത്താതെ വിതരണം ചെയ്യപ്പെടണം. ആദ്യനിർമ്മിതിക്കുള്ള ചെലവ്, പണം മുടക്കാൻ കഴിവുള്ള ആസ്വാദകരിൽ നിന്ന് ഈടാക്കാം. അത് സാധ്യമായ സംഗതിയാണുതാനും. കാരണം, യഥാർത്ഥ ആസ്വാദകൻ കലാസൃഷ്ടിയെ ബഹുമാനിക്കുന്നവനായിരിക്കും. അയാൾ അതിന്റെ ചെലവിൽ പങ്കുപറ്റി അതുമായി സഹകരിക്കാൻ മുന്നോട്ടു വരികയും ചെയ്യും. എന്നാൽ, പണംമുടക്കി വാങ്ങാൻ കഴിവു കുറഞ്ഞ വർക്കും, അതിന്റെ പേരിൽ, ബുദ്ധിയെയോ മനസ്സിനെയോ ധന്യമാക്കുന്ന ഒരു നിർമ്മിതിയുടെയും ഉപയോഗം തടയപ്പെടരുത്.

ഇവിടെ തീരുന്നില്ല ഈ ആശയത്തിന്റെ അന്തരാർത്ഥങ്ങൾ. ബുദ്ധിയും മനസ്സും നിലനിൽക്കാൻ ശരീരം വേണം. അതുകൊണ്ട്, മനുഷ്യന്റെ അടിസ്ഥാനസൗകര്യങ്ങൾ (ശുദ്ധവായു, ജലം, ഭൂമി, വീട്, ആവശ്യമായ സുരക്ഷിതത്ത്വം) അതിനുള്ള വില നൽകാനാവില്ലെന്ന ഒറ്റ

കാരണംകൊണ്ട് ആർക്കും നിരസ്സിക്കപ്പെടരുത്. ഇന്ന്, ഒരു വലിയ ഭാഗം ജനങ്ങൾക്ക് ഇവകൾ പ്രാപ്യമല്ലാതായിരിക്കുന്നു എന്നതുതന്നെ, അരുതാത്ത, സ്വാഭാവികമല്ലാത്ത, ഒരു ബന്ധം സ്വത്തും (അടിസ്ഥാന സമ്പത്ത്) പണവുമായി വന്നുചേർന്നതുകൊണ്ടാണ്. ആദ്യകാലങ്ങളിൽ ഇങ്ങനെയൊരവസ്ഥ ചിന്തനീയമേ ആയിരുന്നില്ല. അമേരിക്കയിലെത്തി, അവിടത്തെ ആദിവാസികളെ തുരത്തി, സ്ഥലമെല്ലാം തങ്ങളുടേതെന്നു പറഞ്ഞു കെട്ടിയടച്ച വെള്ളക്കാരോട് സീയറ്റിലെ ആദിവാസിമൂപ്പൻ ചോദിച്ചത് എന്നും പ്രസക്തമാണ്: *ഭൂമിയെ എങ്ങനെ കാശ് കൊടുത്തു വാങ്ങാൻ പറ്റും, അത് മനുഷ്യകുലത്തിന്റെ പൊതുസ്വത്തല്ലേ?* സ്വാർത്ഥത മുറ്റിയ പിടിച്ചുപറിക്കാർക്കൊണ്ടോ അത് തിരിയുന്നു!

പ്രകൃതിയുടെ ദാനങ്ങളെപ്പറ്റി ഇങ്ങനെ ചിന്തിക്കാൻ അസാധ്യമാക്കും വിധം കൈയേറ്റവും കൈവെപ്പും ഇന്ന് ഏത് നാട്ടിലും ശീലമായിക്കഴിഞ്ഞു. എന്നിട്ടും ചിലരെങ്കിലും ഇപ്പോൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നത്, കലാപരമായ അറിവുകളും ഉപകരണങ്ങളും ഉൾപ്പെടെയുള്ള കണ്ടുപിടുത്തങ്ങൾ എങ്കിലും പണം കൊടുത്ത് 'വാങ്ങേണ്ടവ'യായി തരം താഴ്ത്തപ്പെടരുത് എന്നാണ്.

ഈ ചിന്ത ആരുടേയും ഔദാര്യത്തിനുവേണ്ടിയുള്ള ഒരു യാചനയല്ല. അല്പം ചിന്തിച്ചാൽ കാണാവുന്ന ആഴമായ ഒരു യുക്തിയുണ്ടിതിൽ. കലാപരമായ സൃഷ്ടികളൊന്നും ആരുടേയും തനതു മിടുക്കുകൊണ്ട് സംഭവിക്കുന്നവയല്ല, അവയ്ക്ക് പിന്നിലെ സർഗ്ഗപ്രതിഭ പ്രകൃതിയുടെ ഉദാരമായ ദാനമാണ്, അവയെ വികസിപ്പിച്ചെടുക്കുന്നത് വ്യക്തിപരമായ ശ്രദ്ധകൊണ്ടാണെങ്കിലും. പ്രകൃതിയിൽ ഒന്നും ഒരു പ്രത്യേക വ്യക്തിക്കായി ഒതുങ്ങിപ്പോകുന്നില്ല. സാർവത്രിക നന്മയിലേയ്ക്കാണ് എപ്പോഴും അതിന്റെയുന്നം. അനന്യസവിശേഷതകൾ പോലും സ്വന്തമെന്നു കരുതുന്നത് വിവരക്കേടുകൊണ്ടാണ്. അങ്ങനെയെങ്കിൽ, തങ്ങൾക്കു ലഭിച്ചിട്ടുള്ള കഴിവുകളെ വികസിപ്പിച്ച്, പുതിയവയ്ക്ക് രൂപം കൊടുക്കുന്നവർക്ക് അതിനുള്ള ചെലവു വഹിക്കാനാവശ്യമായ വഴികൾ വേണമെങ്കിലും, അതിന്റെ മറവിൽ അമിതലാഭം കൊയ്യുക അശ്ലീലവും പ്രകൃതിവിരുദ്ധവുമാണ്.

അന്യനില്ലാത്ത സൗകര്യങ്ങളോ സുഖോപാധികളോ ഉള്ളവർ അക്കാരണത്താൽ ഗമ നടിക്കുന്നിടത്തോളം അശ്ലീലവും അല്പത്വവുമായി വേറൊന്നുമില്ല. 'ഞാനുണ്ടാക്കിയത്' എന്ന കേമത്തം ബുദ്ധിശൂന്യതയുടെ പ്രതിഫലനമാണ്. ഇങ്ങനെ പറയാൻതുനിയുന്ന 'ഞാൻ' ഏതെല്ലാം പൂർവ്വകാരണങ്ങളും ത്യാഗങ്ങളും സ്വരുമിച്ചതു കൊണ്ട് ഉണ്ടായതും നിലനിൽക്കുന്നതുമാണെന്ന് ഒരു നിമിഷം ചിന്തിച്ചാൽ മതി,

സ്വാർത്ഥവിചാരങ്ങൾ പമ്പകടക്കും. ആകുന്നതിനെല്ലാം വിലയീടാക്കുക എന്ന വ്യാപാരതത്ത്വവും തനിക്കാവശ്യമുള്ളതെല്ലാം വിലയ്ക്ക് വാങ്ങാമെന്ന ഹുങ്കും മനുഷ്യോചിതമല്ല. അപ്പോൾ, അമിതലാഭത്തിന്റെ കാര്യം പറയേണ്ടതില്ലല്ലോ. ഈയർത്ഥത്തിൽ 'മിടുക്കന്മാരെ' പൂജിക്കുന്ന സംസ്കാരം തന്നെ പൊള്ളയാണ്. ഈ പൊള്ളത്തരമല്ലേ അനുദിനം മാധ്യമങ്ങളും ചാനലുകളും തൊള്ളതുറന്നു ഘോഷിക്കുന്നത്! സ്വതന്ത്ര സോഫ്റ്റ്‌വെയർ മുന്നോട്ടു വയ്ക്കുന്ന നീതിബോധം പൊതുജനങ്ങളിലേയ്ക്ക് കൊണ്ടുവരാനായാൽ സുന്ദരമായ ഒരു ലോകവീക്ഷണത്തിനു അതു തുടക്കമാകാം, അത്യാഗ്രഹികൾ ഒരിക്കലും ചത്തൊടുങ്ങുകയില്ലെങ്കിലും.

തുടർച്ചിന്തകൾ: സംഗീതസ്നേഹിയായ സംഗീതജ്ഞൻ തന്റെ കഴിവും സൃഷ്ടികളും ആസ്വദിക്കുന്നവർ പെരുകണമെന്നല്ലാതെ, വിലതരാനാകാത്തവർ അതിൽ നിന്ന് തടയപ്പെടണമെന്ന് ഒരിക്കലും ആഗ്രഹിക്കില്ലല്ലോ. ആസ്വാദകർ കൂടുന്തോറും സംഗീതദേവത പുകഴ്ത്തപ്പെടുന്നുവെന്നതിൽ അയാൾ സന്തോഷിക്കും. ഈ ഹൃദയാന്തരീക്ഷമുണ്ടെങ്കിൽ, വില കൊടുക്കാനാവാത്തവരെയുംകൂടി ആസ്വാദകരാക്കാൻ അയാൾ ശ്രമിക്കും. വ്യാപാരലക്ഷ്യങ്ങളും പരസ്യങ്ങളും വണിക്കിന്റെ തന്ത്രങ്ങളാണ്. അതുകൊണ്ടാണ് ഏതെങ്കിലും കലാരംഗത്ത് പ്രഗത്ഭരെന്നും അഭിമതരെന്നും കരുതപ്പെടുന്നവർ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ, അത് അവരുടെ സ്ഥാനത്തിന്റെ വിലയിടിവായി നമുക്ക് തോന്നുന്നത്. അവർ കലയെയല്ല, കച്ചവടത്തെയാണ് പൂജിക്കുന്നത്. അവരുടെ കള്ളി അതോടേ പുറത്തുവരികയാണ്. ഗാനഗന്ധർവൻ യേശുദാസിനെപ്പോലെ ചിലർ മാത്രമാണ് ഇത് മനസ്സിലാക്കിയിട്ടുള്ളതും തീരെ താഴ്ന്നതരത്തിലുള്ള ചന്തമനസ്ഥിതിക്ക് കീഴ്പ്പെട്ടു പോകാത്തതും. മറ്റുള്ള നമ്മുടെ മിക്ക 'ഛോട്ടാ' 'ബഡാ' കലാകാരികളും കലാകാരന്മാരും, പണത്തിനായി ഏത് വേഷവും കെട്ടുന്നവരാണെന്ന് ലജ്ജയോടെ നാം നിത്യവും കണ്ടറിയുന്നു. ഇവരിൽ ഭൂരിപക്ഷത്തിന്റെയും 'കല' സങ്കല്പസീമകൾക്കും അപ്പുറത്തുള്ള ജാട മാത്രമാണെന്നത് മറ്റൊരു സത്യം.

മിന്നുന്നയുടയാടകളും കോടീശ്വരന്റെ ഗമകളുമായി സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന ഏത് കോന്തനെയും നോക്കിയിരിക്കാൻ ഇഷ്ടപ്പെടുന്ന പ്രേക്ഷകർക്ക് ഇത് മനസ്സിലാവില്ല. ഇതൊരു തിരിച്ചറിവാണ്. ഇത്തരം മോടികൾ ഒരു യഥാർത്ഥ താരത്തിന്റെ 'വില'യോട് ചേർത്ത് ചിന്തിക്കാനാവില്ല. സർവ്വവ്യാപകമായ ഒരു വിഡ്ഢിലോകം കെട്ടിപ്പടുക്കുക മാത്ര

മാണ് ഇന്ന് എല്ലാ 'താരങ്ങളും' മാധ്യമങ്ങളും ഒത്തൊരുമിച്ച് ചെയ്യുന്നത്. ഇത്തരക്കാർ ഏത് കലയേയും വെറും കച്ചവടമാക്കും.

വിദ്യയും സൗന്ദര്യവും പകർന്നു കൊടുക്കുന്നവരെ ദൈവത്തെപ്പോലെ കരുതുകയും, അതിനുചേർന്ന അന്തസ്സോടെ അവർ തിരിച്ച് പെരുമാറുകയും ചെയ്തിരുന്ന പാരമ്പര്യം നമുക്കുണ്ടായിരുന്നു. പ്രതിഫലേച്ഛ ഇല്ലായിരുന്നിട്ടും അവർക്ക് വേണ്ടത്ര പ്രതിഫലം ലഭ്യമായിരുന്നു. ആ സംസ്കാരത്തിന്റെ ഒരംശം അല്പമായെങ്കിലും തിരികെ കൊണ്ടുവരികയാണ് ഇന്ന് free softwareന്റെ സംഘാടകർ. ആഗോള കച്ചവടത്തിന്റെയും അമിതലാഭക്കൊള്ളയുടെയും ഇക്കാലത്ത് അങ്ങനെ ചിന്തിക്കാനുള്ള ധൈര്യംപോലും ശ്ലാഘനീയമാണ്, മഹനീയമാണ്.

❑

# 25

# അനുബന്ധം

## 1. ഈനാശു അറിയുന്ന യേശു

പരീസ്, 30.09.2010

പ്രിയ സക്കറിയാസ്,

*അറിയുമോ, ഈ യേശുവിനെ?* എന്ന താങ്കളുടെ ലേഖനത്തിനൊരു ചുരുങ്ങിയ മറുപടിയിട്ടിരുന്നു. അതിന്റെ തുടർച്ചയാണിത്. വിശ്വാസം ഒരു ദാനവും വരവുമല്ലേ? ചോദ്യങ്ങളുയർത്താത്ത മനസ്സിനും ആശങ്കകൾ ആകുലപ്പെടുത്താത്ത ആത്മാവിനും സിദ്ധിക്കുന്ന ഒരു ഗുണമല്ലേ അത്? അമ്മൂമ്മക്കും അമ്മയ്ക്കും മകൾക്കും സ്ത്രീകൾക്കെല്ലാവർക്കും കിട്ടിയിട്ടുള്ള സഹജാവസ്ഥയല്ലേ അത്? വരവണ്ണം തെറ്റാത്ത വിശ്വാസത്തിന്റെ അവതാരമായി പഴയനിയമത്തിൽ നിന്ന് അബ്രാഹമിനെ പൊക്കിക്കാണിക്കാറുണ്ട്. എന്നാൽ അങ്ങേരുടേതിനെക്കാൾ ശുദ്ധമായ (positive) വിശ്വാസമല്ലേ ഹവ്വയുടെ, മറിയത്തിന്റെ, മഗ്നലെനയുടേത്? ചരിത്രത്തിൽ അവർ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, ബൈബിൾ കഥകളിൽ നാമവരെ കാണുന്നത് ചോദ്യങ്ങളുയർത്താത്ത, ആശങ്കകൾ തീണ്ടാത്ത, വിശ്വാസത്തിന്റെ പ്രതിനിധികളായിട്ടാണ്. അറിവിന്റെ കനി പറിച്ചുതിന്നാൽ നിങ്ങൾക്ക് ഗുണമേ വരൂ എന്ന് പാമ്പ് പറഞ്ഞപ്പോൾ, ഹവ്വ അതേപടി അതങ്ങ് വിഴുങ്ങി. മറിയത്തിന്റെ *fiat* (അവിടുത്തെ ഇഷ്ടം നടക്കട്ടെ!) അതിനേക്കാൾ ശക്തിയേറിയതായിട്ടല്ലേ വരച്ചുവച്ചിരിക്കുന്നത്? മഗ്ദലേന ഒട്ടുമേ മോശക്കാരിയായിരുന്നില്ല.

അവളുടെ *റബ്ബൂണി* ഉയിർത്തെഴുന്നേറ്റു എന്ന ന്യൂസ് പുള്ളിക്കാരി കമാന്നൊരക്ഷരം മിണ്ടാതെ ശരിവച്ചില്ലേ? വിശ്വാസം ദൈവത്തിന്റെ ദാനമാണെന്നാണല്ലോ പോൾ എഴുതിയത്. കടുകുമണിയോളം വിശ്വാസ മുണ്ടെങ്കിൽ, മലയോടു മാറിപ്പോകാൻ പറഞ്ഞാൽ, അത് മാറിപ്പോകും എന്നല്ലേ യേശുവും പറഞ്ഞത്? സംശയങ്ങളും ചോദ്യങ്ങളും ഉയർത്തുന്ന ഒരാൾക്ക് ആരാണ് ഉത്തരം തരിക?

സ്ഥാപനവത്ക്കരിക്കപ്പെട്ട ഒരു ഘടനയിൽനിന്നും അതിന്റെ ഉദ്യോഗസ്ഥരിൽനിന്നും വിശ്വാസത്തിൽ ഒരാളെ ഉറപ്പിക്കുന്ന രീതിയി ലുള്ള വിശദീകരണങ്ങൾ പ്രതീക്ഷിക്കാൻ വയ്യ. സ്വയം ശ്രമിക്കുക, ശ്രദ്ധ ചെലുത്തുക, സ്രഷ്ടാവുമായി, ഒരിടനിലക്കാരന്റെ സഹായമില്ലാതെ, നേരിട്ട് ബന്ധപ്പെടാൻ കഴിയും, കഴിയണം, എന്നതാണല്ലോ യേശു നടപ്പിലാക്കിയ വിപ്ലവം. ബുദ്ധനും, മറ്റൊരു സന്ദർഭത്തിൽ, മറ്റൊരു സമൂഹത്തിൽ, ഇതേ വിപ്ലവം കൊണ്ടുവന്നു. Ernest Renanന്റെ ഒരു ഗ്രന്ഥമുണ്ട്. The Life of Jesus. അന്നും ഇന്നും അത് ക്രിസ്തുവിനെപ്പറ്റി പഠിക്കുന്നവരുടെ സൂചികാഗ്രന്ഥങ്ങളിലൊന്നാണ്. റെനാന്റെ വാദമുഖ ങ്ങളിലൊന്ന്, സ്രഷ്ടാവായ ദൈവവുമായി ബന്ധംസ്ഥാപിക്കാൻ സൃഷ്ടിക്ക് ഒരിടനിലക്കാരന്റെയും ആവശ്യമില്ല എന്നാണ്. ഇത് ഊന്നിപ്പറയുകയും സ്വന്തം ജീവിതത്തിൽ നടപ്പാക്കി കാണിക്കുകയും ചെയ്ത യേശുവിനെ ത്തന്നെ ഇപ്പോൾ ക്രിസ്തീയ സഭകളെല്ലാം ഏറ്റവും വലിയ ഇടനില ക്കാരന്റെ സ്ഥാനത്താണ് പ്രതിഷ്ഠിച്ചിരിക്കുന്നത്!

*യേശു, പാശ്ചാത്യബുദ്ധൻ* (Jesus, la Boudha d'Occident) എന്നൊരു ഗവേഷണഗ്രന്ഥം ഏതാനും വർഷങ്ങൾക്കു മുമ്പ് ഫ്രെഞ്ചിൽ ഇറങ്ങുക യുണ്ടായി. Institute of political and religious Studies, Marseilleൽ അദ്ധ്യാപകനായ Rafaël Liogier (റഫായേൽ ലിയോഷിയെ) ആണ് ഗ്രന്ഥകർത്താവ്. യേശുവിന്റെ ജനനത്തിനു മുമ്പുതന്നെ അഞ്ചാറു നൂറ്റാണ്ടുകൾ ഗ്രീസ് തൊട്ട് ഗാന്ധാരം വരെയും, ഈജിപ്ത് തൊട്ട് പാടലീപുത്രം വരെയും ബുദ്ധപ്രബോധനങ്ങളുടെ പ്രഭാവകാല മായിരുന്നു. മഹായാനബുദ്ധിസവും ക്രിസ്ത്യൻപ്രബോധനങ്ങളും തമ്മിലുള്ള അടുപ്പവും സാമ്യവും ഗ്രന്ഥകാരൻ പഠനവിധേയമാക്കി യിട്ടുണ്ട്. ഈജിപ്തും ഇസ്രയേലും ഗ്രീസും കിടക്കുന്ന മെഡിറ്ററേനിയൻ പ്രദേശങ്ങളും, പേർഷ്യയും ഇറാക്കും മുതൽ ഗാന്ധാരവും മഗധയും സിന്ധുനദീതടവും ഗംഗാതടത്തിന്റെ വലിയൊരു ഭാഗവുമടങ്ങുന്ന ഭൂപ്രദേശങ്ങളും തമ്മിൽ അന്ന് നിലവിലിരുന്ന വിനിമയങ്ങളും ആദാന പ്രദാനങ്ങളും വെട്ടിപ്പിടുത്തങ്ങളും കണക്കിലെടുക്കുമ്പോൾ, യഹൂദ

യവനചിന്താസരണികളും ഹൈന്ദവ ബൗദ്ധദർശനങ്ങളുമായി ഗാഢമായ വേഴ്ചയുണ്ടായിരുന്നു എന്നനുമാനിക്കാം. അതിന്റെ ഫലമാകാം, യേശുവിന്റെ പ്രബോധനങ്ങളും സമീപനങ്ങളും വീക്ഷണങ്ങളും ബുദ്ധന്റേതിനോട് സാമ്യമുള്ളവയായത്. രണ്ടുപേരും വിഭാവനം ചെയ്ത മനുഷ്യസമൂഹം വിവേചനങ്ങളില്ലാത്ത, ജാതിയോ വർണ്ണമോ ഇല്ലാത്ത ഒന്നായിരുന്നുതാനും. ആനന്ദം, രക്ഷ, മോക്ഷം എന്നിവ നമ്മുടെ ഉള്ളിൽ ത്തന്നെയാണ് എന്നതാണതിന്റെ സാരം. പാശ്ചാത്യക്രൈസ്തവരിൽ മഹായാനബുദ്ധിസത്തോട് പ്രതിപത്തിയും ആകർഷണവും ഉണ്ടാകുന്നതിനു കാരണവും ഇതായിരിക്കാം എന്നു ഗ്രന്ഥകാരൻ.

കുറേ മുമ്പുതന്നെ ഇക്കാര്യം ഞാൻ കുറേക്കൂടി മുന്നോട്ടു കൊണ്ടുപോയി ചിന്തിച്ചിട്ടുണ്ട്. പുതിയ നിയമം പൊതുവെയും, ഔദ്യോഗിക സുവിശേഷങ്ങൾ വിശേഷിച്ചും, കാഴ്ചവയ്ക്കുന്ന ലോകവീക്ഷണവും ദൈവ – മനുഷ്യസങ്കല്പങ്ങളും പഴയ നിയമത്തിന്റേതിൽനിന്ന് ഭിന്നമാണ്. ഇതൊക്കെ ഒന്നുകൂടി വ്യക്തമാണ്, അംഗീകൃതമല്ലാത്ത അപോക്രിഫകളിൽ. അന്ന് പ്രാബല്യത്തിലിരുന്ന യഹൂദധാരണകളോട് ഒട്ടും തന്നെ പൊരുത്തമുള്ളതായിരുന്നില്ല യേശു പഠിപ്പിച്ചത്. കല്ലുപോലെ ഉറച്ചു പോയിരുന്ന യഹൂദപൗരോഹിത്യ മൂരാച്ചിത്തത്തെയും ജാതിമേൽക്കോയ്മയെയും, അനുഷ്ഠാനവിദഗ്ദ്ധരുടെയും നിയമപ്രഭുക്കളുടെയും കടുമ്പിടുത്തങ്ങളെയും സത്യസന്ധതയുടെ (integrity) കണ്ണാടിക്കു മുമ്പിലേയ്ക്കാനയിക്കാൻ അദ്ദേഹത്തിന് എങ്ങനെ കഴിഞ്ഞു? എവിടെനിന്നാണ് ആ പ്രചോദനം?

എന്റെ നോട്ടത്തിൽ, യേശു ഇന്ത്യയിലോളം വന്നു. പന്ത്രണ്ടു വയസു മുതൽ ഒരു പതിനെട്ടു കൊല്ലം ഒരവധൂതനെപ്പോലെ അദ്ദേഹം ജ്ഞാനം തേടി യാത്രചെയ്തു, തപസ്സിരുന്നു, ശിഷ്യപ്പെട്ടു. എന്നിട്ട് തിരിച്ചെത്തി ഒരു പുതിയ ചൈതന്യത്തിൽ, പുതിയ ഭാഷയിൽ, പുതിയ രീതിയിൽ, സംസാരിച്ചു തുടങ്ങി. ജ്ഞാനികളും ഗുരുക്കന്മാരും ആശ്രമങ്ങളും വിഹാരങ്ങളും ധാരാളമുണ്ടായിരുന്ന ഒരിടമായിരുന്നല്ലോ അന്ന് സിന്ധുഗംഗാതടം. വാദത്തിൽ പണ്ഡിതന്മാരെ കൊമ്പുകുത്തിക്കാൻ കഴിയുന്ന കുശാഗ്രബുദ്ധിയും ജ്ഞാനോത്സുകതയും കൗമാരപ്രായത്തിൽത്തന്നെ യേശുവിനുണ്ടായിരുന്നു എന്ന് നാം വായിക്കുന്നു. An extremely sensitive, intelligent and precocious adolescent genius ആയിരുന്ന അദ്ദേഹം അങ്ങനെയൊരു യാത്ര നടത്തിയില്ലെന്ന് എങ്ങനെ പറയാനാകും? കാരണം, മൂന്നു കൊല്ലത്തെ പരസ്യജീവിതത്തിൽ നാം കാണുന്ന യേശു ജിജ്ഞാസയും ജ്ഞാനതൃഷ്ണയും ദൈവോന്മുഖ

തയും മഥിക്കുന്ന ഒരാളാണ്. അങ്ങനെയൊരു വ്യക്തിത്വം അത്രയും നാൾ അടങ്ങിയൊതുങ്ങി ഒരു ഗ്രാമത്തിൽ കഴിഞ്ഞിരിക്കാനിടയില്ല.

ജീവാത്മാവിന് പ്രാപിക്കാവുന്ന ഏറ്റവും ഉദാത്തവും ഉത്തുംഗവുമായ രൂപം യേശു തന്നിൽ പ്രാവർത്തികമാക്കി കാണിച്ചു. ജന്മംകൊണ്ടല്ല, മറിച്ച്, ആ ജീവിതത്തിന്റെ ആകെത്തുകകൊണ്ടാണ് ശ്രീയേശുവിൽ ദൈവത്വം ആരോപിക്കേണ്ടിവരുന്നത്. ഈജിപ്ത്, ഇസ്രയേൽ, ഗ്രീസ്, ഇന്ത്യ എന്നിവിടങ്ങളിൽ അന്നോളം നിലവിലുണ്ടായിരുന്ന ദൈവ മനുഷ്യസങ്കല്പങ്ങളെ സമീകരിച്ച്, സ്ഫുടം ചെയ്ത്, എല്ലാ മനു ഷ്യർക്കു മെന്നല്ല, പ്രപഞ്ചത്തിലെ ഓരോ തരിക്കും സ്വീകാര്യമായ ഒരു ദൈവ സങ്കല്പത്തെ സമ്മാനിച്ചു എന്നതാണ് യേശുവിന്റെ നേട്ടം.

ഇനി, യേശു-ഇന്ത്യാ ബന്ധം കെട്ടുകഥയായി തള്ളിക്കളഞ്ഞാലും, അന്നത്തെ മെഡിറ്ററേനിയൻ തീരദേശഭൂവിഭാഗങ്ങൾ ബൗദ്ധദർശനങ്ങ ളുടെ സ്പർശം അറിഞ്ഞിരുന്നുവെന്നതാണ് ചരിത്രസത്യം. ഈജി പ്തിലെ അലെക്സാണ്ഡ്രിയ പട്ടണം അന്ന് വലിയ ജ്ഞാനകേന്ദ്ര മായിരുന്നു. ബുദ്ധഭിക്ഷുക്കളും വിഹാരങ്ങളും അവിടെയുമുണ്ടായിരുന്നു. അശോകന്റെ കാലംതൊട്ടേ, ഏഷ്യ മുഴുവൻ നടന്നു ധർമ്മപ്രചാരണം നടത്തിയിരുന്ന ബുദ്ധസന്യാസികൾ പലസ്തീനിലും എത്തിയിരുന്നി രിക്കാം. അങ്ങനെയും യേശുവിന് ബുദ്ധപ്രബോധനത്തിന്റെ കാമ്പും കരുണയും ഉൾക്കൊള്ളാനായി എന്നും വരാം. ഏതായാലും, ഇന്ത്യയിൽ വന്നോ അല്ലാതെയോ, അദ്ദേഹം ഹൈന്ദവ അല്ലെങ്കിൽ ബൗദ്ധജ്ഞാനി കൾക്കു ശിഷ്യപ്പെട്ടിട്ടുണ്ട് എന്നു സമ്മതിച്ചാൽ, യേശുക്രിസ്തു ഗ്രേക്കോ റോമൻ ചട്ടക്കൂട് പൊട്ടിച്ച് ഒരു പൗരസ്ത്യനായിത്തീരും. മാത്രമല്ല, ആദിപാപം, മനുഷ്യാവതാരം, ഉത്ഥാനം തുടങ്ങിയ വിശ്വാസ"സത്യങ്ങളെ" ക്കുറിച്ച് ഔദ്യോഗിക സഭ പുറത്തിറക്കിയ ചാക്രികലേഖനങ്ങളിലെ വക്ര ബുദ്ധിയും വികൃതികളും പുറത്തു ചാടും. ക്രൈസ്തവതയ്ക്ക് കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലൂടെ വന്നുപെട്ടിട്ടുള്ള യൂറോപ്യതയുടെ പടം താനേ പൊഴിഞ്ഞുപോകും.

Inasu Thalak - poetinasu@gmail.com - Phone: 0175575721 / 0623461254

ഈ വിഷയത്തിൽ താല്പര്യമുള്ളവർ വായിക്കേണ്ട ഒരു നല്ല പുസ്തകമുണ്ട്. *Jesus lived in India* -- His unknown life before and after the crucifixion - by Holger Kersten, Penguin Books. DCBookൽ കിട്ടും.

(ഗ്രന്ഥകർത്താവ്)

## 2. യോജനവും വിയോജനവും

പരീസ്, 10.10.2010

പ്രിയ സക്കറിയാസ്,

'അറിവ്', 'മായ' തുടങ്ങിയ 'കെണി'പിടിച്ച ധാരണകളെപ്പറ്റി താങ്കളുടെ ബ്ലോഗിൽ വായിച്ചപ്പോൾ കൗതുകം തോന്നി. അതോടൊപ്പം സന്ദേഹങ്ങളും. താങ്കൾ ചർച്ചചെയ്യുന്ന വിഷയങ്ങൾ ശരിക്കും കട്ടിയുള്ളവയും ഉള്ളിൽ തട്ടേണ്ടവയുമാണ്. ഭാഷയും ശൈലിയും വിഷയത്തെ പരമാവധി സുതാര്യവും സുഗ്രാഹ്യവുമാക്കാൻ ഉതകുന്ന രീതിയിലുള്ളതാണ്. ഇത്തരം ചിന്താബന്ധുരമായ എഴുത്ത് മലയാളത്തിൽ വിരളമാണ്. മലയാള വായനക്കാർക്ക് താങ്കളുടെ discourseന്റെ രീതി സുപരിചിതമല്ല. നമ്മുടെയാളുകൾ വായിച്ചുവിടുന്നത് കൂടുതലും കേവലം വിവരങ്ങൾ (information) മാത്രമാണ്. മലയാളത്തിലെ സംവാദങ്ങളും ചർച്ചകളും ഏറെക്കുറെ കാമ്പും കഴമ്പുമില്ലാത്ത സാഹിത്യവിചാരങ്ങളും വാഗ്വിലാസങ്ങളുമാണ്. സംസ്കൃതത്തിലൂടെ നമുക്ക് കൈമുതലായി കിട്ടിയ ദാർശനിക സങ്കല്പങ്ങളെ, തത്ത്വവിചാരസംബന്ധിയായ ഉൾക്കാഴ്ച്ചകളെ, തെളിഞ്ഞ മലയാളത്തിൽ അവതരിപ്പിക്കാൻ അധികമാരും ഇല്ല. കവിത, ഭാഷ, സാഹിത്യം തുടങ്ങിയ മേഖലകളിൽ പോലും നാട്യശാസ്ത്രവും അഭിനയദർപ്പണവും ധ്വനിസിദ്ധാന്തവുമൊക്കെ പരാമർശിക്കപ്പെടുമെന്നല്ലാതെ, സുവ്യക്തമായ വിചിന്തനങ്ങൾ തുലോം കുറവാണ്. ജർമൻഭാഷ ഒരുവിധം വായിക്കാൻ കഴിയുന്ന എൻ.ആർ.ഐ.കൾ പോലും വായിച്ചുതള്ളുന്നത് എന്തെന്നറിയാമല്ലോ?

അതുകൊണ്ട്, തുടർന്നെഴുതുക. എഴുത്തിലെ വ്യക്തിപരതയുടെ ആ തലം നിലനിർത്തുക. അങ്ങനെ, ജീവിച്ചതിന്റെ, ജീവിക്കുന്നതിന്റെ ഒരുണർവും authenticityയും വാക്കുകൾക്കും പ്രയോഗങ്ങൾക്കും നിഗമനങ്ങൾക്കും വന്നുചേരും. ഭാഷ കുറിക്കുകൊള്ളുന്നതും ലക്ഷ്യവേധിയുമാകുന്നതും അങ്ങനെയാണല്ലോ. താങ്കളുടെ മനനത്തിനു വിഷയമാകുന്ന കാര്യങ്ങളുടെ സ്വഭാവവും അതാവശ്യപ്പെടുന്നു.

ഇനി സന്ദേഹങ്ങൾ: ഞാൻ കാണുന്ന മരം എന്റെ സൃഷ്ടിയാണെന്നുള്ളത് ശരിയാണെങ്കിലും, മരം അതിൽത്തന്നെ എന്തായിരിക്കുന്നു? മരവും ഞാനും ഈ പ്രപഞ്ചം മുഴുവനും ബൃഹത്തായൊരു ഊർജ്ജമഥനത്തിന്റെ ഭാഗമായി കണക്കാക്കാം. അപ്പോൾ പിന്നെ, ഞാനില്ല, നീയില്ല. കാര്യമതാണെങ്കിലും, കേവലം ഊർജ്ജപ്രവാഹമായി മാത്രം എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ? മറ്റ് വാക്കുകളിൽ, കോസ്മിക് എനർജി ബ്രഹ്മകടാഹത്തിൽ മുഴുവൻ വ്യാപിച്ചിരിക്കുന്നു. ഇന്ദ്രിയവേദിയല്ലാത്ത ഒരു കോസ്മിക് പ്രഭാവമുണ്ടോ? അത് ആറാം ഇന്ദ്രിയ

മാകാം, ആകാശമാകാം. പക്ഷേ, ആകാശം മാത്രമായിട്ട്, 'ഓം' മാത്രമായിട്ട്, അത് സ്ഥിതിചെയ്യുന്നുണ്ടോ? ഒന്നുകൂടി വിശദീകരിക്കാം. 'മനുഷ്യൻ' എന്നത് abstract ആയി നാം സങ്കല്പ്പിക്കുന്നതാണല്ലോ? ശരിക്കുമുള്ളത്, സ്ഥലകാല- ദേശ- സംസ്കാര- ഭാഷാബദ്ധമായ ഒരു concreteness മാത്രമല്ലേ? അതുപോലെ, ശുദ്ധബോധമായിട്ട് പ്രാപഞ്ചികത്വം, പദാർത്ഥത്തിന്റെ അഭാവത്തിൽ, നിലനിൽക്കുന്നുണ്ടോ എന്നാണ് ആശാനോടുള്ള ചോദ്യം. ഈ പദാർത്ഥമിപ്പോൾ ഫോട്ടോ ണിന്റെ സൂക്ഷ്മകണികവരെ എത്തി നിൽക്കുന്നു, ശാസ്ത്രീയാ പഗ്രഥനത്തിൽ. അവബോധം പ്രകാശധാരയോ ധോരണിയോ വീശിയെറിഞ്ഞ വലയോ എന്തുമാകട്ടെ, അതിന്റെ 'കൂട്ട്' (ingredients) എന്താണ്? പഞ്ചഭൂതങ്ങളുടെ ഒരു പ്രത്യക ചേരുവയിലൂടെയാണോ പ്രപഞ്ചചൈതന്യം 'രൂപ'മെടുക്കുന്നത്? അഹം നിർവികാരാനിരാകാരരൂപി എന്നുണ്ടല്ലോ? ഞാൻ ഊഹിച്ചെടുക്കുന്നത്, പ്രപഞ്ചശക്തി ഒരു centrifugal താണ്ഡവത്തിലേർപ്പെട്ടിരിക്കുന്നു (നടരാജനടനം) എന്നാണ്. പാൽ കടയുമ്പോൾ വെണ്ണ ഉരുവപ്പെടുന്നതുപോലെ ചില സന്ദർഭങ്ങളിൽ ഈ ശക്തി ചില പോയിന്റുകളിൽ ആഘാതത്തോടെ നിപതിക്കുന്നു. അതാകാം അവതാരങ്ങൾ. നിർഗുണബ്രഹ്മത്തെ സഗുണമാക്കാൻ പദാർ ത്ഥത്തിന്റെ (matter) സാന്നിദ്ധ്യം ആവശ്യമുണ്ട് എന്നു വരുമോ? ഇങ്ങനെ പല ചോദ്യങ്ങളും ചിന്തകളും എന്നിലുണ്ടായി. താങ്കളുടെ വിചാരധാര എന്നിലൊരിളക്കം സൃഷ്ടിച്ചു എന്നതിന് പക്ഷാന്തരമില്ല.

യേശുവിനേക്കുറിച്ചുള്ള പരാമർശങ്ങൾ, ജർമനോ ഫ്രഞ്ചോ ഇംഗ്ലീഷോ അറിയാവുന്നവർക്ക് പുത്തരിയല്ല. എന്റെ ന്യായമായ അനുമാനം, അദ്ദേഹം ഇന്ത്യ സന്ദർശിച്ചു, ഇന്ത്യയിലെ മുനി/ഗുരുക്ക ന്മാരെ കണ്ടുമുട്ടി എന്നൊക്കെയാണ്. യേശുവിന്റെ പല ആശയങ്ങളിലും ജീവിതരീതികളിലും ബുദ്ധമതസ്വാധീനം ഉള്ളതായി ഇന്ന് ചിന്തകരും ഗവേഷകരും അംഗീകരിക്കുന്നുണ്ടല്ലോ. ലളിതമാനസ്സനായ ഒരു വായനക്കാരന്, താങ്കളുടെ ലേഖനം വായിച്ചാൽ, തീർച്ചയായും ഉതപ്പുണ്ടാകും. "*ഇങ്ങനെയൊക്കെ എഴുതിയിട്ട്, ഇന്ന് രാത്രി നീ മരിച്ചാൽ, നിന്റെ നിത്യത നീ എവിടെ ചെലവഴിക്കും?*" എന്ന് ചോദിച്ച വിശ്വാസിയോട്, "*യേശുവിനോടൊത്ത് പറുദീസയിൽ*" എന്ന താങ്കളുടെ മറുപടി ഉരുളക്കുപ്പേരിയായി. അയാളുടെ ചോദ്യത്തിലെ 'നിത്യതയും' താങ്കളുടെ ഉത്തരത്തിലെ 'പറുദീസയും' സാങ്കല്പികങ്ങളാണെങ്കിലും.

ക്രിസ്ത്യാനികളുടെയിടയിൽ മാത്രമല്ല മൂഢവിശ്വാസങ്ങളുള്ളത്. നമ്മുടെ പ്രാചീനകാലത്ത് ഇന്ത്യയിലുണ്ടായ ദർശനവിശേഷങ്ങളെ മുഴുവൻ മനുഷ്യവത്ക്കരിക്കുകയും മൃഗവല്ക്കരിക്കുകയും ആണല്ലോ പിൽക്കാല ഹൈന്ദവപൗരോഹിത്യം ചെയ്തത്. ശ്രീരാമനും ശ്രീകൃഷ്ണ

നുമൊക്കെ യേശുവിനെപ്പോലെ, അവർ ജീവിച്ച ചരിത്ര ഘട്ടത്തിന്റെ സന്താനങ്ങളാണ്. അല്ലെങ്കിൽ, കർണ്ണനെ ചതിയമ്പെയ്യാൻ കൃഷ്ണൻ പറയുമോ? സീതയുടെ ചാരിത്ര്യം അഗ്നിപരീക്ഷയിലൂടെ ശ്രീരാമൻ തിട്ടപ്പെടുത്തുമോ? ഉദാത്തമായ ഉപനിഷദ് ദർശനങ്ങളെവിടെ, പ്രതിലോമ ബുദ്ധികളായ ഇന്നത്തെ ഹിന്ദുക്കളെവിടെ? 99% ആളുകളും മാനസിക മായ സ്വാതന്ത്ര്യം കാംക്ഷിക്കുന്നവരല്ല. ചിന്തയുടെയും പ്രവൃത്തിയു ടെയും സമഞ്ജസമായ സ്വാതന്ത്ര്യലഹരി ശരാശരി മനുഷ്യന് താങ്ങാനാ വുകയില്ലായിരിക്കാം! അതുകൊണ്ടാണല്ലോ ഭക്തി എന്ന പ്രതിഭാസം വിവിധ രൂപത്തിലും ഭാവത്തിലും തഴച്ചുവളർന്നു നിലനില്ക്കുന്നത്. സർവ്വാശ്ലേഷിയായ സ്വാതന്ത്ര്യമാണ് ഒരന്വേഷകനെ നയിക്കേണ്ടത്. പക്ഷേ, എത്രപേർക്ക് അതിനുള്ള വിളിയുണ്ട്; വിളിയുണ്ടെങ്കിൽത്തന്നെ അതേറ്റെടുക്കാനുള്ള ധൈര്യം? ജ്ഞാനത്തിലൂടെയുള്ള വെളിച്ചവും വെളിപാടും യുഗസംക്രമണങ്ങളിലാകാം ഉണ്ടാകുന്നത്?

അതുകൊണ്ട്, താങ്കളുടെ വിചിന്തനങ്ങളിൽ പക്ഷപാതമരുത്. ക്രൈസ്തവസമൂഹത്തിൽ മാത്രമേ കാപട്യവും കൂട്ടിക്കൊടുപ്പും കൂടു തലുള്ളൂ എന്ന രീതിയിൽ എഴുതുകയോ പ്രസംഗിക്കുകയോ ചെയ്താൽ, 'പ്രബുദ്ധരായ' ക്രിസ്ത്യാനികളെ അത് ചൊടിപ്പിച്ചേക്കാം. എന്നി രുന്നാലും, സംഘടിതമതത്തിനുള്ളിൽ നടക്കുന്ന 'ബ്രെയിൻ വാഷിംഗ്' നാം കാണാതിരുന്നുകൂടാ. എല്ലാ പ്രസ്ഥാനങ്ങളിലും വന്നു ഭവിച്ച പരിതാപകരമായ ഈ പരിണതി, അധികാരത്തിന്റെ പ്രയോഗത്തിൽ നിന്ന് ഉരുത്തിരിയുന്ന ഒന്നായിട്ടു കാണാൻ കഴിയണം.

സത്യത്തിൽ, ഈ ജനുസ്സിൽപെട്ട ഒരെഴുത്തുകാരനായിരുന്നു ഒ.വി.വിജയൻ. അദ്ദേഹത്തിന്റെ രണ്ട് പുസ്തകങ്ങളാണ് എന്നെ ഏറ്റവും കൂടുതൽ തൊട്ടിട്ടുള്ളത്. ധർമപുരാണവും മധുരം ഗായതിയും. രണ്ടിലും, കഥാരൂപേണ, ചരിത്രത്തിൽ പ്രപഞ്ചചൈതന്യം എങ്ങനെ ഇടപെടുന്നു വെന്നു സൂചിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. വിജയനെപ്പറ്റി പറയു മ്പോൾ, താൻ ആവിഷ്ക്കരിക്കാനുദ്ദേശിച്ച താത്ത്വിക/ദാർശനിക ഉൾക്കാഴ്ചകൾക്ക്, അതിനുചേർന്ന ഒരു പുത്തൻ ഭാഷാശൈലിയും പദസമുച്ചയവും അദ്ദേഹം സൃഷ്ടിച്ചു എന്നെടുത്തുപറയേണ്ടതുണ്ട്. വിജയന് കടുമ്പിടുത്തമുണ്ടായിരുന്ന ധാരണകളായിരുന്നു അവതാര സങ്കല്പം, യുദ്ധമെന്ന പ്രതിഭാസം, ചരിത്രത്തിന്റെ ആത്യന്തികമായ ആപേക്ഷികതാപ്രസക്തി തുടങ്ങിയവ. എന്തുകൊണ്ടാണ് മനുഷ്യർ യുദ്ധം ചെയ്യുന്നത്, പരസ്പരം തലതല്ലിച്ചാകുന്നത്? യുദ്ധത്തെപ്പറ്റി, ഹിംസയെപ്പറ്റി, മനുഷ്യന്റെ വിധിയെപ്പറ്റി വേപഥുവാർന്ന് എഴുതിയ ഒരാളായിരുന്നു വിജയൻ. അദ്ദേഹം കൂടുതലും എഴുതിയത്, fiction എന്നയിനത്തിലാണെങ്കിലും, എല്ലാറ്റിന്റെയും 'why' തിരഞ്ഞുപോയ

ഒരാളായിരുന്നു അദ്ദേഹം. 'അതിരുകളും ആസ്പദങ്ങളുമില്ലാത്ത തിരച്ചിൽ' എന്നാണ് അദ്ദേഹം തന്നെ തന്റെ ചോദ്യാസക്തിയെ വിശേഷിപ്പിച്ചത്. മുഴവൻസമയഫിക്ഷനിൽ മുഴുകുന്നതിനു മുമ്പ്, അദ്ദേഹം കലാകൗമുദിയിൽ കുറേ ലേഖനങ്ങൾ എഴുതിയിരുന്നു. നമ്മുടെ ദ്രാവിഡസ്വത്വമായിരുന്നു അവയിലെ മുഖ്യ പ്രതിപാദ്യവിഷയങ്ങളിലൊന്ന്. കാരണം, വിജയൻ ദില്ലിയിലായിരുന്നല്ലോ 'പ്രവാസം'. ഇന്ത്യയുടെ, ഇന്ത്യൻ ഭരണകൂടത്തിന്റെ സിരാകേന്ദ്രം എന്ന നിലയ്ക്ക്, ദില്ലിയിലെ അധികാരകേളികളും കയ്യാങ്കളികളും അദ്ദേഹത്തിനു നേരിട്ടറിയാമായിരുന്നു. പത്രപ്രവർത്തകൻ, കാർട്ടൂണിസ്റ്റ്, എഴുത്തുകാരൻ എന്നീ നിലകളിലൊക്കെ അധികാരപ്രയോഗത്തിന്റെ എല്ലാ ഇടനാഴികളി ലൂടെയും അദ്ദേഹം സഞ്ചരിക്കാനിടവന്നു. അവിടെയൊക്കെ കണ്ടതും കേട്ടതും അദ്ദേഹത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. മലയാളത്തിൽ 'ആധുനികത'ക്ക് തുടക്കം കുറിച്ചയാൾ എന്ന പരിഗണനയൊക്കെ അദ്ദേഹത്തിന് സാഹിത്യചരിത്രത്തിൽ കൊടുത്തു കണ്ടിട്ടുണ്ട്. പക്ഷേ, അതിനേക്കാളൊക്കെ പ്രധാനമായിട്ട് എനിക്കു തോന്നുന്നത്, മനുഷ്യനെപ്പറ്റി, പ്രപഞ്ചത്തെപ്പറ്റി, മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധത്തെപ്പറ്റി, ചരിത്രത്തിൽ ഉരുവം കൊള്ളുന്ന അദൃശ്യ സർഗ്ഗപ്രവാഹത്തെപ്പറ്റിയൊക്കെ ചിന്തിക്കാൻ അദ്ദേഹം ഒരുമ്പെട്ടു എന്നുള്ള താണ്. കേരളത്തെ, ഇന്ത്യയെ, ലോകത്തെ മുഴുവനും ഗ്രസിച്ചിരിക്കുന്ന ആത്മഹത്യാപരമായ ഉപഭോഗജ്വരത്തെപ്പറ്റിയും, പ്രകൃതിയോട് ഇന്ന് മനുഷ്യൻ കാണിക്കുന്ന നിഷ്ഠൂരനീതികളെപ്പറ്റിയും, അതൊക്കെ ഫാഷനാകുന്നതിന് എത്രയോ മുമ്പ് അദ്ദേഹം ആലോചിച്ചിരുന്നു. സൈലന്റ്‌വാലി സംരക്ഷിതമേഖലയാക്കി നിലനിർത്താൻ ആഹ്വാനം ചെയ്യുകയും അതിനായി പ്രചാരണം നടത്തുകയും സമ്മർദ്ദം ചെലുത്തുകയുമൊക്കെ ചെയ്തവരുടെ മുൻപന്തിയിൽതന്നെ അദ്ദേഹമുണ്ടായിരുന്നു. കമ്മ്യൂണിസത്തെയും മുതലാളിത്തത്തെയും ഒരേസമയം തള്ളിപ്പറഞ്ഞ എഴുത്തുകാരൻ, ഇന്ത്യയുടെ സനാതന പ്രപഞ്ചസങ്കല്പത്തെപ്പറ്റി സാഹിത്യത്തിലൂടെ വിചിന്തനംചെയ്ത ഒരാൾ എന്നൊക്കെ അദ്ദേഹത്തെ വിശേഷിപ്പിക്കാം. ഇടതുപക്ഷവും, മുസ്ലിങ്ങളും, ക്രിസ്ത്യാനികളും, ഹിന്ദുക്കളിൽത്തന്നെ ഉൽപതിഷ്ണുക്കൾ എന്നഭിമാനിക്കുന്നവരും അദ്ദേഹത്തെ ഹിന്ദുത്വത്തിന്റെ പിണിയാളായി മുദ്രകുത്തി. എന്നാൽ സത്യം അതായിരുന്നില്ല. ഭാരതത്തിൽ നൂറ്റാണ്ടുകളായി നടന്നുവരുന്ന, ഇന്നും നടക്കുന്ന, ആര്യൻ മേധാവിത്വത്തെപ്പറ്റി ഉറക്കെ ചിന്തിച്ചതും അദ്ദേഹംതന്നെ!

Inasu Thalak - poetinasu@gmail.com - Phone 0175575721 / 0623461254